# വളരുക അല്ലെങ്കിൽ മരിക്കുക

## സെമിനാർ പരമ്പര 2009

**ലാറി ഷ്കൊറഫ്**

ഐഎസ്ഒബി - വളരുക അല്ലെങ്കിൽ മരിക്കുക പരമ്പര
ഒന്നാം പതിപ്പ് 8.1 മെയ് 2009
മൂലകൃതി 5.6 ആഗസ്റ്റ്, 1999 ഇംഗ്ലീഷ്

**വിവർത്തനങ്ങൾ**
*സ്വാഹിലി*
*ഫ്രെഞ്ച്*
*സ്പാനിഷ്*
*ചൈനീസ്*
*റഷ്യൻ*
*അറബിക്*

അമേരിക്കയിലെ മാരിയറ്റ ഇന്റർനാഷണൽ സ്കൂൾ ഓഫ് ബൈബിളാണ് ശിഷ്യത്വപരിശീലന പാഠ്യപദ്ധതിയായ 'വളരുക അല്ലെങ്കിൽ മരിക്കുക' എന്ന പരമ്പരയുടെ പ്രസാധകർ.
email:growordisc@isob-bible.org
www.isob-bible.org

പുസ്തകത്തിന്റെ പൂർണ്ണ അവകാശം ഗ്രന്ഥകർത്താവിനാണ്. സൗജന്യ വിതരണത്തിനായി ഈ പുസ്തകം പുനർ പ്രസിദ്ധീകരിക്കാൻ മറ്റുള്ളവർക്ക് അനുവാദമുണ്ട്. എന്നാൽ ഗ്രന്ഥകർത്താവിന്റെ അനുവാദം കൂടാതെ പുസ്തകത്തിന്റെ ഉള്ളടക്കത്തിന് മാറ്റം വരുത്താനോ, തിരുത്തലുകൾ നടത്താനോ പാടില്ല. ഗ്രന്ഥകർത്താവിന്റെ അനുവാദം കൂടാതെ വില്ക്കാനോ കൂട്ടിച്ചേർക്കലുകൾ നടത്താനോ പാടില്ല.

വേദഭാഗ ഉദ്ധരണികൾ - NKJV പകർപ്പവകാശം (1979, 1980, 1982) തോമസ് നെൽസൻ പ്രസാധകർക്ക് അനുവാദത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടത്.

# ഉള്ളടക്കം


മുഖവുര 9

**സെമിനാർ 1**

*അദ്ധ്യായം 1*
ഫലം 18
*അദ്ധ്യായം 2*
ഒഴുകുന്ന നദി 33
*അദ്ധ്യായം 3*
വാഗ്ദത്ത നാട്ടിലെ തടവുകാർ 72
*അദ്ധ്യായം 4*
ദൈവം ആരാണ്? 85
*അദ്ധ്യായം 5*
ഇരിക്കുക 98
*അദ്ധ്യായം 6*
നടക്കുക 111
*അദ്ധ്യായം 7*
നിൽക്കുക 119

**സെമിനാർ 2**

*അദ്ധ്യായം 8*
ഓട്ടം ഓടുക 136
*അദ്ധ്യായം 9*
കുരിശ് 148
*അദ്ധ്യായം 10*
വിടുതൽ 173
*അദ്ധ്യായം 11*
പരിശുദ്ധാത്മ സ്നാനം 187

**അനുബന്ധം എ**
ISOB പാഠവിവരങ്ങൾ 208

സമാപനക്കുറിപ്പുകൾ 212

*പ്രിയ വായനക്കാരാ,*

*1979 മുതൽ യേശുക്രിസ്തുവിനെ ആത്മാർത്ഥമായി പിൻപറ്റിവരുമ്പോൾ കാലാകാലങ്ങളിൽ കർത്താവ് എന്നെ കടത്തിവിടുന്ന പ്രക്രീയകളെ എഴുതി വയ്ക്കാനുള്ള നിയോഗവും എനിക്ക് ലഭിച്ചു. ക്രിസ്തുവുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനോ ഫലം കായ്ക്കുന്നതിനോ കുറുക്കുവഴികൾ ഉപകരിക്കയില്ല. നമ്മുടെ അനുഭവത്തിലൂടെ ഗ്രഹിക്കേണ്ട നിരവധി സംഗതികളുണ്ട്. എന്റെ ജീവിതത്തിൽക്കൂടി ഗ്രഹിച്ച അത്തരം കാര്യങ്ങൾ, നിങ്ങളുടെ ജീവിതത്തിലുണ്ടാകാനിടയുള്ള സമാനമായ വേദനയും നിരാശയും ഒഴിവാക്കാൻ തീർച്ചയായും സഹായിക്കും.*

*'വളരുക എല്ലെങ്കിൽ മരിക്കുക' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ആദ്യത്തെ പതിനൊന്ന് പാഠങ്ങളാണ്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതു കൂടാതെ 80 ൽ അധികം അനുബന്ധ പാഠങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്.*

*ചില ഗ്രൂപ്പുകൾ ISOB ശിഷ്യത്വ പഠനകേന്ദ്രങ്ങൾ സംഘടിപ്പിക്കാറുണ്ട്. സമൂഹ പഠങ്ങൾക്കായി പ്രസ്തുത പാഠങ്ങൾ ഉപയോഗിക്കുന്നവരും സ്വയമായ നിലയിൽ പഠനം നടത്തുന്ന വ്യക്തികളും ധാരാളമുണ്ട്. ഈ പാഠ്യ പദ്ധതിയിൽ കൂടി ക്രിസ്തുവിനെ ദർശിച്ച് ഫലപ്രദമായ നേതൃത്വത്തിലേക്ക് വളർന്ന പലരും സ്വന്തമായ നിലയിൽ സഭകൾ സ്ഥാപിക്കുന്ന ശുശ്രൂഷയിൽ സജീവമായിരിക്കുന്നു.*

*പലമടങ്ങായുള്ള ശിഷ്യന്മാരുടെ വർദ്ധനവാണ് ദൈവം ഞങ്ങൾക്ക് നൽകിയിരിക്കുന്ന ദർശനം. സങ്കീർത്തനം 68:11 ൽ കാണുന്നു: "കർത്താവ് ആജ്ഞ കൊടുക്കുന്നു; സുവാർത്താ ദൂതികൾ വലിയൊരു ഗണമാകുന്നു". ആമോസ് 9:13 "ഉഴുതുന്നവൻ കൊയ്യുന്നവനെയും മുന്തിരിപ്പഴം ചവിട്ടുന്നവൻ വിതെക്കുന്നവനെയും തുടർന്നെത്തുകയും പർവ്വതങ്ങൾ പുതുവീഞ്ഞ് പൊഴിക്കുകയും എല്ലാ കുന്നുകളും ഉരുകിപ്പോകുകയും ചെയ്യുന്ന നാളുകൾ വരും എന്ന് യഹോവയുടെ അരുളപ്പാട്".*

*സൗജന്യമായി വിതരണം ചെയ്യുന്ന ഈ ഗ്രന്ഥം പോലെയുള്ള ഞങ്ങളുടെ അനേകം ഗ്രന്ഥങ്ങൾ മുഖേന ശിഷ്യന്മാരുടെ എണ്ണം വർദ്ധിക്കുന്നത് കാണാനിടയായിട്ടുണ്ട്. ഞങ്ങൾ തന്നെയോ മറ്റൊരാളോ നിങ്ങളുടെ അടുത്ത് വന്ന് അഭ്യസിപ്പിക്കുന്നതിന് പകരം ഈ ഗ്രന്ഥം നിങ്ങൾക്ക് തന്നെ അഭ്യസിക്കുന്നതിനും മറ്റുള്ളവരെ അഭ്യസിപ്പിക്കുവാനും ഉപകരിക്കും. അവർ മറ്റുള്ളവരെ അഭ്യസിപ്പിക്കുവാൻ സമർത്ഥരാകുകയും*

*ചെയ്യും. ഞങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അത്തരം നേതാക്കന്മാരിൽ നിന്നും പരിശീലനം സിദ്ധിച്ച ആയിരക്കണക്കിന് നേതാക്കന്മാരും ശിഷ്യന്മാരുമുണ്ട്. ഈ ഗ്രന്ഥവും സമാനമായ മറ്റ് ഗ്രന്ഥങ്ങളിൽ കൂടിയും പരിശുദ്ധാത്മ പ്രവർത്തനത്താൽ പരിവർത്തനം സംഭവിച്ച് നേതൃത്വത്തിലേക്കുയർന്നവർ ധാരാളമുണ്ട്. അവർ കത്തിച്ച അഗ്നി അനേകം ദേശങ്ങളിലേക്കും സഭകളിലേക്കും പകരപ്പെട്ട് വളർച്ച അതിവേഗത്തിലാകുന്നു. കഴിഞ്ഞ കാലങ്ങളിലും ഇക്കാലത്തും ദൈവത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾ കണ്ട് അതിശയിച്ച് പോയിട്ടുണ്ട്.*

*ഈ ബുക്കിന്റെ പ്രത്യേകത എന്താണ്?*

*'വളരുക അല്ലെങ്കിൽ മരിക്കുക' എന്ന ഈ ഗ്രന്ഥം വ്യക്തിപരമായി വിശ്വാസികൾക്ക് ദൈവവുമായി എങ്ങനെ ബന്ധപ്പെടാം എന്ന് പഠിപ്പിക്കുന്നു. ആ വ്യക്തിപരമായ ബന്ധം വിശ്വാസികളുടെ ഹൃദയത്തിൽ ദൈവവചനമാകുന്ന വിത്ത് പാകുവാൻ ഹേതുവാകുന്നു (മർക്കോസ് 4-ാം അദ്ധ്യായം). നിലം നന്നായി ഒരുക്കിയാൽ വിത്ത് വളർന്ന് ഫലം പുറപ്പെടുവിക്കും. ഫലം പുറപ്പെടുവിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. തുടർന്ന് വായിക്കുമ്പോൾ ഈ ഫലം ജീവനും ഭക്തിക്കും വേണ്ടതൊക്കെ (1 പത്രോസ് 1:3) നൽകിത്തരുമെന്ന് കാണാൻ കഴിയും. ദൈവവചന പഠനംകൊണ്ട് മാത്രം മനസ്സിലാക്കിയ വസ്തുതയല്ലിത്, മറിച്ച് ജീവിതത്തിലെ തകർച്ചയുടെ വേളയിൽ യേശുക്രിസ്തു വാഗ്ദാനം ചെയ്ത സമൃദ്ധമായ ഫലം കായ്ക്കുന്ന അനുഭവങ്ങളിലൂടെ പഠിച്ചതാണ്. നാം ഫലം കായ്ക്കുമ്പോൾ ക്രിസ്തു മഹത്വപ്പെടുന്നു (യോഹന്നാൻ 15:8). പലമടങ്ങായി വർദ്ധിക്കുന്ന ഗണിതശാസ്ത്രം ദൈവത്തിനു മാത്രം നിർവ്വഹിക്കാവുന്ന ഒന്നാണ്, സമയം ചുരുക്കമാണ്; അഗ്നിയെ കരഗതമാക്കുക!*

*ക്രിസ്തുവിനോടുള്ള നിങ്ങളുടെ ഉദ്യമത്തിന് അനുഗ്രഹം നേരുന്നു.*

***ലാറി ഷ്ക്കോറഫ്.***

*പ്രസിഡന്റ്*

*ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ ബൈബിൾ -1999*

*നവീകരിച്ചത് -2009.*

ഈ ഗ്രന്ഥം എന്റെ പ്രിയപ്പെട്ട രണ്ട് സുഹൃത്തുക്കൾക്കായി സമർപ്പിക്കുന്നു. കർത്താവായ യേശുക്രിസതുവിനും പിന്നെ ഈ പാഠങ്ങൾ തയ്യാറാക്കാനും ഒരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കുവാനും വേണ്ട ഉത്തേജനം നൽകിയ എന്റെ വാത്സല്യനിധിയും ദൈവഭക്തയുമായ ഭാര്യ കരോലിനും.

1998 മുതൽ അനേകരെ പരിശീലിപ്പിച്ച് അവരുടെ നല്ല ഫലങ്ങളാൽ എന്നെ പ്രോത്സാഹിപ്പിക്കുന്ന ലോകത്താകമാനമുള്ള ISOB പങ്കാളികൾക്കും ഹൃദയംഗമായ നന്ദി.

# ഡേവ് മൂറിന്റെ കുറിപ്പ്

**"നി**ങ്ങൾ ബദ്ധപ്പാടോടെ പോകയില്ല, ഓടിപ്പോകുകയില്ല; യഹോവ നിങ്ങൾക്ക് മുമ്പായി നടക്കും; യിസ്രയേലിന്റെ ദൈവം നിങ്ങൾക്ക് പിമ്പട ആയിരിക്കും" യെശയ്യാവ് 52:12.

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ശിഷ്യന്മാരെ ഉണ്ടാക്കുവാനാണെന്ന വസ്തുത എന്നത്തെക്കാളും തെളിവായിരിക്കുകയാണ് ഇപ്പോൾ. സാധാരണയായി ഉയരുന്ന ചോദ്യമിതാണ് "ഒരിക്കൽ രക്ഷിക്കപ്പെട്ട് സുവിശേഷവും നല്കപ്പെട്ടു; ഇനി എന്താണ് ചെയ്യേണ്ടത്?'' യേശുക്രിസ്തു നമുക്ക് കാണിച്ചു തന്ന മാതൃകപ്രകാരം നാം ശിഷ്യരെ വാർത്തെടുക്കുകയും നമ്മെത്തന്നെ അവർക്കായി സമർപ്പിക്കുകയും വേണം എന്നതാണ് ഉത്തരം.

മാനസാന്തര അനുഭവത്തിൽ നിന്നും അവരെ ക്രിസതുവിന്റെ പ്രിതിബിംബങ്ങളാക്കി, സമർപ്പിതരും, പ്രതിജ്ഞാബദ്ധരും, ശക്തരും, ഫലപ്രദമായ ശിഷ്യന്മാരുമാക്കിത്തീർക്കാൻ സഹായിക്കേണം. പ്രസ്തുത ശിഷ്യർ മറ്റുള്ളവരെയും അതേ പ്രക്രിയയിൽക്കൂടെ നടത്താനിടയാകും. ഈ പ്രക്രിയയിലൂടെ അവരെ പൂർണ്ണതയാർന്ന രക്ഷാജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയിൽ കൂടി അവരെ പ്രാപ്തരാക്കും. നാം അങ്ങനെ മുമ്പോട്ട് പോകുമ്പോൾ ശിഷ്യന്മാരെ ജീവിതത്തിന്റെ എല്ലാ മേഖലയിലും സമ്പൂർണ്ണ സമർപ്പിതരും ദൈവത്തിന് വിൽക്കപ്പെട്ടവരും കീഴടങ്ങുന്നവരും ആയിത്തീരാൻ സജ്ജരാക്കേണം. ഇതാണ് "സർവ്വപ്രധാനമായ ബന്ധം". തുടർന്ന് ഇത് നാം അവരുടെ ജീവിത രീതിയാക്കി മാറ്റണം, ശിഷ്യത്വത്തിന്റെ

രീതി, അനുദിനം ക്രിസ്തു സാന്നിധ്യം പിന്തുടരുന്ന രീതി.

'വളരുക അല്ലെങ്കിൽ മരിക്കുക' എന്ന ഗ്രന്ഥം ആഫ്രിക്കയിലങ്ങോളമിങ്ങോളമുള്ള ശുശ്രൂഷകന്മാരെയും വിശുദ്ധന്മാരെയും പഠിപ്പിച്ചപ്പോൾ ഇത് തീർച്ചയായും ദൈവവചനത്തിൽ നിന്നും അഭിഷിക്തമായ ഒരു പാഠ്യ പദ്ധതിയാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞു. ഇത് ദൈവ വചനത്തിന് പകരമാവില്ലെങ്കിലും 'ശിഷ്യന്മാരെ വാർത്തെടുക്കാൻ' ഉതകുന്ന തരത്തിൽ ദൈവവചനത്തിലൂടെയുള്ള ഒരു യാത്രാ സഹായിയുടെ കടമ നിറവേറ്റുന്നുണ്ട്. "സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28: 19,20)എന്ന യേശുവിന്റെ കല്പനയും മാതൃകയും ഇത് പിന്തുടർന്ന് ക്രിസ്തുവിന്റെ മണവാട്ടിയെ അവന്റെ വരവിനായി ഒരുക്കുകയും ചെയ്യുന്നു. ഏതെങ്കിലും മണവാളൻ മണവാട്ടിയെ ഒരുക്കുന്നത് നിങ്ങൾ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? മണവാട്ടി തന്നെത്തന്നെയാണ് ഒരുക്കേണ്ടത്. "ഒരു വ്യക്തിയെ ക്രിസ്തുവിങ്കലേക്ക് നയിക്കുന്നതിലും ശ്രേഷ്ഠമായി എന്ത് സംഗതിയാണുള്ളത്? എന്ന് പല ശുശ്രൂഷകന്മാരും എന്നോട് ചോദിച്ചിട്ടുണ്ട്:". "ഒരു വ്യക്തി വളർച്ച പ്രാപിച്ച് സമർപ്പിത ശിഷ്യനായി രൂപാന്തരപ്പെട്ട് മറ്റുള്ളവരെയും അതേ അവസ്ഥയിലേക്ക് നടത്തി ആ പ്രക്രീയ പിന്നെയും പിന്നെയും തുടരുന്നത് കാണുന്നതാണ് ഏറെ അഭികാമ്യം എന്നായിരുന്നു എന്റെ പ്രതികരണം". അങ്ങനെ ക്രിസ്തുവിന്റെ ശരീരം പണിയപ്പെടട്ടെ! (എഫെസ്യർ 4:12)

**ഡേവ് മൂർ, പ്രസിഡന്റ്/സ്ഥാപകൻ**

ഇൻ ജീസസ് ഗ്ലോബൽ മിഷൻസ്

www. injesus global missions.org

*ഈ ഗ്രന്ഥം വായിക്കുന്ന*
*ഓരോ വ്യക്തിയും*
*ഈ പ്രാർത്ഥന ഉരുവിടുക*

**കുരിശ്:** കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ കുരിശിലെ വിജയത്തിനായി നന്ദി. അങ്ങയോടൊപ്പം ക്രൂശിക്കപ്പെട്ടതിനായി നന്ദി.

**നരകം:** കർത്താവായ യേശുക്രിസ്തുവേ, നരകത്തിലേക്ക് പോയി ഞങ്ങൾക്കുവേണ്ടി പീഢാനുഭവ മരണം സഹിച്ചതിന് നന്ദി.

**ഉയർത്തെഴുന്നേൽപ്പ്:** കർത്താവായ യേശുക്രിസ്തുവേ, മരണത്തിൽ നിന്ന് ഉയർത്തെഴുന്നേറ്റ് ഞങ്ങളെയും അങ്ങയോടൊപ്പം ഉയിർപ്പിച്ച് സ്വർഗ്ഗസ്ഥലത്ത് ഇരുത്തിയിരിക്കുന്നതിനായി നന്ദി.

**നിറവ്:** കർത്താവായ യേശുക്രിസ്തുവേ, പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കുന്നതിനായി നന്ദി.

**കഷ്ടത:** കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ പങ്കുവെയ്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കിയതിന് നന്ദി. അവിടുത്തെ ഉയർപ്പിന്റെ ശക്തിയാൽ ഞങ്ങളുടെ കഷ്ടതയെ അനുഗ്രഹമാക്കി മാറ്റാനിടയാക്കുന്നതിനു നന്ദി.

**ജയോത്സവം:** കർത്താവായ യേശുക്രിസ്തുവേ, ഈ ലോകജീവിതത്തിലും നിത്യതയിലും ഞങ്ങൾക്ക് വിജയം വാഗ്ദാനം നൽകിയിരിക്കുന്നതിനാൽ നന്ദി.

# മുഖവുര

**താങ്കൾ എപ്പോഴെങ്കിലും ലക്ഷ്യമില്ലാത്ത, പ്രത്യാശയില്ലാത്ത അവസ്ഥ അനുഭവിച്ചിട്ടുണ്ടോ?**

ഒരു ചുണ്ടെലിയെപ്പോലെ വളയത്തിലും കൂട്ടിലുമായി യാതൊരു ലക്ഷ്യവുമില്ലാതെ അലയുന്നതായി തോന്നിയിട്ടുണ്ടോ? ഇഹലോക ജീവിതത്തിലൂടെ ദൈവം എന്താണ് പ്രതീക്ഷിക്കുന്നതെന്ന് നിങ്ങൾ എപ്പോഴെങ്കിലും വിസ്മയിച്ചിട്ടുണ്ടോ? ഒരുനാൾ ദൈവം നിങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുമെന്ന് നിങ്ങൾ കരുതുന്നുണ്ടാവും. എന്നാൽ കാര്യങ്ങൾ സ്വയം ചെയ്വാൻ ദൈവം നിങ്ങളെ ഏല്പ്പിച്ചിരിക്കുകയാണെന്നായിരിക്കും നിങ്ങൾ ചിന്തിക്കുന്നത്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ പോലും കലാകാലങ്ങളിൽ അങ്ങനെ വിശ്വസിച്ചു പോരുന്നുണ്ട്.

നമുക്ക് ഉചിതമെന്ന് തോന്നുന്ന നിലയിൽ ജീവിതം നയിച്ച് അതാണ് ദൈവോദ്ദേശമെന്ന് ചിന്തിച്ചുപോകാറുണ്ട്. മാതാവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുങ്ങളെ പോറ്റിപുലർത്തി ദൈവീക ഭക്തിയിൽ വളർത്തുന്നതാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു ഭാര്യയ്ക്ക് അത് ഭർത്താവിനോടുള്ള ദൃഢബന്ധവും വൈകാരിക സുരക്ഷിതത്വവുമുൾക്കൊള്ളുന്ന ദ്വിമുഖ ബന്ധമാണ്. പുരുഷന് അത് കുടുംബത്തെ സംരക്ഷിക്കുകയും ജീവിതത്തിൽ ഏതെങ്കിലും പ്രധാന നേട്ടങ്ങൾ കൈവരിക്കുന്നതുമാണ്. മറ്റുള്ളവരിൽ നിന്നുള്ള പ്രശംസയ്ക്കായി സദാ താൻ ആഗ്രഹിക്കുന്നു. യുവജനങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽ, ജീവിതത്തിൽ തങ്ങളുടെ സ്ഥാനം കണ്ടെത്തുവാനോ അല്ലെങ്കിൽ ജോലിയോ തക്ക തുണയോ നേടുന്നതുമാണ്. എന്ത് തന്നെയായാലും ജീവിതത്തിൽ ഓരോന്നും കരസ്ഥമാക്കിക്കഴിയുമ്പോൾ അടുത്ത ലക്ഷ്യം എന്തെന്നറിയാതെ ശൂന്യതയാവും അനുഭവിക്കുക. ഉദ്ദേശിക്കുന്നത് പോലെ കാര്യങ്ങൾ നടന്നില്ലെങ്കിൽ നിരാശയും പ്രത്യാശാരാഹിത്യവുമാവും പാർശ്വഫലം.

**എന്താണ് ശരിയായ ഉത്തരം? യേശുവിന് സമ്പൂർണ്ണമായി സമർപ്പിക്കുക!**

ഗലാത്യർ 2:20 ൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു നമ്മിൽ ജീവിക്കുന്നു എങ്കിൽ, ദൈവത്തിന്റെ ഉദ്ദേശമാണ് നമ്മുടെ ഉദ്ദേശമെന്ന് അംഗീകരിക്കുന്നതുവരെ നാം സ്വസ്ഥത അനുഭവിക്കുകയില്ല.

കർത്താവിന് പൂർണ്ണമായി സമർപ്പിച്ച് അങ്ങയുടെ ഉദ്ദേശം എന്റെ ഉദ്ദേശമാണെന്ന് അപേക്ഷിക്കുമ്പോൾ മാത്രമേ നിനക്ക് ശരിയായ സമാ

ധാനം പ്രാപിക്കുവാൻ കഴിയൂ. ലോകസ്ഥാപനത്തിന് മുമ്പേ നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം പൂർണ്ണമായും ക്രമീകരിക്കപ്പെട്ടു. ഓരോരുത്തർക്കും വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഉദ്ദേശം ദൈവത്തിനുണ്ട്. നിങ്ങളുടെ ശാരീരികവും, മാനസികവും, ആത്മീയവുമായ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റപ്പെടേണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

**അബ്രഹാമിന്റെ ദാസനിൽ നിന്ന് ഒരു പാഠം**

*അവൻ പൂർണ്ണമായും കീഴ്പ്പെട്ടും അനുസരിച്ചും ഇരുന്നത് കൊണ്ട് ദാസന്റെ ആവശ്യങ്ങൾ നൽകപ്പെട്ടു*

ഉല്പത്തി 24-ാം അദ്ധ്യായം നോക്കുക. അബ്രഹാം(പിതാവിനെ കുറിക്കുന്നു) തന്റെ ദാസനെ (എന്നിലും നിങ്ങളിലുമുള്ള പരിശുദ്ധാത്മാവിനെ കുറിക്കുന്നു) തന്റെ പുത്രന് (യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു) ഒരു മണവാട്ടിയെ കണ്ടെത്താൻ പറഞ്ഞയക്കുന്നു.

ഉൽപ്പത്തി 24:4-9 ഭാഗത്ത് പറയുന്നു: "നീ എന്റെ ദേശത്ത് ചെന്ന് എന്റെ ചാർച്ചക്കാരുടെ ഇടയിൽ നിന്നും എന്റെ മകന് ഒരു ഭാര്യയെ എടുക്കുക".

ഉല്പത്തി 24-ാം അദ്ധ്യായത്തിലെ സംഭവങ്ങൾ പൂർണ്ണമായും വായിക്കുക. ദാസൻ തന്റെ ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ തനിക്കും തന്റെ ഒട്ടകങ്ങൾക്കും വെള്ളം കോരിക്കൊടുക്കുന്ന റിബേക്കയെ കണ്ടെത്തുന്നു. 24 ന്റെ 15 ൽ കാണുന്നത്, "അവൻ പറഞ്ഞുതീരും മുമ്പേ" എന്നാണ്. ദാസൻ ദൈവത്തിന് ഒരു അപേക്ഷ കഴിക്കുന്നു അപേക്ഷയിലെ വാക്കുകൾ പൂർണ്ണമായും വായിൽ നിന്നും പുറത്ത് വരുന്നതിന് മുമ്പേ അപേക്ഷയുടെ മറുപടിയായ റിബേക്ക പ്രത്യക്ഷപ്പെടുന്നു.

**ഏത് തരത്തിലുള്ള ദാസനെയാണ് പിതാവ് ഒരു മണവാട്ടിക്കായി അയയ്ക്കുന്നതെന്ന് നാം മനസ്സിലാക്കണം**

തന്റെ വീട്ടിൽ മൂപ്പനും തനിക്കുള്ളതിനൊക്കെയും വിചാരകനുമായ ദാസനോട് അബ്രഹാം പറഞ്ഞത്: "നിന്റെ കൈ എന്റെ തുടയിൽ കീഴെ വെയ്ക്കുക....." (ഉല്പത്തി 24:2).

ശ്രദ്ധിക്കുക, പിതാവ് ഏതെങ്കിലും സേവകനെ അയയ്ക്കുകയല്ല, മറിച്ച് തനിക്കുള്ളതിനൊക്കെയും വിചാരകനായ ദാസനെയാണ് അയയ്ക്കുന്നത്.

***മത്തായി 24 - ാം അദ്ധ്യായത്തിൽ എല്ലാറ്റിനും വിചാരകനായ മറ്റൊരു ദാസനെപ്പറ്റി പറയുന്നു***

തന്നിൽ നിന്നും പഠിക്കാനുള്ളത് എന്തെന്ന് നമുക്ക് ചിന്തിക്കാം. മത്തായി 24:42-51.

*ഒന്നാമത്, യജമാനന്റെ വരവിനായി ഒരുങ്ങിയിരിക്കുന്ന ദാസൻ.*

എന്നെങ്കിലും മടങ്ങിവരുന്ന യേശുവിന്റെ വരവിനായി ഒരുങ്ങിയിരിക്കാനല്ല, ഇപ്പോൾ ഈ ജീവിതത്തിൽ മടങ്ങിവരുന്നവനുവേണ്ടി തന്നെ ഒരുങ്ങേണം. നമ്മെ ഏല്പിച്ചിരിക്കുന്നതിനൊക്കെ എത്രയധികം വിശ്വസ്തരായിരിക്കുന്നു എന്ന് പരിശോധിക്കുക.

*ദാസൻ വിശ്വസ്തനായിരുന്നു*

ഏറ്റവും ചെറിയ കാര്യത്തിന് മേൽ പോലുമുള്ള വിശ്വസ്തത ദൈവത്തിന് പ്രാധാന്യമേറിയതാണ്. നമ്മുടെ അനുദിന ജീവിതത്തിൽ ഒരോ കാര്യങ്ങളും ചെയ്യുന്നതെങ്ങനെ എന്നറിയാൻ ദൈവത്തിന് താല്പര്യമുണ്ട്. നമുക്കുള്ള അൽപ്പത്തിൽ വിശ്വസ്തരാകുന്നതുവരെ അധികമായത് ദൈവം നമ്മെ ഭരമേൽപ്പിക്കുകയില്ല. പ്രായോഗിക ജീവിതത്തിലും ആത്മീയ ജീവിതത്തിലും നാം ഒരുപോലെ വിശ്വസ്തത പാലിക്കേണം.

*ദാസൻ ദാന ശീലനായിരിക്കേണം*

ദാസൻ മറ്റുള്ളവരെ കരുതുന്നവനായിരുന്നു. മത്തായി 24:46 ൽ കാണുന്നു: “യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തുകാണുന്ന മനുഷ്യൻ ഭാഗ്യവാൻ”.

*ദാസൻ മറ്റുള്ളവരെ മോശമായി വീക്ഷിച്ചില്ല*

*ദാസൻ അവിശ്വാസികളെപ്പോലെയല്ല ജീവിച്ചത്*

*ദാസൻ ബുദ്ധിമാനായിരുന്നു*

ഒന്നുകൂടി സ്പഷ്ടമാക്കിയാൽ, ലോകപ്രകാരമുള്ള ജ്ഞാനത്തെപ്പറ്റിയല്ല, ദൈവീകജ്ഞാനത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്. 1 കൊരിന്ത്യർ 2: 6–8 പറയുന്നു: “എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു, ഈ ലോകത്തിന്റെ ജ്ഞാനമല്ല നശിച്ചുപോകുന്നവരായ ഈ ലോകത്തിലെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല, ദൈവം ലോകസൃഷ്ടിക്ക് മുമ്പേ നമ്മുടെ തേജസ്സിനായി മുന്നറിയിച്ചതും മറഞ്ഞിരിക്കുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അത് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല, അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു”.

*സദൃശ്യവാക്യത്തിൽ നിർവചിച്ചിരിക്കുന്ന ജ്ഞാനമാണ് യേശു വ്യക്തിപരമായി നിങ്ങളോടുള്ള സന്ദേശമായി സംസാരിക്കുന്നത്*

സദൃശ്യവാക്യം 4: 5–9 പറയുന്നു “ജ്ഞാനം സമ്പാദിക്കുക, വിവേകം നേടുക, മറക്കരുത്. എന്റെ വചനങ്ങളെ വിട്ടുമാററുത്. അതിനെ ഉപേക്ഷിക്കരുത്, അത് നിന്നെ കാക്കും. അതിൽ പ്രിയം വയ്ക്കുക,

അതു നിന്നെ സൂക്ഷിക്കും. ജ്ഞാനം തന്നെ പ്രധാനം, ജ്ഞാനം സമ്പാദിക്ക, നിന്റെ സകല സമ്പാദ്യത്താലും വിവേകം നേടുക അതിനെ ഉയർത്തുക അതു നിന്നെ ഉയർത്തും, അതിനെ ആലിംഗനം ചെയ്താൽ അത് നിനക്ക് മാനം വരുത്തും. അത് നിന്റെ തലയെ അലങ്കാരമാലയണിയിക്കും, അതു നിന്നെ മഹത്വകിരീടം ചൂടിക്കും".

'ലോക സംവിധാനവും' നിങ്ങളുടെ സ്വയ പരിശ്രമവും യാതൊരു പ്രത്യാശയും നൽകുകയില്ല എന്ന് നിങ്ങൾക്ക് ഉറപ്പുണ്ടെങ്കിൽ, ദൈവീക ജ്ഞാനം പ്രാപിപ്പാൻ യോഗ്യനാണ്. പ്രസ്തുത വിഭാഗത്തിൽ നിങ്ങൾ ഉൾപ്പെടുന്നു എങ്കിൽ പ്രത്യാശയോടെ നിങ്ങളുടെ ശിരസ് ഉയർത്തുക. കാരണം ദൈവത്തിന്റെ അതിസാധാരണമായ ഇടപെടലിന് പറ്റിയ സ്ഥാനാർത്ഥിയാണ് നിങ്ങൾ.

**ജീവിതം ദുർഘടമാണ് പക്ഷേ ക്രിസ്തുവിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെങ്കിൽ അതിനെ വിജയകരമാക്കാം**

ജനങ്ങളും ശുശ്രൂഷകന്മാരും സുഹൃത്തുക്കളും എന്തിനേറെ സഭകൾ പോലും നമ്മെ നിരാശരാക്കിയേക്കാം. എന്നാൽ അപ്രകാരം ഒരിക്കലും യേശു ചെയ്കയില്ല. എബ്രായർ 2:8-9 വരെയുള്ള ഭാഗത്ത് കാണുന്നത്: "ഇപ്പോൾ നാം എല്ലാം പൂർണ്ണതയുള്ളതായി കാണുന്നില്ല, എന്നാൽ നമുക്കായി മരണം ആസ്വദിച്ച ക്രിസ്തുവിനെ സർവ്വ സമ്പൂർണ്ണനായി കാണും. യേശു വാസ്തവമായി നമുക്ക് വേണ്ടി ചെയ്തത് എന്താണെന്നും അവൻ ആരാകുന്നു എന്നും തിരിച്ചറിയുമ്പോൾ നാം അവനെ സ്വയം മറന്ന് സ്നേഹിച്ചു പോകും".

നാം അവനുമായി സ്നേഹത്തിലായി നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശമെന്തെന്ന് മനസ്സിലാക്കി സംതൃപ്തരാകുമ്പോൾ ക്രിസ്തു സന്തോഷിക്കുന്നു.

ശ്രേഷ്ഠമായ കാര്യം നാം ഈ പ്രക്രിയയിൽ കൂടി കടന്നുപോകുമ്പോൾ, എപ്പോഴും യേശുവിൽ കേന്ദ്രീകരിക്കപ്പെടുകയും യേശുവിന് വേണ്ടി കാര്യങ്ങൾ ചെയ്യുകയും കഷ്ടതയിൽ പോലും അവനെ സേവിക്കുകയും ചെയ്യും. നമ്മുടെ ദൃഷ്ടി അവനിലായിരിക്കുമ്പോൾ അവനായിരിക്കും നമ്മുടെ പ്രതിഫലം. നമ്മുടെ സ്വഭാവം മാറ്റുന്നതിലോ നമ്മുടെ ആവശ്യങ്ങൾ നടക്കുന്നതിലോ, എന്തിനേറെ ശുശ്രൂഷയിൽ പോലുമല്ല നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. അവനിൽ മാത്രം ശ്രദ്ധ പതിപ്പിച്ച് അവനിൽ ഒന്നായി അവനുമായുള്ള ഐക്യതയിൽ വരേണം.

അപ്പോൾ അതിശയകരമായ കൃപ നമ്മെ കടന്നുപോകുന്നത് കാണാം. എന്റെ ജീവിതാനുഭവത്തിൽ നിന്ന് പറഞ്ഞാൽ, ഇത് നമ്മുടെ പ്രയാസവേളകളെ സഹനീയവും ആനന്ദകരവുമാക്കി മാറ്റും.

**ഇനി പിതാവ് എങ്ങനെയാണ് ദാസനോട് ഇടപെടുന്നതെന്നും ദൈവം എങ്ങനെയാണ് നമ്മോട് ഇടപെടുന്നതെന്നും മനസ്സിലാക്കാം**

മൂന്ന് രീതിയിൽ ഫലം കായ്ക്കുവാൻ പിതാവ് ദാസനെ അനുവദിക്കുന്നതായി ഞാൻ കാണുന്നു.

***1. ആത്മാവിന്റെ ഫലം.*** ഈ ദാസൻ ദൈവീക സ്വഭാവം രൂപപ്പെടുത്തിയെടുത്തു

***2. ആവശ്യങ്ങൾ എല്ലാം നിറവേറ്റപ്പെടുന്ന ഫലം.*** ഉല്പത്തി 24:10 ൽ, പിതാവ് ദാസന് യാത്രക്കാവശ്യമായതൊക്കെയും നൽകി. പത്ത് ഒട്ടകങ്ങൾ മാത്രമല്ല, ആവശ്യമായ സാധനങ്ങളൊക്കെയും നല്കിക്കൊടുത്തു.

***3. ശുശ്രൂഷയുടെ ഫലം.*** മണവാട്ടിയെ ഭവനത്തിൽ കൊണ്ടുവരുന്നതിലൂടെ പിതാവും പുത്രനും ഒരു പോലെ സന്തോഷിക്കുന്നു.

ഇപ്രകാരമാണ് ദൈവം മഹത്വപ്പെടുന്നതും അതുപോലെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതും. “നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും” (യോഹന്നാൻ 15:8). നിങ്ങൾ ഫലം കായ്ക്കുമ്പോൾ ദൈവം മഹത്വപ്പെടുന്നു. കാരണം അവന്റെ ശക്തിയും വചനവുമാണ് ഫലം കായ്ക്കുവാൻ മുഖാന്തരമാകുന്നത്. തന്റെ ജനത്തെ സംരക്ഷിക്കുവാൻ ദൈവത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന ശരിയായ പദ്ധതിയായിരുന്നു ‘ഫലം’ എന്നത്. അവന്റെ സഹായത്താൽ നമ്മുടെ ജീവിതത്തിൽ ഫലം പ്രദാനം ചെയ്യപ്പെടുമ്പോൾ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്നല്ല മറിച്ച് അവന് എന്തെല്ലാം പ്രവർത്തിക്കാൻ കഴിയും എന്നാണ് ഗ്രഹിക്കേണ്ടത്.

**നാം പൂർണ്ണമായി ക്രിസ്തുവിന് സമർപ്പിക്കുമ്പോൾ നമ്മുടെ ജീവിതത്തെ അവൻ ദൈവരാജ്യത്തിലേക്ക് ആനയിക്കുന്നു**

***എങ്ങനെയാണ് ദൈവരാജ്യത്തിൽ ജീവിക്കേണ്ടതെന്ന് മത്തായി 16 – 17 അദ്ധ്യായങ്ങളിൽ കാണുന്നു.***

16:21 ൽ യേശുക്രിസ്തു തന്റെ മരണത്തെയും ഉയർത്തെഴുന്നേൽപ്പിനെയും കുറിച്ച് ശിഷ്യന്മാരോട് പ്രസ്താവിക്കുന്നു. യേശുവിന്റെ ക്രൂശാണത്. നാം അവന്റെ ക്രൂശിലും അത് പ്രതിനിധാനം ചെയ്യുന്ന ഉടമ്പടിയിലും ഏറെ ശ്രദ്ധ കേന്ദ്രീകരിക്കേണം.

16:24–26 വരെയുള്ള ഭാഗത്ത് യേശു പറയുന്നു, നാം നമ്മുടെ ക്രൂശ് എടുക്കണം. അത് നമുക്കുള്ള കുരിശാണ്. നമ്മുടെ ക്രൂശ് എടുക്കുന്നതിൽ നാം ഏറെ ശ്രദ്ധ ചെലുത്തേണം. അതിൽ രക്ത ഉടമ്പടി സ്ഥിരപ്പെടുത്താൻ രണ്ടുപേരും രക്തം ചൊരിയേണം.

16:28 ൽ യേശു ശിഷ്യന്മാരോട് പറഞ്ഞു: “ദൈവരാജ്യം കാണുന്ന

തിന് മുമ്പ് മരണം ആസ്വദിക്കാത്ത ചിലർ ഉണ്ട്" എന്ന്. മത്തായി 17–ാം അദ്ധ്യായത്തിൽ യേശുക്രിസ്തു തന്റെ ഭാവി മഹത്വരൂപത്തിൽ ശിഷ്യന്മാർക്ക് മുമ്പാകെ രൂപാന്തരപ്പെടുന്നു.

ഏലിയാവും മോശയുമായി യേശു ചില ചർച്ചകളൊക്കെ നടത്തിയ ശേഷം അവിടെ തന്നെ കൂടിൽ കെട്ടി താമസിക്കാമെന്നുള്ള ശിഷ്യന്മാരുടെ നിർദ്ദേശത്തിന് പിന്നാലെ സ്വർഗ്ഗത്തിൽ നിന്ന് ദൈവം അരുളിചെയ്തു. "ഇവനെന്റെ പ്രിയ പുത്രൻ, അവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. അവന് ചെവികൊടുപ്പീൻ".

***നാം അവന്റെ ക്രൂശ് ദർശിക്കുമ്പോൾ, നമ്മുടെ ക്രൂശ് വഹിക്കുമ്പോൾ, യേശുവിനെ കാണുകയും അവന്റെ വചനം കേൾക്കുകയും ചെയ്യും. അത് സ്വർഗ്ഗത്തെ ഭൂമിയിൽ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ജീവനും ശക്തിയുമുള്ള വിത്തായി നമ്മുടെ ഹൃദയത്തിൽ നട്ടിരിക്കുന്നു.***

## നിങ്ങൾ വളരെയധികം നിരാശനാണോ?

എന്തുകൊണ്ട് അനേകർ ക്രിസ്ത്യാനിത്വത്തെ സങ്കീർണ്ണമാക്കുന്നു? എന്തുകോണ്ട് വളരെ കുറച്ച് പേർമാത്രം ദൈവരാജ്യത്തിന്റെ വഴിയിൽ നടക്കുകയും മറ്റനേകർ അതിന്റെ മർമ്മം ഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നു? പലപ്പോഴും ക്രിസ്ത്യാനികളെ തന്നെ, യേശുവിനെ കാണാൻ ചെയ്യേണ്ടത് ചെയ്യണമെന്നും, താന്താന്റെ ക്രൂശ് എടുക്കണമെന്നും, ജീവിതത്തിൽ ദൈവത്തിന്റെ പ്രവർത്തി നടക്കണമെങ്കിൽ അവനിൽ ആശ്രയിക്കണമെന്നും, ഒക്കെ പഠിപ്പിക്കുവാൻ ഇത്രയധികം ബുദ്ധിമുട്ടേണ്ടി വരുന്നത് എന്തുകൊണ്ടാണ്?

യേശു ലളിതമായ ഉത്തരം നമുക്ക് നല്കുന്നുണ്ട്. ഇതിന്റെ അർത്ഥം ഗ്രഹിച്ച് അത് പ്രാപിച്ചവരെയും നഷ്ടമാക്കിയവരെയും ലോകത്താകമാനം ഞാൻ കണ്ടിട്ടുണ്ട്. ഇത് വായിക്കുന്നവർ അത് കരസ്ഥമാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മത്തായി 19–ൽ ധനികനായ ഒരു യുവ പ്രമാണി യേശുവുമായി സംഭാഷിക്കുന്നു. ധനം, പ്രശസ്തി, പദവി, മതം എന്നിങ്ങനെ പലതിനെയും ആശ്രയിക്കാൻ അയാൾക്ക് ധാരാളം കാര്യങ്ങൾ ഉണ്ട് എന്ന് യേശു ഗ്രഹിച്ച്, നിത്യജീവൻ വേണമെങ്കിൽ അവയൊക്കെ ദാനം ചെയ്യാൻ ഉപദേശിക്കുന്നു. തുടർന്ന് എന്ത് സംഭവിച്ചു എന്ന് നിങ്ങൾക്കറിയാം. അവൻ പിൻമാറിപ്പോയപ്പോൾ യേശു അവനെ സ്നേഹിക്കുന്നതുകൊണ്ട് ദുഃഖിച്ചു. അപ്പോൾ ശിഷ്യന്മാർ അതിശയിച്ചു. "എങ്ങനെ ഒരാൾക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയും?" അവരുടെ ചോദ്യത്തിന് ഉത്തരമായി ഒരു ഉപമയാണ് യേശു പറഞ്ഞത്. മത്തായി 20 ൽ കാണുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരെ അന്വേഷിച്ച് ചന്തസ്ഥലത്ത് പോയ യജമാനന്റെ ഉപമ.

ഒരു ദിവസത്തേക്ക് ഒരു വെള്ളിക്കാശ് എന്ന കരാറിൽ ഒരാളെ കൂലിക്കെടുത്തു. ഒരു മുഴുവൻ ദിവസത്തെ ശമ്പളമാണത്. അവിടെയുണ്ടായിരുന്ന അഞ്ച് പേരിൽ ഏറ്റവും കഴിവും ആരോഗ്യവുമുള്ളവനെയാണ് ജോലിക്കെടുത്തത്. ഇത് അഞ്ചാമൻ. മൂന്നാം മണിനേരത്ത് യജമാനൻ മടങ്ങി വന്ന് ന്യായമായത് തരാമെന്ന് പറഞ്ഞ് ഭാഗികദിവസത്തേക്ക് നാലാമനെ ജോലിക്കെടുത്തു.

ആറാം മണി നേരത്തും അങ്ങനെ തന്നെ ചെയ്തു. ഇത് മൂന്നാമൻ. ഒൻപതാം മണിനേരത്തും ഒരാളെ കൂലിക്കുവെച്ചു. ഇത് രണ്ടാമൻ. പതിനൊന്നാം മണിനേരത്ത് മടങ്ങി വന്ന് ഒന്നാമനെ കണ്ടു.

ഒന്നാമനോട് യജമാനൻ ചോദിച്ചു “എന്തിനാ നീ ഇപ്പോഴും ഇവിടെ നിൽക്കുന്നത?” എന്ന് “ആരും എന്നെ കൂലിക്ക് വിളിക്കാത്തതുകൊണ്ട്” അയാൾ ഉത്തരം പറഞ്ഞു. യജമാനൻ അയാളെയും ജോലിക്ക് പറഞ്ഞയച്ചു. ശേഷിച്ച ഒരുമണിക്കൂർ സമയം മാത്രമേ അയാൾ ജോലിചെയ്തുള്ളൂ.

ഒന്നാമത്, പ്രസ്തുത മനുഷ്യരാരും അലസരോ തൊഴിൽ നൽകുന്ന ഏജൻസിയിൽ ചെന്ന് വെറുതെ ദിവസം മുഴുവൻ സമയം കളയുന്നവരോ അല്ല. ‘ഒരു മണിക്കൂറുകാരൻ’ കൂട്ടത്തിൽ ഏറ്റവും ശക്തികുറഞ്ഞവനാണെന്നു മാത്രം. മിക്കവാറും അയാൾക്ക് ശാരീരികമോ മാനസികമോ ആയ വൈകല്യം ഉണ്ടായിരിക്കാം. എല്ലാവരെക്കാളും ബലഹീനനായിരുന്നുവെന്ന് ഞാൻ ചിന്തിക്കുന്നു. ഓർക്കുക, ഈ ഉപമ എന്നത് എങ്ങനെ, എപ്പോൾ ജനങ്ങൾക്ക് ദൈവരാജ്യം പ്രാപിക്കാം എന്നതിനെ പറ്റിയാണ്.

കൂലികൊടുക്കുന്ന സമയമായപ്പോൾ യജമാനൻ ഒരുമണിക്കൂർ മാത്രം ജോലിചെയ്ത ഒന്നാമനെ ആദ്യം വിളിച്ചപ്പോൾ മുഴുദിനവും അദ്ധ്വാനിച്ച അഞ്ചാമനെ അവസാനം വിളിച്ചിട്ട് പറഞ്ഞു. “പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും. വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം”.

ഒരു മണിക്കൂറുകാരൻ ദൈവരാജ്യം ഇവിടെ ഇപ്പോൾ തന്നെ പ്രാപിക്കുകയും ദൈവരാജ്യം കർത്താവിന്റെ പ്രാർത്ഥനയിലെപ്പോലെ ഭൂമിയിലേക്ക് കൊണ്ടുവരികയും ചെയ്തു. ഉപമയിലെ അഞ്ചാമൻ മരിച്ചപ്പോൾ സ്വർഗ്ഗത്തിൽ പോകുകയും സ്വർഗ്ഗരാജ്യം അപ്പോൾ പ്രാപിക്കുകയും ചെയ്തു. എന്നാൽ ഒന്നിലും ആശ്രയിക്കാൻ വകയില്ലാതിരുന്നവൻ ഇപ്പോൾ തന്നെ പ്രാപിച്ചു.

ഇവിടെ വച്ച് തന്നെ സ്വീകരിക്കുന്നതിന്റെ വെളിപ്പെടുത്തൽ എന്താണ്? നിങ്ങൾ ഒരു മണിക്കൂർ വ്യക്തിയാണെങ്കിൽ നിങ്ങൾ ദൈവവചനത്തിൽ മാത്രം ആശ്രയിക്കുകയും ജീവനും ഭക്തിയ്ക്കും വേണ്ട

തെല്ലാം നൽകുന്ന (2 പത്രോസ് 1:2–11) യേശുവുമായി കൂട്ടായ്മയിലായിരിക്കുകയും ചെയ്യും. ഞങ്ങൾ ഇത് സ്പാനിഷ് ഭാഷ സംസാരിക്കുന്ന രാജ്യത്ത് വച്ച് ശുശ്രൂഷിച്ചപ്പോൾ ഒരു കൂട്ടം നേതാക്കൾ ഇതിന്റെ അർത്ഥം ശരിക്കും ഉൾക്കൊണ്ടു. അവർ ഒരു ചിന്താവിഷയമായി കൊണ്ടുവന്ന് ഒരു ബോർഡിൽ ഇങ്ങനെ എഴുതി "എൽ ഹോം ബ്റോ ഉനാ സോളാ ഹോറാ". ഒരു മണിക്കൂറുകാരൻ! "ഞങ്ങൾ ഒരുമണിക്കൂർ ജനങ്ങളാണ്" അവർ ഉച്ചത്തിൽ പറയാൻ തുടങ്ങി. താങ്കളും നിങ്ങളെത്തന്നെ 'ഒരു മണിക്കൂർ വ്യക്തി' എന്ന് വിളിക്കുവാൻ തക്കവണ്ണം നിരാശയുള്ള അവസ്ഥയിലാണെങ്കിൽ ഉച്ചത്തിൽ 'ഹല്ലേലുയ്യ' പറയാൻ കഴിയുമോ?

**ലോകത്തിൽ അനേക ജനങ്ങളും നിരാശ അനുഭവിക്കുന്നവരാണ്, എന്നാൽ നിരാശ അനുഭവിക്കുന്ന എല്ലാവരും തകർന്ന അവസ്ഥയിലല്ല**

ഞാൻ ചിന്തിക്കുന്നത്, ആ ഒരുമണിക്കൂറുകാരൻ നിരാശിതനും തകർന്നവനുമായിരുന്നു. മനുഷ്യനോ മറ്റു ഘടകങ്ങൾക്കോ അല്ലെങ്കിൽ കഴിവുകൊണ്ടോ യാതൊരു ഫലവുമില്ലെന്ന തിരിച്ചറിവിൽ എത്തിച്ചേരുന്ന മാനസിക അവസ്ഥയാണ് തകർച്ച എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. തൊഴിൽ നൽകുന്ന ഏജൻസിയിൽ ആ ഒരുമണിക്കൂറുകാരൻ മാത്രം അവശേഷിക്കുന്നത്, ശ്രദ്ധിക്കുക. താൻ ആരൊടെങ്കിലും ഭിക്ഷയാചിക്കയോ തന്നെ സഹായിക്കണമെന്ന് മറ്റുള്ളവരോട് തന്ത്രപൂർവ്വം പറയുകയോ ചെയ്യുന്നില്ല. നിങ്ങളുടെ ക്രിസ്തീയയാത്രയിൽ ഇത് പ്രായോഗികമാക്കിയാൽ മനസിലാകുന്നത്, കർത്താവ് എന്തെങ്കിലും ചെയ്തില്ലെങ്കിൽ നമ്മുടെ കാര്യം കഴിഞ്ഞു, നഷ്ടമാകും കൈമുതലാകുന്നത്.

ഈ ഗ്രന്ഥത്തിലെ ഓരോ അദ്ധ്യായവും അവസാനിക്കുമ്പോൾ നിങ്ങൾ തന്നെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

ദൈവരാജ്യത്തിന്റെ മർമ്മം എന്താണ്?

ദൈവരാജ്യത്തിൽ ആദ്യം പ്രവേശിക്കുന്നതാര്?

ഈ ഗ്രന്ഥത്തിന്റെ ആകെത്തുകയും ശിഷ്യത്വ പ്രക്രിയയുടെ മുഴുസത്തയുമെന്നത്, മൂന്ന് മേഖലയിലും ദൈവരാജ്യത്തിനുവേണ്ടി നമ്മുടെ ജീവിതത്തിൽ ഫലം കായ്ക്കുന്നവരായിത്തീരുക എന്നതാണ്.

നിങ്ങൾ അനുഗ്രഹിക്കപ്പെടുമാറാകട്ടെ!

# സെമിനാർ 1

അധ്യായം 1 മുതൽ 7 വരെയുള്ള
ഭാഗങ്ങളിൽ പരാമർശിക്കുന്നത്:

1. ഫലം
2. ഒഴുകുന്ന നദി
3. വാഗ്ദത്ത നാട്ടിലെ തടവുകാർ
4. ദൈവം ആരാണ്?
5. ഇരിക്കുക
6. നടക്കുക
7. നിൽക്കുക

# അദ്ധ്യായം 1 ഫലം

**നിങ്ങൾ എപ്പോഴെങ്കിലും ഈ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടോ?**

എന്റെ ജീവിതത്തിലൂടെ ഈ ലോകത്തിൽ വച്ച് എന്ത് സാധിച്ചെടുക്കാനാണ് ദൈവം പ്രതീക്ഷിക്കുന്നത്? ഞാൻ എങ്ങനെയാണ് ജീവിക്കേണ്ടത്? എന്തുകൊണ്ട് എനിക്ക് കൂടുതൽ വിജയിയാവാൻ കഴിയുന്നില്ല? ദൈവം എനിക്ക് വേണ്ടി ഉണ്ടെങ്കിൽ, എന്തുകൊണ്ട് എന്റെ ജീവിതം ആ നിലയിൽ കാണപ്പെടുന്നില്ല? ദൈവത്തിന്റെ ശക്തിയെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്, എന്നാൽ ശക്തി മരുന്ന് എല്ലാവർക്കും വിതരണം ചെയ്യുമ്പോൾ എന്നെ മറന്ന് പോയതായിരിക്കും. യാക്കോബ് 2:5 നോക്കുക. "പ്രീയ സഹോദരൻമാരെ, കേൾക്കുവിൻ: ദൈവം ലോകത്തിൽ ദരിദ്രരായവരെ, വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാക്കേണ്ടതിന് തിരഞ്ഞെടുത്തില്ലയോ? (ദാരിദ്രത്തിന്റെ നിർവ്വചനം: സഹായം, ശക്തി എന്നിവയില്ലാത്ത അവസ്ഥ. അത് ഒരുവനെ ഇരക്കാനും യാചിക്കാനും മറ്റൊരാളുടെ കാരുണ്യത്തിന് കാത്തു നിൽക്കാനും നിർബന്ധിതനാക്കുന്നു.

***നമുക്ക് എല്ലാവർക്കും യഥാർത്ഥ ആവശ്യങ്ങളുണ്ട്***

പ്രധാനപ്പെട്ട മൂന്നെണ്ണം സ്നേഹവും, സുരക്ഷിതത്വവും പ്രാധാന്യതയുമാണ്. നമ്മുടെ സകല ആവശ്യങ്ങളും ഈ മൂന്ന് സംഗതികളുടെ പരിധിക്കുള്ളിൽ വരും. ചിലർക്ക് ഭക്ഷണവും വസ്ത്രവുമാണ് ആവശ്യം, ചിലർക്ക് കുഞ്ഞുങ്ങൾ ദൈവത്തെ അറിയണമെന്ന ആഗ്രഹം, കുറെ പേർക്ക് ശാരീരിക സൗഖ്യം, അങ്ങനെ പട്ടിക നീളുകയാണ്.

**നമുക്കായുള്ള കരുതലുകൾ അവന്റെ സന്നിധിയിലുണ്ട്**

ഫിലിപ്പിയർ 4:19 പറയുന്നു, "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും".

ദൈവം നിങ്ങളുടെ ആവശ്യങ്ങളൊക്കെയും 'മഹത്വ'ത്തിൽ തീർത്തു തരണമെങ്കിൽ, 'മഹത്വം' എവിടെയാണെന്ന് അന്വേഷിച്ചു കണ്ടെത്തി അത് ഉള്ളയിടത്തു ചെല്ലണം. അതല്ലെങ്കിൽ തെറ്റായ സ്ഥലത്ത് ദൈവത്തിന്റെ പ്രവൃത്തിക്കുവേണ്ടി വൃഥാ കാത്തിരിക്കുകയാവും. ബസ് കാത്ത് ഞാൻ റെയിൽവേ സ്റ്റേഷനിലാണോ കാത്തിരിക്കേണ്ടത്? മഹത്വം എവിടെയാണുള്ളത് എന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ദൈവവുമായി ബന്ധപ്പെടുത്തി 'മഹത്വം' എന്ന പദം ഉപയോഗിക്കുമ്പോൾ അത് ദൈവ സാന്നിദ്ധ്യത്തെയാണ് അർത്ഥമാക്കുന്നത്.

നാം ദൈവത്തിന്റെ സന്നിധിയിൽ ചെന്ന് അവൻ നമ്മോട് സംസാരിക്കുന്ന വചനം എന്താണ് എന്ന് കേൾക്കണം. അവന്റെ വചനം ഒരു വാഗ്ദത്തമായി ഒരു വിത്തായി നമ്മുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെടുകയും ശരിയായി അതിനെ പരിപാലിക്കുകയും ചെയ്താൽ കാലക്രമത്തിൽ ഫലം കായ്ക്കും.

**ഫലം കായ്ക്കുന്നത് ദൈവത്തിന് വളരെ പ്രധാനപ്പെട്ടതാണ്**

"നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യൻമാർ ആകും" (യോഹന്നാൻ.15:8).

***നമ്മൾ ചെയ്യുന്ന സകല പരിശ്രമങ്ങളും ഫലം കായ്ക്കുക എന്ന പ്രക്രിയയിലേക്ക് കേന്ദ്രീകരിക്കേണം.***

***ആദമിനെ ഫലം കായ്ക്കുവാനായി സൃഷ്ടിച്ചു. നമ്മെക്കുറിച്ചുള്ള ദൈവീക ലക്ഷ്യമെന്താണ്?***

ദൈവം അവരെ അനുഗ്രഹിച്ച് അവരോട് പറഞ്ഞത്:

"നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിൻമേലും ആകാശത്തിലെ പറവ ജാതിയിൻമേലും സകല ഭൂചര ജന്തുവിൻ മേലും വാഴുവിൻ എന്ന് അവരോട് കൽപ്പിച്ചു. ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകലവൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു; അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ" (ഉൽപ്പത്തി. 1:28-29).

നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനെപ്പറ്റി കൂടുതൽ വ്യാകുലതപ്പെടാതെ മാനസാന്തരപ്പെട്ട് വ്യതിയാനം സംഭവിച്ചവരായി ഫലം കായ്ക്കുന്നവരായി തീരേണം.

"അന്നു മുതൽ യേശു : സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി" (മത്തായി.4:17).


അത് വ്യക്തമായ ദിശാമാറ്റമായിരുന്നു. നിങ്ങളും അപ്രകാരം ചെയ്താൽ ദൈവരാജ്യം കണ്ടെത്തുവാനും കൂടുതൽ ദൈവസാ

ന്നിധ്യം അനുഭവിക്കാനും ഇടയാകും.

നിങ്ങൾ ചോദിക്കുന്നുണ്ടാകും, എന്താണ് കർത്താവ് അർത്ഥമാക്കുന്നത്? എവിടെ നിന്നാണ് അല്ലെങ്കിൽ എപ്പോൾ മുതലാണ് മാറ്റം സംഭവിക്കുന്നത്? എന്താണ് ദൈവരാജ്യം? ഞാൻ വിശ്വസിക്കുന്നത് നമുക്ക് ലോകപ്രകാരമുള്ള ജീവിത ശൈലിയല്ല; മറിച്ച് ദൈവരാജ്യത്തിലെ ജീവിതരീതിയിലേക്ക് മാറേണം. നമ്മുടെ ആകമാനജീവിതത്തിനും ഇത് ബാധകമാണെന്നാണ് എന്റെ വിശ്വാസം. "പാപം ചെയ്യുന്നത് അവസാനിപ്പിച്ച്, അകൃത്യ വഴികളെ വിട്ട് മാനസാന്തരപ്പെടുക" എന്ന് യേശു ജനത്തോട് വെറുതെ പറയുകയല്ല എന്ന് ഞാൻ ചിന്തിക്കുന്നു. ജീവിതം എങ്ങനെ നയിക്കേണമെന്ന പദ്ധതിയാണ് യേശു നമുക്ക് തരുന്നത്.

മനുഷ്യർ ലോകത്തിൽ ലഭിക്കാവുന്ന എല്ലാ രീതികളും ഉപയോഗിച്ചും തങ്ങളുടെ സ്വയം പര്യാപ്തതയിലാശ്രയിച്ചും നിറവേറപ്പെടാത്ത ആവശ്യങ്ങൾക്കായി പരിശ്രമിക്കും. സ്നേഹവും, സുരക്ഷിതത്വവും, അംഗീകാരവുമാണ് നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ.

നമ്മുടെ ജീവനും ഭക്തിക്കും (2 പത്രോസ്:1:3-4) ആവശ്യമായതൊക്കെയും ദൈവം നൽകിത്തരുമെന്ന് രേഖപ്പെടുത്തിയിടത്ത് പത്രൊസ് വാഗ്ദത്തങ്ങളെപറ്റി എഴുതിയിട്ടില്ലേ?



തങ്ങളുടെ ആവശ്യങ്ങൾ നിറവേറപ്പെടാതിരിക്കുമ്പോൾ, തങ്ങളുടെ ആവശ്യങ്ങളെല്ലാം സാധിപ്പിച്ചുതരാൻ ലോകത്തിന് കഴിയുകയില്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ ജനങ്ങൾ തയ്യാറല്ല. ആവശ്യങ്ങൾ നടക്കാതിരിക്കുമ്പോൾ ഉണ്ടാകുന്ന ശൂന്യത നികത്തുന്നത് കൂടുതൽ തങ്ങളെതന്നെ മെച്ചപ്പെടുത്തിയും നല്ല കാലം വരുമെന്ന് പ്രത്യാശിച്ചും കൊണ്ടാണ്. അവരുടെ കുഴപ്പം കൊണ്ടാണിതൊക്കെ സംഭവിക്കുന്നത് എന്ന് ചിന്തിക്കുന്നു. കുറ്റബോധം വരുമ്പോൾ ദൈവത്തിന്റെ സ്വഭാവത്തെ തെറ്റായി വിലയിരുത്തുന്നു. സാത്താൻ കൊണ്ടുവരുന്ന ഭോഷ്ക്ക് ഇത്തരക്കാർ സ്വീകരിക്കുന്നു. ദൈവവചനത്തിന്റെ സത്യത്തെ അവർ സംശയിക്കുന്നു.

**അപ്പോൾ എന്താണ് ശരിയായ ഉത്തരം?**

ദിശാ വ്യതിയാനം ഉണ്ടാകുന്നതിലൂടെ എങ്ങനെയാണ് ദൈവരാജ്യം അവകാശമാക്കുന്നത്? മാർക്കോസ് 4:11 ൽ യേശു പറയുന്നതനുസരിച്ച് ദൈവരാജ്യത്തിന്റെ മർമ്മം വിതയുടെയും കൊയ്ത്തിന്റെയും ഉപമയിൽ വെളിപ്പെടുത്തുന്നു. എന്താണ് വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നത്, ദൈവവചനമാണത്.

***കൃഷിയുടെ അന്തിമഫലം അതിന്റെ വിളവാണ്.***

ഈ തത്വത്തിലാണ് മുഴുവൻ ദൈവരാജ്യവും പ്രവർത്തിക്കുന്നതെന്ന് മർക്കോസ് 4-10 അദ്ധ്യായങ്ങളിൽ യേശു പ്രസ്താവിക്കുന്നു. ഇതാണ് ദൈവരാജ്യത്തിന്റെ മർമ്മമെന്നു കർത്താവ് കൂട്ടിച്ചേർത്തു. മർമ്മം എന്നാൽ എന്താണ്? മനുഷ്യ ഹൃദയത്തിൽ നട്ടിരിക്കുന്ന ദൈവവചനമാണ് ജീവന്റെ നിലനിൽപ്പിനാധാരം. തുടർന്ന് വളർച്ചയുടെ പ്രക്രീയ ആരംഭിക്കുകയാണ്. വളർച്ചയ്ക്കൊപ്പം വേദനയുമുണ്ട്. നാം ഫലങ്ങളുമായി അവനെ കാത്തിരിക്കുമ്പോൾ നമ്മുടെ വചനം മോഷ്ടിക്കാൻ ശ്രമിയ്ക്കുന്ന സാത്താൻ വേദനയുളവാക്കുന്നു.

യേശു പറയുന്നു നാം ദൈവവചനത്തിൽ ആശ്രയിക്കുന്നവരാകണം; അല്ലാതെ സ്വയാശ്രയികളോ ലോകാശ്രയരോ ആകരുത്. ദൈവത്തിൽ ആശ്രയിക്കുക എന്നത് ദൈവവചനത്തിന്റെ അതിസാധാരണ ശക്തിയിലുള്ള ആശ്രയമാണ്.

നാം ജീവിതം കൈകാര്യം ചെയ്യുന്നതിലല്ല സാമർത്ഥ്യം കാണിക്കേണ്ടത്, മറിച്ച് ദൈവവചനം കൈകാര്യം ചെയ്യുന്നതിലാകേണം.

മറ്റൊരു രീതിയിൽ നിർവ്വചിച്ചാൽ, മാനസാന്തരപ്പെടുക (അതായത്, നിങ്ങളുടെ ഏറ്റവും നിർണ്ണായകമായ ആവശ്യസമയത്ത് എന്തിനെകൂടുതലായി ആശ്രയിച്ചിരുന്നോ അതിൽ നിന്ന് വ്യതിയാനം സംഭവിച്ച്, ലോകസംവിധാനത്തിൽ നിന്നും സ്വയാശ്രയത്തിൽ നിന്നും മാറ്റം വരുത്തേണം) കാരണം ദൈവരാജ്യം (അതായത്, മർക്കോസ്:4-ാം

അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവിക സംവിധാനം പോലെ ദൈവവചനം ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട്, അത് വളർന്ന് നിങ്ങളുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം നൽകപ്പെടുകയും ദൈവമഹത്വത്തിനായി ഫലം പുറപ്പെടുവിക്കുകയും ചെയ്യുക) ഇപ്പോൾ നിങ്ങൾക്ക് ഏറെ സമീപമായിരിക്കുന്നു.

***ദൈവകൃപ നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കാനനുവദിക്കുക***

"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടി ഇതൊക്കെയും കിട്ടും" (മത്തായി.6:33) അപ്പോൾ ഫലം ഒരു മരത്തിന്റെ ശാഖയെ അതിജീവിക്കുന്നതുപോലെ ദൈവരാജ്യം സകലത്തെയും കൈപ്പിടിയിലാക്കും.

അപ്പോസ്തല പ്രവൃത്തികൾ 26:18 ൽ പറയുന്നു. മാനസാന്തരപ്പെട്ട് സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്ക് തിരിക്കുവാൻ..."

**മൂന്ന് തരത്തിലുള്ള ഫലങ്ങളുണ്ട്, ഒന്ന് നമുക്ക് ആവശ്യമുള്ളതെല്ലാം അടങ്ങിയതും മറ്റൊന്ന് ദൈവത്തിന് ആവശ്യമുള്ളതൊക്കൊയുമുൾപ്പെട്ടതും**

***1. ആത്മാവിന്റെ ഫലം***

ഉള്ളിലെ ഫലം ദൈവീക സ്വഭാവമാണിത്. ഈ ഫലം നിങ്ങളെ ക്രിസ്തുവിനെപ്പോലെയാക്കിത്തീർക്കുന്നു. "എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ജയം. ഇവയ്ക്കെതിരായി ഒരു ന്യായപ്രമാണവുമില്ല" ഗലാത്യർ 5:22-23.

***2. നമ്മുടെ ജീവിതങ്ങൾക്കായുള്ള ഫലം***

ഇതിൽ നമ്മുടെ സമൂഹികം, കുടുംബം, ആരോഗ്യം, ശരീരം, സാമ്പത്തികം എന്നിവ ഉൾപ്പെടുന്നു. 3യോഹന്നാൻ 1:2 ലെ ആശയവുമായി പൊരുത്തപ്പെടുന്ന ഭാഗമാണിത്. "പ്രീയനെ നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു." എന്റെ സ്വഭാവത്തിന് വ്യതിയാനം വന്നപ്പോൾ എന്റെ ആവശ്യങ്ങൾ കൂടുതലായി നിറവേറുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്. 1കൊരിന്ത്യർ:9:7 വായിക്കുക: "സ്വന്ത ചെലവിൻമേൽ യുദ്ധസേവ ചെയ്യുന്നവൻ ആര്? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആര്? ആട്ടിൻകൂട്ടത്തെ മേയിച്ചു കൂട്ടത്തിന്റെ പാൽകൊണ്ട് ഉപജീവിക്കാത്തവൻ ആര്? യോഹന്നാൻ 4:36 ൽ കാണുന്നത്", വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിക്കുവാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവനിലേക്ക് വിളവു കൂട്ടി വയ്ക്കുന്നു".

*ഒരു അനുഭവ സാക്ഷ്യം*

1983 ൽ ഞങ്ങളുടെ പദ്ധതികൾക്കാവശ്യമായ വരുമാനം കണ്ടെത്താനാകാത്ത ഒരു സമയം ഉണ്ടായിരുന്നു. ഒരു പാർക്കിൽ ഞാൻ ഒറ്റയ്ക്ക് ചെറിയ പാറക്കല്ലുകളിലൊക്കെ അലക്ഷ്യമായി തട്ടി ദൈവത്തോട് എന്റെ പ്രശ്നങ്ങളൊക്കെ പറഞ്ഞു കൊണ്ടു നടക്കാനിടയായി.

കർത്താവ് എന്നോട് വളരെ വ്യക്തമായി സംസാരിച്ചു: "ലാറി, നീ 2 കൊരിന്ത്യർ 9:8 വിശ്വസിക്കുന്നുവെങ്കിൽ, അത് നിന്റെ നാവിൻമേലും ഹൃദയത്തിലും എടുത്ത് നിനക്ക് പറയാൻ സാധിക്കുന്നയത്രയും തവണ ആവർത്തിക്കുക; ഞാൻ നിന്റെ ആവശ്യം നിറവേറ്റിത്തരും. കൂടാതെ നിന്റെ ബഡ്ജറ്റ് എന്താണെന്നും പറയുക". എന്റെ കുടുംബത്തിന്റെ സന്ധാരണത്തിനാവശ്യമായ ഏറ്റവും ചെറിയ സംഖ്യ ഞാൻ പറഞ്ഞു. കേവലം അഞ്ച് മാസത്തിനുള്ളിൽ ഞാൻ കർത്താവിനോട് പറഞ്ഞത്രയും ആവശ്യങ്ങൾ നടക്കാനുള്ള വർദ്ധനവ് തന്നു. എങ്ങനെയാണെങ്കിലും ഇപ്പോഴത്തെ എന്റെ ജീവിതത്തിന്റെ പ്രതിഫലനമനുസരിച്ച്, വളരെ വർഷങ്ങൾക്ക് മുൻപ് തന്നെ അത്യാവശ്യങ്ങളിൽ നിന്നു നൽകുവാൻ കഴിഞ്ഞത് ഇവിടെ പ്രസ്താവിക്കാതിരിക്കാനാവില്ല.

3. *മിഷണറി ഫലം*

മറ്റുള്ളവർക്കുവേണ്ടിയുള്ള ഫലം, ശുശ്രൂഷാ ഫലം. "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യൻമാർ ആകും. ജഡം കൊണ്ട് കർത്താവിന് വേണ്ടി ചെയ്യുന്ന പ്രവൃത്തികൾ അധികം കണക്കാക്കപ്പെടുകയില്ല; അല്ലെങ്കിൽ ഫലം നൽകുന്നതാകണം.

***എല്ലാ ഫലങ്ങളുടെ ഉള്ളിലും പ്രത്യുൽപാദനത്തിനുള്ള വിത്ത് ഉണ്ടായിരിക്കും***

ഉൽപ്പത്തി 1:11 ൽ "ഭൂമിയിൽ നിന്നും പുല്ലും വിത്തുള്ള സസ്യങ്ങളും ഭൂമിയിൽ അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവരട്ടെ എന്ന് ദൈവം കൽപ്പിച്ചു. അങ്ങനെ സംഭവിച്ചു" ഒരിക്കൽ ഉള്ളിലുള്ള ഫലം നമ്മിൽ വളർന്നുകഴിഞ്ഞാൽ, അത് ഫലം കായ്ക്കുന്ന വിത്തുകളെ പുറപ്പെടുവിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്നത് ഇങ്ങനെയാണ്.

*വ്യക്തിപരമായ അനുഭവസാക്ഷ്യം*

ഐ.എസ്.ഒ.ബി എന്ന മിനിസ്ട്രിയെപ്പറ്റി ഞാൻ പദ്ധതിയിട്ടിരുന്നില്ല. തീർച്ചയായും കർത്താവിനെ സേവിക്കാനുള്ള മനസ്സുണ്ടായിരുന്നുതാനും. 1995 ൽ ദൈവം രണ്ട് രീതിയിൽ എന്നോട് സംസാരിച്ചു. സങ്കീർത്തനം 68:11 കൂടി സംസാരിച്ചത്, "കർത്താവ് ആജ്ഞകൊടുക്കുന്നു" സുവാർത്താദൂതികൾ വലിയൊരു ഗണമാകുന്നു". ഞാൻ

ദൈവവചനം എഴുതി പ്രസിദ്ധീകരിച്ചാൽ, ദൈവം അതിൽ ദൃഷ്ടി വച്ച് വലിയ ഒരു സംഘം ദൂതൻമാർ അതിനെ ഘോഷിക്കുകയോ പുന പ്രസിദ്ധീകരണം നടത്തുകയോ ചെയ്യുമെന്ന് ദൈവം എന്നോട് പറഞ്ഞു. അതുപോലെ മർക്കോസ് 14-10 അദ്ധ്യായത്തിൽ നിന്നും കർത്താവ് എന്നോട് സംസാരിച്ചു. അവിടെ വിലയേറിയ സ്വച്ഛജഡ മാംസി തൈലം നിറഞ്ഞ വെൺകൽ ഭരണി പൊട്ടിച്ച് യേശുവിന്റെ മേൽ പകർന്ന സ്ത്രീയുടെ കഥ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവ് തുടർന്ന് എന്നോട് പറഞ്ഞത്: "ലാറി, നിന്റെ കൈവശമുള്ളത് എന്റെ ശരീരത്തിൻമേൽ പകരുവാൻ കഴിയുമോ? കാരണം അത് എന്നെ ഏറെ സന്തോഷിപ്പിക്കുന്നതാണ്".

ദൈവത്തിൽ നിന്നുള്ള ഈ വചനങ്ങൾ (റീമ) എന്റെ ഹൃദയത്തിൽ വീഴുകയും അവ ഇന്ന് ഫലം കായ്ക്കുകയും ചെയ്യുന്നു! കൗതുകകര മായ കാര്യം, ആ വിത്തുകൾ ഓരോ ഫലത്തിലും തുടർച്ചയായി വർദ്ധി ച്ച്, പല മടങ്ങായുള്ള വളർച്ചയ്ക്ക് ഹേതുവാകുന്നു! ഇതിനുണ്ടായിരു ന്നതും ഇപ്പോഴും നിലനിൽക്കുന്നതുമായ സവിശേഷത, എനിക്ക് ഏറെ യൊന്നും ഇതിനുവേണ്ടി ചെയ്യേണ്ടിവരുന്നില്ല എന്നതാണ്. കർത്താവ് എന്റെ ഹൃദയത്തിൽ സംസാരിച്ചതനുസരിച്ച് തീർച്ചയായും ഞാൻ കഠി നാദ്ധ്വാനം ചെയ്തിട്ടുണ്ട്. പക്ഷേ 'എന്റെ സ്വന്തം പദ്ധതികൾ' ഇതിൽ വരാതിരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

**എങ്ങനെയാണ് വിത്ത് അല്ലെങ്കിൽ ദൈവവചനം പ്രവർത്തനം നടത്തുന്നത്?**

മർക്കോസ് 4:1-21 വരെയുള്ള ഭാഗത്ത് വിതക്കാരന്റെ ഉപമയെപ്പറ്റി പറയുന്നുണ്ട്. ദൈവരാജ്യം മുഴുവനും ഈ മർമ്മത്തിലാണ് പ്രവർത്തി ക്കുന്നത്. "അവൻ അവരോട് പറഞ്ഞത്: ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നൽക്കപ്പെട്ടിരിക്കുന്നു; പുറത്തുള്ളവർക്കോ സകലവും ഉപ മകളാൽ ലഭിക്കുന്നു" (മർക്കോസ് 4:11).

ഫലപ്രദമായ അവസ്ഥയിൽ ദൈവരാജ്യത്തിൽ നടക്കുവാനും, ദൈവത്തെ പ്രസാദിപ്പിക്കുവാനും വേണ്ടി ലളിതമായ ഒരു സംവിധാനം ഉപയോഗിക്കുവാൻ യേശു ഈ ഉപമയിൽക്കൂടി നിർദ്ദേശിക്കുന്നു.

വംശം, ഭാഷ, വിദ്യാഭ്യാസം, പ്രായം, ലിംഗവ്യത്യാസം, ബുദ്ധി, സമൂ ഹിക നിലവാരം, കുടുംബപശ്ചാത്തലം തുടങ്ങിയ ഒരു മേഖലയിലും വേർതിരിവില്ല.

മർക്കോസ് 4:1-21 ഭാഗം വായിക്കുക. 4:11, "അവൻ അവരോട് പറഞ്ഞു: "ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്ക് നൽകപ്പെട്ടിരി ക്കുന്നു." "വിതെക്കുന്നവൻ വചനം വിതയ്ക്കുന്നു" എന്ന് കാണുന്നു 4:11 ൽ പറഞ്ഞിരിക്കുന്നു.

***കേവലം ഒരു വിത്തായി മാത്രമല്ല, ഒരു കടുകുമണിയെപ്പോലെയാണ് ഇത് പ്രവർത്തിക്കുന്നത്***

മർക്കോസ് 4:30-32 പറയുന്നു: "പിന്നെ അവൻ പറഞ്ഞത്: ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏത് ഉപമയാൽ അതിനെ വർണ്ണിക്കേണ്ടു? അത് കടുകുമണിയോട് സദൃശ്യം; അതിനെ മണ്ണിൽ വിതെക്കുമ്പോൾ ഭൂമിയിലെ എല്ലാവിത്തിലും ചെറിയത്. എങ്കിലും വിതെച്ച ശേഷം വളർന്നു, സകല സസ്യങ്ങളിലും വലുതായിത്തീർന്നു, ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിപ്പാൻ തക്കവണ്ണം വലുതായ കൊമ്പുകളെ വിടുന്നു."

***അറിയപ്പെടുന്ന സകല വിത്തുകളിലും ഏറ്റവും ചെറുതാണ് കടുകുമണി***

എല്ലാ പച്ചക്കറികളുടെയും വിത്തുകൾ ചെറുചെടികളായാണ് വളരുന്നത്, എന്നാൽ കുടുകിന്റെ വിത്ത് മരത്തിലാണ് വളർന്നു വരുന്നത്! വളരെ പ്രാധാന്യം കുറഞ്ഞത് എന്ന് തോന്നുന്ന ഒന്ന് വലിയ ഒന്നിനെ ഉൽപ്പാദിപ്പിക്കുന്നത് ഏറെ അസാധാരണമായ ഒന്നാണ്! അതുപോലെ തന്നെ, ഒരു പച്ചസസ്യത്തിന്റെ സ്വഭാവത്തിൽ നിന്നും വ്യത്യസ്ഥമായി ഒരു മരമായിത്തീരുന്നു. ഇതുപോലെയാണ് ദൈവവചനത്തിന്റെയും ദൈവരാജ്യത്തിന്റെയും വിത്തുകളും. ഇത് വലിയൊരു സംഗതിയായി തോന്നിയില്ലെങ്കിലും, ഇത് നമ്മുടെ സകല ആവശ്യങ്ങളും നമ്മുടെ സ്വാധീനവലയത്തിലുള്ളവരുടെ ആവശ്യങ്ങളും ഒരു കടുകുമണി പക്ഷികൾക്കു സഹായം നൽകുന്നതുപോലെ നിറവേറ്റുന്നു. കുടകുമണിയോളമുള്ള വിശ്വാസത്തെപ്പറ്റി ലൂക്കോസ് 17:5 വായിക്കുക.

താഴെപ്പറയുന്ന ഏതെങ്കിലും ഒരുവഴി ഓരോ വ്യക്തിയും ജീവിതം നയിക്കാനായി നിർബന്ധമായും തിരഞ്ഞെടുക്കേണ്ടതുണ്ട്.

| ലോകരാജ്യം | ദൈവരാജ്യം |
|---|---|
| **സാത്താൻ പ്രഭുവാണ്** | **യേശുവാണ് രാജാവ്** |
| **നാം അവന്റെ അടിമകൾ** | **നാം അവന്റെ അടിമകൾ** |
| **നാം നമ്മുടെ കഴിവുകൾ ഉപയോഗിച്ച് നമ്മുടെ ആവശ്യങ്ങൾ നേടുന്നു.** | **നാം ദൈവവചനത്തിലൂടെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നു** |
| **നിത്യതയിൽ വിലയില്ലാത്തതിനു വേണ്ടി സമയം ചിലവഴിക്കുന്നു** | **നിത്യതയിൽ പ്രതിഫലം ലഭിക്കുന്നകാര്യങ്ങൾക്കുവേണ്ടി സമയം ചിലവഴിക്കുന്നു.** |

സൂക്ഷിക്കുക! സാത്താനും അവന്റെ ദൂതന്മാരും വിത്ത് മോഷ്ടിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. അവൻ നിങ്ങളെ അവഗണിക്കുകയോ, വെല്ലുവിളി ഉയർത്താതെ നിങ്ങളുടെ വിത്ത് വളരാൻ അനുവദിക്കുകയോ ചെയ്യാറില്ല!

ഫലം വളരുന്നതിന് ഒരു പ്രക്രീയയുണ്ട്. പ്രസ്തുത പ്രക്രീയ ശരിയായ നിലയിൽ പിന്തുടർന്നില്ലെങ്കിൽ ഫലം നശിച്ചുപോകും. നമുക്ക് മുൻപിൽ തിരഞ്ഞെടുക്കാൻ രണ്ട് വഴികളെ ഉള്ളൂ "വളരുക അല്ലെങ്കിൽ നശിക്കുക!"

"വളരുക അല്ലെങ്കിൽ മരിക്കുക" എന്നതിന്റെ ചിന്താവിഷയം ഇതാണ്. ഫലം കായ്ക്കുവാനുള്ള ദൈവത്തിന്റെ സംവിധാനമാണിത്.

1) നാം ഫലത്തിനായി ദൈവവചനത്തിലേക്ക് തിരിയേണം.

2) ദൈവവുമായി എങ്ങനെ ആഴമായ ബന്ധം സ്ഥാപിക്കാമെന്ന് നാം അറിഞ്ഞിരിക്കണം. ഒഴുകുന്ന നദി എന്ന അദ്ധ്യായത്തിൽ അത് വിവരിക്കുന്നുണ്ട്.

3) വാഗ്ദത്ത നാട്ടിൽ തടവുകാരാകാതിരിക്കാൻ എന്തു ചെയ്യണമെന്നും അവിടെ നിന്ന് എങ്ങനെ രക്ഷപ്പെടാമെന്നും നാം അറിഞ്ഞിരിക്കണം.

4) ദൈവത്തിന്റെ സ്വഭാവം എന്താണെന്നും ദൈവം ആരാണ് എന്നും നാം അറിഞ്ഞിരിക്കണം.

5) യേശുക്രിസ്തുവിൽ നമ്മുടെ ശരിയായ വ്യക്തിത്വം എന്താണെന്ന് അറിഞ്ഞിരിക്കണം- ഇരിക്കുക (SIT)1

6) നാം നമ്മുടെ ക്രൂശ് എടുത്ത് ദൈവവചനത്തിന്റെ അനുസരണത്തിൽ നടക്കണം - നടക്കുക (WALK)

7) നമ്മുടെ ശത്രുവായ സാത്താനെപ്പറ്റിയും അവൻ എങ്ങനെയാണ് വചനം മോഷ്ടിക്കുന്നതെന്നും അറിഞ്ഞിരിക്കണം. വിജയം വരിക്കുന്നതുവരെയും ഫലം പുറപ്പെടുവിക്കുന്നതുവരെയും എങ്ങനെ നിൽക്കണമെന്നും (STAND) നാം അറിഞ്ഞിരിക്കണം.

1. 'ഇരിക്കുക, നടക്കുക, നിൽക്കുക' എന്ന ചിന്താവിഷയം വാച്ച്മാൻ നീയുടെ എഴുത്തുകളിൽ നിന്നും സ്വാംശീകരിച്ചതാണ്.

'വളരുക അല്ലെങ്കിൽ മരിക്കുക' എന്ന പരമ്പരയിൽ ഉൾപ്പെട്ടിട്ടുള്ള പാഠങ്ങൾ ഇവയാണ്. അത് ദൈവവചനപ്രകാരമുള്ളതും, പ്രവർത്തിക്കുന്നതും, എന്റെ ജീവിതത്തിൽ ഇത് പ്രാവർത്തികമാക്കുന്നതിൽ ദൈവം ഒരിക്കലും പരാജയപ്പെട്ടിട്ടില്ലെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

യോഹന്നാൻ 15:18-27 ൽ ഫലം കായ്ക്കുന്ന പ്രക്രിയയിലെ ഒരു ഭാഗം പീഢനങ്ങളും കഷ്ടതയുമാണെന്ന് യേശു മുന്നറിയിപ്പു നൽകു

ന്നുണ്ട്. എന്നാൽ പരിശുദ്ധാത്മാവ് അവിടെ ആശ്വാസകനായി നമുക്കുണ്ട്.

“ദാസൻ യജമാനനേക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോട് പറഞ്ഞ വാക്ക് ഓർപ്പിൻ; അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും, എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും” (യോഹന്നാൻ 15:20). സാത്താനും അവന്റെ അനുയായികളും നമ്മുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട വചനം കവർന്നുകളയുന്നതിനാലാണ് അനേകരുടെയും ജീവിതത്തിൽ ഫലം പുറപ്പെടുവിക്കുവാൻ കഴിയാതെ വരുന്നത്. പീഢനങ്ങളും, പരിശോധനകളും, കഷ്ടതകളും നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ ഫലം വളരുന്നില്ല എന്ന് ചിന്തിക്കരുത്; മറിച്ച് ഫലം വളരുന്നു എന്നതിന്റെ ലക്ഷണങ്ങളാണത്. നാം ബുദ്ധിമാൻമാരായിരിക്കേണ്ടത് ആവശ്യമാണ്.

**വിത്തിന് പരിപോഷണം ആവശ്യമാണ്**

അവയ്ക്ക് ജലവും ഇതരമൂലകങ്ങളും ആവശ്യമാണ്. വിതയ്ക്കപ്പെട്ട വിത്തിനോട് അത് ചേർക്കേണം. യേശുക്രിസ്തുവിനെ വിശ്വസിക്കുന്നവരിൽ വളർച്ചയ്ക്കായി ചില പ്രക്രീയകൾ നടക്കുന്നുണ്ട്. ശരിയായ പ്രക്രീയയും അതിന്റെ പാതയും ഗ്രഹിച്ച്, ദൈവവുമായി ചേർന്നു അതിൽ സഹകരിച്ചാൽ തീർച്ചയായും വിശ്വാസി വളർച്ച ഉറപ്പാക്കുക തന്നെ ചെയ്യും. വളരുക അല്ലെങ്കിൽ മരിക്കുക എന്ന ഈ പഠനം വളർച്ചയ്ക്കാവശ്യമായ വെള്ളവും, വൈറ്റമിനും ഇതര മൂലകഘടകങ്ങളുമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

അറിവില്ലാത്തവനായോ, ദൈവത്തോട് നിസ്സഹകരിക്കുന്നവനായോ ഇരുന്നാൽ വിശ്വസി ഒടുവിൽ ‘വാഗ്ദത്തനാട്ടിലെ തടവുകാരാ’യി മാറും. ന്യായാധിപൻമാരുടെ പുസ്തകം പഠിച്ചാൽ, യിസ്രായേൽ ജനതയ്ക്ക് ദൈവവുമായി ഉടമ്പടികൾ ഉണ്ടായിരുന്നിട്ടുകൂടി ശത്രുവിന്റെ ബന്ധനത്തിൽ കഴിയാനിടവന്നു. ജനത്തെ തടവിൽ നിന്നു മോചിപ്പിച്ച ഗിദയോനും തന്റെ കൂട്ടുകാരുമാണ് നമ്മുടെ മാതൃകകൾ.

അതുപോലെ, ഇന്നും ദൈവജനം ഭയം, കുറ്റബോധം, ദുശ്ശീലങ്ങൾ, നിന്ദ, അപകർഷതാബോധം, അഹന്ത തുടങ്ങി അനേകം ആത്മീയ ശത്രുക്കളുടെ തടവറയിൽ ആയിത്തീരാൻ സാധ്യതയുണ്ട്.

തടവറയിൽ അകപ്പെടാതിരിക്കണമെങ്കിൽ വളർന്നേ മതിയാകൂ! വളർച്ചാ പ്രക്രിയയുടെ അവസാനമെന്നത് ‘ഫല’മായിരിക്കും. മുന്തിരിവള്ളിയിൽ വസിക്കുന്നു എന്നതിന്റെ ഉറപ്പാണ് ഫലം. അത് ഓരോ വിശ്വാസിയിലും ഒരു ‘മിഷണറി’യെ രൂപപ്പെടുത്തിയിരിക്കും. വെളിപ്പാട് പുസ്തകം പരിശോധിക്കുക. സകലയുദ്ധങ്ങളുടെയും പോരാട്ടങ്ങളുടെയും ഒടുവിൽ ഫലം ഉളവാകുന്നു. അത് 20 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നു.

**'വളരുക അല്ലെങ്കിൽ മരിക്കുക' എന്ന പ്രക്രിയയിൽ ഏഴ് പ്രധാന വിഭാഗങ്ങൾ ഉണ്ട്:**

| | |
|---|---|
| ഫലം കായ്ക്കുക | (ഫലം കായ്ക്കുന്നതിന്റെ ലക്ഷ്യം) |
| ഒഴുകുന്ന നദി | (ദൈവവുമായുള്ള അടുത്ത ബന്ധം) |
| വാഗ്ദത്തനാട്ടിലെ തടവുകാർ | (നമ്മിൽ അന്തർലീനമായ അവസ്ഥ) |
| ദൈവം ആരാണ് | (അവന്റെ സ്വഭാവം) |
| ഇരിക്കുക | (ക്രിസ്തുവിലുള്ള നമ്മുടെ അവസ്ഥ) |
| നടക്കുക | (നമ്മുടെ ഉത്തരവാദിത്വം) |
| നിൽക്കുക | (പോരാട്ടത്തിൻമേലുള്ള വിജയം) |

വിഭാഗം 1, സെമിനാർ 1 എന്ന പഠന പരമ്പരയിലുൾക്കൊള്ളിച്ചിരിക്കുന്ന ഏഴ് പ്രധാന പാഠങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

വിഭാഗം 2, സെമിനാർ 2 എന്നത്, 'ഓട്ടം ഓടുക', 'കുരിശ്' 'പിശാചുക്കളും വിടുതലും', 'പരിശുദ്ധത്മ സ്നാനം' തുടങ്ങിയ നാല് അനുബന്ധ പാഠങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മുകളിൽ കൊടുത്തിരിക്കുന്ന ഓരോ വിഭാഗത്തിനും കീഴിൽ ധാരാളം ഒറ്റയ്ക്കൊറ്റയ്ക്കുള്ള അദ്ധ്യായങ്ങളും പഠിച്ചാൽ മാത്രമേ വിപൂലീകരിച്ച പാഠങ്ങളുൾപ്പെടെ മുഴുവനും പൂർത്തിയാക്കാൻ ഒരു പഠിതാവിന് കഴിയൂ. വിപുലീകരിച്ച പാഠ്യ പദ്ധതിയ്ക്ക്, മുകളിലുള്ള പാഠങ്ങളിൽ തുടങ്ങി ഓരോ അദ്ധ്യായത്തിന്റെയും കീഴിലുള്ള മറ്റ് പാഠങ്ങളും പഠിക്കേണം. ഉദാഹരണമായി, 'ആരാണ് ദൈവം' എന്ന വിഭാഗത്തിൽ 18 പാഠങ്ങളും, 'ഇരിക്കുക' വിഭാഗത്തിൽ 13 പാഠങ്ങളും 'നടക്കുക'യിൽ 41 ഉം 'നിൽക്കുക'യിൽ 11 പാഠങ്ങളും (മൂന്നാമത്തെ പഠനത്തിൽ കൂടുതൽ കൊടുത്തിട്ടുണ്ട്) ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 11 പാഠങ്ങൾ വായിച്ചു പഠിച്ചതിനുശേഷം പഠനം നിർത്തുവാനോ, അല്ലെങ്കിൽ 100 ൽ അധികം പാഠങ്ങളുൾപ്പെട്ട വിപുലമായ പഠനം നടത്തുവാനോ നിങ്ങൾക്കു കഴിയും.

**എങ്ങനെ പഠിക്കുന്നു എന്നും ആത്മീയത എങ്ങനെ പ്രയോഗിക്കുന്നുവെന്നും അറിയുന്നത് ഞങ്ങൾക്ക് പ്രധാനപ്പെട്ടതാണ്**

ലോകപ്രകാരമുള്ള വസ്തുതകൾ പഠിക്കുന്നതുപോലെ ആത്മീയ കാര്യങ്ങൾ നമ്മുടെ അറിവുപയോഗിച്ച് പഠിക്കാൻ സാദ്ധ്യമല്ല. നമ്മുടെ മനസ്സിനും പഠനപ്രക്രിയയിൽ വ്യക്തമായ സ്ഥാനമുണ്ട്. എന്നിരുന്നാലും, ദൈവത്താൽ നാം വെളിപ്പാട് പ്രാപിച്ച്, മുൻപ് നമുക്ക് മറയപ്പെട്ടിരുന്നത് മറനീക്കി കാണുവാൻ കഴിയണം. സാത്താൻ നമ്മുടെ

ആത്മീയ കണ്ണുകളെ മറച്ച് നമ്മുടെ കാഴ്ച ഇല്ലാതാക്കുന്നു. (2കൊരിന്ത്യർ.4:4) ഏറ്റവും പ്രധാനമായി അറിഞ്ഞിരിക്കേണ്ട കാര്യം, നാം വെളിപ്പാട് പ്രാപിക്കുമ്പോൾ അത് ഒരു ഫലമായിട്ടല്ല, മറിച്ച് വിത്തായിട്ടായിരിക്കും പ്രാപിക്കുന്നത്. സത്യത്തിന്റെ ഓരോ കഷണങ്ങളും ദൈവം വെളിപ്പെടുത്തി തരുമ്പോൾ, 'ആരാണ് ദൈവം, ഇരിക്കുക, നടക്കുക, നിൽക്കുക' എന്ന പ്രക്രീയയിൽ കൂടി കടന്നു പോകേണ്ടിയിരിക്കുന്നു. ഒരു കാര്യം ഉറപ്പാക്കാം, സാത്താൻ വചനം മോഷ്ടിക്കാൻ വരുമ്പോൾ നമുക്ക് നിവർന്ന് നിൽക്കാം. ഈ പാഠങ്ങളിലൂടെ യാത്ര ചെയ്തു കഴിയുമ്പോൾ നാം ഫലം കായ്ക്കുന്നവരാകും. വേദഭാഗത്തിനായി മർക്കോസ് 4-ാം അദ്ധ്യായം നോക്കുക.

അതുകൊണ്ട് ശിഷ്യത്വ പ്രക്രിയ 'ജീവിതത്തിലെ ഒരു വലിയ സംഭവമായി' മാത്രം കാണരുത്. കാലാകാലങ്ങളിൽ ജീവിതത്തിന്റെ എല്ലാ വേളകളിലും തുടർന്നു കൊണ്ടേയിരിക്കുന്ന പ്രക്രിയയാണ് ഇത്. ഒരിക്കലും അവസാനിക്കുന്നില്ല. നമ്മുടെ ജീവിതത്തിലെ ഒരു വിഷയത്തിൻമേൽ നാം 'നിൽക്കുമ്പോൾ' തന്നെ ജീവിതത്തിലെ മറ്റൊരു വിഷയത്തിൽ 'ഇരിക്കുന്ന' പ്രക്രിയ തുടർന്നു കൊണ്ടിരിക്കുകയായിരിക്കും.

**'വളരുക അല്ലെങ്കിൽ മരിക്കുക' എന്ന പാഠ്യപദ്ധതിയുടെ സംഗ്രഹമാണ് ചുവടെ കൊടുത്തിരിക്കുന്നത്**

***ഫലം*** (ഈ അദ്ധ്യായം): ദൈവരാജ്യത്തിലും ദൈവ വചനത്തിലും ആശ്രയിക്കുക

***ഒഴുകുന്ന നദി:*** മുന്തിരിവള്ളിയും കൊമ്പുകളുമായി കൂട്ടായ്മ ബന്ധത്തിലൂടെ ബന്ധിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ ദൈവ സാന്നിദ്ധ്യം ആവശ്യമാണ്.

നമ്മുടെ സ്വകാര്യധ്യാന - സമയത്ത് അനുഷ്ഠിക്കുവാനുള്ള വേദപുസ്തക പ്രകാരവും ലളിതവുമായ മാതൃകയാണിത്. യെഹസ്കേൽ 47-ാം അദ്ധ്യായത്തിൽ, നഷ്ടപ്പെട്ടുപ്പോയ മനുഷ്യവർഗ്ഗമാകുന്ന സാഗരത്തിലേക്ക് ദൈവത്തിന്റെ ആലയത്തിൽ നിന്നും ഒഴുകുന്ന നദിയെപ്പറ്റി പറയുന്നു. നാം ദൈവത്തിന്റെ ആലയങ്ങളാണ്. ദൈവവുമായിട്ടുള്ള ഉറ്റബന്ധം യഥാർത്ഥ സേവനത്തിലേക്ക് നമ്മെ നയിക്കുന്നു!

***വാഗ്ദത്തനാട്ടിലെ തടവുകാർ***

ഫലം നൽകാതെ വെട്ടി തീയിൽ എറിഞ്ഞുകളയപ്പെടുന്ന കൂട്ടത്തിൽ പെടാതെ സ്വതന്ത്രമാകുക. ദൈവത്തിന്റെ ഉടമ്പടിപ്രകാരം വാഗ്ദത്തനാട്ടിൽ എത്തിയിട്ടും ഗിദയോനെപ്പോലെയുള്ള യിസ്രായേൽ മക്കൾ ശത്രുവിന്റെ ബന്ധനത്തിൽ കഴിയേണ്ടിവരുന്നു. ഏതൊക്കെ തരത്തിലുള്ള ശത്രുക്കളുടെ അടിമത്വത്തിലാണ് നാം ആയിരിക്കുന്നത്? അതിൽ നിന്നും എങ്ങനെ സ്വതന്ത്രമാകാം?

***ദൈവം ആരാണ്:*** ദൈവം ആരാണെന്നും, ദൈവത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നും സദാ നമ്മെതന്നെ ഓർപ്പിച്ചുകൊണ്ടിരിക്കണം. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഏകദേശരൂപം നമുക്ക് ലഭിക്കുന്നു. ത്രിത്വം, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ വസ്തുതകളിലും നാം സ്പർശിക്കുന്നുണ്ട്. 'ദൈവവചനം, കന്യകാ ജനനം, ദൈവം ഇപ്പോൾ ആരാണ്' എന്നീ വിഷയങ്ങളും ചിന്തിക്കുന്നുണ്ട്.

***ഇരിക്കുക, നടക്കുക, നിൽക്കുക:*** യേശുക്രിസ്തുവിന്റെ ഒരു ശിഷ്യൻ എന്ന നിലയ്ക്ക് എന്ത് പഠിക്കുന്നുവെന്നും എങ്ങനെ പഠിക്കുന്നുവെന്നും ഗ്രഹിച്ചറിയുന്നത് പ്രധാനപ്പെട്ടതാണ്. ധാരാളം കാര്യങ്ങൾ പഠിക്കേണമെന്നുള്ള ചിന്ത ഉണ്ടാകാനിടയുണ്ട്. ഉപദേശങ്ങളും പഠിപ്പിക്കലുകളും പലപ്പോഴും വിവാദമുയർത്തുന്നതും പരസ്പര വിരുദ്ധമാകുന്നതും സാധാരണ സംഭവമാണ്.

ഉദാഹരണമായി പറഞ്ഞാൽ, വിശുദ്ധജീവിതം നയിക്കാൻ നാം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അതേ അവസരത്തിൽ തന്നെ നമ്മുടെ തെറ്റുകൾക്ക് പരിഹാരമായി ദൈവകൃപയുമുണ്ട്. നാം എന്താണ് ചെയ്യേണ്ടത്? വിശുദ്ധമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമോ അതോ പഴയതുപോലെ തോന്നിയ വഴിയിൽ ജീവിച്ചിട്ട് ദൈവത്തിന്റെ കൃപയ്ക്കായി കാത്തിരിക്കേണമോ?

ഇരിക്കുക, നടക്കുക, നിൽക്കുക എന്ന ആശയം, പ്രകടമായ ഇത്തരം ആശയവൈരുദ്ധ്യ പ്രശ്നങ്ങൾ പരിഹരിക്കാനുതകും. എഫെസ്യലേഖനത്തിൽ ഈ മൂന്ന് വിഷയങ്ങളും പരാമർശിച്ചിട്ടുണ്ട്. വാച്ച്മാൻ നീയുടെ – ഇരിക്കുക, നടക്കുക, നിൽക്കുക' എന്ന ഗ്രന്ഥത്തിന് പ്രസ്തുത വിഷയത്തിന് മുഴുവൻ ക്രെഡിറ്റും നൽകുന്നു.

***ഇരിക്കുക:*** എഫെസ്യർ 2:7 ൽ കാണുന്നു. "ക്രിസ്തുയേശുവിൽ അവനോടുകൂടി ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു." നമ്മുടെ രക്ഷയ്ക്കാവശ്യമായതൊക്കെയും ക്രിസ്തുയേശുവിൽ കൂടി ക്രൂശിൽ നിറവേറ്റപ്പെട്ടു കഴിഞ്ഞു എന്ന് നാം ഗ്രഹിക്കേണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ക്രൂശിൽ നിവർത്തിയാക്കപ്പെട്ട പ്രവൃത്തിയും, യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പും നമ്മെ പുതിയ സൃഷ്ടിയായാണ് പുറത്തുകൊണ്ടുവന്നിരിക്കുന്നത്. പഴയ മനുഷ്യൻ മരിച്ചു, നാം വീണ്ടും ജനിച്ചു. നാം ഒന്നും ചെയ്തില്ല മറിച്ച് ദൈവം എല്ലാ പ്രവർത്തനവും ചെയ്തു. ക്രിസ്തു നിവർത്തിച്ചു തന്നത് നാം സ്വീകരിച്ചാൽ മാത്രം മതി. നാം എത്ര മാത്രം തെറ്റുകാരായിരിക്കുന്നു എന്നതിന് പ്രസക്തിയില്ല, പാപമോചനം അവിടെ തന്നെയുണ്ട്; നാം ഇനി ന്യായപ്രമാണത്തിന് കീഴിലല്ല.

***നടക്കുക:*** എഫെസ്യർ, 4:1 ൽ കാണുന്നു; "കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്. നിങ്ങളെ വിളിച്ചിരി

ക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം പൂർണ്ണവിനയത്തോടും സൗമ്യത യോടും ദീർഘക്ഷമയോടും കൂടെ നടക്കുകയും..." ഇപ്പോൾ നിങ്ങൾ യേശുക്രിസ്തുവിൽ ആരായിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യനാകുവാൻ നിങ്ങളോട് സംസാരിച്ചത് ന്യായപ്രമാണത്തിന്റെ പരിധിയിൽ നിന്നല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ രൂപത്തിലുള്ള ജീവനുള്ള വ്യക്തിയാണ്. വിശുദ്ധിയിലും നീതിയിലും നടക്കുവാനും ജീവിക്കുവാനുമാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്. അത് രക്ഷയോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നേടിയെടുക്കാനോ അല്ല മറിച്ച് നിങ്ങളുടെ പുറമേയുള്ള ജീവിതം, നിങ്ങളുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ ജീവനുമായി രൂപാന്തരപ്പെടാൻ വേണ്ടിയാണ്. ഇത് എപ്പോഴും നിങ്ങളുടെ സ്വാതന്ത്ര്യത്തിനു വിധേയപ്പെട്ടിരിക്കും. ഒരു പക്ഷി, പക്ഷിയായിതന്നെ ജീവിച്ചേ പറ്റൂ, മറ്റൊരു തിരഞ്ഞെടുക്കൽ അതിനില്ല. എന്നാൽ ഒരു ക്രിസ്ത്യാനിയ്ക്ക് വേണമെങ്കിൽ പാപിയെ പ്പോലെ പെരുമാറാൻ സ്വാതന്ത്ര്യമുണ്ട്. ഈ അവസ്ഥ വളരെ അപക ടകരമാണ്. കാരണം മാനസാന്തരപ്പെടാതെയോ അനുതപിക്കാതെയോ പാപവും വഹിച്ച് നടന്നാൽ പിൻമാറ്റം പെട്ടെന്നായിരിക്കും സംഭവി ക്കുക. ഏതെങ്കിലും നിലയിലുള്ള പ്രവർത്തന സംവിധാനമോ നിയമ സിദ്ധാന്തമോ അവതരിപ്പിക്കുകയാണെന്ന് കരുതരുത്. കർത്താവിന്റെ കൃപയാണ് നമ്മെ എല്ലായ്പ്പോഴും വിജയത്തിലേക്ക് നയിക്കുന്നത് എന്ന യാഥാർത്ഥ്യം എപ്പോഴും മനസ്സിലുണ്ടാകണം.

കർത്താവുമായി രക്തനിയമത്താൽ (ഉടമ്പടി) ബന്ധിക്കപ്പെട്ടവരാണ് നാം, രക്ത ഉടമ്പടിയ്ക്ക് രണ്ട് മരണം ആവശ്യമാണ്. യേശുക്രിസ്തു തന്റെ ഭാഗം നിറവേറ്റി, ഇനി നമ്മുടെ ഭാഗമാണ് ശരിയാക്കേണ്ടത്.

ലൂക്കോസ്.9:23-24 പറയുന്നു: "പിന്നെ അവന് എല്ലാവരോടും പറ ഞ്ഞത്: എന്നെ അനുഗമിപ്പാൻ ഒരുവൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനു ഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും."

***നിൽക്കുക:*** ശത്രുവിനെതിരെയുള്ള നമ്മുടെ മനോഭാവം. രണ്ട് ക്രൂശു കൾ തമ്മിൽ ബന്ധപ്പെടുമ്പോൾ ശത്രുവിനെതിരെ ശക്തിവ്യാപരിക്കും. എഫെസ്യർ 6:10 പറയുന്നത്, ശത്രുവിന്റെ പാളയത്തിലേക്ക് ദൈവം നമ്മെ നയിക്കുമ്പോൾ അവന്റെ തന്ത്രങ്ങളോട് എതിർത്തു 'നിൽപ്പിൻ'. പ്രശ്നങ്ങളും പോരാട്ടങ്ങളും ഏറെയുണ്ടെങ്കിലും ആശ്വാസപ്രദനായി പരിശുദ്ധാത്മാവ് കൂടെയുണ്ട്. എഫെസ്യർ 6:11 ൽ "പിശാചിന്റെ തന്ത്ര ങ്ങളോട് എതിർത്തുനിൽപ്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വാ യുധ വർഗ്ഗം ധരിച്ചുകൊൾവിൻ." ഊർജ്ജസ്വലനും ശക്തനുമായ

സാത്താൻ ഉണ്ടെന്നും നമ്മെയും നമ്മുടെ കുടുംബത്തെയും മോഷ്ടിക്കുവാനും, കൊല്ലുവാനും തകർക്കുവാനും ഉള്ള അവന്റെ ആഗ്രഹങ്ങളെയും നാം അറിഞ്ഞിരിക്കണം. പിശാച് ഒരു യാഥാർത്ഥ്യമാണ്! അവൻ നിങ്ങളോട് കളവുപറയുകയും നിങ്ങൾ 'ഇരിക്കുന്ന' അവസ്ഥയിലല്ലെന്ന് വിശ്വസിപ്പിക്കുകയും ചെയ്യും. ഈ ലോകത്തിനും പഴയ പാപപ്രകൃതിയ്ക്കുമനുസരിച്ച് നടക്കാൻ നിങ്ങളെ വശീകരിക്കുകയും ചെയ്യും. പിശാചിനെ കർത്താവ് പരാജയപ്പെടുത്തി എന്നിരുന്നാലും ഇപ്പോഴും നമ്മെ പരീക്ഷിക്കുവാനും വ്യാജം പറയുവാനുമുള്ള സ്വാതന്ത്ര്യം എടുത്തുകളഞ്ഞിട്ടില്ല. നമുക്ക് ചിലതിനെയൊക്കെ അതിജീവിക്കേണ്ടതുണ്ട്. വിജയകരമായ ക്രിസ്തീയ ജീവിതം അത്ര എളുപ്പമല്ല, നമ്മുടെ വികാരങ്ങളും സാഹചര്യങ്ങളും, നമ്മെക്കൊണ്ട് ചെയ്യിപ്പിക്കുന്ന കള്ളം എന്നത് 'ഇരിക്കുക, നടക്കുക, നിൽക്കുക' എന്നൊന്നില്ല എന്നാണ്. എന്നാൽ നാം പിശാചിനെതിരെ നിൽക്കുമ്പോൾ, നാം ക്രിസ്തുവിൽ ആരായിരിക്കുന്നു എന്നറിഞ്ഞ്, പരിശുദ്ധാത്മാവിലും മാനസാന്തരാനുഭവത്തിനും നടന്ന്, വിജയം ലഭിക്കുന്നതുവരെയും നമുക്ക് നിൽക്കാൻ കഴിയും.

നാം സ്വർഗ്ഗത്തിലേക്കു പോകുന്നത് വരെയും സാത്താന്റെ രാജ്യത്തിനെതിരായി യുദ്ധത്തിൽ ഏർപ്പെട്ടിരിക്കും. നാം ശരിയായ സ്ഥലത്ത് ഇരിക്കുകയും നടക്കുകയും നിൽക്കുകയും ചെയ്താൽ ഓരോ തവണയും നാം വിജയാളികളായിത്തീരും.

"ദൈവമേ ജാതികൾ നിന്നെ സ്തുതിക്കും;

സകല ജാതികളും നിന്നെ സ്തുതിക്കും.

ഭൂമി അതിന്റെ അനുഭവം തന്നിരിക്കുന്നു;

ദൈവം, നമ്മുടെ ദൈവം തന്നെ-

നമ്മെ അനുഗ്രഹിക്കും"

(സങ്കീർത്തനം:67: 5,6).

അദ്ധ്യായം

# 2 ഒഴുകുന്ന നദി

വാച്ച്മാൻ നീയുടെ A Table in wilderness, June 20 (6) എന്ന പുസ്തകത്തിൽ നിന്നുള്ള വരികൾ ശ്രദ്ധിക്കുക.

*"**അ**വിടെ ഞാൻ നിനക്ക് പ്രത്യക്ഷനായി കൃപാസന ത്തിന് മേൽ നിന്നും സാക്ഷ്യപെട്ടകത്തിന് മേൽ നിൽക്കുന്ന രണ്ട് കെരൂബുകളുടെ നടുവിൽ നിന്നും യിസ്രയേൽ മക്കൾക്കായി ഞാൻ നിന്നോട് കൽപിക്കാനിരിക്കുന്ന സകലവും നിന്നോട് അരുളിച്ചെയ്യും" (പുറപ്പാട് 25:22). ദൈവവുമായുള്ള നമ്മുടെ സംസർഗ്ഗത്തിന്റെ അടിസ്ഥാനം എന്താണ്? അവന്റെ മഹത്വമാണത്. കൃപാസനത്തിൽ കെരൂബുകളുടെ തണലിൽ വെച്ചാണ് നമുക്ക് ദൈവവുമായി കൂട്ടായ്മ ഉണ്ടായത്. അവർ മഹത്വത്തിന്റെ കെരൂബുകളായിരുന്നു. അവിടെയാണ് ദൈവമഹത്വം വെളിപ്പെടുത്തപ്പെട്ടതും. അതുകൊണ്ടു തന്നെ ആ കൃപാസനത്തിങ്കൽ ആണ് നമുക്ക് കരുണ ലഭിക്കുന്നത്.*

*ക്രൂശിൽ ചൊരിയപ്പെട്ട രക്തം മൂലം പാപിയായ മനുഷ്യന് ദൈവത്തോട് സംസർഗ സാദ്ധ്യതയുണ്ടായി. അതു മൂലം ദൈവത്തിന് തന്റെ മഹത്വം നഷ്ടപ്പെടുത്താതെ മനുഷ്യനോട് കരുണ കാണിക്കാനും സ്വയം ത്യജിക്കാതെ മനുഷ്യനോട് കൂട്ടായ്മ ആചരിക്കാനും ദൈവത്തിന് സാധിച്ചു. അങ്ങനെ ക്രിസ്തുവിന്റെ രക്തം ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മയുടെ പരമപ്രധാനമായ മാധ്യമമായി മാറി. എന്നാൽ അതുമാത്രമല്ല, ഈ സംസർഗത്തിന്റെ അടിസ്ഥാനം. കൂട്ടായ്മ ആചരിക്കുമ്പോൾ ആ വിലയേറിയ രക്തത്തിൽ മാത്രമല്ല നാം ഉറ്റുനോക്കുന്നത്. ദൈവമഹത്വത്തിലേക്ക് കൂടെയാണ് നമ്മുടെ ദൃഷ്ടി പതിയുന്നത്. മൂടു*

*പടം എടുത്തുമാറ്റപ്പെട്ടതിനാൽ മൂടുപടമില്ലാതെ നാം ദൈവമഹത്വ ത്തിനു മുമ്പാകെ നിൽക്കും."*

ദൈവ പൈതൽ എന്ന നിലയിൽ എല്ലാക്കാലവും ആഴമായ ബന്ധം ദൈവവുമായി അനുഭവവേദ്യമാക്കുവാൻ അർഹത ലഭിച്ചവരാണ് നാം. ദൈവീക സാന്നിധ്യത്തിൽ കൂട്ടായ്മ ആചരിക്കുന്നതും അതിലധികവും ഈ ബന്ധത്തിൽ  ഉള്ളടങ്ങിയിരിക്കുന്നു. മത്തായി ആറാം അദ്ധ്യായ ത്തിൽ ഉത്തരം ലഭിച്ച പ്രാർത്ഥനയേക്കാളുപരി നമുക്ക് പ്രാർത്ഥനയാൽ ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് വ്യക്തമാക്കുന്നു. ആ പ്രതിഫലം ദൈവം തന്നെയാണ്. പ്രാർത്ഥനയുടെ മറ്റു മറുപടികൾ അതോടനു ബന്ധിച്ച് ലഭിക്കുന്ന ഉപോൽപ്പന്നം മാത്രമാണ്. നിങ്ങൾ യേശു ക്രിസ്തുവുമായി ആഴമായ ബന്ധം സ്ഥാപിക്കുന്നതിൽ ആത്മാർത്ഥ തയുള്ളവരാണെങ്കിൽ അതിനൊരു വില നൽകേണ്ടതുണ്ട്. സമർപ്പ ണവും അനുസരണയും ഉള്ളവർക്കാണ് ദൈവം തന്നെ തന്നെ വെളി പ്പെടുത്തിയത് (യോഹ 14:21). നല്ല ഉദ്ദേശത്തോടെ തന്നെ അന്വേഷിച്ച വർക്ക് ദൈവം സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പരിചിതമായ സാഹചര്യങ്ങളിൽ നിന്ന് മാറി ദൈവത്തോടുള്ള കൂട്ടായ്മക്ക് സമയം മാറ്റി വയ്ക്കണം. യഥാർത്ഥമായ നീതിക്കും വിശുദ്ധിക്കും വേണ്ടിയുള്ള ദാഹവും വിശപ്പുമുള്ളവരെ ദൈവം മാനിക്കും. നിങ്ങൾക്ക് അത്തരം ദാഹം ഇല്ലെങ്കിൽ ദൈവത്തോട് അത്തരമൊരു ദാഹത്തിനുവേണ്ടിയെ ങ്കിലും അപേക്ഷിക്കുക.

ദൈവീക സാന്നിധ്യം ഒരിക്കലും വിട്ടുപോകയില്ലെന്ന് നമുക്കറിയാം. എന്നാൽ തികച്ചും വ്യത്യസ്തമായ ചില കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറയുവാൻ പോകുന്നത്. ദൈവ മഹത്വത്തിൽ പ്രവേശിക്കുന്നതിനെ ക്കുറിച്ച്, അതായത് ദൈവത്തിന് മാത്രം അവകാശപ്പെട്ട അത്ഭുതക രവും അവർണനീയവുമായ മഹത്വത്തിലേക്ക് മനുഷ്യരായ നാം പ്രവേ ശിക്കുന്നതിനെക്കുറിച്ച് പറയാം. അത് ഒരു സമൂഹ ആരാധനയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഇത് നീയും വിശുദ്ധരിൽ അതിവി ശുദ്ധനായ ദൈവവും മാത്രമായുള്ള ബന്ധമാണ്. ഇത്തരമൊരു കൂടി ച്ചേരൽ നിങ്ങളുടെ ജഡത്തിൽ അനുഭവവേദ്യമാകണമെന്നില്ല. അത് തികച്ചും ആന്തരീകവും ശാന്തവുമായ ബന്ധമാണ്. നമ്മുടെ പുറമേ യുള്ള ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന നിലയിലേക്ക് ദൈവ മഹത്വം നമുക്ക് അനുഭവിക്കാനാകും. വരങ്ങൾക്ക് അതീതമായ പരിശുദ്ധാത്മ നിറവിന്റെ പൂർണതയെക്കുറിച്ചാണ് ഞാൻ നിങ്ങളോട് പറയുന്നത്. അവന്റെ വിശുദ്ധി നിന്നിലേക്ക് പ്രവേശിക്കുമ്പോൾ നിന്റെ ആദാമ്യ സ്വഭാവം ചാമ്പലായി പോകുന്ന അവസ്ഥയുണ്ടാകും. ഇത് വായിച്ചു വരുമ്പോൾ ദൈവീക സാന്നിധ്യം എന്ന വാക്ക് ഉപയോഗിക്കുന്നിട ത്തൊക്കെ അതീന്ദ്രിയമായ ഒരു തലത്തെക്കുറിച്ച് പറയാനാണ് ഞാൻ ശ്രമിക്കുന്നതെന്ന് തിരിച്ചറിയുക.

യേശു തന്നോട് കൂട്ടായ്മ ആചരിക്കാൻ ആഗ്രഹിക്കുന്നു എന്ന് ഒരുവൻ വിശ്വാസത്താൽ മനസ്സിലാക്കുമ്പോൾ ദൈവീക വ്യവസ്ഥ കൾക്ക് വിധേയമായി അവനത് അനുഭവിക്കാൻ സാധിക്കും. യേശു വിനെ കർത്താവെന്ന് അംഗീകരിക്കുകയും ദൈവവചനം അനുസരി ക്കുകയും ചെയ്യുന്നതാണ് ആ വ്യവസ്ഥ.. "എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതെന്ന് യഹോവ അരുളിച്ചെയ്യുന്നു. എങ്കിലും അരിഷ്ടനും മനസു തളർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷി ക്കും"(യെശ 66:2). അനുതപിച്ച് ദൈവീകമല്ലാത്ത വഴികളെ തിരിച്ചറി യുവാനുള്ള സന്നദ്ധതയാണ് താഴ്മയുടെ ഏറ്റവും വലിയ പ്രകടനം.

ഇതൊക്കെ വളരെ പഴയ വ്യവസ്ഥയാണെന്നാണ് ഇന്നത്തെ പല വിശ്വാസികളും ചിന്തിക്കുന്നത്. എന്നാൽ ഇന്ന് മുൻപത്തെക്കാളും ഇ ത് പ്രസക്തമാണ്. പല ക്രിസ്ത്യാനികളും ഇന്ന് അനാവശ്യമായ ചി ല തടവറകളിൽ കുടുങ്ങിക്കിടക്കുകയാണ്. തങ്ങളോടു തന്നെയും ദൈവത്തോടും വിശ്വസ്തത പാലിക്കുന്നതിൽ അവർ വിട്ടു വീഴ്ച വരു ത്തുന്നു. ചില സന്ദർഭങ്ങളിൽ തങ്ങളുടെ ജീവിതത്തിൽ സംഭവിച്ച ഈ വീഴ്ചയെക്കുറിച്ച് അവർ തിരിച്ചറിയും. എന്നാൽ അപ്പോഴും തങ്ങൾ ഒരു തടവറയിലാണെന്ന യാഥാർത്ഥ്യം അവർ മനസിലാക്കാ റില്ല. സാത്താൻ വളരെ തന്ത്രപൂർവ്വമാണ് ഇത്തരം ജയിലറകൾ തുറ ന്നുവച്ചിരിക്കുന്നത്.

മിക്ക വിശ്വാസികളും വേദനകളോ കഷ്ടതകളോ അനുഭവിക്കാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ അവർ ദൈവത്തിൽ നിന്ന് എപ്പോഴും നല്ലതു പ്രാപിക്കാതെ വിട്ടുവീഴ്ചക്ക് തയ്യാറാകുന്നു. മറ്റു ചിലർ നിയ മങ്ങളിലും, വിശുദ്ധിയുടെ അഭിനയത്തിലുമൊക്കെ ശ്രദ്ധാലുക്കളായി ജീവിക്കുന്നു. അവർ ചിന്തിക്കുന്നത് വളരെ പരുക്കനായ ഒരു ദൈവ ത്തെ തങ്ങൾ പ്രീതിപ്പെടുത്തി ജീവിക്കുന്നു എന്നാണ്. മറ്റു ചിലർ തെ റ്റായ കൃപയിൽ വിശ്വസിച്ച് മുന്നോട്ടു പോകുന്നു. അതായത് നമ്മൾ പൂർണ്ണരല്ലെന്ന് ദൈവത്തിന് അറിയാം പിന്നെന്തിനാണ് നമ്മൾ വിശ്വാ സത്താൽ ജീവിക്കാൻ ശ്രമിക്കുന്നത് എന്നാണവരുടെ ചിന്ത. കഷ്ടത കൾ വരുമ്പോൾ വിടുതലിനായി ഇത്തരക്കാർ ദൈവത്തോട് പ്രാർ ത്ഥിക്കും. എന്നാൽ ഇവരാരും യേശുക്രിസ്തുവിനോട് വ്യക്തിപരമായ ബന്ധം സ്ഥാപിക്കുകയോ നമ്മുടെ സൃഷ്ടിതാവെന്ന നിലയിലുള്ള കൂട്ടായ്മയും സാന്നിധ്യവും അനുഭവിക്കുകയോ ചെയ്യുന്നില്ല. അവരും ഒരു പക്ഷേ മരണാന്തരം ദൈവരാജ്യത്തിൽ പ്രവേശിക്കുമായിരിക്കും. പക്ഷേ ഭൂമിയിൽ ജീവിക്കുമ്പോൾ അവർ നരക തുല്യമായ ജീവിത മാണ് നയിക്കുന്നത്.

*ഒഴുകുന്ന നദി നിങ്ങളുടെ വിശ്വാസത്തെ പണിയുകയും, നമുക്കായി സ്വയം വെളിപ്പെടുത്തുക എന്ന ദൈവഹിതം പൂർത്തീകരിക്കുവാൻ*

*ദൈവത്തെ ക്ഷണിക്കുകയും ചെയ്യും.* ഈ ക്ഷണം സ്വീകരിക്കപ്പെടുവാൻ നമ്മൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഈ പുസ്തകം പറഞ്ഞുതരും. ഞാൻ ദൈവത്തെ അറിഞ്ഞ ശേഷം ഒരു മാസത്തിനുള്ളിൽ ഒരു സുവിശേഷകന്റെ പ്രസംഗം കേൾക്കുവാൻ ഇടയായി . "ദൈവമാണ് എന്റെ ആത്മാർത്ഥ സുഹൃത്ത്. അവൻ എന്റെ ഭാര്യയെക്കാൾ എന്നോടടുത്തുനിൽക്കുന്നു." അത് കേട്ടപ്പോൾ മുതൽ എനിക്ക് ഇപ്രകാരമൊരു ദൈവീക ബന്ധത്തെക്കുറിച്ചുള്ള ദാഹം ഉണ്ടായി. ഇന്നും ആ ദാഹം അങ്ങനെ തന്നെ തുടരുന്നു.

വേദപുസ്തക പഠനം, പ്രസംഗങ്ങൾ, പുസ്തകവായന, ശിഷ്യത്വ പരിശീലനം ഇവയെല്ലാം നല്ലതാണ്. എന്നാൽ ദൈവീക സാന്നിധ്യം അനുഭവിക്കാൻ സാധിക്കുന്നില്ലെങ്കിൽ ക്രിസ്തീയ ജീവിതത്തിന്റെ കാതലായ ഭാഗം നിങ്ങൾ നഷ്ടമാക്കുകയാണ്. നിങ്ങളോടൊപ്പം നിങ്ങളുടെ മുറിയിൽ യേശുവുണ്ടെന്ന് തിരിച്ചറിഞ്ഞാൽ സകല കാര്യത്തിനും മാറ്റം ഉണ്ടാകും. സന്തോഷം നിങ്ങളിൽ നിറയും, കഷ്ടതയുടെ വേദന കുറയും, വിശ്വാസത്തിന്റെ അളവ് വർദ്ധിക്കും. എല്ലാറ്റിലുമുപരിയായി നിങ്ങളുടെ ജീവിതത്തിൽ നേരിടേണ്ടിവരുന്ന എല്ലാ കാര്യങ്ങളിലും ഉപരിയായി ദൈവകൃപ അനുഭവിക്കാൻ സാധിക്കും.

ദൈവീക സാന്നിധ്യത്തിലേക്ക് പ്രവേശിക്കുക എന്ന ഒഴുകുന്ന നദിയിലേക്ക് ഇറങ്ങുന്നതിനുള്ള വചനത്തിന്റെ പാത കണ്ടെത്തിക്കഴിഞ്ഞപ്പോൾ യേശുവുമായുള്ള എന്റെ സൗഹൃദത്തിന്റെ ദൃഢത വർധിച്ചു. എനിക്ക് ദൈവീക സാന്നിധ്യം അനുഭവിക്കാൻ കഴിയാതിരുന്ന കാലഘട്ടത്തിൽ കാര്യങ്ങൾ ഇത്രമാത്രം ഭംഗിയായി നടന്നിരുന്നില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഒഴുകുന്ന നദി എന്ന പാതയിലൂടെ 30 മിനിറ്റ് സഞ്ചരിക്കാൻ കഴിയുമ്പോൾ ദൈവീക സാന്നിധ്യവും സമാധാനവും അനുഭവിച്ചറിയുവാൻ എനിക്ക് സാധിക്കുന്നു. ആ സാന്നിധ്യത്തിൽ വസിക്കുക എന്നത് നമ്മുടെ ജീവിത രീതിയാക്കി മാറ്റുക എന്നതായിരിക്കട്ടെ നമ്മുടെ ആത്യന്തിക ലക്ഷ്യം. നമ്മുടെ ദൈനംദിന ജീവിതത്തിനുള്ള ശരിയായ മാർഗം കൂടെയാണിത്.

**ജനങ്ങൾ മുറിവേറ്റവരാണ്**

ചില ആളുകൾക്ക് തങ്ങളുടെ പ്രതിമാസ ബില്ലുകൾ അടയ്ക്കുവാൻ സാധിക്കുന്നില്ല. ചിലർക്ക് ഡോക്ടർമാരിൽ നിന്ന് മോശം റിപ്പോർട്ടുകൾ കിട്ടിയവരാണ്. ചിലരുടെ മക്കൾ വഴി പിഴച്ചു പോയവരാണ്. മറ്റു ചിലത് വഴിപിരിയലിന്റെ വക്കത്തുള്ള കുടുംബങ്ങളാണ്. രക്ത ഉടമ്പടിയിലൂടെ ദൈവത്തോട് ബന്ധം സ്ഥാപിക്കുന്നത് എങ്ങനെയെന്ന് നാം മനസിലാക്കേണ്ടതുണ്ട്. ഈ ലോകജീവിതത്തിലും ശരീരം വിട്ട് സ്വർഗത്തിലെത്തിയാലും ഈ ബന്ധം നിലനിൽക്കുന്നതാണ്.

**ഒഴുകുന്ന നദിയുടെ പാതയിൽ ദൈവീക സാന്നിധ്യം അനുഭവിക്കുന്നതിന് പുറമേ മറ്റെന്തൊക്കെ ചെയ്യണമെന്ന പ്രായോഗിക നിർദ്ദേശങ്ങളും ലഭിക്കുന്നു**

***നിങ്ങൾ ഈ വഴി പിൻതുടരേണ്ടത് ആവശ്യമാണോ?***

ദൈവീക സാന്നിധ്യത്തിലേക്ക് പ്രവേശിക്കാനുള്ള ഒരു വഴി കാണിച്ചുതരിക എന്ന ആശയത്തിലൂടെ, നിങ്ങളും ദൈവവുമായുള്ള ബന്ധം ഞാൻ പറയുന്ന വഴിയുടെ ചട്ടക്കൂടിലൂടെ മാത്രമായിരിക്കണമെന്നോ, നിങ്ങളും ദൈവവുമായുള്ള ബന്ധത്തെ ഒരു ഫോർമുലയിൽ ഒതുക്കുകയാണെന്നോ ചിന്തിക്കരുത്. യേശുവുമായുള്ള ബന്ധത്തെ ഒന്നുകൂടെ ഉറപ്പിക്കാനുള്ള ചില നിർദ്ദേശങ്ങൾ 'ഒഴുകുന്ന നദി' യിൽ ഉണ്ടെന്ന് ഞാൻ കരുതുന്നു. ആദ്യമായി യേശുവുമായി ഒരു ബന്ധം ഉണ്ടാകുന്ന ആളാണെങ്കിൽ പോലും നിങ്ങൾക്കിത് പ്രയോജനപ്പെടും.

എന്റെ മക്കൾ തീരെ ചെറുപ്പമായിരുന്നപ്പോൾ അവരുമായി നല്ലൊരു ബന്ധം സ്ഥാപിക്കാൻ ഞാൻ മുൻകൈ എടുക്കുമായിരുന്നു. എന്നാൽ അവർ വളർന്നപ്പോൾ അവർക്ക് കൂടുതൽ ബന്ധങ്ങൾ ഉണ്ടാവുകയും തിരഞ്ഞെടുപ്പിനുള്ള അവസരം വർദ്ധിക്കുകയും ചെയ്തു. ഇപ്പോൾ ഞാനും അവരുമായുള്ള കൂട്ടായ്മയും ബന്ധവും ആസ്വദിക്കപ്പെടുന്നത് അവരെത്രത്തോളം എന്നോട് ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്.

ഏതെങ്കിലും കാര്യങ്ങൾക്കുള്ള അനുമതി തേടിയോ, ഒരു ബിൽ അടയ്ക്കുന്നതിനോ അവർ എന്നെ സമീപിക്കുന്നതിലുപരി നല്ല ഒരു സ്നേഹബന്ധത്തിന്, ഒരു ഉപദേശത്തിന്, ഒരു അഭിനന്ദനത്തിന്, ഒരു നന്ദിപ്രകടനത്തിന് ഒക്കെ അവൻ എന്നെ തേടി വരുമ്പോൾ അവരും ഞാനുമായുള്ള ബന്ധത്തിന്റെ ആഴം വർദ്ധിക്കും. എന്റെ മക്കളെന്ന നിലയിൽ എല്ലായ്പ്പോഴും എനിക്കവരോട് കരുണയുണ്ട്. എനിക്കവരോടുള്ള സ്നേഹത്തിന്റെ ആഴത്തിനും കുറവ് വരുന്നില്ല. എങ്കിലും അവർ സ്വയം തീരുമാനിക്കാനുള്ള അവകാശവും ബന്ധങ്ങൾ സ്ഥാപിക്കാനുള്ള കഴിവും ഉപയോഗിക്കുന്നതനുസരിച്ച് എനിക്കവരോടുള്ള കൂട്ടായ്മയുടെ ആഴം വർദ്ധിക്കും. ചില സമയത്ത് അവർ എന്റെ ഹിതത്തിന് വിരുദ്ധമായി പ്രവർത്തിച്ചാലും എന്റെ നിബന്ധനകളില്ലാത്ത സ്നേഹം അവരെ തേടി ചെല്ലും. അവരെ എന്നിലേക്ക് മടക്കിക്കൊണ്ട് വരുവാൻ ഞാൻ കൃപയും കരുണയും ചൊരിയും. എന്നാൽ പ്രതികരിക്കേണ്ടതും തിരഞ്ഞെടുപ്പ് നടത്തേണ്ടതും അവരാണ്.

*ഈ വിഷയത്തെക്കുറിച്ച് കൂടുതൽ വ്യക്തത എനിക്ക് ലഭിച്ചത് അടുത്തകാലത്ത് സൗത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ ഡോ.മാർക്ക് റട്‌ലാൻഡ് നടത്തിയ ഒരു പ്രസംഗത്തിൽ നിന്നാണ്.*

*"നാം അമാനുഷികനായ ദൈവത്തെയല്ല, മറിച്ച് അമാനുഷികനായ, ജീവനുള്ള ദൈവമായ യേശുക്രിസ്തു നമ്മെയാണ് കണ്ടെത്താൻ ശ്രമിക്കുന്നത്. മന്ത്രവാദങ്ങളും, ആഭിചാരക്രിയകളും വഴി അമാനുഷികനായ ദൈവത്തെ കണ്ടെത്താനുള്ള ശ്രമമാണ് പലയിടത്തും നടക്കുന്നത്".*

ദൈവീകവിളിയോട് പ്രതികരിക്കുകയും അനുസരിക്കയും ചെയ്യുമ്പോഴാണ് നാം ആ അമാനുഷിക ശക്തിയുമായുള്ള ബന്ധത്തിലേക്ക് പ്രവേശിക്കുന്നത്. എങ്കിലും ദൈവം മുൻകൈ എടുക്കുമ്പോഴാണ് അവനെ അനുസരിക്കാനും ജീവനുള്ള ആ സാന്നിധ്യത്തിൽ വസിക്കാനുമുള്ള പ്രേരണ നമുക്ക് ലഭിക്കുന്നത്. "എന്നെ അനുസരിക്കൂ"എന്ന വാക്കുകളുമായി ദൈവം നമ്മുടെ വാതിൽക്കൽ മുട്ടിക്കൊണ്ടിരിക്കയാണ്. നമ്മുടെ അനുസരണംപോലെയായിരിക്കും തുടർന്നുള്ള ബന്ധം.

അനുസരണം ഒരു സംഭവമല്ല, ഒരു ജീവിതചര്യയാണ്. അനുസരണത്തിന് ചില ചവിട്ടുപടികളുണ്ട്. നമ്മുടെ ആയുസിന്റെ ദൈർഘ്യം കൂടുന്തോറും അനുസരണത്തിനുള്ള സംഭവങ്ങളും ഒന്നിന് മുകളിൽ ഒന്നായി ഉയർന്നു വരും. നാം അതിന് വേണ്ടി കൊടുക്കേണ്ടി വരുന്ന വിലയും അധികമായിരിക്കും. ക്രൂശ് വഹിക്കാനാണ് നാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. നാമത് ചെയ്തേ പറ്റൂ. എന്നാൽ അടുത്ത പടിയായി ലഭിക്കുന്ന ക്രൂശിന് ആദ്യത്തേതിനെക്കാൾ ഭാരവും മൂല്യവും ഉണ്ടായിരിക്കും. പുതിയ ക്രൂശ് വഹിക്കുവാൻ കൂടുതൽ ത്യാഗവും കൂടുതൽ അനുസരണവും ആവശ്യമാണ്. അതിന് നമുക്ക് ലഭിക്കുന്ന പ്രതിഫലവും വലുതാണ്.

**ഒരുക്കപ്പെടുക**! ഒഴുകുന്ന നദിയിലേക്ക് ഒരു പ്രാവശ്യമെങ്കിലും ഇറങ്ങിച്ചെന്ന പലരും യേശുവിനെ അനുഭവിച്ചറിയുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇത് നിങ്ങളുടെ ജീവിതത്തിൽ ഒരു സ്വഭാവമാക്കിയാൽ നിങ്ങളുടെ ജീവിതത്തിന് സമൂലമായ പരിവർത്തനം ഉണ്ടാകും.

**നശിച്ചു പോകുന്ന ഒരു ലോകത്തെ നേടുന്നതോടൊപ്പം നമ്മെ അനുഗ്രഹിക്കുകയുമാണ് ദൈവത്തിന്റെ ഉദ്ദേശം. എങ്ങനെ?**

നശിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ ഒരു അനുഗ്രഹമായിരിക്കാനാണ് ദൈവം നമ്മെ അനുഗ്രഹിച്ചത്. നമ്മുടെ പൂർവ്വ പിതാവായ അബ്രഹാമിനോട് ദൈവം ഇപ്രകാരം പറഞ്ഞു. "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും"(ഉല്പത്തി 12:3).

മറ്റുള്ളവരെ അനുഗ്രഹിക്കാൻ ഏക വഴി നമ്മിലൂടെ അത് ചെയ്തെടുക്കാൻ യേശുവിനെ അനുവദിക്കുക എന്നതാണ്. നമ്മുടെ ആദാമ്യ

സ്വഭാവം ദൈവീക സ്വഭാവത്തിന് വഴി മാറുമ്പോൾ നമ്മിലൂടെ അവ നത് ചെയ്യാൻ കഴിയും. നമ്മുടെ ജീവിതത്തിലേക്ക് ദൈവീക വിശു ദ്ധിയെയും നീതിയെയും പ്രവർത്തിക്കാൻ അനുവദിക്കുക എന്ന അവ സരം പാഴാക്കാതിരിക്കാനുള്ള വഴിയെക്കുറിച്ചാണ് ഞാൻ നിങ്ങളോട് പറയാൻ പോകുന്നത്. നിങ്ങൾ ക്രൂശ് വഹിക്കാൻ ആരംഭിക്കുകയും, നിങ്ങള സ്നേഹിക്കുന്ന ദൈവത്തെ ജീവിതത്തിന്റെ നിയന്ത്രണം ഏല്പിക്കയും ചെയ്യുമ്പോൾ, നിങ്ങൾ യേശുവിനോട് കൂടുതൽ അനു രൂപരായി തീരുകയും, അവന്റെ സ്വഭാവവുമായി താദാത്മ്യം പ്രാപി ക്കയും ചെയ്യും. ആന്തരികമായ തടവറകളിൽ നിന്ന് അവൻ നിങ്ങളെ സ്വതന്ത്രരാക്കും. നിങ്ങളെ മുറിവേൽപ്പിച്ച വിഷയങ്ങളെക്കുറിച്ചുള്ള അനുതാപത്തിലേക്ക് മെല്ലെ നിങ്ങളെ നയിക്കും. പിന്നീടൊരിക്കലും നിങ്ങളുടെ ജീവിതം പഴയത് പോലെ ആകില്ല. എന്നാൽ ഈ പാത ഒരിക്കലും വേദനാരഹിതമല്ല. എന്നാൽ നിങ്ങൾ മടി പിടിച്ച്, നിങ്ങ ളിലെ പാപസ്വഭാവത്തോടും നിങ്ങളെ ഉപദ്രവിക്കുന്നവരോടും ചെറുത്തു നിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്കൊരിക്കലും ദൈവീക കൂട്ടായ്മയിൽ പ്രവേശിക്കാൻ കഴികയില്ല. എന്നാൽ നാം ശുദ്ധീകരണം പ്രാപിച്ച് യേശുവിനെ പോലെ ആയിത്തീരുന്തോറും നമുക്ക് ദൈവീക സാന്നിധ്യം കൂടുതൽ അനുഭവിക്കാൻ കഴിയും. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരും.

**വിശുദ്ധിയില്ലാതെ ദൈവത്തെ കാണാൻ ആർക്കും കഴിയുകയില്ല!**

ദൈവീക വിശുദ്ധിയും നീതിയും നിയമപരമായിത്തന്നെ നമ്മിലേക്ക് വരങ്ങളായി ചൊരിയപ്പെട്ടതിനെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതി ക്കുന്നു. എന്നാൽ ദൈവവുമായുള്ള ബന്ധത്തിന്റെ ആഴം വർദ്ധിക്കു ന്തോറും നമ്മുടെ സ്വഭാവത്തിന് വിശുദ്ധിയുടെയും, നീതിയുടേയും വഴിയിലേക്ക് ഒരു യഥാർത്ഥ രൂപാന്തരമുണ്ടാകുന്നത് നമുക്കനുഭവിച്ച റിയാൻ കഴിയും. വിശുദ്ധി അഭിനയിക്കുന്നതിനെക്കുറിച്ചല്ല ഞാൻ പറഞ്ഞു വരുന്നത്. മതപരമായ അത്തരം വിശുദ്ധിയുടെ ആവരണ ത്തിനുള്ളിൽ ദേഷ്യവും, കാപട്യവുമുള്ള ജനങ്ങളുണ്ടാവാം. എന്നാൽ യഥാർത്ഥ വിശുദ്ധീകരണത്തിലൂടെ സന്തോഷവും, സ്നേഹവും, ആത്മാവിന്റെ ഫലങ്ങളും പുറപ്പെടും. "സത്യത്തിന്റെ ഫലമായ നീതി യിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമ നുഷ്യനെ ധരിച്ചുകൊൾവിൻ"(എഫസ്യർ 4:24).

*ഹൈവേ 35: യെശയ്യാ 35 – ാം അദ്ധ്യായത്തിലെ വിശുദ്ധിയുടെ പെരുവഴി*


"അവിടെ ഒരു പെരുവഴിയും പാതയും ഉണ്ടാകും. അതിന് വിശുദ്ധ വഴി എന്ന് പേരാകും; ഒരു അശുദ്ധനും അതിൽ കൂടി കടന്നുപോക യില്ല. അവൻ അവരോട് കൂടെ ഇരിക്കും. വഴിപോക്കർ, ഭോഷന്മാർ പോലും വഴി തെറ്റിപ്പോകയില്ല"(യെശയ്യാവ് 35:8). പാപം നിറഞ്ഞ

ജീവിത സാഹചര്യങ്ങൾ മൂലം ശിക്ഷിക്കപ്പെട്ട ഇസ്രയേൽ മക്കളെക്കുറിച്ചാണ് യെശയ്യാ 33–ാം അധ്യായത്തിൽ പറയുന്നത്. 34–ാം അധ്യായത്തിൽ ദൈവം അവരെ അതിനെ മറികടക്കുന്നതിനുള്ള ഒരു പദ്ധതിയിലൂടെ നടത്തുന്നതും 35–ാം അധ്യായത്തിൽ പരിണിതഫലമായ വിശുദ്ധീകരണവും നാം കാണുന്നു. വിശുദ്ധീകരണത്തിന്റെ എല്ലാ നേട്ടങ്ങളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. അതിൽ സന്തോഷവും, പാട്ടും, മരുഭൂമിയും, നിർജനപ്രദേശങ്ങൾ നീരുറവും, പുഷ്പങ്ങളും കൊണ്ട് നിറയപ്പെടുന്നതും, അന്തമില്ലാത്ത സന്തോഷവും, ദൈവമഹത്വം ദർശിക്കലും എല്ലാം അടങ്ങിയിട്ടുണ്ട്. കുരുടന്മാർ കാഴ്ച പ്രാപിക്കും, മുടന്തർ സൗഖ്യം പ്രാപിക്കും, ഭയം വിശ്വാസത്തിന് വഴിമാറും, ദാഹിക്കുന്നവന് നീരുറവും ആത്മീയ ശത്രുക്കളുടെ മേൽ ജയവും ദൈവം നല്കുമെന്നും പറയുന്നു. ഈ സന്ദർഭത്തിൽ ഈ അദ്ധ്യായം നന്നായി പഠിക്കുന്നത് നിങ്ങൾക്ക് പ്രയോജനമായിരിക്കും.

**യെഹസ്ക്കേൽ 47:1–12 വാക്യങ്ങളിൽ ഒഴുകുന്ന നദിയുടെ ചിത്രം കാണിക്കുന്നു**

ദേവാലയത്തിന്റെ മാതൃകയും, അളവുകളും അതിൽ നിന്ന് പുറപ്പെടുന്ന ഒരു നദിയുടെ ചിത്രവുമാണ് ദൈവം യെഹസ്കേലിനെ കാണിച്ച് കൊടുത്തത്. ദൈവത്തിങ്കൽ നിന്ന് പുറപ്പെടുന്ന ഈ ജീവനുള്ള നദി ചാവുകടലിലെ മലിനജലത്തിലേക്കാണ് ചെന്നു ചേരുന്നത്. എന്നാൽ നദിയിലെ ജലം മലിനജലത്തെ ശുദ്ധീകരിച്ച് ജീവനുള്ളതാക്കി മാറ്റുന്നു. 47–ാം അധ്യായത്തിൽ യെഹസ്ക്കേൽ ഇപ്രകാരം പറയുന്നു. “ഒരു ചെറിയ അരുവിയായി ദേവാലയത്തിൽ നിന്ന് പുറപ്പെട്ട വെള്ളം ക്രമേണ ശക്തി പ്രാപിച്ച് ഒടുവിൽ ചാവുകടലിൽ പതിക്കുന്നു”. അതു സംഭവിച്ചയുടനെ കടലിലെ വെള്ളം ജീവനുള്ളതായി തീർന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യവർഗ്ഗത്തെയാണ് ബൈബിളിലെ ഈ കടൽ പ്രതിനിധാനം ചെയ്യുന്നത്. മരണം സംഭവിച്ച മനുഷ്യരെ ജീവിപ്പിക്കാനുള്ള ഏകവഴി ദൈവീക സ്പർശനമാണെന്ന് ദൈവം യെഹസ്കേലിനെ കാണിച്ചു കൊടുത്തു. ആ സ്പർശനത്തെ ദൈവത്തിന്റെ സന്നിധിയിൽ നിന്ന് ഒഴുകി വരുന്ന നദിയായി ചിത്രീകരിച്ചിരിക്കുന്നു. “എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്ത് പറയുന്നത് പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും” (യോഹന്നാൻ 7:38).

നിങ്ങളെ ശുദ്ധീകരിക്കാൻ ഒഴുകുന്ന നദി-മരണമടഞ്ഞ ലോകത്തെ രക്ഷിക്കാൻ ഒഴുകുന്ന നദി.




*"യെഹസ്ക്കേലേ ഇത് എഴുതിവയ്ക്കുക"*

യെഹസ്ക്കേൽ 43:10-11 വരെയുള്ള വാക്യങ്ങളിൽ ദൈവം യെഹസ്ക്കേലിനോട് ദേവാലയത്തിന്റെ മാതൃകയും, അതിനെ സംബന്ധിക്കുന്ന ചട്ടങ്ങളും വ്യവസ്ഥകളും എഴുതിവെയ്ക്കാൻ കല്പിച്ചതായി കാണുന്നു. അതു കാണുമ്പോഴെങ്കിലും അവർ അനുതപിക്കുകയും മറ്റുള്ളവർക്ക് ഒരു അനുഗ്രമായി മാറുമെന്നും ദൈവം ആഗ്രഹിച്ചു. ഒഴുകുന്ന നദിയിലെ ഈ പാഠം ഈ വിഷയത്തെക്കുറിച്ചാണ്.

ഈ ദേവാലയം ഇന്ന് എവിടെയാണ്? 1 കൊരിന്ത്യർ 6:19-20 വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ".

**ദൈവീക സാന്നിധ്യം യഥാർത്ഥമായി അനുഭവിക്കാതെ അനുഗ്രഹം പ്രാപിക്കാനോ മറ്റുള്ളവർക്ക് അനുഗ്രഹമായി തീരാനോ നമുക്ക് കഴിയില്ല**

ഏതുതരം ശുശ്രൂഷയ്ക്കും, നന്നായി പ്രാർത്ഥിക്കണമെങ്കിൽ പോലും നമ്മെ സ്വതന്ത്രരാക്കുകയും, ശുദ്ധീകരിക്കയും ചെയ്യുന്ന ദൈവീക സാന്നിധ്യം അനിവാര്യമാണ്. നിങ്ങളുടെ ജീവിതത്തിലും,

സഭയിലും, ലോകത്തിലും ദൈവത്തെ പൂർണ്ണമായി അനുഭവിച്ചറിയാനുള്ള മാതൃകയാണിത്.

"അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും പോന്നു".

*അപ്പോസ്തലന്മാർ ദിനം പ്രതി ചെയ്തു വന്നതും അനവധി അത്ഭുതങ്ങൾക്കും കാരണമായ മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കുക.*

1. *അപ്പൊസ്തൊലിക ഉപദേശം.* ദൈവവചനത്തിന്റെ പ്രതിദിന ധ്യാനം എന്നതായിരുന്നു ആ ഉപദേശം .

2. *പ്രാർത്ഥന* പല രീതിയിലുള്ള പ്രാർത്ഥന ഇതിൽ അടങ്ങിയിരിക്കുന്നു. ആദിമ സഭ പലപ്പോഴും ദൈവവചനപ്രകാരം ക്രിസ്തുവിൽ അവർ ആരാണെന്ന് ഏറ്റുപറച്ചിൽ നടത്തിയിരുന്നു.

3. *കൂട്ടായ്മയും അപ്പം നുറുക്കലും.* രക്ത ഉടമ്പടിയുടെ ഓർമ്മക്കായി നാം അപ്പവും വീഞ്ഞും ഭക്ഷിക്കുന്നു; അഥവാ ദൈവവുമായി കൂട്ടായ്മ ആചരിക്കുന്നു.

ആദിമ സഭ ആഴ്ചയിൽ ഒരിക്കലെങ്കിലും കൂട്ടായ്മ ആചരിച്ചിരുന്നു. ദൈവീക സാന്നിധ്യത്തിൽ പ്രവേശിക്കുന്നതിനും, വ്യക്തിപരമായി ദൈവത്തെ ആഴമായി അനുഭവിച്ചറിയുന്നതിനുമുള്ള മാർഗ്ഗമായിരുന്നു അത്. അതൊരു മതത്തിന്റെ ആചാരാനുഷ്ഠാനമായിട്ടല്ല യഥാർത്ഥമായി ദൈവത്തെ ആസ്വദിച്ചറിയുന്ന പ്രക്രിയയായിരുന്നു.

കൂട്ടായ്മയുടെ ലക്ഷ്യം ചിലരെ കൂടി ദൈവസന്നിധിയിലേക്ക് പങ്കാളികളാക്കുക എന്നതാണ്. (ഉദാ. ലൂക്കോസ് 24: 30,31) ആ അധ്യായത്തിൽ രോഗികൾ സൗഖ്യമാക്കപ്പെട്ടതും എല്ലാ ആവശ്യങ്ങളും നിറവേറപ്പെട്ടതും കാണുന്നു. അവന്റെ ശരീരത്തിലൂടെയും രക്ത ഉടമ്പടിയിലൂടെയും അനുഭവവേദ്യമാകുന്ന സാന്നിധ്യം നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തരുന്നു. ഡിക് റൂബേന്റെ വീഡിയോ പരമ്പരയായ "എ പാറ്റേൺ ഫോർ റിവൈവൽ ഫയർ" (A Pattern For Revivel Fire) എന്ന പുസ്തകത്തിൽ നിന്നുള്ള ഭാഗമാണിത്.

ഒഴുകുന്ന നദി എന്നുള്ളത് ഒരു ദൈനംദിന പ്രക്രിയയാണ്. എന്നാലത് കൂട്ടായ്മക്ക് പകരമല്ല അതിനോടൊപ്പം ചെയ്യേണ്ടതാണ്. ഒഴുകുന്ന നദി ഒരുവനെ രക്ത ഉടമ്പടിയിലൂടെ നടത്തി, യേശുവിന്റെ ശരീരമാകുന്ന തിരശീലയിലേക്ക് കൊണ്ടുവരികയും വിശുദ്ധരിൽ അതിവിശുദ്ധനായ ദൈവത്തിന്റെ തിരുസന്നിധിയിലേക്ക് നയിക്കുകയും ചെയ്യും. നമുക്ക് ഒരിക്കൽ മാത്രമല്ല എല്ലായ്പ്പോഴും ആ സാന്നിധ്യം ആവശ്യമാണ്. യോഹന്നാൻ 6: 51 ൽ യേശു പറയുന്നു "സ്വർഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു". എബ്രായർ 10: 19-20 വാക്യങ്ങളിൽ യേശുവിന്റെ ശരീരമാകുന്ന തിരശീലയിൽ കൂടി

വിശുദ്ധരിൽ അതിവിശുദ്ധനായ ദൈവത്തിന്റെ അടുത്തേക്ക് വരുവാനുള്ള ജീവനുള്ള പുതുവഴിയെക്കുറിച്ച് പറയുന്നു.

ഇതെല്ലാം സൂചിപ്പിക്കുന്നത് ദൈവീക സാന്നിധ്യത്തിലേക്കുള്ള ഏക വഴി, യേശുവിന്റെ ശരീരവും രക്തവുമാകുന്ന രക്ത ഉടമ്പടിയെ തിരിച്ചറിയുക എന്നതാണ്. നാം കൂട്ടായ്മയിൽ ചെയ്യുന്നത് പോലെ ഒഴുകുന്ന നദിയിലൂടെ കടക്കുമ്പോഴും ആ രക്ത ഉടമ്പടിയെ തിരിച്ചറിയുകയാണ്.

**ദൈവം നമുക്കൊരു യാഥാർത്ഥ്യമായി അനുഭവവേദ്യമാക്കുന്നതിനെ തടയുന്ന ശത്രുക്കളുണ്ടെന്ന് നാം മനസ്സിലാക്കണം**

***മൂന്ന് വഴികളിലൂടെയാണ് നമ്മുടെ ശത്രുക്കൾ കടന്ന് വരുന്നത്***

*നമ്മുടെ ഇച്ഛാശക്തി–*

*നമ്മുടെ മനസ്സ്–*

*നമ്മുടെ വികാരങ്ങൾ–*

ഇവയെല്ലാം ജഡം, ലോകം, സാത്താൻ എന്നിവയാൽ ആക്രമിക്കപ്പെടുന്നു.

**ചോദ്യങ്ങൾ:**

***ഈ ശത്രുക്കളെ അതിജീവിച്ച് കൂട്ടായ്മയ്ക്കായി ദൈവീക സാന്നിധ്യത്തിൽ എത്തിച്ചേരാൻ നമുക്ക് എങ്ങനെ സാധിക്കും?***

**ഉത്തരം:**

നമ്മുടെ എല്ലാ ശത്രുക്കളിന്മേലും ദൈവം നമുക്ക് മുന്നമേ വിജയം ഒരുക്കിയിട്ടുണ്ട്. ക്രൂശിൽ യേശുവിന്റെ ശരീരമാകുന്ന തിരശീല മേൽ തൊട്ട് താഴെവരെ ചീന്തിപ്പോയപ്പോൾ ദൈവസന്നിധിയിലേക്കുള്ള വഴി നമുക്കായി ഒരുക്കപ്പെട്ടു കഴിഞ്ഞു. (മർക്കോസ് 15: 38) അതിൽ ഭാഗഭാക്കാകേണ്ടത് നമ്മുടെ കടമയാണ്. നാം ക്രൂശ് വഹിക്കാൻ തയ്യാറാകുമ്പോൾ അത് നമുക്ക് വിജയം നല്കും.

ലൂക്കോസ് 9: 23–25 ൽ പറയുന്നു "പിന്നെ അവൻ എല്ലാവരോടും പറഞ്ഞത് എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിക്കാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ട് തന്നെത്താൻ നഷ്ടമാക്കിക്കളകയോ ചേതം വരുത്തുകയോ ചെയ്താൽ അവന് എന്ത് പ്രയോജനം?"

ലൂക്കോസ് 9–ാം അധ്യായത്തിൽ പറയുന്ന *ജീവൻ* എന്നാൽ *ആത്മാവ്* അല്ലെങ്കിൽ നമ്മുടെ ഇച്ഛാശക്തി, മനസ്സ്, വികാരങ്ങൾ എന്നിവ

യൊക്കെയാണ്, ഉപേക്ഷിക്കുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തിന് ഹിതകരമല്ലാത്ത കാര്യങ്ങളോട് 'സാധ്യമല്ല' എന്ന് പറയണമെന്നുമാണ്.

സമൃദ്ധമായ ജീവനിലേക്കുള്ള താക്കോൽ അഥവാ യേശുക്രിസ്തു നമുക്കായി ഒരുക്കിയിട്ടുള്ള എല്ലാം, അവന്റെ സാന്നിധ്യമുൾപ്പെടെ പ്രാപിക്കേണ്ടതിനും നാം അവന്റെ ക്രൂശെടുത്ത് അവനുമായുള്ള രക്ത ഉടമ്പടി പൂർത്തീകരിക്കേണ്ടതുണ്ട്.

കാൽവറി ക്രൂശിൽ യേശു നമുക്കായി ചെയ്ത മഹത്വകരമായ ആ പ്രവർത്തിയെക്കുറിച്ച് നമ്മിൽ പലർക്കും അറിയാം. നമ്മുടെ പാപത്തിന് വേണ്ടി യേശു രക്തം ചിന്തി, നമുക്ക് ജീവൻ നൽകാൻ അവൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു. അതിനോട് ഒന്നും കൂട്ടിച്ചേർക്കാൻ നമുക്ക് കഴിയില്ല. എന്നാൽ ആ ദൈവീക പ്രവർത്തിയുടെ ഫലം അനുഭവിക്കേണ്ടതിന് നാമും മരിക്കണം. നാം നമ്മെ തന്നെ ത്യജിച്ച്, ക്രൂശെടുത്ത് അവനെ അനുഗമിക്കണം. നമ്മുടെ ജീവിതം നഷ്ടപ്പെടുത്താൻ നാം തയ്യാറാകണം. ദൈവവുമായുള്ള നമ്മുടെ ബന്ധവും കൂട്ടായ്മയും ഈ രക്ത ഉടമ്പടിയെ അടിസ്ഥാനമാക്കി ആയിരിക്കും. പാശ്ചാത്യ സംസ്ക്കാരമനുസരിച്ച് ഇതൊരു പുതിയ കാര്യമായിരിക്കും. ഇതിന് ഏറ്റവും നല്ല താരതമ്യം നമ്മുടെ വിവാഹബന്ധമാണ്. കാരണം ബൈബിളിലെ ഉപദേശങ്ങൾക്ക് കടകവിരുദ്ധമായ വിവാഹേതര ബന്ധത്തെക്കുറിച്ച് മിക്കവർക്കും അറിവുണ്ടായിരിക്കും. നിങ്ങൾ വിവാഹം കഴിക്കാൻ പോകുന്ന ആളുമായി വിവാഹശേഷം ആത്മാർത്ഥമായ എത്ര ബന്ധങ്ങൾ കൂടി അനുവദിക്കപ്പെടും എന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുമോ എന്ന് നിങ്ങളോട് തന്നെ ചോദിക്കുക.


**രണ്ട് മരണം, യേശുവിന്റേയും നിന്റെയും മരണം സംഭവിക്കുമ്പോഴാണ് രക്ത ഉടമ്പടി പ്രവർത്തനക്ഷമമാകുന്നത്!**

**രക്ത ഉടമ്പടിയുടെ പ്രത്യേകത എന്താണ്?**

1 പത്രോസ് 1: 18-19 ൽ പറയുന്നു. "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്ന് നിങ്ങൾ അറിയുന്നുവല്ലോ". ലേവ്യ 17:11-ാം വാക്യത്തിൽ ഇപ്രകാരം കാണുന്നു."മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത്. യാഗപീഠത്തിന് മേൽ നിങ്ങൾക്ക് വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അത് നിങ്ങൾക്ക് തന്നിരിക്കുന്നു. രക്തമല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തമാകുന്നത്".

പകരം നൽകുന്ന നിയമവുമായി നിങ്ങളുടെ ആത്മീയ ജീവിതത്തെ

കൈമാറ്റം ചെയ്യാൻ കഴിയും. രക്ത ഉടമ്പടി നിങ്ങളുടെ പാരമ്പര്യ അവ കാശങ്ങളെ മാറ്റും.




***കുടുംബത്തിന്റെ പിൻതുടർച്ചാവകാശം*** : ഒരു പ്രത്യേക കുടുംബത്തിൽ ജനിച്ചത് മൂലം ആ കുടുംബത്തിന്റെ അനന്തരവകാശികൾക്ക് ലഭിക്കുന്ന പ്രത്യേക അനുഗ്രഹങ്ങളും ശാപങ്ങളുമാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. എന്നാൽ അനുഗ്രഹങ്ങളെയും ശാപങ്ങളെയും മാറ്റുവാൻ കഴിയും. ആഫ്രിക്കയിലെ ഗോത്രവർഗ്ഗക്കാരും, അമേരിക്കൻ ഇന്ത്യൻസംസ്കാരത്തിലും, ചില ഏഷ്യൻ സമൂഹങ്ങളിലും അനുഗ്രഹങ്ങളും ശാപങ്ങളും കൈമാറ്റം ചെയ്യുകയോ, വിലയ്ക്ക് വാങ്ങുകയോ ചെയ്യാനുള്ള വഴികൾ തേടുന്നതായി കണ്ടുവരുന്നുണ്ട്.

പണ്ട് കാലത്ത് മനുഷ്യർ ദൈവത്തെ പോലെയാകുവാൻ ദൈവങ്ങൾക്ക് ബലി അർപ്പിച്ച് ബലിമൃഗത്തിന്റെ രക്തം ജനം കുടിച്ചിരുന്നു. ലോകത്തിന് അടിസ്ഥാനമിടുന്നതിന് മുന്നമേ ദൈവം യേശുവിനെ ക്രൂശീകരണത്തിന് വേണ്ടി കരുതിയിരുന്നു. മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ ഈ പകരം സിദ്ധാന്തം പ്രയോഗികമാക്കപ്പെട്ടിരുന്നു (വെളിപ്പാട് 13:8).

രക്ത ഉടമ്പടി യഥാർത്ഥ ഫലപ്രാപ്തിയിലേക്ക് വരുന്നതിന് രണ്ടു കൂട്ടരും രക്തം ചൊരിയണം. അഥവാ രണ്ടു മരണവും രണ്ട് ക്രൂശും ഉണ്ടായിരിക്കണം. നാം നമ്മെത്തന്നെ മരിപ്പിച്ച് നമ്മെ തന്നെയും, നമു

ക്കുള്ളതെല്ലാം യേശുവിന് സമർപ്പിക്കണം. യേശുവും നമുക്ക് വേണ്ടി തന്നെത്താൻ സമർപ്പിച്ച് നമ്മുടേതായി തീരും.

നമ്മുടെ ക്രൂശിനെ യേശുവിന്റെ ക്രൂശുമായി ബന്ധിപ്പിക്കുമ്പോൾ നാം ദൈവവുമായി ബന്ധം സ്ഥാപിക്കുന്നു. അപ്പോഴാണ് ശക്തി പുറപ്പെടുന്നത്. എപ്പോഴും രണ്ട് കുരിശുകൾ ഒന്നിച്ച് ചേരുമ്പോൾ ഒരു രക്ത ഉടമ്പടി ഉണ്ടാകും.

**രണ്ട് ക്രൂശുകളുടെ ശക്തമായ മാതൃകയാണ് സമാഗമനകൂടാരം ഇതൊരു പ്രാർത്ഥനാസഹായിയായി ഉപയോഗിക്കാം**

ക്രൂശെടുത്ത് ദൈവീക സാന്നിധ്യത്തിലേക്കും കൂട്ടായ്മയിലേക്കും നടന്നുപോകുവാൻ അത് നമ്മെ സഹായിക്കും.

വാച്ച്മാൻ നീയുടെ ഗോഡ്സ് പ്ലാൻ ആന്റ് ഓവർകമേഴ്സ് (Gods Plan and the overcomers) എന്ന പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണി ശ്രദ്ധിക്കുക.

> *ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനത ഭൂമിയിൽ എങ്ങനെയാണ് ജീവിച്ചതെന്ന് പഴയനിയമം വ്യക്തമാക്കുന്നു. ആദ്യകാലങ്ങളിൽ പന്ത്രണ്ട് ഗോത്രങ്ങളുടെയും കേന്ദ്രസ്ഥാനം സമാഗമന കൂടാരമായിരുന്നു. പിന്നീടത് ദേവാലയമായി. ദേവാലയത്തിന്റെ കേന്ദ്രബിന്ദു നിയമപെട്ടകമായിരുന്നു. സമാഗമനകൂടാരവും, ദേവാലയവും, പെട്ടകവുമെല്ലാം ക്രിസ്തുവിന്റെ നിഴലായിരുന്നു. സമാഗമനകൂടാരത്തോടും ദേവാലയത്തോടും ഇസ്രയേൽ മക്കൾ നല്ല ബന്ധം പുലർത്തിയിരുന്നിടത്തോളം കാലം അവരെ ജയിക്കാൻ ഒരു ശക്തിക്കും കഴിഞ്ഞില്ല. ഇസ്രയേൽ മക്കൾ യുദ്ധം ചെയ്യാൻ പരിചയമില്ലാത്തവർ ആയിരുന്നെങ്കിലും പരിചയസമ്പന്നരായ, യോദ്ധാക്കളായ ശത്രുക്കളെ ഒന്നുപോലും ശേഷിപ്പിക്കാതെ നശിപ്പിച്ച് കീഴടക്കി. എന്നാൽ എപ്പോഴൊക്കെ സമാഗമന കൂടാരത്തിൽ നിന്നും, ദേവാലയത്തിൽ നിന്നും അവർ അകന്ന് പോയ ആ നിമിഷത്തിൽ തന്നെ അവർ അടിമകളായി പിടിക്കപ്പെട്ടു. ശക്തന്മാരായ രാജാക്കന്മാരും ബുദ്ധിശാലികളായ സൈനീകരും ഉണ്ടായിരുന്നിട്ടും അവർക്ക് പ്രയോജനപ്പെട്ടില്ല. കാരണം അവർ ദൈവത്തിന്റെ ആലയത്തേയും, സമാഗമനകൂടാരത്തിലെ പെട്ടകത്തെയും ഉപേക്ഷിച്ച് അവയെ അപമാനിച്ചത് മാത്രമായിരുന്നു ദൈവത്തിന്റെ വിഷയം. ദൈവത്തിന് അവർ ബഹുമാനം കൊടുത്തപ്പോഴെല്ലാം അവർ വിജയം നേടി. ഇന്ന് നമ്മുടെ അവസ്ഥയും ഇത് തന്നെയാണ്. നമ്മുടെ ദൈവം വിജയം നേടുന്നിടത്തൊക്കെ നാമും വിജയം നേടും.*


ദൈവത്തോടുള്ള കൂട്ടായ്മക്കുള്ള യാത്രക്കിടയിൽ പഴയനിയമത്തിലെ പുരോഹിതന്മാർ സമാഗമനകൂടാരത്തിലേക്ക് നടന്ന ചിത്രം നിങ്ങളെ ഓർമ്മപ്പെടുത്തും.

### സമാഗമന കൂടാരം

**പ്രാകാരം**
*ഇവിടെയാണ് ക്രൂശുമായി നാം ആരംഭിക്കുന്നത്*

**വിശുദ്ധസ്ഥലം**
*നാം ഇതിലെയാണ് ക്രൂശുമായി നടന്നുപോകുന്നത്*

**അതിവിശുദ്ധസ്ഥലം**
*ഇവിടെയാണ് നമ്മുടെ യാത്ര അവസാനിച്ച് നാം ദൈവസാന്നിദ്ധ്യത്തിൽ എത്തുന്നത്*





***ദൈവവുമായി ആഴമായ ബന്ധം സ്ഥാപിക്കുന്നതിൽ സമാഗമന കൂടാരത്തിന്റെ പ്രാധാന്യം എന്ത്?***

ഒന്നാമത്തെ ചാർട്ട് ശ്രദ്ധിക്കുക.

പാപം പ്രവേശിക്കുന്നതിന് മുമ്പ് ദൈവവും ആദാമുമായി ആഴമായ സൗഹൃദം ആസ്വദിച്ചിരുന്നു.

രണ്ടാമത്തെ ചാർട്ട് ശ്രദ്ധിച്ചാൽ പാപം പ്രവേശിച്ച ശേഷം കൂട്ടായ്മയുടെ മഹത്വം തകർന്നുപോയതായി കാണാം. "ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു (റോമർ 3:23). തകർന്ന ബന്ധങ്ങളെ വിളക്കിച്ചേർക്കുവാനും പാപക്ഷമയ്ക്കും യേശുവിന്റെ രക്തം ആവശ്യമാണ്. പാപക്ഷമയുടെ മൂല്യം ഇതാണ്. "പ്രാകാരവും വിശുദ്ധസ്ഥലവും യേശുവിന്റെ ക്രൂശ്, നമ്മുടെ ക്രൂശ്, രണ്ടുകൂട്ടരുടെയും രക്തം എന്നിവയെ പ്രതിനിധാനം ചെയ്യുന്നു.

"അവിടെ ഞാൻ നിനക്ക് പ്രത്യക്ഷനായി കൃപാസനത്തിന്മേൽ നിന്നും സാക്ഷ്യപെട്ടകത്തിന്മേൽ നിൽക്കുന്ന രണ്ട് കെരൂബുകളുടെ നടുവിൽ നിന്നും ഇസ്രായേൽ മക്കൾക്കായി ഞാൻ നിന്നോട് കൽപ്പിപ്പാൻ ഇരിക്കുന്ന സകലവും നിന്നോട് അരുളിച്ചെയ്യും" (പുറ. 22,25).




**പാപം ചെയ്തതിനുശേഷമുള്ള ചിത്രം എല്ലാവരും ദൈവതേജസ് ഇല്ലാത്തവരായി തീർന്നു**




**രക്ത ഉടമ്പടിയിലൂടെ ദൈവമഹത്വത്തെ പുനസ്ഥാപിക്കാൻ സമാഗമന കൂടാരത്തിന്റെ രണ്ട് സ്ഥലങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു.**



## സമാഗമന കൂടാരത്തിൽ രക്തം അർപ്പിച്ച് ആഴമായ കൂട്ടായ്മയുടെ മഹത്വം പുനസ്ഥാപിച്ചതിന് ദൈവത്തിനുള്ള കാരണങ്ങൾ

### ആദ്യത്തേത് : അവന്റെ ക്രൂശ്

പഴയനിയമപ്രകാരം ഇസ്രയേൽ മക്കൾ പാപപരിഹാര പെരുനാൾ ആചരിച്ചിരുന്നു. വർഷത്തിലൊരിക്കൽ നടക്കുന്ന പാപപരിഹാര പെരുനാൾ ദിവസം ഇസ്രയേൽ ജനത്തിന്റെ മുഴുവൻ പാപത്തിന് പ്രായശ്ചിത്തം ചെയ്യണം. മഹാപുരോഹിതൻ ജനത്തിന്റെ പാപത്തിന്റെ പരിഹാരത്തിനായി സമാഗമനകൂടാരത്തിൽ പ്രവേശിക്കും.


താമ്രം കൊണ്ടുണ്ടാക്കിയ യാഗപീഠത്തിൽ രണ്ട് ആട്ടുകൊറ്റന്മാരെ യാഗത്തിന് വേണ്ടി കൊണ്ടുവരണം. ഒന്നിന്റെ കഴുത്തിൽ അറുക്കപ്പെടുവാനുള്ളതിന്റെ ചിഹ്നമായി ഒരു ചുവന്ന തുണി കെട്ടണം. രണ്ടാമത്തെ ആട്ടുകൊറ്റനെ കൂടാരത്തിന് പുറത്ത് കെട്ടിയിടും. ആദ്യത്തെ ആട്ടുകൊറ്റനെ യാഗമർപ്പിച്ച ശേഷം അതിന്റെ രക്തവുമായി മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് സുഗന്ധവർഗ്ഗങ്ങളോടൊപ്പം രക്തം ദൈവത്തിന് അർപ്പിക്കണം. അതിപരിശുദ്ധസ്ഥലം സുഗന്ധവർഗ്ഗങ്ങളുടെ പുക കൊണ്ട് നിറയപ്പെടുമ്പോൾ ദൈവസാന്നിധ്യം വെളിപ്പെടും. മഹാപുരോഹിതൻ യാഗമൃഗത്തിന്റെ രക്തം കൃപാസനത്തിൽ ഒരു തവണയും അതിന്റെ മുമ്പിൽ ഏഴു പ്രാവശ്യവും തളിക്കും. ഈ സമയം മുഴുവൻ ജനം കൂടാരത്തിന് പുറത്ത് മഹാപുരോഹിതൻ മടങ്ങി വരുന്നതും കാത്ത് നിൽക്കും. അകത്ത് എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ ആർക്കും കഴിയില്ല. എങ്കിലും അടുത്ത ഒരു വർഷത്തേക്ക് അവരുടെ പാപങ്ങൾ മോചിക്കപ്പെടുന്നതിനുള്ള കർമ്മങ്ങളാണ് അവിടെ നടക്കുന്നത് എന്ന് അവർക്കറിയാം.


അടുത്തതായി, വസ്ത്രം മാറി മടങ്ങിയെത്തുന്ന പുരോഹിതൻ പുറത്ത് കെട്ടിയിരിക്കുന്ന ആടിന്റെ തലയിൽ കൈവെച്ച് തന്റെയും ജനത്തിന്റെയും പാപം മുഴുവൻ അതിന്റെ മേൽ ചുമത്തും. പിന്നീട് തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തി ആ ആട്ടുകൊറ്റനെ മരുഭൂമിയിൽ ഒരിക്കലും മടങ്ങിവരാൻ കഴിയാത്തിടത്തേക്ക് കൊണ്ടുപോയി ഉപേക്ഷിക്കും. പാറക്കൂട്ടങ്ങളും, അഗാധഗർത്തങ്ങളും ഒക്കെ നിറഞ്ഞ ആ സ്ഥലത്ത് നിന്ന് ആ ആട്ടുകൊറ്റന് ഒരിക്കലും രക്ഷപെടാൻ കഴിയില്ല (ലേവ്യ 16:21-22).

മഹാപുരോഹിതൻ രണ്ടാമത്തെ ആട്ടുകൊറ്റന്റെ മേൽ കൈവെച്ച് തന്റെയും ജനത്തിന്റെയും പാപം ചുമത്തി കഴിയുമ്പോൾ ഉത്സവത്തിന്റെ രണ്ടാമത്തെ ഘട്ടം ആരംഭിക്കുന്നു. മഹാപുരോഹിതൻ യിസ്രയേലിന്റെ മുഴുവൻ പാപം ദൈവസന്നിധിയിൽ ഏറ്റു പറയുന്നു. “ദൈവമേ എന്റെയും എന്റെ ജനത്തിന്റെയും പാപം ഈ ആട്ടുകൊറ്റനിൽ ചുമത്തേണമെ. ഇപ്പോൾ പോകുക; നിന്റെ വിധി ഏറ്റെടുക്കുക”.

പാപം ചുമത്തപ്പെട്ട ആട്ടുകൊറ്റൻ കൂടാരത്തിന് പുറത്തേക്ക് പോകുന്നതോടെ ജനം ആഘോഷങ്ങൾ തുടങ്ങും. ഇപ്പോൾ എല്ലാവർക്കും കുട്ടികൾക്ക് പോലും എന്താണ് സംഭവിച്ചതെന്ന് കാണാം. നമ്മുടെ പാപങ്ങൾ മുഴുവൻ സ്വന്ത തലയിൽ വഹിച്ച് മരണവിധി ഏറ്റെടുത്ത യേശുക്രിസ്തുവിന്റെ നിഴലാണ് ഈ കോലാട്ടുകൊറ്റൻ. അവൻ നമ്മുടെ പാപങ്ങളെ വഹിച്ച് ഒരിക്കലും മടങ്ങിവരാൻ കഴിയാത്തത് പോലെ നമ്മിൽ നിന്ന് പാപങ്ങളെ അകറ്റി. സങ്കീർത്തനം 103 :12 ൽ പറയുന്നത് “ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നത് പോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു”. മീഖാ 7 : 19 “അവൻ നമ്മോട് വീണ്ടും കരുണ കാണിക്കും. നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും. അവരുടെ പാപങ്ങളെയൊക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും”. “ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല. സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു. ആട്ടുകൊറ്റന്മാരുടെയും കാളകളുടെയുംരക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജ്ജീവ പ്രവർത്തികളെ പോക്കി എത്രയധികം ശുദ്ധീകരിക്കും?” (എബ്രായർ 9 :12–14).

**രണ്ടാമതായി: നമ്മുടെ ക്രൂശ്**





നാം യേശുവിന് വേണ്ടി നമ്മുടെ ജീവനെ നഷ്ടപ്പെടുത്തണമെന്നും, തന്നെത്താൻ ത്യജിക്കണമെന്നും പറയുമ്പോൾ നമ്മുടെ ആത്മാവിനെ എന്നാണ് അർത്ഥമാക്കുന്നത്. സാധ്യമല്ല എന്ന് പലപ്പോഴും നമ്മുടെ മനസ്സിനോട് പറയേണ്ടിവരും.

*ആത്മാവിന് മൂന്ന് ഭാഗങ്ങളുണ്ട്:* ഇച്ഛാശക്തി, മനസ്സ് (ബുദ്ധി), വികാരങ്ങൾ. വിശുദ്ധസ്ഥലം നമ്മുടെ ജീവന്റെ ഭാഗമായ ആത്മാവിനെ പ്രതിനിധീകരിക്കുന്നു. അവിടെ നമ്മുടെ ഇച്ഛാശക്തി, മനസ്സ്, വികാരങ്ങൾ എന്നീ കാര്യങ്ങളെ പ്രതിനിധീകരിക്കുന്ന മൂന്ന് ഉപകരണങ്ങളുണ്ട്.(ചിത്രം നോക്കുക) ഇതിനോടെല്ലാം സാധ്യമല്ലെന്നു പറയുകയും ദൈവം പറയുന്നത് അനുസരിക്കുകയും ചെയ്യുമ്പോഴാണ് നാം ക്രൂശ് വഹിക്കുന്നവരായിത്തീരുന്നത്.

*നമ്മുടെ ഇച്ഛാശക്തി*

*മനസ്സ്*

*വികാരങ്ങൾ*

എന്നിവയെ ജഡവും, ലോകവും, സാത്താനും ആക്രമിച്ചുകൊണ്ടേയിരിക്കും.

**ക്രൂശ് വഹിക്കുക എന്നാൽ എന്താണ്?**

'ഒഴുകുന്ന നദി' യുടെ ഈ അധ്യായത്തിൽ ദൈവമഹത്വം തിരിച്ചറിയേണ്ടതിനും നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ അവന്റെ സാന്നിധ്യം അനുഭവിക്കേണ്ടതിനും നാം ക്രൂശ് വഹിക്കണം എന്ന് പഠിച്ചു.

ഏദൻ തോട്ടത്തിൽ വച്ച് ഹവ്വ ചിന്തിച്ചത് ദൈവമഹത്വവും, സ്വാതന്ത്ര്യവും അവൾക്ക് ലഭിക്കുമെന്നാണ്. സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയായ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം ഇത്ര വലിയൊരു ദുരന്തമായി മാറുമെന്ന് അവളൊരിക്കലും കരുതിയില്ല. തെറ്റ് ചെയ്തത് മൂലം തന്റെ ജീവിതത്തിൽ നിന്ന് ദൈവമഹത്വം നഷ്ടപ്പെട്ടു പോയി എന്നു മാത്രമല്ല, അവൾ ഒരിക്കലും ആഗ്രഹിക്കാത്ത, അംഗീകരിക്കാത്ത മറ്റൊരു തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്തു. സദൃശ്യവാക്യങ്ങൾ ഏഴാം അധ്യായത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ലോക ഇമ്പങ്ങളുടെ, മഹതിയാം ബാബിലോൺ എന്ന വേശ്യാസ്ത്രീയുടെ തലത്തിലേക്ക് അവൾ എത്തിച്ചേർന്നു.

അവൾ സ്വാതന്ത്ര്യത്തിന്റെ  പഴം തിന്നാൽ മരണം സംഭവിക്കും അഥവാ ആക്ഷരികമായി ദൈവത്തിൽ നിന്ന് വേർപെടുത്തപ്പെടും എന്ന് ദൈവം അവളോട് കൽപിച്ചിരുന്നു. എന്നാൽ ആ കൽപനയുടെ വ്യാപ്തി അവൾക്ക് പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല.. ഇന്ന് ലോകത്തിലുള്ളത് പോലെ മരണം അവൾ അനുഭവിച്ചിട്ടില്ലാത്തത്

കൊണ്ട് ദൈവം കള്ളം പറയുകയായിക്കും എന്നവൾ കരുതി. അത് അവളെ അരക്ഷിത ബോധത്തിലേക്ക് നയിച്ചു.

"എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചത് പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു" 2 കൊരിന്ത്യർ 11:4

ദൈവത്തിന്റെ പൂർണ്ണമഹത്വം വഹിച്ച ഹവ്വ പോലും പ്രലോഭനത്തിൽ അകപ്പെട്ടു. പ്രലോഭനം അഥവാ അസത്യത്തിന്റെ ശക്തി എനിക്കും നിങ്ങൾക്കും ഒരു പോലെയാണെന്നാണ് ഇത്കൊണ്ട് അർത്ഥമാക്കുന്നത്. ലോകത്തിന്റെ വഴികൾ നമ്മെ കീഴ്പ്പെടുത്തി പരാജയത്തിലേക്ക് നയിക്കുന്നതിന് പകരം നമ്മുടെ ജീവിതത്തിൽ യേശു ആരാണെന്ന് മനസ്സിലാക്കി, അവന്റെ മഹത്വം നമ്മുടെ ജീവിതത്തിൽ വെളിപ്പെടേണ്ടതിന് നമ്മെതന്നെ ഒരുക്കുകയാണ് വേണ്ടത്.

സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള നമ്മുടെ വീഴ്ചകൾ നമ്മെ ദുഷ്ട സ്ത്രീയിലേക്ക് അഥവാ ലോകത്തിലേക്ക് നയിക്കുന്നു. ഇതിന് ദൈവമല്ലാതെ മറ്റൊരു പോംവഴിയില്ല. നാം വഞ്ചിക്കപ്പെടുന്നതിന്റെ കാരണം സ്വാതന്ത്ര്യം നമ്മെ വേശ്യയുടെ കരങ്ങളിലേക്കാണ് നയിക്കുന്നതെന്ന് നാം മനസ്സിലാക്കത്തത് കൊണ്ടാണ്.

സദൃശ്യവാക്യങ്ങൾ ഏഴാം അധ്യായത്തിൽ ഈ വേശ്യാസ്ത്രീയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ ആ വേശ്യാസ്ത്രീ അഥവാ ലോകം എങ്ങനെയാണ് നമ്മെ വശീകരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. എന്നാൽ സദൃശ്യവാക്യങ്ങൾ എട്ടാം അധ്യായത്തിൽ ജ്ഞാനമായവളെക്കുറിച്ച് പറയുന്നതുമായി ഇത് താരതമ്യം ചെയ്യുക. ആ ജ്ഞാനം യേശുക്രിസ്തുവാണ്. അവൻ എങ്ങനെയാണ് ജനത്തെ ആകർഷിക്കുന്നതെന്നും നമുക്ക് കാണാം. 1979 ൽ ഞാൻ യേശുവിനെ കണ്ടുമുട്ടുന്നത് വരെ എന്റെ ജീവിതം ലോകത്തിന്റെ വഴികളിലായിരുന്നു. അതിൽ മൂല്യവത്തായിട്ടൊന്നും ഇല്ലെന്ന് എനിക്ക് ബോധ്യമുണ്ടായിരുന്നു. എങ്കിലും ഞാൻ ലോകത്തിന്റെ വ്യവസ്ഥിതികളുടെ ബന്ധനത്തിലും നിയന്ത്രണത്തിലും ആയിരുന്നു.

ക്രൂശ് വഹിക്കുക എന്നാൽ യഥാർത്ഥമായി ദൈവീക വഴികളെ അംഗീകരിക്കുക എന്നതാണ്. ആ സമയത്ത് നമുക്കത് വേദനാജനകവും സുഖകരമല്ലാത്തതുമായി അനുഭവപ്പെടും. എങ്കിലും ആത്യന്തികമായി നന്മയിലേക്കും, സമൃദ്ധമായ ജീവനിലേക്കും, ദൈവരാജ്യത്തിലേക്കുമുള്ള ദൈവത്തിന്റെ നിത്യമായ പദ്ധതിയിലേക്ക് നമ്മെ നയിക്കും.

***സഹായം കൂടാതെ ക്രൂശ് വഹിക്കാൻ നമുക്ക് കഴിയില്ല?***

നമുക്ക് സഞ്ചരിക്കേണ്ട മുഴുവൻ ദൂരവും ക്രൂശ് വഹിക്കാൻ നമുക്ക് കഴിഞ്ഞെന്ന് വരികയില്ല; നിശ്ചിതദൂരം താണ്ടാൻ മാത്രമേ നമുക്ക് കഴി

യൂ. നമ്മുടെ സ്വയത്തെ മുഴുവൻ ക്രൂശിക്കാൻ നമ്മെക്കൊണ്ട് തനിയെ സാധിക്കില്ല. അതിന്റെ അവസാനത്തെ ആണി അടിക്കേണ്ടത് ലോകം തന്നെയാണ്. ക്രൂശീകരണം പൂർത്തിയാകണമെങ്കിൽ നാം വളരെ വേദനയും തകർച്ചയും അനുഭവിക്കേണ്ടി വരും. ദൈവമല്ല ഇത് ചെയ്യുന്നത്; ലോകം തന്നെയാണ്. നമ്മുടെ നിയന്ത്രണത്തിലാണെന്ന് ബോധ്യമുള്ള ചില കാര്യങ്ങളെ നമുക്ക് ദൈവമുമ്പാകെ സമർപ്പിക്കാം. എങ്കിലും നമുക്കില്ലാത്ത ജ്ഞാനദൃഷ്ടിയോടെയാണ് ദൈവം അത് വീക്ഷിക്കുന്നത്. ദൈവവുമായി ഒരു പൂർണ്ണബന്ധത്തിലേക്കും ആന്തരിക സൗഖ്യത്തിലേക്കും കടന്നുവരുന്നതിൽ നിന്നും നമ്മെ തടയുന്ന ആ കാര്യങ്ങളെ ദൈവം അറിയുന്നു. നിങ്ങളുടെ സ്വയത്തെ എത്രത്തോളം മരിക്കാനനുവദിക്കുന്നുവോ അത്രത്തോളം ദൈവം നിങ്ങളിൽ ജീവിക്കും. നിങ്ങളുടെ പഴയ ജീവിതത്തെ ശുദ്ധീകരിച്ച് എടുക്കുകയല്ല ദൈവീക പദ്ധതി, അവനോടൊപ്പം ക്രൂശീകരണം അനുഭവിക്കുക എന്നതാണ്.

നമ്മുടെ പ്രാർത്ഥനാ സമയങ്ങളിൽ പഠിച്ച കാര്യങ്ങളിൽ കൂടി ഒരു യാത്ര ചെയ്ത് ശത്രുവിനെ മറികടന്ന് ദൈവീക സാന്നിധ്യത്തിലേക്ക് പ്രവേശിക്കാം.

## ഒഴുകുന്ന നദി

### (പ്രതിദിന പ്രാർത്ഥനാ സഹായി)

ദൈവസാന്നിധ്യത്തിലേക്കുള്ള യാത്ര

**നിർദ്ദേശങ്ങൾ:**

1. ആദ്യപടിയായി ആദ്യത്തെ ഏഴ് പേജുകൾ വായിക്കുക.

വീണ്ടും അത് മാസത്തിൽ ഒരിക്കലെങ്കിലും ആവർത്തിച്ച് വായിക്കുക.

പ്രതിദിന ധ്യാനം നടത്തുന്നതിനോടൊപ്പം ഇരുപത് മിനിറ്റ് എങ്കിലും ദൈവത്തോടൊപ്പം ചിലവഴിക്കാൻ ശ്രമിക്കുക.

2. സമാഗമനകൂടാരത്തിന്റെ അടുത്തേക്ക് വരുമ്പോൾ നിങ്ങളുടെ മുഖം യേശുവിലും ലോകത്തോട് പിൻതിരിഞ്ഞുമായിരിക്കണം നിൽക്കേണ്ടത്. വിപരീത ദിശയിൽ നിന്നാൽ പരിശുദ്ധാത്മാവ് തന്റെ സാന്നിധ്യത്താൽ നമ്മെ അനുഗ്രഹിക്കയില്ല. (ആത്മീയ വഴി) അപ്പൊസ്തല പ്രവർത്തി 26:18

3. ഓരോ വിഷയം അവസാനിക്കുമ്പോഴും അവിടെ നിർത്തി ആ വിഷയത്തെക്കുറിച്ച് പ്രാർത്ഥനയിൽ ദൈവത്തോട് കൂടെ അല്പ സമയം ചിലവിടുക. ചില വേദഭാഗങ്ങൾ വായിക്കുക. അനുതപിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കുക. ദൈവത്തോടുള്ള കൂട്ടായ്മക്കായി വേർതിരിക്കപ്പെട്ട സമയത്തിൽ നമ്മുടെ സംഭാവനകളിൽ പ്രധാനമായത് അനുതാപം ആണ്.

4. നിർത്തേണ്ട ഭാഗങ്ങളിലെല്ലാം ഒറ്റത്തവണയായി ഇരുപത് മിനിറ്റ് കൊണ്ട് കടന്നു പോകുന്നതാണ് അഭികാമ്യം. എന്നാൽ എല്ലാം കൂടി ഒരുമിച്ച് നേരം കിട്ടിയില്ലെങ്കിലും നിരാശപ്പെടേണ്ടതില്ല. രാവിലെ ആദ്യ പടി പ്രവർത്തിപഥത്തിൽ കൊണ്ടുവരിക. അടുത്തഭാഗം ഉച്ചക്കും. പിന്നീട് നിങ്ങളുടെ സൗകര്യം പോലെ മുന്നോട്ട് പോവുകയോ അടുത്ത ദിവസം തുടരുകയോ ചെയ്യാം. ആത്യന്തികമായി ഈ പ്രക്രിയ ജീവിതത്തിൽ തുടർന്നാൽ സ്വാഭാവികമായി ദൈവീക സാന്നിധ്യത്തിൽ വസിക്കാൻ നിങ്ങൾക്ക് സാധിക്കും.

## പ്രാകാരം

## ആദ്യത്തെ സ്റ്റോപ്പ് : താമ്രയാഗപീഠം-യേശുവിന്റെ ക്രൂശ്

*താമ്രയാഗപീഠം*

**ക്ഷമ**

രക്ത ഉടമ്പടിയിലൂടെ നമ്മുടെ ജീവിതത്തിലെ എല്ലാ തിന്മകളും ഉപേക്ഷിച്ച് ദൈവീക നന്മകളെ സ്വീകരിക്കുകയാണ്. എന്നിരുന്നാലും യേശുവിനെ കർത്താവ് എന്ന് ഏറ്റു പറയാതെ നമുക്ക് പാപക്ഷമ ലഭിക്കയില്ല(റോമർ 10: 9-10).

യേശുവിനോട് വിശ്വസ്തത പാലിക്കാൻ ഇന്നു മുതൽ ആരംഭിക്കുക. 1 യോഹന്നാൻ 1:9 ൽ ഇപ്രകാരം പറയുന്നു. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു".

ക്രൂശ് വഹിക്കുക എന്നതിന്റെ ഏറ്റവും പ്രധാന ഭാഗം ദൈവത്തോട് അങ്ങേയറ്റം വിശ്വസ്തരായിരിക്കുക എന്നതാണ്. നിങ്ങളുടെ എല്ലാ പ്രവർത്തികളും സുതാര്യമായിരിക്കുകയും, ദൈവത്തോട് പറയുകയും വേണം. നിങ്ങളുടെ ഏറ്റവുമടുത്ത സ്നേഹിതനോടെന്നപോലെ ദൈവ സന്നിധിയിൽ നിങ്ങളുടെ ഹൃദയം ഉപകരണം. 1 യോഹന്നാൻ 1:7 ൽ ഇങ്ങനെ പറയുന്നു "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു". യോഹന്നാൻ 3:19 ൽ യേശു പറയുന്നത് ശ്രദ്ധിക്കുക "ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവർത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചത് തന്നേ". യേശു നമ്മുടെ ഒഴികഴിവുകൾക്ക് വേണ്ടിയല്ല നമ്മുടെ പാപത്തിന് വേണ്ടിയാണ് മരിച്ചത്.

**ബന്ധങ്ങൾ സ്ഥാപിക്കാനുള്ള പരിശീലനവും വൈദഗ്ദ്യവും**

യേശു ക്രിസ്തുവുമായി ആധികാരികമായ ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് അത്യാവശ്യം വേണ്ട അച്ചടക്ക നടപടികളെ കുറിച്ചാണ് ഇവിടെ പറയുന്നത്. ദൈവത്തെ അടുത്തറിയേണ്ടതിനും അവനോട് അനുരൂപമായി തീരേണ്ടതിനും നിങ്ങളുടെ ജീവിതത്തെ അച്ചടക്കത്തോടെ ക്രമപ്പെടുത്തേണമെന്ന് ദൈവം നിങ്ങളോടാവശ്യപ്പെടുന്നു. ഇങ്ങനെ ചെയ്യുമ്പോഴാണ് രക്ത ഉടമ്പടിയുടെ അനുഗ്രഹങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്ക് പ്രവഹിക്കുന്നത്.

1. ദൈവവുമായുള്ള ബന്ധത്തിൽ തുടരേണ്ടതിന് ശക്തമായ ഒരു തീരുമാനം എടുക്കുക. നിങ്ങളെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുക (റോമ 12: 1,2). ദൈവം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന മഹത്തായ രക്ത ഉടമ്പടിയോട് നാം കാണിക്കേണ്ട പ്രതികരണമാണിത്.

2. ശ്രദ്ധിക്കാൻ സമയം ചിലവിടുക. ദൈവവചനത്തിന് ചെവികൊടുക്കുക. വചനം രക്ത ഉടമ്പടിയുടെ സംഭരണികളാണ്. നിങ്ങൾ എപ്പോഴും വചന പഠനത്തിലോ അതുപോലുള്ള മറ്റുകാര്യങ്ങളിലോ വ്യാപൃതരാകണം. പരിശുദ്ധാത്മാവിനോട് നിങ്ങൾക്കത് വെളിപ്പെടുത്തിത്തരാൻ അപേക്ഷിക്കുക.

3. ദൈവത്തോട് സംസാരിക്കുക. നിങ്ങൾക്ക് പറയാനുള്ളത് ദൈവത്തോട് തുറന്നു പറയുക. നിങ്ങളുടെ ചിന്തകളും അനുഭവങ്ങളും എഴുതിയെടുത്ത് സൂക്ഷിക്കുന്നത് പിന്നീട് പ്രയോജനമായി ഭവിച്ചേക്കാം. നിങ്ങൾ ദൈവത്തോടൊപ്പം സത്യസന്ധമായി നിങ്ങളുടെ സമയം ചിലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ തീർച്ചയായും നിങ്ങളുടെ ചിന്തകളും, അനുഭവങ്ങളും എഴുതിവെയ്ക്കണം. ദൈവം നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾക്ക് ക്രമേണ കാണാൻ സാധിക്കും. നാം അങ്ങേയറ്റം സത്യസന്ധത പാലിക്കുക. രക്ത ഉടമ്പടിയുടെ പങ്കാളിയായ യേശുവിനോട് വിശ്വസ്തത പാലിക്കുമ്പോൾ നിങ്ങളുടെ പാപങ്ങൾ അവൻ വഹിക്കും. അങ്ങേയറ്റം വിശ്വസ്തത പാലിക്കാതെ നിങ്ങൾക്ക് ഒരു ബന്ധനത്തെയും അതിജീവിക്കാൻ സാധിക്കുകയില്ല.

4. ദൈവവചനം പറയുക. സങ്കീർത്തനവും സദൃശ്യവാക്യങ്ങളും എല്ലാ ദിവസവും വായിക്കുക. അഞ്ചു സങ്കീർത്തനം എല്ലാ ദിവസവും രാവിലെ ഉച്ചത്തിൽ വായിക്കുക. അതിനൊരു പ്രത്യേക കലണ്ടർ രൂപപ്പെടുത്തുക. ഉദാഹരണമായി മാസത്തിന്റെ 24-ാം തീയതിയിൽ സങ്കീർത്തനം 24,54,84,114,144 എന്നിങ്ങനെ വായിക്കുക. ഈ രീതിയിൽ എല്ലാ സങ്കീർത്തനവും സദൃശ്യവാക്യവും ഒരാൾക്ക് ഒരു മാസംകൊണ്ട് വായിച്ചു തീർക്കാം. ഈ രീതി ഉപയോഗിക്കുന്നതിലൂടെ മനസ് പുതുക്കപ്പെടുകയും ആവശ്യസന്ദർഭങ്ങളിൽ വചനഭാഗങ്ങൾ ഉപയോഗിച്ച് സാത്താനെ നേരിടാനും സാധിക്കും. കഷ്ടതയിലൂടെ കടന്നു

പോകുന്ന വിശ്വാസിക്ക് സങ്കീർത്തനക്കാരന്റെ അനുഭവങ്ങൾ തങ്ങളുടേതിനോട് ചേർത്ത് ചിന്തിക്കാനും, ആശ്വാസം പ്രാപിക്കാനും സാധിക്കും. 31 ദിവസങ്ങൾ ഉള്ള മാസങ്ങൾക്കും 119-ാം സങ്കീർത്തനത്തിനുമൊക്കെ മറ്റെന്തിലും സംവിധാനം ഇതോടു ചേർത്ത് ഉണ്ടാക്കുവാൻ ശ്രദ്ധിക്കണം. വായന പുരോഗമിക്കുമ്പോൾ ഉച്ചത്തിൽ വായിക്കേണ്ടുന്ന മറ്റു ചില വേദഭാഗങ്ങളിലേക്ക് ദൈവം നിങ്ങളെ നയിക്കും. ഇതൊരു നല്ല തുടക്കവും, ആയുഷ്കാലം മുഴുവൻ അനുഗ്രഹകാരണവുമായിരിക്കും.

5. ദൈവത്തെ അനുസരിക്കുക. ഓരോ ദിവസവും ദൈവത്തെ അനുസരിക്കാനുള്ള ചെറിയ ചെറിയ കാര്യങ്ങൾ ദൈവത്തോട് ആവശ്യപ്പെടാം. അത് മറ്റുള്ളവർക്ക് പ്രോത്സാഹജനകമായ കാര്യങ്ങൾ ആയിരിക്കണം. നിങ്ങൾക്ക് ഇഷ്ടപ്പെടുന്ന ഒരു വഴിയിലൂടെ എല്ലാ ദിവസവും യാത്രചെയ്യുന്നതു പോലെയുള്ള കാര്യമല്ലിത്. ദൈവത്തോട് നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നതും അനുസരണത്തിന്റെ ഭാഗമാണ്. ഇതൊരു വലിയ കാര്യമാണ്.

യോഹ14: 21-23 വാക്യങ്ങളിൽ പറയുന്നത്, നാം ദൈവവചനം അനുസരിക്കുമ്പോൾ ദൈവം തന്നെത്തന്നെ നമുക്ക് കൂടുതലായി വെളിപ്പെടുത്തിത്തരും എന്നതാണ്. നിങ്ങൾ ഒരിക്കൽ യേശുവിനെ കണ്ടുമുട്ടിക്കഴിഞ്ഞാൽ നിങ്ങളും യേശുവുമായുള്ള ബന്ധം ഒരു അച്ചടക്ക നടപടിയുടെ ഭാഗമായിരിക്കില്ല. അത് വികാരപരമായ ഒരു തുടർബന്ധമായി മാറും. അപ്പോസ്തലനായ പൗലോസിന് ഈ ആത്മബന്ധം ഉണ്ടായിരുന്നുവെന്ന് ഫിലി 3:10 ൽ കാണുന്നു. (എന്റെ ആഴമായ തീരുമാനത്തിന്റെ ലക്ഷ്യം) അതായത്, ഞാനവനെ അറിയുമ്പോൾ (ഞാനവനെ ആഴമായി അറിയുകയും ദൃഢമായ ബന്ധം സ്ഥാപിക്കുകയും ചെയ്യും തോറും അവന്റെ വ്യക്തിത്വത്തിന്റെ മഹത്വം കൂടുതൽ വ്യക്തമായി തിരിച്ചറിയാനും മനസിലാക്കാനും എനിക്ക് സാധിക്കുന്നു.) അതേ രീതിയിൽ തന്നെ അവന്റെ പുനരുത്ഥാനത്തിന്റെ ശക്തി അനുഭവിച്ചറിയാൻ എനിക്ക് സാധിക്കും. അവന്റെ കഷ്ടതകളിൽ തുടർച്ചയായി പങ്കാളിയാകുമ്പോൾ ആത്മാവിൽ അവനോടും അവന്റെ മരണത്തോടും (പ്രത്യാശയിലും)ഏകീഭവിക്കുന്നു.

7. കൂട്ടായ്മയിൽ തുടരുക. വചനത്തിൽ അടിസ്ഥാനമുള്ള, ആത്മ നിറവുള്ള ഒരു കൂട്ടായ്മയിൽ തുടരേണ്ടത് നമ്മുടെ ആത്മീയ നവോത്ഥാനത്തിനും ധൈര്യത്തിനും നിലനിൽപ്പിനും അനിവാര്യമാണ്.

**സ്നേഹത്തിൽ നടക്കുക. പരാജയപ്പെടുമ്പോൾ ശുദ്ധീകരണത്തിനായി ദൈവസന്നിധിയിലേക്ക് ഓടി ചെല്ലുക**

ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റേയും പ്രമാണത്തിൽ നിന്ന് ക്രിസ്തു യേശുവിൽ സ്വാതന്ത്ര്യം

വരുത്തിയിരിക്കുന്നു (റോമ 8:2). ദൈവത്തോട് അഭിമുഖമായി, വിശ്വസ്തരായി നിൽക്കുകയാണെങ്കിൽ നമ്മുടെ തെറ്റുകളിലും വീഴ്ചകളിലും അവൻ നമ്മെ കരുതും.

ഒഴുകുന്ന നദിയുടെ അനുബന്ധം 'F' ൽ കൊടുത്തിരിക്കുന്നത് വായിച്ച് നിങ്ങളെ തന്നെ സത്യസന്ധമായി വിശകലനം നടത്തുക. എണ്ണപ്പെട്ട പാപങ്ങളൊന്നും നമ്മുടെ ജീവിതത്തിൽ ഇല്ലെങ്കിലും ഗലാ 2:20, 2 കൊരി 5:21 എന്നീ വാക്യങ്ങൾ പ്രകാരം ഏറ്റുപറയുക

## അനുബന്ധം F

## ഒരു ആത്മീയ പരിശോധന

- സ്നേഹം– നിബന്ധനകളില്ലാത്ത ദൈവീക സ്നേഹത്തോടെയാണോ നിങ്ങൾ മറ്റുള്ളവരുമായി ഇടപെടുന്നത്?
- സ്വാർത്ഥത : നമ്മുടെ ആവശ്യങ്ങളെക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക. സ്നേഹം മറ്റുള്ളവരുടെ നന്മയെ കാംക്ഷിക്കുന്നു. നിങ്ങൾ നിങ്ങളെക്കുറിച്ച് തന്നെ കൂടുതൽ താൽപ്പര്യമുള്ളവരാണോ? നിങ്ങൾക്ക് എങ്ങനെ തോന്നുന്നു?
- മോഷണം– നിങ്ങളുടേതല്ലാത്ത പണമോ സാധനങ്ങളോ എപ്പോഴെങ്കിലും മോഷ്ടിച്ചിട്ടുള്ളതായി ഓർമ്മവരുന്നുണ്ടോ?
- വഞ്ചന– ആരിൽ നിന്നെങ്കിലും വഞ്ചനാ പൂർണ്ണമായ അനുഭവങ്ങൾ നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ?

നുണ പറയുക– വഞ്ചനയുടെ മറ്റൊരു രൂപമാണിത്.

- അപവാദം– മറ്റുള്ളവരെക്കുറിച്ച് ദോഷം സംസാരിക്കുക. അപവാദം പറയാൻ കള്ളം പറയണമെന്നില്ല. എപ്പോഴെങ്കിലും നിങ്ങൾ മറ്റുള്ളവരെ കുറിച്ച് സ്നേഹമില്ലാതെ സംസാരിച്ചിട്ടുണ്ടോ?
- അധാർമ്മികത– നേരായ മാർഗത്തിൽ പൂർത്തികരിക്കാനാവാത്ത മോഹങ്ങളെക്കുറിച്ചുള്ള കുറ്റബോധം നിങ്ങൾക്കുണ്ടോ?

ലൈംഗീക ദുശീലം, നിങ്ങളുടെ ശരീരത്തിനെതിരായ അശുദ്ധി, മദ്യപാനാസക്തി, മയക്കുമരുന്ന് ഉപയോഗം, ആഭിചാരം, ചീത്തവാക്കുകൾ, അനാവശ്യസംസാരങ്ങൾ, വൃത്തികെട്ടതും വിഢിത്ത പൂർണവുമായ വാക്കുകൾ, എന്നിവ ഈ കൂട്ടത്തിൽ പെടും.

- അസൂയ– മറ്റുള്ളവരുടെ പരാജയങ്ങളെക്കുറിച്ചുള്ള സംസാരങ്ങൾക്ക് പിന്നിൽ എപ്പോഴും അസൂയാണ് പതിയിരിക്കുന്നത്.
- നന്ദികേട്– മറ്റുള്ളവർ നിങ്ങൾക്ക് നന്മചെയ്തിട്ട് നിങ്ങൾ നന്ദിയില്ലാത്തവരായി എത്രയോ തവണ അത് മറന്നുകളഞ്ഞു?
- കോപം– നിങ്ങൾ കോപിഷ്ഠനാണോ?
- ശപിക്കുക– നിങ്ങൾ ശാപവാക്കുകൾ ഉപയോഗിക്കാറുണ്ടോ?

● ആവശ്യമില്ലാത്ത നിസാര സംഭാഷണം- ഒരു വിഢിയേപ്പോലെ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. നേരംപോക്കിനായുള്ള വിലകുറഞ്ഞ തമാശകൾ നമ്മുടെ ജീവിതത്തിന്റെ പവിത്രതയെയും നിലവാരത്തെയും നശിപ്പിക്കും. നാം നമുക്കറിയാവുന്ന ചെറിയ ജനവിഭാഗത്തെക്കുറിച്ചോ, രാഷ്ട്രീയക്കാരെക്കുറിച്ചോ, രാജ്യത്തെ ഏതെങ്കിലും ഭൂപ്രദേശത്തക്കുറിച്ചോ പരിഹസിച്ച് സംസാരിക്കാറുണ്ടോ? വിശുദ്ധിയുടെ പ്രമാണത്തിൽ ഇത്തരം തമാശകൾക്ക് യാതൊരു സ്ഥാനവുമില്ല.

● പരുഷത- തിന്മക്ക് പകരം തിരിച്ചടി നൽകുകയോ, പിറുപിറുയോ ചെയ്യാറുണ്ടോ?

● ശീലങ്ങൾ- ആവശ്യത്തിലധികം ഭക്ഷണം കഴിക്കുന്നുണ്ടോ? നിങ്ങളുടെ ഭക്ഷണ ശീലങ്ങൾ എപ്രകാരമാണ് ?

● അർത്ഥമനസ്സോടെ കാര്യങ്ങൾ ചെയ്യുന്നത്- ഉത്തരവാദിത്വങ്ങളിൽ നിന്ന് മനപ്പൂർവ്വം ഒഴിഞ്ഞുമാറിയ സന്ദർഭങ്ങൾ ഓർത്തെടുക്കാൻ സാധിക്കുന്നുണ്ടോ?

● വിഘ്നം വരുത്തുക- മറ്റുള്ളവർക്ക് നിങ്ങളിലുള്ള വിശ്വാസത്തെ തകർത്തുകളയുന്ന എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ? നിങ്ങളിൽ മറ്റുള്ളവർക്കുള്ള ഉറച്ച വിശ്വാസത്തെ ഒറ്റികൊടുത്തിട്ടുണ്ടോ?

● കാപട്യം- യേശുവും സുവിശേഷവും വെറും നുണയാണെന്ന് മറ്റുള്ളവരെക്കൊണ്ട് പറയിപ്പിക്കുന്ന രീതിയിൽ നിങ്ങൾ ജീവിക്കുന്നുണ്ടോ?

● പ്രതിജ്ഞാ ലംഘനം- ദൈവസന്നിധിയിൽ എടുത്ത തീരുമാനങ്ങൾ എപ്പോഴെങ്കിലും ലംഘിച്ചിട്ടുണ്ടോ?

● ക്ഷമിക്കാതിരിക്കൽ- ശത്രുവനോടോ സുഹൃത്തിനോടോ ആരോടെങ്കിലും മനസ്സിൽ പക സൂക്ഷിക്കുന്നുണ്ടോ?

● വിഭാഗീയത- ഗ്രൂപ്പുകൾ സൃഷ്ടിക്കുക, പാർട്ടിസ്പിരിറ്റ്

● ധൂർത്ത് നിറഞ്ഞ ജീവിതം- അത്യാർത്തി ഷോപ്പിങ്ങിനായി ആവശ്യത്തിലധികം ചിലവഴിക്കുന്നതും, സമയം നഷ്ടമാക്കുന്നതും ഭർത്താവ്, ഭാര്യ, കുഞ്ഞുങ്ങൾ, മാതാപിതാക്കൾ എന്നിവർ തമ്മിൽ സ്നേഹവും ബഹുമാനവും ഇല്ലാത്ത പെരുമാറ്റം.

● തൃപ്തിയില്ലായ്മ- മറ്റുള്ളവർക്ക് ഉള്ളതിലും നമുക്ക് ഇല്ലാത്തതിലുമുള്ള അസൂയ

● പണത്തോടുള്ള അനുരാഗം- ഒരു രൂപപോലും കയ്യിൽ ഇല്ലാത്തവനും പണത്തോടുള്ള സ്നേഹം ഉണ്ടാകാം.

● വിഗ്രഹാരാധന- ദൈവത്തേക്കാൾ ഉപരി നിങ്ങളുടെ ജീവിത

ത്തിൽ ഉണ്ടാകുന്ന ഏത് ആഗ്രഹവും വിഗ്രഹാരാധനയാണ്.

● സ്പർദ്ധ- സ്പർദ്ധ വർധിപ്പിച്ച് നിങ്ങൾ അനാവശ്യ സംസാരങ്ങൾക്ക് ഇടകൊടുക്കാറുണ്ടോ?

● മന്ത്രവാദം- നിങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി മറ്റുള്ളവരെ ഉപയോഗിച്ച് ചെയ്യുന്നത്.

● അധികാരങ്ങൾക്കെതിരെയുള്ള മത്സര മനോഭാവം.

ഉദാ. മേലധികാരി, അദ്ധ്യാപകർ, മാതാപിതാക്കൾ, ആത്മീയ നേതൃത്വം.

● ലോകസ്നേഹം- കണ്ണുകൊണ്ടുള്ള പാപമാണ് വിവക്ഷ. നിങ്ങൾ വായിക്കുകയും കാണുകയും ചെയ്യുന്നത് എന്താണ്?

● ജഡത്തിന്റെ മോഹങ്ങൾ- നിങ്ങളുടെ ആഗ്രഹം എന്തിനോടാണ്?

● അഹങ്കാരം- ദൈവത്തെ കൂടാതെ നിങ്ങളുടെ ജീവിതത്തിലെ ഏത് കാര്യം കൈകാര്യം ചെയ്യാമെന്നാണ് നിങ്ങൾ കരുതുന്നത്? നിങ്ങളുടെ യഥാർത്ഥ അവസ്ഥയെക്കാളുപരിയാണ് നിങ്ങളെന്ന് നടിക്കരുത്.

● അഹന്ത മറ്റെല്ലാറ്റിനെക്കാളും വലിയ പാപമാണ്. നിങ്ങളുടെ ജീവിതത്തിന്റെ ഈ ഭാഗങ്ങളെ ഒന്ന് പരിശോധിക്കുക.

● നിങ്ങൾ മറ്റുള്ളവരുടെ പരാജയത്തെ മാത്രം ലക്ഷ്യമാക്കുന്നവരാണോ അതോ നിങ്ങളുടെ ജീവിതത്തിലെ ആത്മീയ ആവശ്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കാറുണ്ടോ?

● നിങ്ങൾ സ്വയം നീതീകരിക്കുന്നവരും വിമർശിക്കുന്നവരുമാണോ അതോ ക്ഷമയും, ദയയുമുള്ളവരും, മറ്റുള്ളവരുടെ നന്മ കാംക്ഷിക്കുന്നവരുമാണോ?

● നിങ്ങൾ മറ്റുള്ളവരെ നിന്ദിക്കുന്നവരാണോ അതോ മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരെന്നെണ്ണി ബഹുമാനിക്കുമോ?

● നിങ്ങൾ തന്നിഷ്ടക്കാരും, സ്വയം എല്ലാറ്റിനും പോന്നവരാണന്നും ചിന്തിക്കാറുണ്ടോ? അതോ മറ്റുള്ളവർക്ക് നമ്മളെക്കൊണ്ട് ആവശ്യമുണ്ടെന്ന് മനസ്സിലാക്കാൻ ശ്രമിക്കാറുണ്ടോ?

● സ്വയ നിയന്ത്രണങ്ങൾക്ക് ഏൽപ്പിച്ച് കൊടുക്കാറുണ്ടോ? അതോ കീഴടങ്ങുമോ?

● നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ശരിയാണെന്ന് സമർത്ഥിക്കാൻ ശ്രമിക്കുമോ അതോ ശരിയായ കാര്യം സമ്മതിക്കാൻ തയ്യാറാകുമോ?

●എല്ലാം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാവാണോ നൽകാനുള്ള ആത്മാവാണോ നിങ്ങളിൽ ഉള്ളത്?

● നമ്മെ മറ്റുള്ളവർ സേവിക്കണമെന്നാണോ നമ്മുടെ ആഗ്രഹം അതോ മറ്റുള്ളവരെ സേവിക്കാൻ നാം തയ്യാറാകുമോ?

● നിങ്ങൾ മാത്രം ജയിക്കാൻ നിങ്ങൾ ആഗ്രഹിക്കുമോ അതോ മറ്റുള്ളവരുടെ ജയത്തിൽ നിങ്ങൾ സന്തോഷിക്കുമോ?

● നിങ്ങൾക്ക് മാത്രം അംഗീകാരം ലഭിക്കണമെന്ന് ആഗ്രഹിക്കുമോ അതോ മറ്റുള്ളവർക്ക് ലഭിച്ച അംഗീകാരത്തിൽ സന്തോഷിക്കുമോ?

● നിങ്ങൾക്കുള്ള അറിവിനെക്കുറിച്ച് അഹങ്കാരിയായി തീരുമോ അതോ ഇനിയും ഏറെ പഠിക്കാനുണ്ട് എന്ന തിരിച്ചറിവിൽ നിങ്ങളെത്തന്നെ വിനയപ്പെടുത്തുമോ?

● നിങ്ങളെക്കുറിച്ച് സ്വയ അവബോധം ഉള്ളവരാണോ? അതോ തീരെ ശ്രദ്ധയില്ലാത്തവരാണോ?

● നിങ്ങൾ മറ്റുള്ളവരെ ഒരു കൈ അകലത്തിൽ നിർത്തുന്നവരാണോ അതോ അവരുമായി അടുത്ത ബന്ധം സ്ഥാപിക്കാനുള്ള മുൻകൈ എടുക്കാൻ തയ്യാറാണോ? ആഴമായി സ്നേഹിക്കുക എന്ന സാഹസപ്രവൃത്തിക്ക് നിങ്ങൾ തയ്യാറാണോ?

● നമ്മുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുമോ അതോ മറ്റുള്ളവരെ പഴിചാരി രക്ഷപെടാൻ തിടുക്കം കാണിക്കുമോ?

● മറ്റൊരാൾക്ക് നിങ്ങളെ സമീപിക്കുക എന്നത് വളരെ പ്രയാസമേറിയ കാര്യമാണോ അതോ വളരെ എളുപ്പമാണോ?

● വിമർശനങ്ങളോട് എതിർത്ത് നിൽക്കുമോ അതോ തുറന്ന മനസ്സോടെ, താഴ്മയോടെ അത് സ്വീകരിക്കുമോ?

● ഒരു യഥാർത്ഥ മനുഷ്യനായി ജീവിക്കുന്നതിനെക്കുറിച്ചും, ബഹുമാനിക്കപ്പെടുന്നതിനെക്കുറിച്ചും നിങ്ങൾ ശ്രദ്ധയുള്ളവനാണോ?

● ദൈവം നമ്മെക്കുറിച്ച് എന്ത് ചിന്തിക്കുന്നുവെന്നും മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു കരുതുമെന്നും നാം ശ്രദ്ധാലുക്കളാണോ?

● നിങ്ങളുടെ പ്രതിഛായ നന്നാക്കാൻ ശ്രമിക്കാറുണ്ടോ അതോ സൽപ്പേരിന് വേണ്ടി മരണം വരിക്കാൻ തയ്യാറാകുമോ?

● നിങ്ങളുടെ ആത്മീയ ആവശ്യങ്ങളെക്കുറിച്ച് മറ്റുള്ളവരോട് പങ്കുവയ്ക്കാൻ നിങ്ങൾക്ക് പ്രയാസമുണ്ടോ? തുറന്ന മനസ്സും, സുതാര്യതയും ഉള്ളവരായിരിക്കാൻ നിങ്ങൾ തയ്യാറാണോ?

● നിങ്ങൾ തെറ്റുകളെ മറച്ചുവെയ്ക്കാൻ ശ്രമിക്കുന്നവരാണോ അതോ തെറ്റു ചൂണ്ടിക്കാണിക്കപ്പെട്ടാൽ അതിന ഏറ്റുപറയാൻ തയ്യാറുള്ളവരാണോ?

● എനിക്ക് തെറ്റിപ്പോയി. നിങ്ങൾ എന്നോട് ക്ഷമിക്കുമോ? എന്ന് ചോദിക്കേണ്ട ദുഃഖകരമായ സാഹചര്യം നിങ്ങളുടെ ജീവിതത്തിൽ

ഉണ്ടായിട്ടുണ്ടോ?

● തെറ്റുകളെക്കുറിച്ച് അനുതപിക്കുമ്പോൾ പൊതുവായ ഒരു കുറ്റ സമ്മതം നടത്തുകയാണോ പതിവ് അതോ സംഭവിച്ച തെറ്റുകൾ പ്രത്യേകമായി ഏറ്റുപറയുമോ?

● പാപത്തിൽ പിടിക്കപ്പെട്ടാൽ അതിനെക്കുറിച്ച് പശ്ചാത്തപിച്ച് ദുഃഖത്തോടെ എത്രയും വേഗം ദൈവമുമ്പാകെ ഏറ്റുപറയുമോ?

● എപ്പോഴെങ്കിലും ഒരു തെറ്റിദ്ധാരണയോ വഴക്കോ ഉണ്ടായാൽ അവർ വന്ന് നിങ്ങളോട് ക്ഷമ പറയാൻ കാത്തു നിൽക്കുമോ അതോ വഴക്ക് തീർക്കാൻ നിങ്ങൾ മുൻകൈ എടുക്കുമോ?

● നിങ്ങൾ സ്വയം മറ്റുള്ളവരുമായി താരതമ്യം ചെയ്ത് അവരെക്കാൾ ശ്രേഷ്ഠനാണ് ഞാൻ എന്ന് ചിന്തിക്കുമോ അതോ വിശുദ്ധനായ ദൈവത്തോട് തുലനം ചെയ്യുമ്പോൾ അവന്റെ കരുണ നമുക്ക് ഏറ്റവും അത്യാവശ്യമാണെന്ന് മനസ്സിലാക്കുമോ?

● അനുതപിക്കാൻ എന്റെ ജീവിതത്തിൽ തെറ്റുകളൊന്നും സംഭവിച്ചിട്ടില്ല എന്ന് ചിന്തിക്കുന്നവരാണോ നിങ്ങൾ അതോ പശ്ചാത്താപവും അനുതാപവും ജീവിതത്തിൽ അനുദിന പ്രക്രിയ ആണമെന്ന മനോഭാവം ഉള്ളവരാണോ?

● മറ്റുള്ളവർക്കെല്ലാം ഒരു ഉണർവ്വ് ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കാറുണ്ടോ അതോ പരിശുദ്ധാത്മ നിറവ് അനുദിന ജീവിതത്തിൽ അത്യന്താപേക്ഷിതമാണ് എന്ന് സ്വയം മനസ്സിലാക്കിയിട്ടുണ്ടോ?

● ഒരു പുതിയ വിശ്വാസിയെ കാണുമ്പോൾ നിങ്ങൾക്ക് അഭിമാനം തോന്നാറുണ്ടോ? അവന്റെ/അവളുടെ തീഷ്ണതയിൽ നിങ്ങൾക്ക് സന്തോഷം അനുഭവപ്പെടാറുണ്ടോ? അവരിൽ നിന്ന് ചിലത് പഠിക്കാൻ നിങ്ങൾ തയ്യാറാണോ?

● നിങ്ങളെക്കാൾ പക്വതയുള്ള ഒരു വിശ്വാസിയെ കാണുമ്പോൾ നിങ്ങൾക്ക് ഈർഷ്യ തോന്നുമോ അതോ അവരിൽ നിന്ന് ചിലത് പഠിക്കാനുള്ള ദാഹം ഉണ്ടാകുമോ?

**ശസ്ത്രക്രിയ ആവശ്യമാണോ?**

പരിശുദ്ധാത്മാവ് നമ്മുടെ പാപത്തെ ചൂണ്ടിക്കാണിച്ച് കഴിഞ്ഞാൽ നാം ആദ്യം കണ്ടുമുട്ടിയ സ്ഥലത്തേക്ക് മടങ്ങിച്ചെല്ലണം. അത് യേശുവിന്റെ ക്രൂശിങ്കലാണ്. അവിടെ നമ്മുടെ പാപത്തിന്റ ശിക്ഷയായി ഒരിക്കലായി ക്രൂശിക്കപ്പെട്ട യേശുവിനെ  കാണാം.

ക്രൂശിൽ തകർക്കപ്പെട്ട യേശുവിന്റെ ശരീരത്തിൽ നിന്നുള്ള രക്തതുള്ളികൾ ഇറ്റിറ്റു വീഴുന്ന കാഴ്ച നമുക്കേൽപ്പിക്കുന്ന ആഘാതം വലുതായിരിക്കും. ദൈവീക ന്യായവിധിയുടെ ഭീകരത നമ്മുടെ വേദന

യായി മാറും. ദൈവത്തിന്റെ കോപവും, നാമനുഭവിക്കേണ്ട ന്യായവിധിയുമാണ് ക്രൂശിൽ യേശുവിന്റെ മേൽ ചുമത്തപ്പെട്ടത് എന്ന് നാം മനസ്സിലാക്കണം.

അവിടെ യേശു നമ്മെ കാത്തിരിക്കയാണ്. നമ്മെ പരിഹസിക്കാനല്ല മറിച്ച് നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിക്കാൻ നാം ക്രൂശിങ്കലേക്ക് ചെന്നതിൽ അവൻ സന്തുഷ്ടനാണ്. ചില ക്രിസ്ത്യാനികൾ തങ്ങളുടെ പാപത്തിന്റെ കുറ്റബോധവും, നാണക്കേടും കാരണം ദൈവത്തിൽ നിന്ന് ഓടിയൊളിക്കാറുണ്ട്. മുമ്പ് ചെയ്ത പാപങ്ങളും, പിഴവുകളും, തെറ്റായ തീരുമാനങ്ങളും ഇടക്കിടെ പരിശോധിക്കാതിരുന്നാൽ നമ്മിൽ ദൈവസാന്നിധ്യം കടന്നുവരുന്നതിന് തടസ്സമാകും.

പഴയ തെറ്റുകൾ ആവർത്തിക്കാതിരിക്കത്തക്കവണ്ണം നിങ്ങൾ വളർച്ച പ്രാപിക്കണമെന്നും പഠിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. പാപത്തിന്റെ കുറ്റബോധവും ലജ്ജയുമില്ലാതെ നിങ്ങളെ ദൈവസാന്നിധ്യത്തിലേക്ക് നയിക്കുക എന്നതും ദൈവത്തിന് ഏറ്റവും പ്രധാനമായ വിഷയമാണ്. എല്ലാ ബന്ധനങ്ങളിൽ നിന്നും സ്വതന്ത്രരായി ദൈവത്തെ മഹത്വപ്പെടുത്താനുള്ള ഏക വഴി ഇത് മാത്രമാണ്. റോമർ 8:1–2 വാക്യങ്ങളിൽ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം നിശ്ചയമായി ഉണ്ടെന്ന് പറയുന്നു. നിങ്ങൾ വിതയ്ക്കുന്നത് തന്നേ കൊയ്യും. വിതയുടെയും കൊയ്ത്തിന്റെയും പ്രമാണം നിശ്ചയമായും നല്ല വിത്തിന് മാത്രം ബാധകമാണ്. മോശം വിത്തിന് പരിഹാരം ഉണ്ട്. ആ പരിഹാരം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തെ ശൂന്യമാക്കിക്കളയുന്ന പരിശുദ്ധാത്മാവിലുള്ള ജീവന്റെ പ്രമാണമാണ്.

“അതുകൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തു യേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാതിരുന്നതിനെ സാധിക്കുവാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ പാപം നിമിത്തവും അയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന് തന്നേ(റോമർ 8:1–4)

പാപത്തിന് ദൈവം ഒരുക്കിയിരിക്കുന്ന പരിഹാരം ക്രൂശിലേക്ക്, വിശുദ്ധരിൽ അതിവിശുദ്ധനായ ദൈവത്തിന്റെ സാന്നിധ്യത്തിലേക്ക് വരിക എന്നതാണ്. അവന്റെ സ്വഭാവം നമ്മുടെ സ്വഭാവത്തിന്മേൽ കവിഞ്ഞൊഴുകുവാൻ അവനെ അനുവദിക്കുക. നമ്മുടെ പാപത്തിന്റെ മേൽ ദൈവീക വിശുദ്ധി നിറയപ്പെടും. ഇതു മാത്രമാണ് ഏകവഴി. എന്നാൽ നമുക്ക് തനിയെ ഇത് ചെയ്യാൻ കഴിയില്ല. ഇതൊരു സ്ഥലം മാറ്റത്തിന്റെ

പ്രക്രിയയാണ്. ദൈവത്തിന്റെ വിശുദ്ധിയും സ്നേഹവും നമ്മിൽ കവിഞ്ഞൊഴുകുമ്പോൾ പാപത്തെ നാം എടുത്തു മാറ്റേണ്ടതില്ല. അത് തനിയെ വിട്ടു പോകും. ഈ പ്രക്രിയ വീണ്ടും വീണ്ടും ആവർത്തിക്കേണ്ടി വന്നാലും നിരാശപ്പെടരുത്. ദൈവം നമ്മെ പരിഹസിക്കുന്നവനല്ല. എന്നാൽ സാത്താൻ പരിഹാസിയാണ് താനും. നിങ്ങൾ എത്ര തവണ മടങ്ങി വന്നാലും ദൈവം നിങ്ങളെ സ്വീകരിക്കും. എന്നാൽ മടങ്ങിവരാതിരുന്നാൽ ദൈവം ദുഃഖിക്കും.

***യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ നടക്കുക***

നിങ്ങളുടെ സ്വയവഞ്ചനയുടെ മുഖംമൂടി മാറ്റി പാപത്തിന്റെ യാഥാർത്ഥ്യം തിരിച്ചറിയുക. ഹൃദയപൂർവ്വം അതിൽ നിന്ന് പിൻമാറുക. അതിനെതിരായ ദൈവീക സഹായം തേടുക. ആ പാപത്തിലേക്ക് ഇനിയൊരിക്കലും ഒരു മടങ്ങിപ്പോക്കില്ലെന്ന് ഹൃദയത്തിൽ നിശ്ചയിച്ച് ഉറപ്പിക്കുക.

**ഏറ്റുപറച്ചിൽ:**

“നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു”(1 യോഹന്നാൻ 1:9). “യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു. ദീർഘക്ഷമയും മഹാദയയും ഉള്ളവൻ  തന്നേ. അവൻ എല്ലായ്പ്പോഴും ഭത്സിക്കയില്ല എന്നേക്കും കോപം സംഗ്രഹിക്കയുമില്ല. അവൻ നമ്മുടെ പാപങ്ങൾക്ക് ഒത്തവണ്ണം നമ്മോട് ചെയ്യുന്നില്ല. നമ്മുടെ അകൃത്യങ്ങൾക്ക് ഒത്തവണ്ണം നമ്മോട് പകരം ചെയ്യുന്നതുമില്ല. ആകാശം ഭൂമിക്ക് മീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോട് വലുതായിരിക്കുന്നു. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നത് പോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു” (സങ്കീർത്തനം 103: 8-12).

*മാപ്പ് തേടുന്നതും ക്ഷമിക്കപ്പെടുന്നതും ഒരേ കാര്യമല്ല.* മാപ്പ് ലഭിക്കുക (forgiveness) എന്നത് ഒരു സർജൻ ക്യാൻസർ വന്ന ഭാഗങ്ങളെ മുറിച്ച് മാറ്റുന്നത് പോലെ പാപത്തെ നിശേഷം നീക്കിക്കളഞ്ഞ് ക്രൂശിൽ നമുക്ക് വേണ്ടി തകർക്കപ്പെട്ട യേശുവിൽ അർപ്പിക്കുന്നതാണ്. എന്നാൽ ഒരു വ്യക്തി നമ്മോടൊരു തെറ്റു ചെയ്താൽ നാമത് വിട്ടുകളയാറില്ല. അതു തെറ്റാണ്. നാം അത് മനപ്പൂർവ്വമായി ക്ഷമിക്കയും, ആ വ്യക്തിയോടുള്ള ഭാരം മനസ്സിൽ നിന്ന് അകറ്റി യേശുവിൽ അർപ്പിക്കുകയുമാണ് വേണ്ടത്.

ഏറ്റുപറച്ചിൽ എന്നാൽ ദൈവം എങ്ങനെ ആ വിഷയത്തെ കാണുന്നു എന്ന് അംഗീകരിക്കുകയും അത് നമ്മുടെ വായ്കൊണ്ട്

പറയുകയുമാണ്. വെറുതെ എന്തെങ്കിലും പറയുന്നതല്ല ഏറ്റുപറച്ചിൽ വചനത്തോടുള്ള ഒരു ഉടമ്പടിയാണത്. തെറ്റു സമ്മതിക്കുന്നിടത്താണ് നമ്മുടെ താഴ്മ വെളിപ്പെടുന്നത്.

നിങ്ങൾക്കിപ്പോൾ ഇങ്ങനെ ചെയ്യാമോ? നമ്മുടെ കാരുണ്യവാനും സ്നേഹവാനുമായ പിതാവിന്റെ അടുക്കൽ ഒരു ചെറിയ കുട്ടിയെ പോലെ താഴ്മയോടെ ചെന്ന് അവനോട് പാപങ്ങൾ ഏറ്റു പറഞ്ഞ് പാപക്ഷമ പ്രാപിക്കാൻ നിങ്ങൾ തയ്യാറാണോ?

"എന്റെ ദൈവമേ, എന്റെ വിഢിത്തരങ്ങൾ അങ്ങ് അറിയുന്നു. എന്റെ പാപം നിനക്ക് മറഞ്ഞിരിക്കുന്നുമില്ല. എന്റെ പാപങ്ങൾ അസംഖ്യമായതിനാൽ നിന്റെ നാമത്തിൽ എന്നോട് ക്ഷമിക്കണമെ. ദൈവമേ നീ അകൃത്യങ്ങൾ ഓർമ്മ വെച്ചാൽ ആർക്ക് നിലനിൽക്കാൻ കഴിയും? എന്നാൽ നിന്നിൽ പാപക്ഷമ ലഭിക്കുമെന്ന് ഞാൻ അറിയുന്നു. എന്റെ പിതാവായ ദൈവമേ ഞാൻ എന്റെ പാപങ്ങൾ നിന്റെ സന്നിധിയിൽ ഏറ്റുപറയുന്നു. (ഓരോന്നായി ഏറ്റു പറയുക) എന്റെ ഇത്തരത്തിലുള്ള പ്രവർത്തികളും മനോഭാവവും തെറ്റാണെന്ന് വചനം പറയുന്നു. നിന്റെ വചനപ്രകാരം എന്റെ പാപപ്രവർത്തികളെ ഞാൻ മനസ്സിലാക്കുന്നു. ഇനി ഒരു ഒഴുകഴിവും ഞാൻ പറയുകയില്ല. ഇനിമേൽ ഈ പാപം എന്റെ ശരീരത്തെയോ മനസ്സിനെയോ, ആത്മാവിനെയോ കീഴടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിൽ നിന്ന് രക്ഷപെടാനും വിമോചനം പ്രാപിക്കാനും ഞാൻ ആഗ്രഹിക്കുന്നു. എന്നെ നിന്നിൽ നിന്നകറ്റുന്നതും നശിപ്പിക്കുന്നതും ഈ പാപമാണ്. എന്റെ ശരീരത്തിനും, മനസ്സിനും, ആത്മാവിനും സൗഖ്യമാവശ്യമാണ്. അങ്ങയോട് ഏറ്റവും അടുത്ത് വസിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തെ പാപക്ഷമ ഞാൻ സ്വീകരിക്കുന്നു. എന്റെ പാപങ്ങളെ യേശുവിന്റെ മേൽ ചുമത്തപ്പെട്ടതിനും അവൻ അത് വഹിച്ച് ക്രൂശിലേറിയതിനും ഞാൻ നന്ദി അർപ്പിക്കുന്നു. ഈ കൈമാറ്റം ഞാൻ അർഹിക്കുന്നില്ലെന്ന് എനിക്കറിയാം. എങ്കിലും സ്വതന്ത്രനാക്കപ്പെട്ടതിൽ ഞാൻ വളരെ നന്ദിയുള്ളവനാണ്".

പ്രായശ്ചിത്തം എന്നത് മടക്കിക്കൊടുക്കാനും, സാധ്യമാകുന്നിടത്ത് യഥാസ്ഥാനപ്പെടാനുമുള്ള സന്നദ്ധതയാണ്. ഇപ്പോൾ നിങ്ങൾ പാപക്ഷമ ലഭിച്ചവരാണെങ്കിൽ, നിങ്ങളോട് തെറ്റായി പ്രവർത്തിച്ചവരോട് ക്ഷമ ചോദിക്കാനും യഥാസ്ഥാനപ്പെടാനുമുള്ള ധൈര്യത്തിനായി ദൈവത്തോട് ചോദിക്കാൻ നിങ്ങൾ തയ്യാറാണോ? യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ ദൈവത്തോടും മനുഷ്യരോടും ഒരുപോലെ കുറ്റമില്ലാത്ത മനസ്സാക്ഷിയുള്ളവരായിരിക്കണം. മറ്റുള്ളവരുടെ മുമ്പിൽ ഒരു വൃത്തികെട്ട ഭൂതകാലവുമായി നിങ്ങൾക്ക് ദൈവസന്നിധിയിൽ നിൽക്കാൻ കഴിയില്ല.

അവരുടെ മനസ്സിലുള്ള നിങ്ങളുടെ പരാജയത്തിന്റെ ഓർമ്മകൾ ഓരോ തവണ അയവിറക്കപ്പെടുമ്പോഴും നിങ്ങൾ വലിയ ബന്ധനങ്ങളിലേക്ക് വഴുതി വീഴും. അവരോട് ക്ഷമ ചോദിക്കാത്തിടത്തോളം കാലം, കുറ്റബോധം നിങ്ങളുടെ വിശ്വാസത്തെ കൊല്ലുകയും നിങ്ങളുടെ ലക്ഷ്യവും ഉദ്ദേശവും നിങ്ങളിൽ നിന്ന് അപഹരിക്കയും ചെയ്യും. തീർച്ചയായും, നിങ്ങൾക്ക് എല്ലാ പാപങ്ങളും എല്ലാവരോടും ഏറ്റു പറയാൻ കഴിഞ്ഞെന്ന് വരികയില്ല. എന്നാൽ ഒരാളോട് തെറ്റ് ചെയ്തുവെന്ന് വ്യക്തമായി ബോധ്യമുള്ളപ്പോൾ തീർച്ചയായും അവരോട് കുറ്റസമ്മതം നടത്തണം.

നിയമം: നമ്മുടെ കുറ്റസമ്മതത്തിന്റെ ചക്രം പൂർത്തിയാകുന്നത് സമർപ്പണത്തിന്റെ പൂർണതയിലാണ്.

ദൈവത്തോട് മാത്രം പാപം ചെയ്തിട്ടുള്ള ഒരുവനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സ്നേഹപൂർവ്വമായ പാപക്ഷമ അനുഭവിച്ചറിയാൻ കഴിയും (സങ്കീർത്തനം 103:8–13, യെശയ്യാ 43:25, യിരമ്യാവ് 31:34). എന്നാൽ ദൈവത്തോടും മനുഷ്യരോടും ഒരുപോലെ തെറ്റുകൾ ചെയ്തവർ ഇരുഭാഗവും ക്രമീകരിച്ചേ മതിയാകൂ.

അനുബന്ധം F ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട വിങ്കി പ്രാറ്റ്നിയുടെ ട്രാക്റ്റിൽ നിന്ന് അനുവാദത്തോടെ എടുത്തിട്ടുള്ളതാണ്.

### രണ്ടാമത്തെ സ്റ്റോപ്പ് : താമ്രതൊട്ടി–ദൈവവചനം

*താമ്രതൊട്ടി*

ഇപ്പോൾ നമ്മുടെ മനസാക്ഷി ശുദ്ധമായതിനാൽ നമുക്ക് ദൈവത്തോട് ബന്ധം സ്ഥാപിക്കാം. ഇനി വചനത്തിലേക്ക് പ്രവേശിക്കാം.

താമ്രതൊട്ടിയിൽ നിന്ന് ശുദ്ധീകരണം പ്രാപിക്കാതെ അതിപരിശുദ്ധസ്ഥലത്തേക്ക് പ്രവേശിച്ചാൽ പുരോഹിതൻ മരിക്കും എന്ന് വചനം പറയുന്നു. ദൈവവചനത്താൽ കഴുകപ്പെടാതെ നമുക്ക് ദൈവസന്നിധിയിൽ പ്രവേശിക്കാൻ കഴിയില്ല (എഫേസ്യർ 5:26–27).

താമ്രതൊട്ടി ലോകത്തിന്റെ മാലിന്യങ്ങളെ കഴുകി വെടിപ്പാക്കാൻ നമ്മെ സഹായിക്കുന്നു. നമ്മെത്തന്നെ വിധിക്കാനുള്ള കണ്ണാടിയായും അത് പ്രവർത്തിക്കുന്നു. ദൈവവുമായി നിരപ്പ് പ്രാപിക്കേണ്ട വിഷയങ്ങളെ അത് നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരും. ദൈവവചനം നമ്മുടെ മനസ്സിന് രൂപാന്തരം വരുത്തുന്നത് മൂലം സാത്താൻ നമ്മോട് സംസാരിക്കുന്ന വാക്കുകൾക്കെതിരായി നില്ക്കാനും ആത്മീയമായി ചിന്തിക്കാനും നമുക്ക് സാധിക്കും. സാത്താൻ വിധിക്കപ്പെട്ടു കഴിഞ്ഞു എന്ന് ദൈവവചനം നമ്മോട് പറയുന്നു(യോഹന്നാൻ 16:11). സാത്താനെ നീ വിധിക്കപ്പെട്ടു കഴിഞ്ഞു. നീ പരാജയപ്പെട്ടവനാണ്

എന്ന് ഉറക്കെപ്പറയുക. ദൈവവചനത്തിനു മുൻപിൽ ധാരാളം സമയം ചിലവഴിക്കുക.

a. നിങ്ങളുടെ ധ്യാനപുസ്തകം ഉപയോഗിക്കുക

b. ഐ.എസ്.ഒ.ബി ഉപയോഗിക്കുക. അല്ലെങ്കിൽ ഏതെങ്കിലും വചനപഠന പുസ്തകം.

c . ഓരോ ദിവസവും ഓരോ സദൃശ്യവാക്യം വായിക്കുക.

d . ഒന്നോ അതിലധികമോ സങ്കീർത്തനം വായിക്കുക.

e. ബൈബിളിനെക്കുറിച്ചുള്ള മറ്റ് പുസ്തകങ്ങളോ ബൈബിളോ വായിച്ച് പരിശുദ്ധാത്മാവിനോട് അത് വ്യക്തമാക്കി തരാൻ ആവശ്യപ്പെടുക. ഒരു വർഷം കൊണ്ട് ബൈബിൾ വായന പൂർത്തീകരിക്കുവാൻ ശ്രമിക്കുക.

f. ബൈബിൾ പഠനക്ലാസടങ്ങിയ ടേപ്പുകളോ, വചനം ഉൾക്കൊള്ളുന്ന ചില പാട്ടുകളോ ശ്രദ്ധിക്കുക.

### മൂന്നാമത്തെ സ്റ്റോപ്പ് : ആദ്യത്തെ മൂടുപടം

#### *ആദ്യത്തെ മൂടുപടം : നന്ദിപ്രകടനം*

അവന്റെ വാതിലുകളിൽ സ്തുതികളോടും അവന്റെ പ്രാകാരങ്ങളിൽ സ്തോത്രത്തോടും കൂടെ വരുവീൻ. ഇപ്പോൾ നിങ്ങൾ വചനപ്രകാരം ദൈവത്തോട് നിരപ്പ് പ്രാപിച്ചുവെന്നും സാത്താൻ വിധിക്കപ്പെട്ടു എന്നും നിങ്ങൾക്കറിയാം. ദൈവത്തോട് വളരെയധികം നന്ദി നിങ്ങൾക്കുണ്ടായിരിക്കണം. ദൈവത്തിന് നന്ദി അർപ്പിക്കേണ്ടതിന് പ്രത്യേകിച്ച് കാരണമൊന്നും ഇല്ലെങ്കിൽ ചുറ്റും നോക്കി ചിലത് കണ്ടെത്താൻ ശ്രമിക്കുക. ദൈവം നമ്മെ രക്ഷിച്ചതിനും സ്വർഗ്ഗത്തിന് അവകാശിയാക്കിയതിനും നന്ദി പറയുക.

വചനപ്രകാരം ദൈവത്തിന് നന്ദി അർപ്പിക്കുക. ദൈവത്തോട് ചേർന്ന് നടക്കുന്നവർക്ക് വിജയം നൽകുമെന്ന് വചനം പറയുന്നതിനാൽ നമുക്ക് ദൈവത്തോട് നന്ദി പറയാം. നമ്മുടെ ജീവിതത്തിൽ ഇതുവരെ പൂർത്തികരിക്കപ്പെടാത്ത ദൈവീക വാഗ്ദത്തങ്ങൾക്കായി നന്ദി കരേറ്റാം. നമ്മുടെ ജീവിതത്തിലെ എല്ലാ പ്രതികൂല സാഹചര്യങ്ങളെയും മനോഹരമായ, അനുകൂല സന്ദർഭങ്ങളാക്കി മാറ്റാൻ ദൈവം ആഗ്രഹിക്കുന്നു എന്നോർത്ത് ദൈവത്തെ സ്തുതിക്കാം. ബന്ധം നിലനിർത്താനുള്ള കഴിവിന്റെ പ്രധാന ഘടകമാണ് ഈ നന്ദി പറച്ചിൽ. എപ്പോഴും പരാതിപ്പെടുകയും യാചിക്കയും ചെയ്യുന്ന കുഞ്ഞുങ്ങളിൽ നിന്ന് വ്യത്യസ്തമായി മാതാപിതാക്കളോട് നന്ദിയുള്ള ഹൃദയം സൂക്ഷിക്കുന്ന കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളുമായി ആഴമായ ഒരു ബന്ധം നിലനിർത്താൻ സാധിക്കും.

## നാലാമത്തെ സ്റ്റോപ്പ് : നിങ്ങളുടെ ഇച്ഛാശക്തി

### *കാഴ്ചയപ്പത്തിന്റെ മേശ*

നാലാമത്തെ സ്റ്റോപ്പ് അതിപരിശുദ്ധ സ്ഥലത്തിനുള്ളിലാണ്. ഇവിടെയാണ് നമ്മുടെ ഇഷ്ടങ്ങൾ ദൈവേഷ്ടത്തിനും, നമ്മുടെ മനസ്സും വികാരങ്ങളും എല്ലാം ദൈവത്തിന്റേതായിട്ടും വഴിമാറുന്നത്. ഇതാണ് തന്നത്താൻ ത്യജിച്ച് ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത്(ലൂക്കോസ് 9:23). നമ്മുടെ ഹിതത്തെയും ചിന്തകളെയും മുഴുവനായി നിയന്ത്രിക്കുവാൻ നമുക്ക് ദൈവത്തോടാവശ്യപ്പെടാൻ മാത്രമേ കഴിയൂ. ദൈവമത് ബലാല്ക്കാരമായി പിടിച്ചെടുക്കയില്ല. നാം ദൈവത്തിന് സമർപ്പിക്കാനാഗ്രഹിക്കുന്ന നമ്മുടെ ഇഷ്ടങ്ങളെക്കുറിച്ച് കേൾക്കാൻ അവൻ ആഗ്രഹിക്കുന്നു.

നമ്മുടെ ഇഷ്ടങ്ങൾ (അത് നല്ലതാണെങ്കിൽ പോലും) ദൈവീക പദ്ധതിക്കും ഹിതത്തിനുമായി കൈമാറ്റം ചെയ്യുക. നമ്മുടെ ആഗ്രഹങ്ങളും, പദ്ധതികളും, ഇഷ്ടങ്ങളും മാറ്റിവെച്ച് ദൈവഹിതം നിറവേറേണ്ടതിനായി പ്രാർത്ഥിക്കുക.

ദൈവം നമ്മുടെ ആഗ്രഹങ്ങളെ തുടർമാനമായി നോക്കിക്കൊണ്ടിരിക്കുന്നു എന്നാണ് കാഴ്ചയപ്പം സൂചിപ്പിക്കുന്നത്. മാവുപൊടിച്ച് എണ്ണ ചേർത്ത് തീയിൽ പാകപ്പെടുത്തുന്നതാണ് കാഴ്ചയപ്പം. അതുപോലെ തന്നെ നമ്മുടെ ഇഷ്ടങ്ങളും, ആഗ്രഹങ്ങളും തുടർമാനമായി പൊടിക്കപ്പെടുവാനും തീയിൽ പാകം ചെയ്യാനുമായി യാഗപീഠത്തിൽ അർപ്പിക്കണം. ഈ യാഗം വളരെ പ്രത്യേകതകൾ ഉള്ളതാണ്. കാരണം ഇവിടെ ദൈവം നമ്മെ നിയന്ത്രിക്കുകയോ, നിർബന്ധിക്കുകയോ ചെയ്യുന്നില്ല. യാഗം അർപ്പിക്കുന്നത് നമ്മുടെ സ്വന്ത ഇഷ്ടപ്രകാരമാണ്. “നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ” (റോമർ 12: 1–2). നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ പോലും ക്ഷമിക്കാനായി നിങ്ങളുടെ മനസ്സിനെ ഒരുക്കിയെടുക്കുക.

അനുതപിച്ച് ലോകത്തിന്റെ ഇമ്പങ്ങളിൽ നിന്നും വഴികളിൽ നിന്നും മടങ്ങിവരാനുള്ള അവസരമാണിത്. നാം മടങ്ങിവരുമ്പോൾ നമുക്ക് ദൈവത്തിന്റെ ശക്തി ലഭിക്കും (അപ്പൊസ്തല പ്രവൃത്തി 26:18, 2 കൊരിന്ത്യർ 3:16).

*ജഡത്തിന്റെ മോഹങ്ങളെ ആത്മാവിന്റെ ഫലങ്ങൾക്ക് കൈമാറുക. ആത്മാവിന്റെ ഫലമോ* സന്തോഷം, സ്നേഹം, പരോപകാരം, ഇന്ദ്രിയജയം എന്നിവയാണ് (ഗലാത്യർ 5:19–23).

## അഞ്ചാമത്തെ സ്റ്റോപ്പ് : നിങ്ങളുടെ മനസ്സ്

### *സ്വർണ്ണ നിലവിളക്കിന്റെ തണ്ട്*

നിങ്ങളുടെ പഴയ ചിന്തകളെ ക്രിസ്തുവിന്റെ ചിന്തകളുമായി കൈമാറ്റം ചെയ്യുക. 2 കൊരിന്ത്യർ 10: 4–6 വരെയുള്ള വാക്യങ്ങളിൽ നമ്മുടെ മനസ്സിലാണ് പോരാട്ടം നടക്കുന്നതെന്ന് കാണുന്നു. നമ്മുടെ ന്യായീകരണങ്ങളാകുന്ന കോട്ടകളാണ് അടിമത്വത്തിലേക്ക് നയിക്കുന്നത്. ഈ കോട്ടകളാണ് ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ അറിവിൽ നിന്ന് നമ്മെ തടയുന്നത്. ഇതിനെക്കുറിച്ച് വളരെയധികം പറയേണ്ടതുണ്ട് കാരണം ചിന്തകളാണ് നമ്മുടെ വ്യക്തിത്വത്തിന്റെ ആകെ തുക. നാം നമ്മുടെ ചിന്തകളെ സ്വതന്ത്രമാക്കണം. എങ്ങനെ? നാം പാപത്തിന്റെ അടിമകളായിരുന്നപ്പോൾ നാം നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം ഉപയോഗിച്ച് കഴിഞ്ഞു. നമ്മുടെ ന്യായീകരണങ്ങളാണത്. എന്നാൽ ഇന്ന് നാം ജീവന്റെ വൃക്ഷഫലം അതായത് വചനത്തെയാണ് ഉപയോഗിക്കേണ്ടത്. ഞാനിനി ചിന്തിച്ച് തീരുമാനമെടുക്കാൻ പ്രയാസപ്പെടില്ല, ദൈവം അതിലൂടെ ലഭ്യമാക്കിയ കാര്യത്തിന് വേണ്ടി എന്റെ മനസ്സിനെ ഒരുക്കും. അതായത് വചനം ശ്രദ്ധിക്കയും അനുസരിക്കയും ചെയ്യും. ഇങ്ങനെ മാത്രമേ നമ്മുടെ മനസ്സിലെ കോട്ടകളെ നമുക്ക് ഇടിച്ച്കളയാൻ സാധിക്കൂ. ദമസ്കോസിലേക്കുള്ള യത്രയിൽ പൗലൊസ് കണ്ടത് പോലെ യഥാർത്ഥമായി ദൈവമഹത്വം നാം ദർശിച്ചാൽ പിന്നീടൊരിക്കലും നാം സ്വയം നീതീകരിക്കുവാൻ ശ്രമിക്കയില്ല. പകരം "ദൈവമേ നിന്റെ ഹിതം എന്നിൽ നിവർത്തിക്കേണമെ എന്ന് പ്രാർത്ഥിക്കും". നിങ്ങളുടെ പരാജയ ചിന്തകളെ അടിമയാക്കി ക്രൂശിന്റെ ചുവട്ടിലേക്ക് സത്യസന്ധമായി കൊണ്ടുവരിക. നിങ്ങൾക്ക് ആവശ്യമില്ലാത്ത ഒരു കാര്യം പോലെ അത് യേശുവിനെ ഏല്പിക്കുക. അതിന്റെ ശക്തി അത്ഭുതകരമാണ്.

ശത്രുവായ പിശാച് എല്ലായ്പ്പോഴും നമ്മെ കുറ്റം വിധിക്കാൻ ശ്രമിക്കയും പാതി സത്യങ്ങൾ പറഞ്ഞ് നമ്മുടെ മനസ്സിനെ പ്രക്ഷുബ്ദമാക്കുകയും ചെയ്യും. യെശയ്യാവ് 11–ാം അധ്യായത്തിൽ "നമ്മുടെ സ്വാഭാവിക ബുദ്ധിയുടെ മേൽ പരിശുദ്ധാത്മാവ് വസിക്കും" എന്ന് കാണുന്നു. അതായത് പരിശുദ്ധാത്മാവ്, അറിവ്, ആശ്വാസം, ജ്ഞാനം, തിരിച്ചറിവ്, ശക്തി, ദൈവഭയം എന്നിവ നമുക്കിതിലൂടെ ലഭിക്കും.

പരിശുദ്ധാത്മാവിനാലും ദൈവവചനത്താലും പുതുക്കപ്പെട്ട ഒരു അവസ്ഥയിലേക്ക് നമ്മുടെ മനസ്സ് കടന്നുവരേണ്ടതുണ്ട് (റോമർ 12:2). ചിലപ്പോൾ നമ്മുടെ ബുദ്ധിയിൽ എങ്ങനെ പ്രാർത്ഥിക്കണമെന്ന് പോലും നമുക്കറിയാൻ കഴിയാതെ വരും. റോമർ 8:26 ൽ നമ്മുടെ പ്രാർത്ഥനയുടെ ഭാഷ ദൈവത്തിന്റെ സമ്പൂർണ്ണ ഹിതത്തിന് വേണ്ടിയായിരിക്കണമെന്ന് പറയുന്നു. ഓരോ തവണ നിങ്ങൾ പ്രാർത്ഥനയിൽ സമയം

ചിലവിടുമ്പോൾ ദൈവവചനവും, ദൈവേഷ്ടവുമാണ് പ്രാർത്ഥിക്കുന്നത്. നമ്മുടെ സംസാരകേന്ദ്രം നമ്മുടെ മസ്തിഷ്കത്തിന്റെ ഭൂരിഭാഗവും കൈയ്യടക്കിയിരിക്കുന്നതിനാൽ നിങ്ങളുടെ മനസ്സ് നവീകരിക്കപ്പെടുകയും, ദൈവഹിതത്തിന് കീഴ്പ്പെടാൻ ജഡത്തിന് ആജ്ഞകൊടുക്കുകയും ചെയ്യും.

***രക്ഷ എന്ന ശിരസ്ത്രം***

ദൈവത്തിന്റെ സ്ഥാനം നമ്മുടെ ജീവിതത്തിൽ നിന്ന് അപഹരിക്കുവാനനുവദിക്കുന്ന നമ്മുടെ ബുദ്ധിശക്തിയെയും മനസ്സിനെയും നിയന്ത്രിക്കുന്ന തലച്ചോറിൽ നിന്ന് നമുക്ക് രക്ഷ ആവശ്യമാണ്. ഇതു കൂടാതെ നമുക്കൊരിക്കലും ദൈവത്തിന്റെ സമ്പൂർണ്ണ ഹിതപ്രകാരം നടക്കുവാൻ കഴിയില്ല (റോമർ 12:1-2). എന്നാലിത് നമുക്ക് സ്വന്ത ഇഷ്ട പ്രകാരം ഉപേക്ഷിക്കാൻ കഴിയുന്ന ഒന്നല്ല. നമ്മുടെ ബുദ്ധിശക്തിക്ക് പരിഹരിക്കാൻ കഴിയാത്ത ചില സാഹചര്യങ്ങളിലൂടെ കടക്കുമ്പോഴാണ് നാം യഥാർത്ഥ ദൈവഹിതത്തിന് കീഴ്പ്പെടാൻ വിധേയമാക്കപ്പെടുന്നത്. അപ്പോൾ മാത്രമേ ദൈവം നമ്മോട് സംസാരിക്കുന്നതിനും നമ്മുടെ ജീവിതത്തിൽ ദൈവീക പ്രവർത്തി വെളിപ്പെടേണ്ടതിനായി നിശബ്ദമായി കാത്തിരിക്കാനും നമുക്ക് സാധിക്കയുള്ളൂ.

വിളക്ക്തണ്ട് പരമ്പരാഗതമായി സാക്ഷ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. പിശാചിനെതിരായ സാക്ഷ്യമായി ദൈവവചനത്തെ ഉപയോഗിക്കേണ്ടതിന് നമ്മുടെ ചിന്താശക്തിയെ നാം ഉപയോഗിക്കണം.

## ആറാമത്തെ സ്റ്റോപ്പ് : നിങ്ങളുടെ വികാരങ്ങൾ

### *ധൂപപീഠം*

ലോകം, ജഡം എന്നിവക്ക് അടിമപ്പെട്ട നിങ്ങളുടെ വികാരങ്ങൾ സമാധാനം, സന്തോഷം, സ്നേഹം, പ്രത്യാശ എന്നീ ദൈവീക ഫലങ്ങളുമായി കൈമാറ്റം ചെയ്യുക.

ഇത് സ്തോത്രയാഗങ്ങൾ അർപ്പിക്കാനുള്ള സ്ഥലമാണ്. നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തോടുള്ള നന്ദി നിറയുന്നില്ലെങ്കിൽ സങ്കീർത്തനം 145-150 വരെ ഉറക്കെ വായിക്കുക, ആത്മാവിലും സത്യത്തിലും അവനെ ആരാധിക്കുന്നവരെയാണ് ദൈവം അന്വേഷിക്കുന്നത് (യോഹന്നാൻ 4:24). നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങുമ്പോൾ ദൈവം നിങ്ങളെ തേടി വരികയും നിങ്ങളോട് കൂട്ടായ്മ ആഗ്രഹിക്കുകയും ചെയ്യും. നിങ്ങളിതുവരെ അടക്കിപ്പിടിച്ചിരുന്ന നിങ്ങളുടെ വികാരങ്ങൾ ദൈവത്തിൽ അർപ്പിക്കുക. ഒരു പക്ഷേ അത് കണ്ണുനീരാവാം ചിലപ്പോൾ കരങ്ങൾ ഉയർത്തണമെന്ന ആഗ്രഹമാവാം, അതുമല്ലെങ്കിൽ നിങ്ങളുടെ ചിന്തകളാവാം. ദൈവമൊഴികെ മറ്റാരും നിങ്ങളെ ശ്രദ്ധിക്കുന്നില്ലെന്ന് മനസ്സിലാക്കി മുമ്പോട്ട് പോകുക. ഈ ധൂപപീഠത്തിന്റെ മുമ്പിൽ ദൈവസാന്നിധ്യം വസിക്കുന്ന അതിപരിശുദ്ധ സ്ഥലത്തെ

വേർതിരിക്കുന്ന ഒരു തിരശീലയുണ്ട്. ഈ തിരശീല നീക്കി നാം അകത്തേക്ക് പ്രവേശിക്കണമെന്ന് നമ്മെക്കാൾ ഉപരിയായി ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മെ അതിലേക്ക് നയിക്കും. എന്നാൽ ഒരു മനുഷ്യനും മരണം സംഭവിക്കാതെ അവിടേക്ക് പ്രവേശനം സാധ്യമാകയില്ല.

യേശുവിന്റെ ക്രൂശുമരണത്തിങ്കൽ ദേവാലയത്തിന്റെ തിരശീല മുകൾ തൊട്ട് അടിവരെ ചിന്തപ്പെട്ടതു മൂലം അവന്റെ രക്തത്താൽ ദൈവസന്നിധിയിലേക്ക് നമുക്ക് പ്രവേശനം ലഭിച്ചു. ദൈവസാന്നിധ്യത്തിലേക്ക് പ്രവേശിക്കുന്നതിന് തടസമായി നിന്ന പാപത്തിന്റെ മറ യേശുവിന്റെ മരണത്താൽ നീങ്ങിപ്പോയി എന്ന സത്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വസ്തുതയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

അതിപരിശുദ്ധ സ്ഥലത്ത് ദൈവീക പ്രകാശമല്ലാതെ മറ്റൊരു വെളിച്ചമില്ല. ചില വ്യവസ്ഥകൾക്ക് വിധേയമായി മഹാപുരോഹിതൻ അവിടേക്ക് വർഷത്തിൽ ഒരിക്കൽ മാത്രം പ്രവേശിക്കും. മഹാപുരോഹിതനോടൊപ്പം ധൂപവർഗ്ഗങ്ങളുടെ പുകയും അവിടെ നിന്ന് വർഷത്തിലൊരു പ്രാവശ്യം ദൈവസന്നിധിയിലേക്ക് ഉയരും. നമ്മുടെ ആരാധനകളും സ്തുതികളും ഇവിടം കൊണ്ടവസാനിക്കയില്ല നമ്മോടൊപ്പം പോരുകയും ദൈവസാന്നിധ്യത്തിലേക്ക് നമുക്ക് പ്രവേശനം അനുവദിക്കുകയും ചെയ്യുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

**നിങ്ങളുടെ ആത്മാവ്– ദൈവീക സാന്നിധ്യം**

***ഉടമ്പടിയുടെ പെട്ടകം***

നിങ്ങളുടെ ലക്ഷ്യസ്ഥാനം. ഇപ്പോൾ ദൈവം നിങ്ങളെ തിരശീലയിലൂടെ കടത്തിവിട്ട് ദൈവീക സാന്നിധ്യമാകുന്ന അതിപരിശുദ്ധസ്ഥലത്തേക്ക് നയിക്കുകയാണ്.

ഇവിടെയാണ് ഉടമ്പടിയുടെ പെട്ടകം ഉള്ളത്. അത് രക്തം തളിക്കപ്പെട്ട കൃപാസനത്താൽ മൂടപ്പെട്ടിരിക്കുകയാണ്. നമുക്ക് ആരംഭത്തിൽ തന്നെ താമ്രയാഗപീഠത്തിൽ നിന്ന് അഥവാ ക്രൂശിൽ നിന്ന് കരുണ ലഭിക്കേണ്ടത് ആവശ്യമാണ്. ഇപ്പോൾ നിങ്ങൾ പരിശുദ്ധാത്മാവിന് മാത്രം വെളിപ്പെടുത്തി തരാൻ കഴിയുന്ന ദൈവീക കരുണയുടെയും യേശുവിന്റെ രക്തത്തെക്കുറിച്ചുള്ള അറിവിന്റെയും പുതിയ തലം അഥവാ ദൈവീക സാന്നിധ്യത്തിലാണ്. അവന്റെ കരുണ എന്നേക്കും നിലനിൽക്കുന്നു. അത് വർണ്ണിക്കുക എന്നത് അസാധ്യമാണ്, അനുഭവിച്ചറിയുക തന്നെ വേണം. ഇപ്പോഴാണ് ദൈവവചനമെന്ന വിത്ത് നിങ്ങളുടെ ഹൃദയത്തിൽ വിതയ്ക്കപ്പെടുന്നത്. ദൈവവചനം പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുമ്പോൾ അതിശക്തമാണ്.

ഇരുവശത്തും സംരക്ഷണം നല്കുന്ന ദൈവീകദൂതന്മാരുണ്ട്. ദൈവത്തിൽ നിന്നുള്ള വെളിച്ചമല്ലാതെ മറ്റൊരു വെളിച്ചവും അവിടെയില്ല.

ഓർക്കുക ഈ ഉടമ്പടിയുടെ പെട്ടകം ഇപ്പോൾ നമ്മുടെ ഹൃദയത്തിലാണ്. ഇനി മുതൽ അത് പുറമേയുള്ള ഒരു സാധനമല്ല. നാം ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ (1 കൊരിന്ത്യർ 3:16).

**പെട്ടകം പ്രതിനിധീകരിക്കുന്ന മൂന്നു കാര്യങ്ങൾ**

***മന്ന അഥവാ ദൈവവചനം :*** നിങ്ങൾ ദൈവീക സാന്നിധ്യത്തിൽ ആയി തീരുമ്പോൾ ദൈവവചനം ജീവനുള്ളതായി തീരുന്നു. ബൈബിൾ വാക്യങ്ങളായും, ദൈവവചനമായും, ജഡമായും തീരുന്നു. ആ വചനം ഇപ്പോൾ നിങ്ങളിലുണ്ട്. നിങ്ങൾക്ക് സമയമുണ്ടെങ്കിൽ വേദപുസ്തകം തുറന്ന് ദൈവീക ശബ്ദത്തിനായി കാതോർക്കുവാനുള്ള ഏറ്റവും ശ്രേഷ്ഠമായ സ്ഥലം ഇതാണ്. നമുക്ക് വേണ്ടിയുള്ള കരുതലുകളെക്കുറിച്ച് മന്ന സംസാരിക്കുന്നു. നമുക്കാവശ്യമായതെല്ലാം സ്നേഹം, സുരക്ഷിതത്വം, പ്രാധാന്യം എല്ലാം നമ്മിൽ തന്നെ ഉണ്ട്. നമ്മുടെ ജീവനും ഭക്തിക്കും ആവശ്യമുള്ളതെല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു. ഭൂമിയിലെ നമ്മുടെ ജീവിതത്തിനാവശ്യമായ ഫലങ്ങൾ എല്ലാം ദൈവവചനത്തിൽ ഉണ്ട് (2 പത്രോസ് 2:1–11).

***നിയമങ്ങളുടെ കല്പലക:*** ദൈവീക നിയമങ്ങളും ചട്ടങ്ങളും നമ്മുടെ ഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണിത്. അത് കേവലം ചെയ്യാവുന്ന കാര്യങ്ങളുടേയും അരുതാത്തതിന്റേയും പട്ടികയല്ല.

***അഹരോന്റെ വടി–*** പ്രാർത്ഥനാ പോരാളികളും, ശുശ്രൂഷകരും എന്നീ നിലയിൽ ദൈവത്തിനു വേണ്ടിയുള്ള നമ്മുടെ അഭിഷിക്ത ശുശ്രൂഷയുടെ പ്രാധാന്യത്തെ കാണിക്കുന്നു. ബദാം വൃക്ഷത്തിൽ നിന്ന് അടർത്തിയെടുത്ത 12 വടികൾ ദൈവീക കല്പന പ്രകാരം ദേവാലയത്തിൽ സൂക്ഷിച്ചിരുന്നു. എന്നാൽ രാത്രിയിൽ തളിർക്കുന്ന വടിയുടെ അവകാശി ദൈവത്താൽ നിയോഗിക്കപ്പെട്ട പുരോഹിതൻ ആയിരിക്കും. ദൈവം നമ്മെ ഓരോരുത്തരേയും ഓരോ ശുശ്രൂഷകൾ ഏല്പിച്ചിട്ടുണ്ട്. എന്നാൽ നാം ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ മാത്രമേ നമുക്കത് തിരിച്ചറിയാൻ കഴിയൂ (സംഖ്യ 17:8).

ഇവിടെയാണ് നമുക്ക് യഥാർത്ഥമായി വചനത്തിൽ നിന്ന് ദൈവീക വാഗ്ദത്തങ്ങൾ പ്രാപിക്കാൻ കഴിയുന്നത്. വാഗ്ദത്തങ്ങൾ നമുക്ക് ലഭിക്കുമ്പോൾ അവ ലഭിച്ചു എന്ന് നമുക്കറിയാം. ഫിലിപ്യർ 4:9 ൽ ഇപ്രകാരം പറയുന്നു. "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും". ഇവിടെ നിങ്ങൾ മഹത്വത്തിലാണ്. സ്വർഗ്ഗത്തിലെ സകല ധനവും നിങ്ങൾക്കായി കാത്തിരിക്കുന്നു.

ഈ മൂന്ന് കാര്യങ്ങളും നിങ്ങളുടെ മുമ്പിലല്ല നിങ്ങൾക്കുള്ളിൽ

തന്നെയാണ് എന്നതിന് ദൈവത്തിന് നന്ദിപറയുക. അത് നിങ്ങൾക്കു ള്ളിലാണെന്ന് മാത്രമല്ല അവന്റെ രക്തവും കൃപാസനവും ദൂതന്മാരും നിങ്ങൾക്ക് സംരക്ഷണം നല്കും. സങ്കീർത്തനം 91 ൽ ദൈവത്തോ ടുള്ള അനുസരണത്തിലും നമ്മുടെ സേവകരായും ദൂതന്മാർ നമ്മെ സംരക്ഷിക്കുന്നു എന്നു കാണാം.

ഇപ്പോൾ നിങ്ങൾ ഒരു യഥാർത്ഥ മധ്യസ്ഥനായി സജ്ജമാക്കപ്പെട്ടു കഴിഞ്ഞു. നിങ്ങൾ യേശുക്രിസ്തുവിന്റെ മഹാപുരോഹിത ശുശ്രൂഷ പങ്കിടുകയും വളരെ ഫലപ്രദമായ രീതിയിൽ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങ ളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിക്കു വിൻ അത് നിങ്ങൾക്ക് കിട്ടും".

**ക്രൂശ് വഹിക്കുമ്പോൾ ഫലം ഉണ്ടാകും**

കൂട്ടായ്മയ്ക്കായുള്ള ദൈവീക സാന്നിധ്യം ലഭിക്കുമെന്നത് മാത്ര മായിരിക്കരുത് ക്രൂശെടുത്ത് വിശുദ്ധരിൽ അതിവിശുദ്ധനായവന്റെ അരി കിലേക്ക് വരുവാനുള്ള കാരണം. അതിമഹത്തായ മറ്റൊരു കാര്യം കൂടെ അതിലൂടെ നിവർത്തിക്കപ്പെടേണ്ടതുണ്ട്.

അത് നിങ്ങളുടെ ഉള്ളിലുള്ള ദൈവീക ഫലങ്ങളെ ഉത്തേജിപ്പിക്കു കയും തന്മൂലം നിങ്ങളുടെ ജീവിതത്തിലും, സ്വാധീനമുള്ള മേഖലക ളിലും അമാനുഷികമായ അത്ഭുതപ്രവർത്തികൾ വെളിപ്പെടുകയും ചെയ്യും. പെട്ടകത്തിൽ അടങ്ങിയിരിക്കുന്ന മൂന്ന് ഫലങ്ങളെ ശ്രദ്ധിക്കു ക. സ്വഭാവത്തിന്റെ ഫലം, കരുതലിന്റെ ഫലം, സ്വാധീനിക്കുന്ന ഫലം. നിങ്ങൾ നിങ്ങളെ തന്നെ ത്യജിച്ച്, ആദാമും ഹവ്വയും പിൻതുടർന്നു വന്ന ലോകത്തിലേക്ക് നയിക്കുന്ന വഴികളെ ത്യജിച്ച് ജീവിതമാരംഭി ക്കുമ്പോൾ ഈ മൂന്ന് തരം ഫലങ്ങളും നിങ്ങളുടെ ജീവിതത്തിൽ വെളി പ്പെട്ടുവരുന്നത് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

ദൈവീക സാന്നിധ്യത്തിൽ അല്പം നേരം ഇരിക്കാനും, വിശ്രമി ക്കാനുമുള്ള നല്ല സമയമാണിത്. നാം നേരത്തെ വിവരിച്ച സമാഗമന കൂടാരത്തിനുള്ളിൽ പ്രവേശിച്ച് കഴിഞ്ഞാൽ പിന്നെ കുറച്ചു സമയം ശാന്തമായി ദൈവത്തോട് കൂടെ ചിലവഴിക്കാൻ ശ്രമിക്കുക. നിങ്ങൾ സംസാരിക്കണമെന്നില്ല. ദൈവവും നിങ്ങളും ഒരു പോലെ ഇത് ആസ്വ ദിക്കും. ഈ പാഠം മുഴുവൻ നാം പഠിച്ചത് ദൈവീക സാന്നിധ്യത്തി ലേക്ക് വരുന്നതിനെക്കുറിച്ചാണ്. അവിടെ നിന്ന് ദൈവത്തെ ആസ്വദി ക്കുക.

എല്ലാ ദിവസവും ഈ ദൈവസാന്നിധ്യത്തിൽ കടന്നു വരുമെന്ന് തീരുമാനമെടുക്കുക. ഈ ലോക ജീവിതത്തിലും അടുത്തതിലും ഒരു പോലെ നമുക്ക് വിജയം നല്കാൻ ഇത് പര്യാപ്തമാണ്.

അദ്ധ്യായം

# 3

# വാഗ്ദത്ത ദേശത്തെ തടവുകാർ

**പ**ഴയനിയമം നമുക്ക് നല്കപ്പെട്ടിരിക്കുന്നത് ഒരു മുന്നറിയിപ്പായും അതിൽ നിന്ന് ചിലത് പഠിക്കേണ്ടതിനുമാണ്. 1 കൊരി 10:11 ൽ ഇങ്ങനെ പറയുന്നു 'ഇത് ദൃഷ്ടാന്തമായി അവർക്ക് സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധി ഉപദേശത്തിനായി എഴുതിയുമിരിക്കുന്നു".

പഴയനിയമത്തിൽ കനാൻ ദേശത്തെയാണ് വാഗ്ദത്തഭൂമി എന്ന് പറഞ്ഞിരിക്കുന്നത്. അതൊരു പൂർണ്ണതയുടെ ദേശമായിരുന്നില്ല. നിരന്തര യുദ്ധങ്ങളും കലാപങ്ങളും നിറഞ്ഞ ദേശമായിരുന്നു കനാൻ. നമ്മുടെ വാഗ്ദത്തനാട് സ്വർഗ്ഗമല്ല; ഇവിടെതന്നെയാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ ദൈവീക വാഗ്ദത്തങ്ങളെ നമ്മുടെ ജീവിതത്തിൽ അവകാശമാക്കി ജീവിക്കുകയാണ് നാം ചെയ്യേണ്ടത്. ശത്രുക്കൾ നമുക്ക് ചുറ്റുമുണ്ട്. വാഗ്ദത്തദേശത്താണ് നാമെങ്കിലും എപ്പോൾ വേണമെങ്കിലും തടവുകാരായി നാം പിടിക്കപ്പെടാം. ക്രിസ്ത്യാനികൾ ആയതുകൊണ്ട് മാത്രം സാത്താനൊരുക്കുന്ന തടവറകളിൽ നിന്ന് നാം സുരക്ഷിതരല്ല.

വാഗ്ദത്തദേശത്ത് ഇസ്രയേൽ പലപ്പോഴും തടവുകാരായിരുന്നത് നാം പഴയനിയമത്തിൽ കാണുന്നു. ക്രിസ്ത്യാനികൾ പലപ്പോഴും സാത്താന്റെ അടിമത്വത്തിൽ അകപ്പെടാറുണ്ട്. എന്നാൽ അവരത് തിരിച്ചറിയാറില്ല. ദൈവീക ഉദ്ദേശം നമ്മുടെ ജീവിതത്തിൽ നിറവേറുന്നതിൽ നിന്ന് നമ്മെ തടയുന്ന ചില കോട്ടകളുണ്ട്. വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിന് വിപരീതമായി ചിന്തിക്കുന്ന, മാറ്റങ്ങൾക്ക് വിധേയപ്പെടില്ലെന്ന് വാശിപിടിക്കുന്ന മനോഭാവമാണ് ഈ കോട്ടകളിലൊന്ന്.

യിസ്രയേൽ മക്കളെ ക്ഷാമത്താൽ ഒരുപാട് കാലം കഷ്ടപ്പെടുത്താൻ കഴിയാതെ വന്നപ്പോൾ സാത്താൻ അടുത്ത തന്ത്രം പ്രയോഗിച്ചു. മിസ്രയീമ്യ അടിമത്വത്തിൽ അവരെ പിടിച്ചുവയ്ക്കാൻ നോക്കി. പിന്നീട് വാഗ്ദത്തദേശത്തേക്കുള്ള യാത്രക്കിടയിൽ മരുഭൂമിയിൽ

അവരെ നശിപ്പിച്ച് കളയാൻ ശ്രമിച്ചു. യോർദ്ദാൻ നദിയുടെ തീരത്തോ, യെരിഹോ കോട്ടയുടെ മുമ്പിലോ ജനത്തെ തടയുവാൻ സാത്താന് കഴിഞ്ഞില്ല. പക്ഷേ കനാൻനാട്ടിൽ പ്രവേശിച്ച ജനത്തെ ഹായി എന്ന ചെറിയ പട്ടണത്തിൽ വച്ച് പിടിക്കാൻ സാത്താന് കഴിഞ്ഞു. എന്തു കൊണ്ട്? അവരുടെ പാപമായിരുന്നു അതിന് കാരണമായത്. നമുക്ക് പുറമേ കാണാവുന്ന ഒരു സൈനീക ശക്തിയല്ല, മറിച്ച് ആന്തരിക ശക്തിയാണത്.

**വാഗ്ദത്തദേശത്ത് എത്തിയതിന് ശേഷവും യിസ്രയേൽ മക്കൾ അടി മകളായിരുന്നു!**

"യിസ്രയേൽ മക്കൾ പിന്നെയും യഹോവക്ക് അനിഷ്ടമായത് ചെയ്തു. യഹോവ അവരെ ഏഴു സംവത്സരം മിദ്യാന്റെ കൈയ്യിൽ ഏല്പിച്ചു. മിദ്യാൻ യിസ്രയേലിന്മേൽ ആധിക്യം പ്രാപിച്ചു. യിസ്രയേൽ മക്കൾ മിദ്യാന്യരുടെ നിമിത്തം പർവ്വതങ്ങളിലെ ഗഹ്വരങ്ങളും, ഗുഹ കളും, ദുർഗ്ഗങ്ങളും ശരണമാക്കി. യിസ്രയേൽ വിതച്ചിരിക്കുമ്പോൾ മിദ്യാന്യരും, അമാലേക്യരും, കിഴക്കുദേശക്കാരും അവരുടെ നേരെ വരും. അവർ അവർക്ക് വിരോധമായി പാളയമിറങ്ങി ഗസ്സാ വരെ നാട്ടിലെ വിള നശിപ്പിക്കും. യിസ്രയേലിന് ആഹാരമോ, ആടോ, മാടോ, കഴുതയോ ഒന്നും ശേഷിപ്പിക്കയില്ല. അവർ തങ്ങളുടെ കന്നുകാലിക ളും, കൂടാരങ്ങളുമായി പുറപ്പെട്ട് വെട്ടിക്കിളി പോലെ കൂട്ടമായി വരും. അവരും അവരുടെ ഒട്ടകങ്ങളും അസംഖ്യം ആയിരുന്നു. അവർ ദേശത്ത് കടന്ന് നാശം ചെയ്യും. ഇങ്ങനെ മിദ്യാന്യരാൽ യിസ്രയേൽ ഏറ്റവും ക്ഷയിച്ചു. യിസ്രയേൽ മക്കൾ യഹോവയോട് നിലവിളിച്ചു" (ന്യായാധിപന്മാർ 6: 1-6).

നൂറ്റാണ്ടുകളായി യിസ്രയേൽ മക്കൾ നിലവിളിക്കുമ്പോഴെല്ലാം ദൈവം അവരുടെ വേദനകളിൽ നിന്ന് അവരെ വിടുവിച്ചു. എന്നാൽ അവർ പിന്നെയും വിഗ്രഹാരാധനയിലേക്ക് തിരിയുമ്പോൾ അവർ എന്തിന്റെയെങ്കിലും തടവറയിൽ അകപ്പെടും. എന്താണിതിന് കാരണം?

"യഹോവയായ ഞാൻ നിങ്ങളുടെ ദൈവം ആകുന്നു എന്നും നിങ്ങൾ പാർക്കുന്ന ദേശത്തുള്ള അമോര്യരുടെ ദേവന്മാരെ ഭജിക്ക രുത് എന്നും ഞാൻ നിങ്ങളോട് കല്പിച്ചു; നിങ്ങളോ എന്റെ വാക്ക് കേട്ടില്ല"(ന്യായാധിപന്മാർ 6:10).

***ന്യായാധിപന്മാർ ആറാം അധ്യായത്തിൽ ഈ സാഹചര്യത്തിൽ ഗിദയോന് വെളിപ്പെടുന്ന ദൈവത്തെ കാണാം***

എബ്രായർ തങ്ങളുടെ വാഗ്ദത്ത ദേശത്ത് എത്തിച്ചേർന്നു. എന്നാൽ ഓരോ തവണ അവർ വിതയ്ക്കുമ്പോഴും മിദ്യാന്യരും അമാല്യേക്യരും വന്ന് അവരുടെ വിളകളെ നശിപ്പിച്ച് കളഞ്ഞു. സാത്താൻ നമ്മിൽ നിന്ന്

ദൈവവചനമാകുന്ന വിത്തിനെ മോഷ്ടിക്കുന്നത് പോലെ അവർ യിസ്രയേലിന്റെ വിളകളെ കൊള്ളയടിച്ചു. അങ്ങനെ വാഗ്ദത്തദേശത്ത് എത്തിയെങ്കിലും ശത്രുക്കളുടെ തടവറയ്ക്കുള്ളിലായിരുന്നു ദൈവത്തിന്റെ ജനം.

**ദൈവമക്കൾ വാഗ്ദത്തദേശത്ത് തടവുകാരായിരുന്നുവെന്ന് പഴയനിയമം ചൂണ്ടിക്കാട്ടുന്നു**

***ഇങ്ങനെയാണ് ശത്രു നിങ്ങളെ കെണിയിലകപ്പെടുത്താൻ പരിശ്രമിക്കുന്നത്.***

നിങ്ങൾ ഒരിക്കലും ഉപേക്ഷിക്കാൻ ആഗ്രഹിക്കാത്ത ജഡത്തിന്റെ ഇച്ഛകളെ (പഴയ സ്വഭാവം) സാത്താൻ നോക്കിക്കൊണ്ടിരിക്കും. ദൈവവചനം പ്രമാണിച്ച് ജീവിക്കേണ്ട കാര്യമില്ലെന്നും നമ്മുടെ ഇഷ്ടങ്ങൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നും നമ്മെ ബോധ്യപ്പെടുത്താൻ അവൻ ശ്രമിക്കും. ദൈവരാജ്യത്തെയോ ഫലം കായ്ക്കുന്നതിനെയോ കുറിച്ച് ചിന്തിക്കേണ്ടതില്ലെന്നും അവൻ നമ്മെ മനസ്സിലാക്കാൻ പരിശ്രമിക്കും. ക്ഷമിക്കാൻ കഴിയാത്തതാണ് ശത്രുവിന് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാൻ ലഭിക്കുന്ന ഏറ്റവും വലിയ ക്ഷണം.

ക്രമേണ സാത്താൻ അവന്റെ പദ്ധതികളിൽ നമ്മെ കൊരുത്തിട്ട് കഴിയുമ്പോഴേ നമുക്ക് അവന്റെ വഞ്ചന മനസ്സിലാക്കാൻ കഴിയൂ. നിങ്ങൾ പിശാചിനാൽ ബാധിതനല്ല എന്നാൽ അവന്റെ സ്വാധീന വലയത്തിലാണ്. പൈശാചിക പദ്ധതികൾ നിങ്ങൾക്ക് ചുറ്റും കോട്ടകളാകുമ്പോൾ നിങ്ങൾക്ക് പ്രതീക്ഷകൾ നഷ്ടപ്പെടും. വാഗ്ദത്തദേശത്ത് വസിക്കുന്ന ഒരു ക്രിസ്ത്യാനി ആയിരിക്കുമ്പോൾ തന്നെ പഴയനിയമത്തിൽ പറയുന്ന ജനത്തെപ്പോലെ നിങ്ങൾ തടവുകാരാണ്. ഇനിമേൽ മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള നദി ഒഴുകുന്ന ഒരു വ്യക്തിയല്ല നിങ്ങൾ. സാത്താനാണ് ആ നദിക്ക് തടയണ നിർമ്മിച്ചത്. എന്നാൽ സാത്താന് തടയണ നിർമ്മിക്കുവാൻ അനുവാദം കൊടുത്തത് നിങ്ങളാണ്.

**സാത്താന് നമ്മെ അകപ്പെടുത്താൻ കഴിയുന്ന തടവറകൾ ഏതൊക്കെയാണ്?**

"അതിന് യേശു: ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു" (യോഹന്നാൻ 8:34).

***രോഗം,***

***സാമ്പത്തിക പ്രതിസന്ധി,***

***സ്നേഹം ലഭിക്കാതിരിക്കുക.***

നമ്മുടെ മാതാപിതാക്കളിൽ നിന്ന് വ്യവസ്ഥയില്ലാത്ത സ്നേഹം ലഭിക്കുന്നില്ലെങ്കിൽ നാം ജയിലിനുള്ളിലാണ്.

***സ്വാർത്ഥത/സ്വയസ്നേഹം:*** യഥാർത്ഥ സ്നേഹത്തിന്റെ നേർവിപരീത മാണ് സ്വാർത്ഥതയും സ്വയസ്നേഹവും. നിങ്ങളാണ് ലോകത്തിന്റെ കേന്ദ്രബിന്ദുവെന്നും സകലവും നിങ്ങൾക്ക് ചുറ്റും കറങ്ങുന്നു എന്നു മാണ് നിങ്ങളുടെ ധാരണ.

***ആത്മവിശ്വാസമില്ലായ്മ:*** കഴിവില്ലായ്മയുടെയും പരാജയത്തിന്റെയും ചിന്തകളാണിത്. നാം ആരാണെന്നുള്ളതിന് ദൈവത്തിൽ നിന്നോ ദൈവവചനത്തിൽ നിന്നോ അല്ലാതെ മറ്റാരുടെയും അഭിപ്രായം ആരാ യേണ്ട കാര്യമില്ല. നമ്മുടെ വ്യക്തിത്വത്തെക്കുറിച്ചും നാം ആരാണെ ന്നതിനും മനുഷ്യപ്രകൃതവും ലോകവും തെറ്റായ ധാരണകൾ നൽകാൻ എപ്പോഴും ശ്രമിക്കാറുണ്ട്. അതിനാൽ ഒരു പക്ഷേ നമ്മൾ അഹങ്കാരികളും വലിയ ആളെന്ന ഭാവമുള്ളവരുമായി മാറാം അല്ലെങ്കിൽ അപകർഷതാ ബോധം കൊണ്ട് ഒന്നിനും കഴിവി ല്ലാത്തവരാണെന്ന ചിന്തയുള്ളവരുമാകാം. ഈ രണ്ടു തരം അവസ്ഥ യേയും നേരിടാനുള്ള മാർഗം ദൈവം നമ്മിൽ വസിക്കുന്നുവെന്നും അതിനാൽ തന്നെ നാം പോകുന്നിടത്തൊക്കെയും അനുഗ്രഹിക്കപ്പെ ടുമെന്നും തിരിച്ചറിയുക. ദൈവമഹത്വം നിറച്ചുവെയ്ക്കപ്പെട്ട ഒരു പാത്ര മെന്ന നിലയിൽ നാം കണ്ടുമുട്ടുന്നവരെല്ലാം നമ്മിലൂടെ അനുഗ്രഹി ക്കപ്പെടും. മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്നതും ജീവിത സാഹചര്യവും ഒന്നുമല്ല നമ്മുടെ വ്യക്തിത്വത്തെ വെളിപ്പെടു ത്തുന്നത്. നാം ജോലിക്കുപോകുമ്പോൾ ആ ജോലിക്കാവശ്യമായ ബഹുമാനം നൽകുന്നു. പണ്ട് യേശുക്രിസ്തു ശിഷ്യന്മാരുടെ കാൽ കഴുകിയപ്പോൾ അക്കാലത്ത് അത് ടോയ്‌ലറ്റ് കഴുകുന്നതുപോലെയുള്ള നിന്ദ്യമായ പ്രവർത്തിയായിരുന്നു. എന്നാൽ യേശു അത് ചെയ്തതോടെ അതൊരു ബഹുമാന്യതയുള്ള പ്രവർത്തിയായി മാറി.

***അനാഥരും, വിധവമാരും (യാക്കോബ് 1:27)***

ദൈവം വിധവമാരുടെയും അനാഥരുടെയും കാര്യത്തിൽ പ്രത്യേക താൽപ്പര്യം കൊടുത്തിരുന്നു. (ഇതിൽ വിവാഹമോചിതരായ സ്ത്രീക ളും അവരുടെ കുഞ്ഞുങ്ങളും ഉൾപ്പെടും) ഇങ്ങനെയുള്ളവർക്ക് ഉത്ത രവാദപ്പെട്ടവരോ സംരക്ഷകരോ പിതൃസ്ഥാനീയരോ ഇല്ല. പ്രതിരോ ധിക്കാനോ, വാദിക്കാനോ ആളില്ലാത്തതിനാൽ ഉപേക്ഷിക്കപ്പെട്ടവരാ യിരിക്കാം ഇവരിലേറെയും. പഴയനിയമത്തിൽ അനാഥരെയും, വിധ വമാരെയും സംരക്ഷിക്കണമെന്ന ധാരാളം മുന്നറിയിപ്പുകൾ നൽകി യിട്ടുണ്ട്. ഇന്നത്തെ സഭയ്ക്കും ഇതൊക്കെ ബാധകമാണ്.

നമുക്ക് എല്ലാവർക്കും സുരക്ഷിതത്വം ആവശ്യമാണ്. എന്നാൽ അനാഥർക്കും വിധവമാർക്കും ഇല്ലാതെ പോകുന്നത് ഈ സുരക്ഷി

തത്വബോധമാണ്. അവിചാരിതമായി വിധവയാക്കപ്പെടുകയോ അനാഥരാക്കപ്പെടുകയോ ചെയ്തിട്ടുള്ളവർ ആ സാഹചര്യത്തിൽ നിന്ന് മാനസികമായി പുറത്തു കടക്കാൻ വളരെയധികം കഷ്ടപ്പെടുന്നത് ഞാൻ കണ്ടിട്ടുണ്ട്. വിശ്വാസികളെന്ന നിലയിൽ നാം ദൈവത്തിന്റെ മനസ്സോടെ അനാഥരേയും വിധവമാരെയും സംരക്ഷിക്കയും അവർക്ക് ധൈര്യം നൽകുകയും വേണം. ദൈവം അവർക്ക് പ്രത്യേക സംരക്ഷണവും കരുതലും നൽകാൻ ആഗ്രഹിക്കുന്നു. അവനാണവരുടെ സംരക്ഷകൻ. ഇത്തരം ഉത്തരവാദിത്വങ്ങൾ നിറവേറ്റാത്ത മനസ്സിന്റെ ഉടമയാണ് നിങ്ങളെങ്കിൽ ഇതൊരു തടവറയാണ്; നിങ്ങൾ തടവുകാരനും. യാക്കോ 1:27 ൽ പറയുന്നത് ശ്രദ്ധിക്കുക. യഥാർത്ഥ ആരാധനയും, ഭക്തിയും, ദൈവഭയവും അനാഥരേയും വിധവമാരെയും കരുതുവാനും സ്നേഹിക്കുവാനുമുള്ള മനസ്സാണ്. ദൈവത്തിൽ നിന്നുള്ള വളരെ ഗൗരവമേറിയ കൽപ്പനയാണിത്. ദൈവം ഓരോരുത്തരെക്കുറിച്ചും എത്രമാത്രം ശ്രദ്ധാലുവാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

ദൈവം തന്റെ വിശുദ്ധനിവാസത്തിൽ അനാഥർക്ക് പിതാവും വിധവമാർക്ക് പാലകനും ആകുന്നു (സങ്കീ 68:5).

***മാമ്മോൻ–*** ദൈവത്തേക്കാളുപരി ലോകത്തെയും മറ്റുള്ളവരെയും നമ്മുടെ ലൗകീകാവശ്യങ്ങൾക്കായി ആശ്രയിക്കുന്നത്.

***ദുരുപയോഗം–*** നിരവധി ആളുകൾ ലൈഗികമായും മറ്റ് നിലകളിലും ചൂഷണം ചെയ്യപ്പെടുന്നു.

***സ്വയനീതീകരണം–*** ഇത് വളരെ വലിയൊരു പ്രശ്നമാണ്.

***ക്ഷമയില്ലായ്മ–*** ഇതും വലിയ പ്രശ്നമാണ്.

***മറ്റു ശത്രുക്കൾ–*** ധാർമ്മികപാപങ്ങൾ, ലൈഗീകപാപങ്ങൾ, കൈപ്പ്, അപവാദം, കോപം, സത്യത്തോടും വിശ്വസ്തതയോടും ഉള്ള വെള്ളം ചേർക്കൽ .... എന്നിങ്ങനെ പട്ടിക നീളും.

***ആസക്തി–*** പേരു പറയാനാവാത്തത്ര കാര്യങ്ങളോടുള്ള ആസക്തികൾ ഉണ്ട്. എന്നാൽ ഇതിനൊരു പരിഹാരം പരിശുദ്ധാത്മാവിലൂടെയുള്ള ദൈവസ്നേഹമാണ്.

***പാരമ്പര്യ ശാപക്കെണി–*** സ്നേഹവും, ദയയും പ്രകടിപ്പിക്കാനുള്ള കഴിവില്ലായ്മ, അടിമത്വ മനോഭാവം, മറ്റുള്ളവരെ പ്രീതിപ്പെടുത്താനുള്ള ശ്രമം, സ്വയം പൂർണ്ണനാണെന്നുള്ള ചിന്ത, ഇതെല്ലാം പാരമ്പര്യ ശാപങ്ങളിലൂടെയുള്ള കെണികളാണ്. ഇതിന്റെയെല്ലാം അന്തരഫലം തകരുന്ന ബന്ധങ്ങളും ജീവിതത്തിൽ നിന്ന് സമാധാനവും, സംതൃപ്തിയും നഷ്ടമാകുന്നതുമാണ്. അതോടൊപ്പം നിരന്തര രോഗങ്ങളും പട്ടിണിയും ദാരിദ്ര്യവും ഉൾപ്പെടെ മറ്റു പലതും ഉൾപ്പെടുന്നു.

***ആഭിചാരം–*** മറ്റുള്ളവരെ നിയന്ത്രണത്തിൽ വരുത്തുക. ഒരു പക്ഷേ

നിങ്ങൾ ആയിരിക്കാം ഈ പാപകർമ്മത്തിന്റെ ഇര.

***ഭൂതകാലത്തിന്റെ കുറ്റബോധവും നാണക്കേടും*** – യേശു നമുക്ക് ഒരു പുതിയ തുടക്കം നൽകുകയും ഭൂതകാല ഓർമ്മകൾ മായിച്ചുകളയുകയും ചെയ്യും.

***എന്നിരുന്നാലും; ഏറ്റവും വ്യാപകമായ പ്രശ്നം തള്ളപ്പെടലാണ്***

നൂറുകണക്കിന് പ്രശ്നങ്ങളുടെ അടിത്തറ തള്ളപ്പെടലാണ്. ബാല്യത്തിൽ മക്കൾക്ക് മാതാപിതാക്കളിൽ നിന്ന് വ്യവസ്ഥകളില്ലാതെയുള്ള അംഗീകാരം ആവശ്യമാണ്. പിതാക്കന്മാരുമായി ഉണ്ടാകുന്ന ബന്ധതകർച്ചകളാണ് കുട്ടികളെ മയക്കുമരുന്നിലേക്കും മറ്റ് ആസക്തികളിലേക്കും തള്ളിവിടുന്ന വ്യാപക കാരണം.

നമ്മുടെ സമപ്രായക്കാരിൽ നിന്നും, പങ്കാളികളിൽ നിന്നും നമുക്ക് അംഗീകാരങ്ങൾ ആവശ്യമാണ്. ആധുനിക സമൂഹത്തിൽ ഇതുപോലെ തകർന്ന വ്യക്തികൾ മറ്റുള്ളവരിലേക്ക് പ്രശ്നങ്ങൾ അടിച്ചേൽപ്പിക്കുന്നത് ഇത്തരം തള്ളപ്പെടൽ മൂലമാണ്. അത് തലമുറകളിലേക്ക് വ്യാപിക്കുന്നതുമാണ്. സ്നേഹം ലഭിക്കാത്തിടത്തോളം അത് മറ്റുള്ളവരിലേക്ക് പകരാനും നമുക്ക് കഴിയില്ല. 1 യോഹ 4:19 ൽ പറയുന്നു "അവൻ ആദ്യം നമ്മെ സ്നേഹിച്ചത്കൊണ്ട് നാം സ്നേഹിക്കുന്നു".

1. നമ്മൾ സഹിക്കേണ്ട തിരസ്കരണം അവൻ നമുക്കായി വഹിച്ചു. യെശയ്യാ 53:3 ൽ "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചു കളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല" എന്ന് കാണുന്നു.

2. അവന്റെ അതുല്യമായ സ്നേഹത്താൽ വ്യവസ്ഥകളില്ലാതെ അവൻ നമ്മെ അംഗീകരിച്ചു. എഫെസ്യർ 1:6 ൽ "നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിച്ചു" എന്ന് പറയുന്നു. ഇവിടെ യേശു നമ്മെ താഴ്ത്തുകയല്ല. അവൻ നമ്മെ സ്വതന്ത്രരാക്കാൻ ആഗ്രഹിക്കുന്നു. അതവന്റെ ദൗത്യമാണ്. അതിന് വേണ്ടി നാം നമ്മുടെ അഹന്ത ഉപേക്ഷിച്ച്, നമ്മോട് തന്നെ വിശ്വസ്തത പുലർത്തി സ്വതന്ത്രമാക്കപ്പെടുന്ന ആ പ്രക്രിയക്ക് വേണ്ടി നമ്മെതന്നെ ഏലിപിച്ച് കൊടുക്കണം.

ജനം ബന്ധിക്കപ്പെട്ട് പോകുന്നതിന്റെ മൂലകാരണവും അടിസ്ഥാനപ്രശ്നങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുക.

"യഹോവയായ ഞാൻ നിങ്ങളുടെ ദൈവമാകുന്നു എന്നും നിങ്ങൾ പാർക്കുന്ന ദേശത്തുള്ള അമോര്യരുടെ ദേവന്മാരെ ഭജിക്കരുത് എന്നും ഞാൻ നിങ്ങളോട് കല്പിച്ചു. നിങ്ങളോ എന്റെ വാക്ക് കേട്ടില്ല".

**തടവറയിൽ നിന്ന് സ്വയം രക്ഷ നേടുകയും തന്റെ ജനത്തെ രക്ഷിക്കയും ചെയ്ത ഗിദയോൻ നമുക്കുള്ള മാതൃക**

ഗിദയോൻ ദൈവത്തിന് വേണ്ടി ഫലം കായ്ച്ചു. അവൻ വളരെ കഠിനമായി അധ്വാനിച്ച് സ്വന്ത പ്രയത്നം കൊണ്ടും ശക്തികൊണ്ടും ജീവിതം മുൻപോട്ട് കൊണ്ട് പോകാൻ ശ്രമിച്ചെങ്കിലും അത്യന്തം നിരാശയിലും അപകർഷതാബോധത്തിലും, പരാജയത്തിലുമാണ് അവസാനിച്ചത്. തങ്ങളുടെ ആടുമാടുകളെ കൊള്ളയിടുകയും വിളകളെ ഉന്മൂലനാശം വരുത്തുകയും ചെയ്യുന്ന മിദ്യാന്യരെ ഭയന്ന് മുന്തിരിച്ചക്കിനരികിൽ ഒളിച്ചിരിക്കയായിരുന്നു ഗിദയോൻ. യിസ്രയേൽ എത്രയൊക്കെ പരിശ്രമിച്ചിട്ടും ശത്രുക്കളെ അതിജീവിക്കാൻ അവർക്ക് കഴിഞ്ഞില്ല. അവരുടെ ശത്രുക്കളായിരുന്ന മിദ്യാന്യർ ദൈവത്തിന്റ വയലുകളെ നശിപ്പിച്ച് വിത്തുകളെ അപഹരിച്ചു കളഞ്ഞു. അതുപോലെ തന്നെയാണ് സാത്താൻ (മിദ്യാന്യർ) നമ്മിൽ നിന്ന് ദൈവവചനമാകുന്ന വിത്തിനെ അപഹരിച്ച് നാം ഫലം കായ്ക്കുന്നതിനെ തടയുന്നു. ശ്രദ്ധിക്കുക യിസ്രയേൽ വിത്ത് വിതയ്ക്കുന്നത് വരെ കാത്തുനിന്നിട്ടാണ് മിദ്യാന്യർ വെട്ടുക്കിളികളെ പോലെ അവരെ നശിപ്പിക്കാനായി കടന്ന് വരുന്നത്. ക്രമേണ യിസ്രയേൽ ക്ഷയിച്ചു പോയി.

**ദൈവം എന്താണ് ചെയ്തത്? ഗിദയോൻ എന്തു ചെയ്തു?**

***ദൈവശബ്ദം കേൾക്കാൻ ദൈവം ഗിദയോനെ പഠിപ്പിച്ചു എന്നതാണ് നാം ഇതിൽ നിന്ന് പഠിക്കേണ്ട പ്രഥമ പാഠം***

ദൈവവും ഗിദയോനും തമ്മിലുള്ള ബന്ധം മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് പ്രവേശിക്കുന്നത് നിരീക്ഷിക്കുക. ദൈവത്തിന്റെ വഴികൾക്ക് ഗിദയോൻ തന്നത്താൻ വിധേയപ്പെട്ടപ്പോൾ ദൈവം തന്റെ കൃപയും ശക്തിയും അവന്റെ മേൽ പകർന്നത് ശ്രദ്ധിക്കുക. ദൈവശബ്ദം അനുസരിക്കാൻ ഗിദയോൻ പഠിച്ചു. അതുമാത്രമാണ് ഗിദയോൻ ചെയ്യേണ്ടിയിരുന്നതും. നാം ഓരോരുത്തരും ചെയ്യേണ്ടതും അതുതന്നെയാണ്. ശ്രദ്ധിക്കുക "നിങ്ങൾ എന്റെ ചട്ടങ്ങളും, നിയമങ്ങളും അനുസരിച്ചില്ല" എന്നല്ല ദൈവം പറയുന്നത്. 'നിങ്ങൾ എന്റെ വാക്ക് അനുസരിച്ചില്ല' എന്നാണ്. വ്യക്തിപരമായി പറയുന്ന വാക്കുകൾ ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും തുല്യമാണ്. ദൈവശബ്ദം വ്യക്തിപരവും മുഖാമുഖവുമാണ്. ദൈവശബ്ദം കേൾക്കുകയെന്നത് വളരെ സന്തോഷകരമാണ്. നമുക്ക് ദൈവശബ്ദം കേൾക്കാൻ കഴിയുന്നിടത്തോളം അവൻ എന്തു പറയുന്നു എന്നുള്ളത് പ്രശ്നമേ അല്ല.

ചോദ്യമിതാണ്: ഈ ദൈവശബ്ദം കേൾക്കാൻ നമുക്ക് എത്രത്തോളം ആഗ്രഹമുണ്ട്? ദൈവശബ്ദത്തെ അനുസരിക്കാൻ നാം എത്രത്തോളം ഉത്സാഹമുള്ളവരാണ്?

കഥയുടെ അന്ത്യം ഇങ്ങനെയാണ്. തനിക്ക് മാത്രമല്ല തന്റെ ജനത്തിന് മുഴുവൻ വിജയം നേടിക്കൊടുക്കുവാൻ ദൈവം ഗിദയോനെ ഉപയോഗിച്ചു. യെശയ്യാ 61 ൽ പറയുന്നത് പോലെ അവൻ തടവുകാരനിൽ നിന്ന് പുരോഹിതനായി മാറി. കഷ്ടപ്പാടുകൾക്ക് നടുവിലായിരുന്നവൻ ആശ്വാസകനായി മാറി. ചപ്പുചവറുകൾ അവൻ വിലയേറിയ ആഭരണങ്ങളാക്കി മാറ്റി. അവൻ ക്രൂശിന്റെ പാതയിലൂടെ കല്ലറവരെ നടന്നു പുനരുത്ഥാനം പ്രാപിച്ചു.

ഈ പാഠഭാഗത്തിൽ നമ്മുടെ തടവറകളെ മാറ്റി സ്വാതന്ത്ര്യം നല്കുവാൻ എങ്ങനെ പ്രവർത്തിച്ചുവെന്നും, ഇനിയെങ്ങനെ പ്രവർത്തിക്കുമെന്നും കാണാൻ പോകുകയാണ്. ഗിദയോൻ ദൈവത്തോട് എങ്ങനെ പ്രതികരിച്ചുവെന്നും നാം കണ്ടു. നമ്മുടെ ജീവിതത്തിലും ഈ പാതകളെ പിൻതുടരേണ്ടത് ആവശ്യമാണ്.

**ന്യായാധിപന്മാർ ആറാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഗിദയോന്റെ വഴികളെ പിൻതുടരുക**

*6:1 തന്റെ പൂർവ്വപിതാക്കന്മാരുടെ വിഗ്രഹാരാധനയുടെ ഇരയായിരുന്നു ഗിദയോനും.* വിഗ്രഹങ്ങളെ സേവിച്ച ഇരുനൂറ് വർഷങ്ങളോളം ദൈവജനം അടിമത്വത്തിലും പട്ടിണിയിലും ആയിരുന്നു. നമ്മെ ഈ തടവറയിൽ ആക്കിയവരോട് ക്ഷമിക്കുകയാണ് പരിഹാരമാർഗ്ഗത്തിന്റെ ആദ്യപടിയായി നാം ചെയ്യേണ്ടത്. നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം പൂർണ്ണ മനസ്സോടെ ക്ഷമിക്കാതെ തുടർനടപടികൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരാൻ കഴിയില്ല. ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ അതൊരു പാപമായി കണക്കാക്കി ദൈവത്തോട് ക്ഷമയ്ക്കായി പ്രാർത്ഥിക്കുക.

*6:1–11 കൂട്ടമായി വന്ന് തങ്ങളുടെ വിളവുകളെ നശിപ്പിക്കയും, ആടുമാടുകളെ കൊള്ളയിടുകയും ചെയ്യുന്ന മിദ്യാന്യരിൽ നിന്ന് രക്ഷനേടുവാൻ ഗിദയോൻ ഭൂഗർഭ അറയിലുള്ള തന്റെ മുന്തിരി ചക്കിനരികെ ഒളിച്ചിരുന്നാണ് ധാന്യം മെതിച്ചുകൊണ്ടിരുന്നത്.* എത്ര കിണഞ്ഞു പരിശ്രമിച്ചിട്ടും ശത്രുക്കളെ തോല്പിക്കുവാൻ ഗിദയോനും ജനത്തിനും കഴിഞ്ഞില്ല. ദൈവത്തിന്റെ പുൽമേടുകളെ നശിപ്പിച്ചു മിദ്യാന്യർ വിത്തുകൾ എല്ലാം അപഹരിച്ചു.

*ഇതേ രീതിയിൽ തന്നെയാണ് മിദ്യാന്യർ അഥവാ സാത്താൻ നാം ഫലം കായ്ക്കാതിരിക്കേണ്ടതിന് നമ്മിൽ നിന്ന് വചനമാകുന്ന വിത്തിനെ മോഷ്ടിക്കുന്നത്.* യിസ്രയേൽ മക്കൾ വിത്തുവിതയ്ക്കുന്നത്വരെ കാത്തിരുന്ന ശേഷമാണ് മിദ്യാന്യ കവർച്ചാസംഘം വിളവുകളെ നശിപ്പിക്കാൻ പാഞ്ഞടുത്തത്. വെട്ടുക്കിളികളെ പോലെ മിദ്യാന്യർ വന്നപ്പോൾ യിസ്രയേൽ ക്ഷയിച്ചു പോയി.

*6:8 ദൈവം യിസ്രയേലിനോട് സംസാരിച്ചു.* യിസ്രയേലിന്റെ നിലവിളി കേട്ട ദൈവത്തിന് അവരോട് കരുണ തോന്നുകയും അവർക്കായി

ഒരു പ്രവാചകനെ അയക്കുകയും ചെയ്തു. യിസ്രയേലിനെ ഒരിക്കൽ അടിമത്വത്തിൽ നിന്ന് വിടുവിച്ച യഹോവയാണ് അവരുടെ ദൈവമെന്നും ആ ദൈവത്തിന്റെ വാക്കുകൾ അനുസരിക്കാത്തത് കൊണ്ടാണ് അവർ പിന്നെയും വാഗ്ദത്തനാട്ടിൽ എത്തിച്ചേർന്നിട്ടും ബന്ധിക്കപ്പെട്ട് തടവറയിൽ ആയിരിക്കുന്നതെന്നും പ്രവാചകൻ അവരെ ഓർപ്പിച്ചു. നാം ദിനം തോറും ദൈവവചനം പ്രമാണിച്ച് ജീവിച്ചില്ലെങ്കിൽ ശത്രുവായ പിശാചിന്റെ അടിമത്വത്തിലും തടവറയിലും അകപ്പെടും എന്നുള്ളതിന് സംശയമില്ല. മറ്റൊരു മാർഗ്ഗവുമില്ല.

*6:12 ദൈവം ഗിദയോനോട് വ്യക്തിപരമായി സംസാരിച്ചു.*

ദൈവത്തിന്റെ പ്രതിനിധിയായി സ്വർഗ്ഗത്തിലെ ദൂതൻ ഗിദയോന്റെ അരികിലേക്ക് വന്നു. യേശു തന്നെയാണ് ഗിദയോന്റെ അരികിലേക്ക് വന്നതെന്ന് മറ്റ് ബൈബിൾ കമന്ററികൾ പറയുന്നു.

ഗിദയോനെ ദൂതൻ വിളിക്കുന്നത് 'പരാക്രമശാലിയേ' എന്നാണ് ഒരു ഭീരുവിനെപോലെ പെരുമാറുന്ന, ആത്മവിശ്വാസമില്ലാത്ത, ശത്രു കണ്ടുപിടിക്കാതിരിക്കാൻ മുന്തിരിചക്കിനരികെ ഒളിച്ചിരിക്കുന്ന ഗിദയോനെ ദൈവദൂതൻ എന്തുകൊണ്ടാണ് അങ്ങനെ വിളിച്ചത്?

ദൈവത്തിന്റെ ഇടപെടൽ ഈ വിധത്തിലാണ്. നാം എന്തായിതീരുമെന്ന് അവൻ മുന്നമേ അറിയുന്നു. അവൻ നമ്മുടെ ഉള്ള അവസ്ഥയിലല്ല നമ്മെ സംബോധന ചെയ്യുന്നത്.(റോമർ 4:7) നാം ആരെന്നതല്ല, അവനിൽ നമുക്ക് എന്താകാൻ സാധിക്കുമെന്നതാണ് ദൈവം നോക്കുന്നത്. ഇതാണ് സംസാരിക്കുന്ന വിശ്വാസത്തിന്റെ വാക്കുകൾ.

*6:13 ഗിദയോൻ ദൈവത്തോട് സത്യസന്ധനായിരുന്നു.*

അവന്റെ മനസ്സിൽ തോന്നിയത് അപ്പോൾ തന്നെ അവൻ പറഞ്ഞു. ദൈവം നമ്മോടു കൂടെയുണ്ടെങ്കിൽ പിന്നെ ഈ കഷ്ടപ്പാടുകൾക്ക് കാരണം എന്താണ്? അനേകർ ഈ ചോദ്യം ചോദിക്കാറുണ്ട്. ദൈവം സ്നേഹമാണെങ്കിൽ എന്തുകൊണ്ടാണ് നല്ലവരായ വ്യക്തികൾ കഷ്ടത അനുഭവിക്കുന്നത്? ഞാൻ ദൈവത്തെ സേവിക്കുന്ന വ്യക്തിയായിരിക്കെ എന്തുകൊണ്ടാണ് എന്റെ ജീവിതത്തിൽ പ്രതിസന്ധിഘട്ടങ്ങൾ കടന്നുവരുന്നത്? ഞങ്ങളുടെ പൂർവ്വപിതാക്കന്മാർക്ക് വേണ്ടി നീ പ്രവർത്തിച്ച അത്ഭുതങ്ങൾ എവിടെ? ഗിദയോൻ ദൈവത്തോട് ചോദിച്ചു. ഉപേക്ഷിക്കപ്പെട്ടവനായി അവന് തോന്നിത്തുടങ്ങിയിരുന്നു.

*6:18-21 ദൈവം ഗിദയോന് ഉടമ്പടിയുടെ ദൈവമായി തന്നെത്തന്നെ വെളിപ്പെടുത്തി*

ദൈവം ആരാണെന്ന് ഗിദയോന് മനസ്സിലാക്കി കൊടുത്തതോടൊപ്പം ആ ഉടമ്പടിയുടെ പങ്കാളിയായുള്ള ഗിദയോന്റെ യഥാർത്ഥ പദവിയും വെളിപ്പെടുത്തി കൊടുത്തു. മിക്കപ്പോഴും നമ്മുടെ പ്രാർത്ഥന

കൾക്കും ദൈവം ആരെന്ന് വെളിപ്പെടുത്തി കൊണ്ടുള്ള മറുപടി ആയിരിക്കും ലഭിക്കുന്നത്.

*ഗിദയോൻ ദൈവത്തിന് വേണ്ടി അവന്റെ കഴിവിന്റെ പരമാവധി പ്രവർത്തിച്ചു.*

ഗിദയോൻ ആ ക്രൂശ് വഹിക്കാൻ തയ്യാറായി. അത്യന്തം ദരിദ്രാവസ്ഥയിൽ ജനിച്ച ഗിദയോൻ ദൈവത്തിന് അർപ്പിച്ച ആടിന്റെയും, വടകളുടെയും വില അത്ര വലുതായിരുന്നു. അതുമാത്രമല്ല അവൻ അത് ദൈവദൂതന് വേണ്ടി പാകം ചെയ്തു.

*ഗിദയോൻ യേശുവിന്റെ ക്രൂശ് കണ്ടു.*

അത് ഒരു വിലയേറിയ ഭക്ഷണമായിരുന്നെങ്കിലും ദൈവം അതിനെ ഉടമ്പടിയുടെ അടയാളമാക്കി മാറ്റി. ലേവ്യ 2:1 ൽ ദൈവത്തിന് അർപ്പിക്കുന്ന യാഗത്തെ പുരോഹിതൻ യാഗപീഠത്തിൽ വെച്ച് ചുട്ടുകളയണമെന്ന് പറഞ്ഞിരിക്കുന്നു. അതുപോലെ ദൈവദൂതൻ തന്റെ വടിയുടെ അഗ്രം കൊണ്ട് തൊട്ടയുടനെ ഗിദയോൻ അർപ്പിച്ച യാഗവസ്തുക്കൾ അഗ്നിയിൽ ദഹിച്ച് ഉടമ്പടിയുടെ അടയാളമായി മാറി. ഗിദയോന്റെ എബ്രായ മനസ്സിൽ ദൈവവുമായി ഒരു രക്ത ഉടമ്പടി അന്നുമുതൽ ഉണ്ടായിക്കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം തന്റെ ശക്തിയും പേരും സാഹചര്യങ്ങളും അവനുമായി കൈമാറ്റം ചെയ്യുന്നത് അവൻ ദർശിച്ചു.

*രക്ത ഉടമ്പടി നിങ്ങളുടെ കുടുംബപേരും, പാരമ്പര്യവും മാറ്റും.*

ഗിദയോന് ദൈവത്തിന്റെ പേര് ലഭിച്ചപ്പോൾ ദൈവം ഗിദയോന്റെ പേര് തന്റേതാക്കി. പരാക്രമശാലിയെന്നായിരുന്നു ദൈവത്തിന്റെ നാമം. ഗിദയോനെന്നാൽ പരാജയപ്പെട്ട, ദുർബലനായ മനുഷ്യനെന്നും അവരത് പരസ്പരം കൈമാറി.

*6:22 ഗിദയോൻ ഇപ്പോൾ ദൈവശബ്ദം നന്നായി കേൾക്കാം.*

ഇതായിരുന്നു ഗിദയോന്റെ ഏറ്റവും വലിയ ഗുണം. അവൻ സമയമെടുത്ത് ദൈവവുമായുള്ള ഒരു ബന്ധം സ്ഥാപിച്ചു എന്നു മാത്രമല്ല ദൈവശബ്ദം തുടർന്നുള്ള ജീവിതത്തിലും കേൾക്കാൻ സമയം കണ്ടെത്തി. 21-ാം വാക്യത്തിൽ മടങ്ങിപ്പോയ ദൈവം 23-ാം വാക്യത്തിൽ പിന്നെയും ഗിദയോനോട് സംസാരിക്കുന്നതായി നാം കാണുന്നു. ദൈവവും ഗിദയോനുമായുള്ള ഒരു ബന്ധത്തിന്റെ പടിപടിയായുള്ള വളർച്ചയെയാണ് നാമിവിടെ കാണുന്നത്.

*6:23-24 ക്രൂശ് മുഖാന്തിരം ഗിദയോന് ദൈവീക സമാധാനം ലഭിച്ചു. (യഹോവ ശാലോം)*

എത്ര ഭീകരമായ സാഹചര്യങ്ങളിൽ കൂടി കടന്നുപോയാലും ദൈവീക സമാധാനം നമുക്കുണ്ടെങ്കിൽ അതിനെ അതിജീവിക്കുവാൻ നമു

ക്ക് സാധിക്കും. "ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ വാഴട്ടെ. അതിനാലല്ലോ നിങ്ങൾ ഏക ശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത്. നന്ദിയുള്ളവരായും ഇരിക്കുവീൻ" (കൊലൊസ്യർ 3:15).

*6:25-32 ഗിദയോന് കുടുംബ വിഗ്രഹങ്ങളെ തകർത്തുകളയേണ്ടി വന്നു*

യേശുവിന്റെ ക്രൂശിനെ അനുഭവിച്ചറിഞ്ഞാൽ പിന്നെ ബലിപീഠങ്ങളെ തകർത്തുകളയണം. സ്വയ സ്നേഹ മാണ് വിഗ്രഹാരാധനയുടെ അടിസ്ഥാനം. ഇത് ക്രൂശ് വഹിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു. പഴയനിയമ കാലത്തെപോലെ ഇന്ന് വിഗ്രഹാരാധന അത്ര പ്രകടമല്ല. ആത്മാവിൽ നടക്കുന്നതിനെതിരെ ജഡത്തിൽ നിങ്ങളെ നടത്തുന്നതെന്തും വിഗ്രഹാരാധനയാണ്. ആരെ അല്ലെങ്കിൽ എന്തിനെയാണ് നിങ്ങൾ ആരാധിക്കുന്നതെന്ന് കൃത്യമായി അറിയാനുള്ള ഒരു പരീക്ഷണം ഇതാ. ആരാധനയിൽ നിങ്ങൾ ആരെയാണ് അനുസരിക്കുന്നതെന്ന് ശ്രദ്ധിക്കുക. നിങ്ങളുടെ ചിന്താശക്തിയെയോ, മറ്റൊരാളെയോ ആണോ നിങ്ങൾ അനുസരിച്ച് നടക്കുന്നത് അതോ പരിശുദ്ധാത്മാവിനെയും ദൈവവചനത്തെയുമാണോ? ജഡത്തിൽ നടക്കുക എന്നാൽ നിങ്ങളുടെ ജഡത്തിന്റെ മോഹങ്ങളെ അനുസ്ഥരിച്ച് നടക്കുക എന്നാണ് അർത്ഥമാക്കുന്നത്. ആത്മാവിൽ നടക്കുക എന്നാൽ പരിശുദ്ധാത്മാവിനെയും, വചനത്തെയും അനുസരിച്ച് നടക്കുക എന്നും. വിഗ്രഹങ്ങളെ തച്ചുടക്കേണ്ടതിന് ഒരുവൻ ദൈവവചനവുമായും, പരിശുദ്ധാത്മാവുമായും സഹവസിക്കണം. അപ്പോൾ മാത്രമേ ജഡത്തിന്റെ മോഹങ്ങളെ അനുസരിക്കാതിരിക്കാൻ നമുക്ക് ശക്തി ലഭിക്കൂ. റോമാലേഖനം ഒന്നുമുതൽ പതിനൊന്ന് വരെയുള്ള അദ്ധ്യായങ്ങളിൽ നഷ്ടപ്പെട്ടുപോയ പഴയ മനുഷ്യന്റെ അവസ്ഥകളിൽ ചൊരിയപ്പെട്ട ദൈവത്തിന്റെ മഹാകരുണയെക്കുറിച്ചും, ദയയെക്കുറിച്ചും പ്രതിപാദിക്കുന്നു. അതിന് ശേഷം പന്ത്രണ്ടാം അദ്ധ്യായത്തിൽ ദൈവത്തിന്റെ ഈ മഹാ കരുണയെ ഓർത്ത് നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയുമുള്ള ആരാധനയായി സമർപ്പിക്കാൻ നമ്മെ ഉത്ബോധിപ്പിക്കുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഗിദയോൻ ചെയ്തത് പോലെ നിങ്ങളുടെ മുഴുവൻ കഴിവും ദൈവത്തിന് അർപ്പിക്കുക. നിങ്ങളുടെ ശരീരമാകുന്ന മൺപാത്രത്തെ ദൈവമഹത്വത്താൽ നിറയപ്പെടാൻ ഏല്പിച്ച് കൊടുക്കുക. ഈ ലോകത്തോട് അനുരൂപരാകാതെ ദൈവത്തിന് വേണ്ടി 'വ്യത്യസ്തനാകാൻ' ഒരുക്കമുള്ളവരായിരിക്കുക.

*6:34 വിഗ്രഹങ്ങളെ തകർത്തുകളഞ്ഞ ഗിദയോൻ ദൈവാത്മാവിനാൽ നിറയപ്പെട്ടു.*

ഗിദയോനിപ്പോൾ ദൈവത്തിന്റെ ശക്തിയുണ്ട്. ദൈവത്തെ അനുസരിക്കാനുള്ള വിശ്വാസവും സമർപ്പണവുമുണ്ട്. സ്വന്ത ചിന്തകളെയും

അവന്റെ സാഹചര്യങ്ങളെയും അനുസരിച്ച് ജീവിക്കുന്നത് ഗിദയോൻ അവസാനിപ്പിച്ചു. വിഗ്രഹങ്ങളെ വിട്ടുതിരിയുമ്പോൾ നമുക്ക് പരിശുദ്ധാത്മശക്തി അധികമായി ലഭിക്കും. ഇവിടെ ആദ്യം സംഭവിച്ചത് ശത്രുവിന്റെ പോരാട്ടമാണ്. നമ്മുടെ ആത്മീക വിഗ്രഹങ്ങളെ ഉടച്ചു കളയുമ്പോഴും സ്വഭാവികമായി യുദ്ധം ഉറപ്പാണ്.

*6:36–40 പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ച് വളരെ ശക്തമായ നിലയിൽ ദൈവവുമായി കൂട്ടായ്മ ആചരിക്കുവാൻ ഗിദയോൻ പഠിച്ചു. ഗിദയോൻ ദൈവത്തിന് വേണ്ടി ഫലം കായ്ച്ചു.*

അവൻ ദൈവജനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ രക്ഷകരിൽ ഒരാളായി മാറി. ന്യായാധിപന്മാർ ഏഴാം അദ്ധ്യായം മുതൽ 8:21 വരെ വായിക്കുമ്പോൾ ഗിദയോൻ നടത്തിയ യുദ്ധങ്ങളെക്കുറിച്ച് ഒരു ചിത്രം ലഭിക്കും. പ്രതീക്ഷകളില്ലാത്ത സാഹചര്യങ്ങളിൽ ജീവിച്ച് പരാജയപ്പെട്ട ഒരു മനുഷ്യനെ ദൈവം ചരിത്രവിജയത്തിലേക്ക് നടത്തിയതിന് രണ്ട് കാരണങ്ങൾ ഉണ്ട്. 1. ക്രൂശ് 2. ഗിദയോന് ക്രൂശിനോടുള്ള സമർപ്പണം. ദൈവത്തിന് വേണ്ടി പ്രവർത്തിക്കേണ്ടതിന് ഏതറ്റം വരെ പോകാനും ഗിദയോൻ തയ്യാറായിരുന്നു. ദൈവത്തിന് തന്റെ ജീവിതത്തിൽ ഒന്നാംസ്ഥാനമോ രണ്ടാം സ്ഥാനമോ നല്കാതെ തന്റെ ജീവിതം മുഴുവനായി ദൈവത്തിൽ കേന്ദ്രീകരിക്കാൻ തീരുമാനിച്ചതിന്റെ ഫലമായിരുന്നു വിഗ്രഹങ്ങളെയും കോട്ടകളെയും തകർത്തുകളയാൻ ഗിദയോൻ കാണിച്ച ഉത്സാഹം.

കുടുംബപാപങ്ങൾ മൂലമുള്ള ശാപങ്ങൾക്കും, വിഗ്രഹാരാധനയ്ക്കും ഗിദയോൻ പങ്കാളിയായിരുന്നെങ്കിലും ഗിദയോൻ അർപ്പിച്ച യാഗത്തിൽ പ്രസാദിച്ച ദൈവദൂതൻ അവനെ ക്രൂശിന്റെ ചിത്രം കാണിച്ച് അവനോട് പറഞ്ഞു "മകനേ നിന്റെ മേൽ ചുമത്തപ്പെട്ട പാപങ്ങളും, പാരമ്പര്യശാപങ്ങളും ഞാൻ ഏറ്റെടുക്കയല്ലാതെ നിനക്ക് പുറത്ത് വരുവാൻ മറ്റൊരു മാർഗ്ഗവുമില്ല. ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നിന്റെ പൂർവ്വ പിതാക്കന്മാർ തുടർന്നു വന്ന വിഗ്രഹാരാധന മൂലം നിന്റെ കുടുംബത്തിൽ തലമുറകളായി പിൻതുടർന്നു വരുന്ന പാരമ്പര്യശാപങ്ങളും, പാപങ്ങളും ഞാനേറ്റെടുക്കുകയാണ്. ശപിക്കപ്പെട്ട നിന്റെ വ്യക്തിത്വത്തെ ഞാൻ അനുഗ്രഹിക്കും. ഇനിമേൽ നിന്റെ പേര് 'പരാക്രമശാലി' എന്നായിരിക്കും. യഥാർത്ഥത്തിൽ ഗിദയോൻ എന്ന പേരിന്റെ അർത്ഥം 'വെട്ടിക്കളയുന്നവൻ' എന്നാണ്.

ഗിദയോൻ ആയിരുന്ന സ്ഥലത്ത് നിന്നാണ് ദൈവം അവനെ കണ്ടത്. അവന്റേതല്ലാത്ത ഒരു അവസ്ഥയെയല്ല; യഥാർത്ഥ വ്യക്തിത്വത്തെയാണ് ദൈവത്തിന് ആവശ്യമായിരുന്നത്. എന്നാൽ ദൈവത്തിന്റെ ശക്തിയാൽ മാത്രമേ വിജയം വരിക്കാൻ കഴിയുകയുള്ളൂ എന്ന് ഗിദയോൻ പഠിച്ചു.

ഫലത്തെക്കുറിച്ചും, വാഗ്ദത്തദേശത്ത് താനൊരു തടവുകാരനാണെന്നും ഗിദയോൻ പഠിച്ചു. ദൈവത്തോട് എങ്ങനെ ആഴമായ ബന്ധം സ്ഥാപിക്കാമെന്നും, ഒഴുകുന്ന നദിയെക്കുറിച്ചും, ദൈവം ആരാണെന്നും അവൻ മനസ്സിലാക്കി. ദൈവത്തോടൊപ്പം ഇരിക്കുവാനും നില്ക്കുവാനും, നടക്കുവാനും അവൻ പരിശീലിച്ചു. ഇതിന്റെയെല്ലാം അന്തിമ ഫലമായി ദൈവരാജ്യത്തിന് വേണ്ടി ഫലം കായ്ക്കാൻ ഗിദയോന് സാധിച്ചു എന്നുള്ളതാണ് വസ്തുത.

**ദൈവശബ്ദം കേൾക്കാൻ അത്യുത്സാഹമുള്ളവരായിരിക്കുക**

ദൈവശബ്ദം കേൾക്കാൻ വേണ്ടി നിങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുക. വചനം വായിക്കുവാൻ കൂടുതൽ സമയം ചിലവഴിക്കുകയും റെക്കോഡ് ചെയ്യപ്പെട്ട നല്ല പ്രസംഗങ്ങൾ കേൾക്കുകയും നല്ല എഴുത്തുകാരുടെ എഴുത്തുകൾ വായിക്കുകയും ചെയ്യുക. വചനം സംസാരിക്കുകയും അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ശ്രമിക്കയും വേണം. ദൈവത്തോടൊപ്പമിരുന്ന് കൂടുതൽ സമയം ദൈവത്തിൽ നിന്ന് കേൾക്കാനും കുറച്ച് സംസാരിക്കാനും ശ്രമിക്കുക. ദൈവശബ്ദം കൂടുതൽ കൂടുതൽ കേൾക്കേണ്ടതിനുള്ള മാർഗ്ഗമായി 'ഒഴുകുന്ന നദി' പഠിക്കുക. നിങ്ങളുടെ പരിചിതമായ സാഹചര്യങ്ങളിൽ നിന്ന് സമയാസമയങ്ങളിൽ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കുക.

*നിങ്ങളുടെ ഹൃദയത്തോട് സംസാരിക്കുവാൻ ദൈവത്തെ അനുവദിക്കുക.*

അദ്ധ്യായം

# 4 ദൈവം ആരാണ്

## ദൈവത്തെ നിങ്ങൾക്ക് അറിയാൻ സാധിക്കണം

ദൈവം നമ്മോട് കൂട്ടായ്മ ആഗ്രഹിക്കുന്നു. മതപരമായ ചടങ്ങുകളിലും കടമകളിലും ആശ്രയിക്കാതെ നാം എപ്പോഴും ദൈവത്തോടുള്ള ബന്ധത്തിലായിരിക്കണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ഒരുവനെ പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ അയാളുടെ സ്വഭാവം അറിയേണ്ടതുണ്ട്. ദൈവത്തെക്കുറിച്ച് നാം ആദ്യമായി മനസ്സിലാക്കേണ്ട കാര്യം അവൻ നമ്മുടെ സൃഷ്ടിതാവാണെന്നതാണ്.

**അവൻ നമ്മുടെ സൃഷ്ടിതാവാണെന്ന് മാത്രമല്ല, അവനാൽ സകലവും ഉളവാകുകയും ഇപ്പോഴും നിലനില്ക്കുകയും ചെയ്യുന്നു**

കൊലോസ്യർ 1:16-17 വാക്യങ്ങളിൽ "സിംഹാസനങ്ങൾ ആകട്ടെ കർതൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു". എന്ന് കാണുന്നു.

എബ്രായർ 11:3 ൽ "ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്ന് വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു" എന്ന് പറഞ്ഞിരിക്കുന്നു.

എബ്രായർ 1:2-3 വാക്യങ്ങളിൽ "ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു. അവൻ മുഖാന്തിരം ലോകത്തെയും ഉണ്ടാക്കി. അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകുകകൊണ്ട് പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്ത് ഭാഗത്ത് ഇരിക്കുന്നു" എന്നും കാണാം.

**ദൈവം നമ്മുടെ സൃഷ്ടിതാവാകയാൽ നമുക്കവനെക്കുറിച്ച് കൂടുതൽ വിവരിക്കാൻ കഴിയില്ല**

എന്നാൽ ദൈവത്തെക്കുറിച്ച് ബൈബിൾ വെളിപ്പെടുത്തുന്ന കുറച്ച് വസ്തുതകൾ താഴെകൊടുത്തിരിക്കുന്നു.

1. ദൈവം സ്വയംഭൂവും നിത്യനുമാണ് (യോഹന്നാൻ 1:1–3, ഉല്പത്തി 21:33).

2. ദൈവം സർവ്വശക്തനാണ് (ലൂക്കോസ് 1:37).

3 അവൻ സർവ്വജ്ഞാനിയാണ് (സങ്കീർത്തനം 147:5).

4. അവൻ സർവ്വവ്യാപിയാണ് (യിരമ്യാവ് 23:23–24).

5. ദൈവം ആത്മാവാണ് (യോഹന്നാൻ 4:24).

6. ദൈവം ത്രിത്വമാണ്. മൂന്ന് വ്യക്തിത്വങ്ങൾ ഉള്ള ഒരു വ്യക്തി. പിതാവായ ദൈവം, പുത്രൻ, പരിശുദ്ധാത്മാവ് (മത്തായി 3:16–17, യോഹന്നാൻ 1:1–14, 14:9–20).

7. ദൈവം നിത്യനാണ് (യെശയ്യാ 40:12–13).

8. ദൈവം സ്നേഹമാണ് (എഫെസ്യർ 2:1–7, 1 യോഹന്നാൻ 3:1, 1 യോഹന്നാൻ 4:9–10).

ദൈവത്തിന് **സ്നേഹം ഉണ്ടെന്നല്ല** പറഞ്ഞിരിക്കുന്നത്. ദൈവം **സ്നേഹമാകുന്നു** എന്നാണ്. ദൈവത്തിന്റെ സ്നേഹം വ്യവസ്ഥകൾ ഇല്ലാത്തതാണ്. നാം എത്രമാത്രം നല്ലവരാണെന്നോ ചീത്തയാണെന്നതിനെയോ ആശ്രയിച്ചല്ല ദൈവത്തിന്റെ സ്നേഹം. നാം പാപത്തിൽ മരിച്ച അവസ്ഥയിൽ ആയിരുന്നിട്ടും ദൈവം നമ്മെ സ്നേഹിച്ചു. മരിച്ച മനുഷ്യന് ജീവൻ പ്രാപിക്കാതെ ഒന്നും ചെയ്യുവാൻ കഴിയില്ല. മനുഷ്യന്റെ സ്നേഹത്തിന് വ്യവസ്ഥകൾ ഉണ്ട്. "നീ നല്ലവനാണെങ്കിൽ, ഞാൻ പറയുന്നത് എല്ലാം അനുസരിക്കയാണെങ്കിൽ, ഞാൻ നിന്നെ സ്നേഹിക്കാം". എന്നാൽ ദൈവം അങ്ങനെയല്ല. അവൻ സ്നേഹമായതുകൊണ്ടാണ് അവൻ നമ്മെ സ്നേഹിച്ചത്. ഇതാണ് വ്യവസ്ഥകളില്ലാത്ത സ്നേഹം അഥവാ **'അഗപ്പെ'**.

9. ഗലാത്യർ 5: 22–23 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ആത്മാവിന്റെ ഫലമാണ് അവന്റെ സ്വഭാവം.

10. ദൈവത്തിനൊരിക്കലും മാറ്റം സംഭവിക്കുന്നില്ല, മനുഷ്യരെപോലെ ദൈവത്തിന്റെ വികാരങ്ങൾ മാറിക്കൊണ്ടിരിക്കുന്നില്ല യാക്കോബ് 1:17 ൽ പറയുന്നത് സൂര്യ ഘടികാരത്തിൽ സൂര്യൻ ചലിക്കുന്നതിനനുസരിച്ച് പകലിൽ നിഴൽ മാറിക്കൊണ്ടിരിക്കും. എന്നാൽ യേശുക്രിസ്തുവിന് ഇപ്രകാരമുള്ള നിഴൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അവൻ എല്ലായ്പ്പോഴും ഉച്ചസമ

യത്തെ സൂര്യനെപ്പോലെ പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾക്കവനിൽ എപ്പോഴും ആശ്രയിക്കാം.

11. യേശു വചനമാണ്. അവൻ ദൈവമാണ് (യോഹന്നാൻ 1:1-2,14).

12. യേശു കന്യകയിൽ നിന്ന് ജനിച്ചു. (ലൂക്കോസ് 1:26-38) റോമർ 1:3-4 വാക്യങ്ങളിൽ "ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കുകയും മരിച്ചിട്ട് ഉയർത്തെഴുന്നേല്ക്കുകയാൽ വിശുദ്ധി യുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നു" എന്ന് കാണുന്നു. കൗമാ രക്കാരനായ യേശുവിനോട് നിന്റെ മാതാപിതാക്കൾ ആരാണെന്ന് ചോദിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാമോ? യേശുവിന്റെ മറു പടി ഇങ്ങനെയായിരിക്കും. "എന്റെ അമ്മ ദാവീദിന്റെ കുടുംബത്തിൽ പെട്ടവളാണ് എന്നാൽ എന്റെ പിതാവ് ഞാൻ തന്നെയാണ്".

13. പരിശുദ്ധാത്മാവ് ദൈവമാണ് (യോഹന്നാൻ 14:16-23, 16:7-15).

14. എല്ലാറ്റിലുമുപരി ദൈവം സ്നേഹമാണ്. നിങ്ങൾ നിങ്ങൾക്കു വേണ്ടി കരുതുന്നതിലുമുപരി, മാതാപിതാക്കളോ, കുടുംബമോ നിങ്ങൾക്ക് വേണ്ടി കരുതുന്നതിലുപരി ദൈവം നിങ്ങൾക്ക് വേണ്ടി കരുതുന്നു.

**ലൂക്കോസ് പതിനഞ്ചാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഉപമ യിൽ എനിക്കും നിനക്കും വേണ്ടിയുള്ള ദൈവീക കരുതൽ ദൈവ വചനത്തിൽ കൂടി വെളിപ്പെടുത്തുന്നു**

ഒരു ഇടയനും തൊണ്ണൂറ്റി ഒൻപത് ആടുകളെ വിട്ടേച്ച് നഷ്ടപ്പെട്ട ഒരു ആടിനെ തേടി പോകയില്ല. എന്നാൽ ദൈവം നമ്മുടെ നഷ്ട പ്പെട്ട അവസ്ഥകളിൽ നമ്മെ തേടിവരുന്നു.

അടുത്ത ഉപമയിൽ പ്രതീക്ഷകൾനഷ്ടപ്പെട്ട യുവതിയെയാണ് കാണുന്നത്. അവൾക്ക് സ്ത്രീധനമായി കൊടുകക്കേണ്ടിയിരുന്ന പത്ത് നാണയങ്ങളിൽ ഒന്ന് നഷ്ടപ്പെട്ട അവസ്ഥ. അത് കണ്ടെത്തിയില്ലെങ്കി ൽ അവൾ പട്ടിണിയിലേക്കും ദുരിതത്തിലേക്കും വീണുപോകും. നമ്മെ പൂർണ്ണരാക്കാനും പ്രതീക്ഷകളും ആഗ്രഹങ്ങളും പൂർത്തീകരണത്തി ലേക്ക് കൊണ്ടുവരാനും വേണ്ടി ദൈവം നമ്മെ അന്വേഷിക്കുന്നു.

അടുത്ത ഉപമയിലാകട്ടെ നഷ്ടപ്പെട്ട് പോയ മകന്റെ മടങ്ങിവരവിന് വേണ്ടി കാത്തിരിക്കുന്ന പിതാവിനെയാണ് ചിത്രീകരിച്ചിരിക്കുന്നത്. ദൂരെ നിന്ന് തന്നെ മകനെ കണ്ട പിതാവ് തന്റെ അഭിമാനം മറന്ന് ഓടിചെന്ന് തന്റെ പരിചാരകർ കാണാതെവണ്ണം അവന്റെ ചെളിപുര ണ്ട വൃത്തികെട്ട വസ്ത്രങ്ങൾ മാറ്റി പുതുവസ്ത്രം ധരിപ്പിച്ചു. തന്റെ പുത്രൻ തന്റെ വീട്ടിലെ ജോലിക്കാരുടെ മുന്നിൽ പരിഹസിക്കപ്പെടരു തെന്ന് ആ പിതാവ് ആഗ്രഹിച്ചു.

**ദൈവത്തെക്കുറിച്ചുള്ള ചില സാധാരണ ചോദ്യങ്ങൾ**

ഇത് മനസ്സിലാക്കാനായി നിങ്ങൾ സമയം ചിലവിടേണ്ടതുണ്ട്. നമ്മുടെ ജീവിതം ദൈവം മുന്നമേ നിർണ്ണയിക്കുന്നതാണോ? നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ദൈവത്തിലാണോ? കുറച്ച് പേർ മാത്രം രക്ഷിക്കപ്പെട്ട് സ്വർഗ്ഗത്തിലേക്ക് പ്രവേശനം നേടുന്നതാണോ ദൈവത്തിന്റെ പദ്ധതി? മറ്റുള്ളവർക്ക് ഒരു അവസരവും ലഭിക്കില്ലേ?

***മനസ്സിൽ സൂക്ഷിക്കേണ്ട രണ്ട് കാര്യങ്ങൾ***

*1. ദൈവം മനുഷ്യനെ സ്വതന്ത്രമായ ഇച്ഛാശക്തി നല്കിയാണ് സൃഷ്ടിച്ചത്. ദൈവം അത് ഒരിക്കലും ലംഘിക്കാൻ ശ്രമിക്കുകയില്ല.*

*2. ദൈവം കാലങ്ങൾക്കനുസരിച്ച് ജീവിക്കുന്ന വ്യക്തിയല്ല, അവൻ നിത്യനാണ്. അതൊരു നീണ്ട കാലയളവല്ല. കാലമില്ല എന്നതാണ് ശരി. ആരംഭത്തിൽ തന്നെ അവസാനവും അറിയുന്നവനാണ് നമ്മുടെ ദൈവം.*

പുറപ്പാട് പുസ്തകത്തിലും റോമർ ഒൻപതാം അദ്ധ്യായത്തിലും ദൈവം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കിയതായി കാണാം. ഫറവോനോട് ദൈവം അങ്ങനെ പ്രവർത്തിച്ചത് ശരിയായിരുന്നുവോ? ഫറവോൻ ഒരിക്കലും തന്റെ വഴിക്ക് വരില്ലെന്ന് മനസ്സിലാക്കിയപ്പോഴാണ് ദൈവം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കിയത്. വാസ്തവത്തിൽ മനുഷ്യന്റെ മനസ്സിനെ കഠിനമാക്കുക എന്നത് ദൈവത്തിന്റെ **തീരുമാനമല്ല**. എന്നാൽ ദൈവത്തെ നിരസിച്ച് തള്ളിപ്പറയുമ്പോൾ തന്നത്താൻ ഹൃദയം കഠിനമാക്കപ്പെട്ടുകയാണ്. മനുഷ്യസൃഷ്ടിയിൽ തന്നെ ഉള്ള ഒരു സവിശേഷതയാണത്. ദൈവത്തിന് നമ്മുടെ മനസ്സിൽ സ്ഥാനമില്ല എന്ന് നാം പറയുമ്പോൾ നമ്മുടെ ഉള്ളിൽ എന്തോ ഒന്ന് ക്രമേണ കാഠിന്യം പ്രാപിക്കുന്നു. ആത്യന്തികമായി നമുക്ക് ഒരു തിരഞ്ഞെടുപ്പിന് അവസരമില്ലാതെ വരുന്നു.

ദൈവത്തിന് മുൻകൂട്ടി അറിയാം. ദൈവമാണോ അതിന് കാരണക്കാരൻ? ഒരിക്കലുമല്ല ഫറവോന്റെ സ്വന്ത ഇച്ഛാശക്തിയാണ് അതിന് കാരണമായത്.

എഫെസ്യർ 2:10 ൽ നമ്മുടെ ജീവിതം മുൻകൂട്ടി തീരുമാനിക്കപ്പെട്ടതാണെന്ന് ദൈവം പറയുന്നു. ശരിയാണ്, നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെക്കുറിച്ച് ഒരു ദൈവീക പദ്ധതി ഉണ്ട് . ആ പാതയിൽ കൂടി നടക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

ദൈവം സർവ്വാധികാരിയാണ്. അവനാണ് നമ്മെ ഭരിക്കുന്നത്. എന്നിരുന്നാലും മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയെ മറികടക്കാൻ ദൈവം ശ്രമിക്കാറില്ല. എന്നാൽ ദുഷ്ടമനുഷ്യർ ദൈവത്തിനെതിരായും ദൈവീക പദ്ധതികൾക്കെതിരായും ഗൂഡാലോചന നടത്താറുണ്ട്.

**ദൈവത്തിന്റെ ശത്രുക്കളായ ദുഷ്ടമനുഷ്യരും സാത്താനും പോലും ദൈവീക പദ്ധതികൾ നിറവേറ്റുവാൻ പ്രയത്നിക്കുന്നു**

സങ്കീർത്തനം 33:10 ൽ "**യഹോവ** ജാതികളുടെ ആലോചനയെ വ്യർത്ഥമാക്കുന്നു. വംശങ്ങളുടെ നിരൂപണങ്ങളെ നിഷ്ഫലമാക്കുന്നു. യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാര ങ്ങൾ തലമുറ തലമുറയായും നിൽക്കുന്നു" എന്ന് കാണുന്നു.

സങ്കീർത്തനം 2:1-4 വരെ ഇപ്രകാരം പറയുന്നു "ജാതികൾ കല ഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്ത്? **യഹോവ**യ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേൽക്കുകയും അധിപതികൾ തമ്മിൽ ആലോ ചിക്കുകയും ചെയ്യുന്നത്; നാം അവരുടെ കെട്ടുകളെ പൊട്ടിച്ച് അവ രുടെ കയറുകളെ എറിഞ്ഞുകളക. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരി ക്കുന്നു. കർത്താവ് അവരെ പരിഹസിക്കുന്നു".

നിങ്ങൾക്കീ ആശയം ഇനിയും മനസ്സിലാക്കാൻ സാധിക്കുന്നില്ലെ ങ്കിൽ ഒരു കാര്യം ഓർക്കുക. ദൈവം നിത്യതയിൽ വസിക്കുന്നു. അവന് കാലത്തിന്റെ ബന്ധനങ്ങളില്ല. അവൻ ഒരേ സമയം നമ്മുടെ ഭാവിയും, ഭൂതവും വർത്തമാനകാലവും കാണുകയും ആ അറിവിന്റെ അടിസ്ഥാ നത്തിൽ നമ്മെ അനുഗ്രഹിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിയെ സ്വാധീനിക്കാൻ അവൻ **ഒരിക്കലും ശ്രമിക്കാറില്ല**.

**ദൈവം വചനമാണ്. നമുക്കതിൽ (അവനിൽ) ആശ്രയിക്കാം**

ലോകത്തിലുള്ള മറ്റൊരു പുസ്തകത്തിനും സാധിക്കാത്ത ഏതെ ങ്കിലുമൊരു കാര്യം വേദപുസ്തകം ചെയ്യുന്നുണ്ടെങ്കിൽ അത്, ഭാവി കാലത്തെ കൃത്യമായി പ്രവചിക്കുന്നു എന്നതാണ്.

*ഇത് തെളിയിക്കുന്ന ഏറ്റവും പ്രധാന കാര്യം. ദൈവമാണ് വചന ത്തിന്റെ രചയിതാവെന്ന സത്യമാണ്.*

ദൈവവചനത്തിൽ പ്രവചനത്തെ സംബന്ധിക്കുന്ന നേരിട്ടും അല്ലാ തെയുമുള്ള 8,352 വാക്യങ്ങൾ ഉണ്ട്. അതായത് ബൈബിളിലെ ആറി ലൊന്ന് വാക്യങ്ങൾ ഭാവി പ്രവചനവുമായി ബന്ധപ്പെട്ടതാണ്. "**യഹോ വയായ ഞാൻ** പ്രസ്താവിക്കുവാൻ ഇച്ഛിക്കുന്ന വചനം പ്രസ്താവി ക്കും. അത് താമസിയാതെ നിവർത്തിയാകും"(യെഹെസ്കേൽ 12:25).

ബുദ്ധമതക്കാർക്കും, കൺഫ്യൂഷ്യസിന്റെ അനുയായികൾക്കും, മുഹ മ്മദിന്റെ പിൻഗാമികൾക്കും അവരുടേതായ വിശുദ്ധ ഗ്രന്ഥങ്ങൾ ഉണ്ട്. എന്നാൽ അവയിലെ പ്രവചനഭാഗങ്ങൾ സംശയാസ്പദവും വ്യക്തത യില്ലാത്തവയുമാണ്.

യെരുശലേമിന്റെ അധിനിവേശം, ബാബിലോണിന്റെയും റോമി

ന്റേയും പതനം തുടങ്ങിയ ചരിത്രസംഭവങ്ങളുടെ ഏറ്റവും ചെറിയ വിശദാംശങ്ങൾ വരെ ബൈബിൾ പ്രവചനങ്ങളിലുണ്ട്. യേശുക്രിസ്തു യെരുശലേം പട്ടണത്തിലേക്ക് പ്രവേശിക്കുന്നത് നൂറുകണക്കിന് വർഷങ്ങൾക്ക് മുമ്പ് ദാനിയേൽ പ്രവാചകൻ പ്രവചിച്ചിരുന്നു. ബൈബിൾ പ്രവചനങ്ങൾ **ഇന്നും നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു**. 1948-ൽ യിസ്രയേൽ ഒരു പുതിയ രാജ്യമായി രൂപീകൃതമായത് മാസവും ദിവസവും സഹിതം മുൻകൂട്ടി പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിരുന്നു.

യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം, ഉയർത്തെഴുന്നേൽപ്പ് എന്നിവയെ സംബന്ധിച്ച് നിറവേറപ്പെട്ട 300 പ്രവചനങ്ങൾ ബൈബിളിലുണ്ട്. അവയിൽ പ്രധാനമായ പതിനേഴെണ്ണം പരിഗണിക്കാം.

ഈ 17 പ്രവചനങ്ങൾ സംഭവിക്കാനുള്ള സാധ്യത 480,000,000,000, 000,000,000,000,000,000,000-ൽ ഒന്നുമാത്രമാണ്. ആ കണക്ക് മറ്റൊരു രീതിയിൽ പറയാം. 480 ബില്യൻ X1 ബില്യൻ X1 ട്രില്യൻ.

നിറവേറപ്പെട്ട മുന്നൂറ് പ്രവചനങ്ങളെ കണക്കാക്കുമ്പോൾ ഇതെല്ലാം ഒരേ ഒരു വ്യക്തിയിൽ യാദൃശ്ചികമായി സംഭവിച്ചതാണെന്ന് പറയുന്നത് തികച്ചും പരിഹാസ്യമാണ്. 181 പൂജ്യങ്ങളുള്ള ഒരു സംഖ്യ എഴുതിയാൽ അതിൽ ഒരു സാധ്യത മാത്രമാണ് ഇങ്ങനെ സംഭവിക്കാവുന്നത്. ഈ വലിയ സംഖ്യയെക്കുറിച്ച് ഏകദേശം ഗ്രാഹ്യം ഉണ്ടാകുവാൻ ഇലക്ട്രോൺസിനാൽ നിറയപ്പെട്ട് ഒരു ബോളിനെക്കുറിച്ച് ചിന്തിക്കുക. ഒരിഞ്ച് നീളമുള്ള ഒരു ലൈനിൽ രണ്ടര മില്യൻ ഇലക്ട്രോണുകളായിരിക്കും അടങ്ങിയിരിക്കുന്നത്. നാല് ബില്യൺ പ്രകാശ വർഷത്തിന്റെ വിസ്തീർണ്ണമുള്ള ഭൂമിയുടെ വലിപ്പത്തിലേക്ക് ഈ ബോൾ വികാസം പ്രാപിക്കുന്നത് ചിന്തിക്കുക. സെക്കന്റിൽ ഒരുലക്ഷത്തി എൺപത്തി ആറായിരം മൈൽ സ്പീഡിൽ പ്രകാശം ഒരു വർഷം കൊണ്ട് സഞ്ചരിച്ചു തീർക്കുന്ന ദൂരത്തെയാണ് പ്രകാശവർഷം എന്ന് പറയുന്നത്. ഇതിനെ 500 ക്വാഡില്യൻ (quadrillion) കൊണ്ട് ഗുണിക്കുക. ഇലക്ട്രോണുകളുടെ വിശാലമായ ഈ പാത്രത്തിൽ നിന്ന് ഒരു ഇലക്ട്രോണിനെ പുറത്തെടുത്ത് ചുവന്ന നിറം നൽകിയശേഷം തിരികെ പാത്രത്തിലാക്കുക. 100 വർഷം മറ്റ് ഇലക്ട്രോണുമായി ഇടകലരാൻ അനുവദിക്കുക. പിന്നീട് കണ്ണുകൾ കെട്ടിയ ഒരു മനുഷ്യനെ അയച്ച് ആ ചുവന്ന ഇലക്ട്രോൺ ആദ്യതവണ തന്നെ കണ്ടെടുക്കാൻ ആവശ്യപ്പെടുക. ഒരിക്കലും സാധ്യമല്ലല്ലോ. ഇത്രയും സാധ്യതയാണ് യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം, ഉയർത്തെഴുന്നേൽപ്പ് എന്നിവയുമായി ബന്ധപ്പെട്ട പ്രവചനങ്ങൾ യാദൃശ്ചികമായി സംഭവിച്ചതാണെന്ന് പറയുന്നത്.

മറ്റുനിരവധി പഴയനിയമ പ്രവചനങ്ങൾ ഇനിയും ഉണ്ട്. 8,352 വാക്യങ്ങളിലായി 737 വിഷയങ്ങളെക്കുറിച്ച് 1817 വ്യക്തിപരമായ പ്രവചന

ങ്ങൾ നമുക്ക് കാണാം. വേദപുസ്തക വാക്യങ്ങളുടെ 27% വരും ഇത്.

യെശയ്യാ 42:9 ൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "പണ്ട് പ്രസ്താവിച്ചത് ഇതാ സംഭവിച്ചിരിക്കുന്നു, ഞാൻ പുതിയത് അറിയുന്നു. അത് ഉത്ഭവിക്കും മുമ്പേ ഞാൻ നിങ്ങളെ കേൾപ്പിക്കുന്നു"

**യേശു ഇപ്പോൾ ആരാണ്?**

സുവിശേഷത്തിലൂടെ യേശു ആരാണെന്ന് നാം കണ്ടു. പിതാവായ ദൈവത്തിന്റെ വ്യക്തിത്വം യേശു ഈ ഭൂമിയിലെ ജീവിതത്തിൽ വെളിപ്പെടുത്തി. ഭൂമിയിൽ അവതരിച്ച യേശു തന്നത്താൻ താഴ്ത്തി ഒരു കുറ്റവാളിയെപ്പോലെ നമുക്കർഹതപ്പെട്ട ക്രൂശ് മരണം വഹിച്ചതിലൂടെ അവൻ എന്റെയും നിന്റെയും പാപത്തെ വഹിക്കുവാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നുവെന്ന് നമുക്ക് കാണിച്ചു തന്നു.

അപ്പൊസ്തലനായ പൗലൊസ് യേശുവിനെ ജഡത്തിൽ കണ്ടിട്ടില്ലെങ്കിലും യേശുവിനെക്കുറിച്ച് അവനൊരു ദർശനം ലഭിച്ചു. ആ വെളിപ്പാടുകൾ നമുക്ക് പൗലൊസിന്റെ ലേഖനങ്ങളിൽ കാണാം.

***എന്നാൽ യേശു യോഹന്നാന് ഒരു പ്രത്യേക രീതിയിലാണ് സ്വയം വെളിപ്പെടുത്തി കൊടുത്തത്***

വെളിപ്പാട് പുസ്തകം 1:1 ശ്രദ്ധിക്കുക. അവിടെ യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നാണ് പറയുന്നത്. യേശുവിനെക്കുറിച്ച് നമുക്ക് ഇങ്ങനെയൊരു കാഴ്ചപ്പാട് തരാൻ കാരണം മറ്റൊരു രീതിയിൽ അവനെ വാസ്തവമായി കാണുവാൻ കാഴിയാത്തത് കൊണ്ടാണെന്ന് അവർ വിശ്വസിക്കുന്നു. ചിലർ അവനോടൊത്ത് നടന്നു. ചിലർ അവന്റെ മരണത്തിൽ അവനെ കണ്ടു. ചിലരാകട്ടെ ഉയർത്തെഴുന്നേറ്റ യേശുവിനെയാണ് കണ്ടത്. എന്നാൽ ഇപ്പോൾ ആയിരിക്കുന്നതുപോലെ അവനെ ആരും കണ്ടില്ല. അവൻ ഒരു യോദ്ധാവും, ന്യായാധിപനും, കുഞ്ഞാടും, സർവ്വശക്തനായ ദൈവവുമാണ്. അവൻ സിംഹാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ മുമ്പിൽ നിൽക്കാൻ ആർക്കും സാധിക്കില്ല. ജയാളിയായ നമ്മുടെ ദൈവത്തിന്റെ കാഴ്ചയിൽ ശത്രുക്കൾ ഭയന്ന് വിറക്കും. എന്നാലവൻ നമ്മുടെ ഭാഗത്ത് സജീവമാണ്. യോഹന്നാനെ ഇതെല്ലാം ദൈവം അറിയിച്ചു.

ഭ്രാന്ത് പിടിപ്പിക്കുന്ന സാഹചര്യത്തിൽ അകപ്പെട്ടുപോയ യോഹന്നാന് വിശ്വാസവും പ്രത്യാശയും നല്കി അവനെ ആശ്വസിപ്പിക്കേണ്ടതിനാണ് ഇത്തരമൊരു ദർശനം ദൈവമവന് നല്കിയതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യോഹന്നാൻ എഴുതിയ ലേഖനങ്ങളാൽ സഭയെ ആശ്വസിപ്പിക്കണമെന്നും ഇപ്പോഴും നമുക്ക് ചുറ്റും നടക്കുന്ന ഭ്രാന്ത് പിടിപ്പിക്കുന്ന സംഭവങ്ങൾ കണ്ട് അന്ധാളിച്ച് നില്ക്കുന്ന നാമും ഈ വചനത്താൽ ആശ്വാസം പ്രാപി

ക്കണമെന്നും ദൈവമാഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ വിജയം വരിക്കാനുള്ള ഒരു കൈപുസ്തകം ആണിത്.

യോഹന്നാന്റെ അവസ്ഥ നമ്മുടേതിനോട് സമമായിരുന്നു. ലോകം, അവനെ സംബന്ധിച്ചിടത്തോളം ഭ്രാന്തമായ അവസ്ഥയിലേക്ക് പൊയ്ക്കൊണ്ടിരുന്നു. നമ്മിൽ ചിലർക്കും അങ്ങനെ അനുഭവപ്പെടുന്നുണ്ടാവാം. ഒന്ന് സങ്കല്പിച്ച് നോക്കുക. കുറഞ്ഞത് മൂന്ന് വർഷമെങ്കിലും യോഹന്നാൻ യേശുവിനോടൊപ്പം ജീവിച്ചു. യേശു വലിയവലിയ അത്ഭുതങ്ങൾ ചെയ്യുന്നത് യോഹന്നാൻ കണ്ടു. അവന്റെ മരണത്തിനും പുനരുത്ഥാനത്തിനും സാക്ഷിയായി. പുനരുത്ഥാനം നടന്നപ്പോൾ ഇതാണ് വിജയം എന്ന് അവൻ നിശ്ചയമായി ചിന്തിച്ചു കാണും. പരശുദ്ധാത്മാവ് ജനത്തിന്റെ മേൽ വന്നതും സഭയുടെ ആരംഭവും യോഹന്നാൻ കണ്ടു. അവനും ചില സഭകൾ സ്ഥാപിക്കുകയും ആത്മാക്കളുടെ രക്ഷക്കും കാരണമായി ഭവിച്ചു. എന്നാൽ വളരെ പെട്ടെന്ന് യഥാർത്ഥ ശിഷ്യന്മാരെല്ലാം പിടിക്കപ്പെട്ടു. ചിലർ ക്രൂശിക്കപ്പെട്ടു, മറ്റു ചിലരെ ശിരഛേദം ചെയ്തു. പത്രോസിനെ തലകീഴായി ക്രൂശിച്ചു. മറ്റു  ചില ശിഷ്യന്മാർ പല വിധത്തിൽ പീഡിപ്പിക്കപ്പെട്ടു. ലോകം ഒരു ഭ്രാന്തമായ ചുഴിയിലേക്ക് പോകുന്ന കാഴ്ച  യോഹന്നാൻ കണ്ടു.

യോഹന്നാനെ കൊല്ലുന്നതിനായി തിളച്ച എണ്ണയിൽ ഇട്ടിട്ടും കൊല്ലാൻ സാധിക്കാതെ വന്നപ്പോഴാണ് അവനെ തടവുകാരനായി പിടിച്ച് എന്നെന്നേക്കുമായി പത്മോസ് ദ്വീപിലേക്ക് നാടുകടത്തിയത് (നിർവ്വചനം=എന്റെ വധശിക്ഷ-ഈജിയൻ കടലിലെ നിർജ്ജനമായ ദ്വീപിലേക്കുള്ള നാടുകടത്തലായിരുന്നു). അവന്റെ ദിനചര്യ പാറപൊട്ടിക്കുന്നതും പാറക്കഷണങ്ങളെ ചുമലിലേറ്റി കുന്നിന് മുകളിലേക്കും താഴേക്കും എത്തിക്കയും ചെയ്യുന്നതായിരുന്നു. അവൻ നിശ്ചയമായും ഇങ്ങനെ ചിന്തിച്ച് കാണും. "ലോകത്തിന് ഭ്രാന്ത് പിടിച്ചോ? എനിക്ക് യഥാർത്ഥമായി യേശുവിനെ അറിയാമോ? ഞാൻ എഴുതിയ സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നതു പോലെ യേശു ജഡാവതാരമെടുത്ത ദൈവമാണോ? സഭ നശിച്ച് പോയോ? എന്റെ ജീവിതം പ്രയോജനരഹിതമായി തീർന്നോ? ഇങ്ങനെയൊക്കെ ചിന്തിച്ച് നിരാശനായി തീർന്ന യോഹന്നാന് **പെട്ടന്നതാ** ഒരു ദർശനം ലഭിച്ചു. അവൻ അന്നുവരെ കണ്ടിട്ടില്ലാത്ത എന്തോ ഒരു ദൃശ്യം അവന്റെ ബോധമണ്ഡലത്തെ കീഴടക്കി.

കർതൃ ദിവസത്തിൽ ഞാൻ *ആത്മവിവശനായി.* നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസോസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദേൽഫ്യ, ലവൊദിക്യ എന്നീ ഏഴ് സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു. എന്നോട് സംസാരിച്ച നാദം എന്ത് എന്ന്

കാണുവാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ ഏഴ് പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി *മനുഷ്യപുത്രനോട് സദൃശ്യനായവനെയും* കണ്ടു. അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും *കണ്ണ്* അഗ്നിജ്വാലക്ക് ഒത്തതും *കാൽ* ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോടിന് സദൃശ്യവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും ആയിരുന്നു. അവന്റെ വലംകയ്യിൽ ഏഴ് നക്ഷത്രം ഉണ്ട്. അവന്റെ വായിൽ നിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. അവന്റെ *മുഖം* സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നത് പോലെയായിരുന്നു. അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. അവൻ വലംകൈ എന്റെമേൽ വെച്ചു. ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട് (വെളിപ്പാട് 1:10–18).

**വെളിപ്പെടുത്തപ്പെട്ട ക്രിസ്തു**

വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യായത്തിൽ യേശു ഇപ്പോൾ ആരാണെന്ന് യോഹന്നാൻ കണ്ടു. അവസാനമായി യോഹന്നാൻ കണ്ട യേശുവിൽ നിന്ന് വ്യത്യസ്തനായ യേശുവിനെയാണ് ഇപ്പോൾ കണ്ടത്. ഇതാണ് ഉയർത്തെഴുന്നേറ്റവനായ ക്രിസ്തു. അവൻ വിശ്വസ്തനായും, വിശ്വസനീയമായ സാക്ഷിയായും, മരിച്ചവരിൽ നിന്ന് ആദ്യം ജനിച്ചവനായും, രാജാധിരാജാവായും, വേഗം വരുന്നവനായും, ആൽഫയും, ഒമേഗയും, ആദ്യനും, അന്ത്യനും, സർവ്വശക്തനായ ദൈവമായും തന്നെത്തന്നെ വെളിപ്പെടുത്തി.

അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ളവനും, വെള്ളോട്ടിൻ സദൃശ്യമായ കാലുകളുള്ളവനുമായി ദൈവം സഭയെ ന്യയം വിധിക്കാൻ വരുന്നവനായി നമുക്ക് വെളിപ്പെടുത്തി തന്നു. ന്യായവിധി സഭയെ നശിപ്പിച്ച് കളയാനല്ല; വരാൻ പോകുന്ന വലിയ കോപത്തിൽ നിന്ന് സഭയെ സംരക്ഷിക്കുന്നതിനാണ്. വിശുദ്ധിയാണ് സഭയുടെ സംരക്ഷണം.

വെളിപ്പാട് 2–3 അദ്ധ്യായങ്ങളിൽ യേശു സഭയോട് സംസാരിക്കുന്നത് അപ്പോഴും ഇപ്പോഴും ഒരു സൈന്യാധിപൻ തന്റെ സേനയോട് യുദ്ധത്തിനായി ഒരുങ്ങുവാനുള്ള ആഹ്വാനം നല്കുന്നത് പോലെയാണ്. കാരണം ഏറ്റവുമടുത്ത് സംഭവിക്കാൻ പോകുന്ന ആ വലിയ യുദ്ധത്തിൽ ഏഴ് സഭകളും ഒരുങ്ങിയിരുന്നില്ലെങ്കിൽ നശിപ്പിക്കപ്പെടും. യേശു ഓരോ സഭകളെയും അഭിസംബോധന ചെയ്ത് ആസന്നമായ കാര്യങ്ങളെക്കുറിച്ച് അവൻ മുന്നറിയിപ്പ് നല്കുന്നു. ദൈവത്തിന് വേണ്ടി നേരോടെ നിൽക്കാൻ അവൻ അവരോട് ആഹ്വാനം ചെയ്യുന്നു. വിശു

ദ്ധിയിലാണ് സഭ സംരക്ഷിക്കപ്പെടുന്നത്.

വെളിപ്പാട് നാലാം അദ്ധ്യായത്തിൽ യേശു യോഹന്നാനെയും എന്നെയും നിന്നെയും അവന്റെ ശ്രേഷ്ഠ പദത്തിൽ നിന്ന് അഥവാ സ്വർഗ്ഗത്തിൽ നിന്ന് കാര്യങ്ങൾ നോക്കിക്കാണുവാൻ ക്ഷണിക്കുന്നു. ദൈവീകമായ വീക്ഷണകോണിലൂടെ നാം സഭയെ കാണേണ്ടതുണ്ട്. നാം സഭയിലെ ചിന്തകളാൽ വലഞ്ഞ് പ്രതികൂല സാഹചര്യങ്ങളെ നോക്കി നിരാശരാകുമ്പോൾ ദൈവീകമായ കാഴ്ചപ്പാടിൽ കാര്യങ്ങളെ നോക്കിക്കാണുവാൻ നമുക്ക് സാധിക്കാറില്ല. നാം ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടതിനാൽ സ്വർഗ്ഗീയ വീക്ഷണം നമുക്ക് നൽകാൻ പരിശുദ്ധാത്മാവിന് കഴിയും. ദൈവത്തിന്റെ വീക്ഷണകോണിൽ നിന്ന് നമ്മുടെ സാഹചര്യങ്ങളെ നോക്കിയാൽ അത് അത്ര മോശമായി നമുക്ക് അനുഭവപ്പെടുകയില്ല.

വെളിപ്പാട് പുസ്തകം അഞ്ചാം അദ്ധ്യായത്തിൽ ദൈവമാണ് യുദ്ധങ്ങളെ ഉളവാക്കുന്നത് എന്ന് കാണുന്നു. നമ്മുടെ ജീവിതത്തിൽ യുദ്ധങ്ങൾക്ക് കാരണഭൂതനാകുന്നത് ഒരിക്കലും സാത്താനല്ല. യെഹൂദാ ഗോത്രത്തിന്റെ സിംഹവും അതേസമയം തന്നെ ദൈവത്തിന്റെ കുഞ്ഞാടുമായവനല്ലാതെ ആർക്കും മുദ്രകളെ പൊട്ടിക്കുവാനും മുദ്രയിടുവാനും അധികാരമില്ല എന്ന് ഓർക്കുക. യേശു ജയാളിയും സിംഹവും ഏറ്റവും ശക്തിശാലിയുമാണ്. നമ്മുടെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളെ ഏറ്റെടുക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് യേശു. ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിൽ ദൈവത്തിന്റെ കുഞ്ഞാടായ യേശു അത് വഹിക്കാതിരുന്നാൽ നമുക്ക് പിടിച്ച് നില്ക്കാൻ കഴിയാതെ വരും.

യേശുവാണ് യുദ്ധങ്ങളുടെ ആരംഭകൻ. പ്രശ്നങ്ങൾ വരുമ്പോൾ ഇത് മനസ്സിൽ ഓർക്കുക. ശത്രുവിന്റെ മൂക്കിൽ കൊളുത്തിട്ട് പിടിച്ചത് യേശു ആയതിനാൽ നമുക്ക് അവരെ അവന്റെ നാമത്തിൽ നശിപ്പിച്ച് കളയാൻ സാധിക്കും. യേശുവിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ഹല്ലേലുയ്യാ.

വെളിപ്പാട് 5:16 ൽ മുദ്ര പൊട്ടിച്ചതിനാൽ വലിയ യുദ്ധവും, ന്യായവിധിയും, പീഡനവും കാണുന്നു. കാര്യങ്ങൾ ഭ്രാന്തമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. സംഭവങ്ങൾ വഷളായി അസഹനീയമായി തീർന്നിരിക്കുന്നു. എന്നാൽ ഈ പ്രശ്നങ്ങളെ അതിജീവിക്കാൻ ആർക്ക് കഴിയുമെന്നാണ് ദൈവം നോക്കിക്കൊണ്ടിരിക്കുന്നത്.

വെളിപ്പാട് 7:3 ൽ ഈ വലിയ പരീക്ഷകളെ അതിജീവിച്ച വിശ്വാസികളെ സുരക്ഷിതരായി സൂക്ഷിക്കേണ്ടതിന് അവരുടെ നെറ്റിയിൽ ഒരു മുദ്രയിടുന്നതായി കാണാം. കാര്യങ്ങൾ പിന്നെയും വഷളാകാൻ പോകുകയാണ്.

വെളിപ്പാട് പുസ്തകം 11-ാം അദ്ധ്യായത്തിൽ യേശു ക്രൂശിൽ നേടിയ വിജയത്തെക്കുറിച്ചും ലോകത്തിന്റെ ആധിപത്യം ദൈവരാജ്യത്തിനും കർത്താവായ യേശുക്രിസ്തുവിനും വഴിമാറിക്കൊടുക്കുന്നതിനെകുറിച്ചുമുള്ള ഒരു അനുബന്ധ പ്രസ്താവനയുണ്ട്.

വെളിപ്പാട് 12:11 പ്രകാരം മഹാകഷ്ടതയുടെ നാളുകളിൽ നാം എത്തിപ്പെട്ടാൽ കുഞ്ഞാടിന്റെ രക്തം മൂലവും നമ്മുടെ വാകൊണ്ട് നാം ഏറ്റുപറയുന്ന ദൈവവചന സാക്ഷ്യം നിമിത്തവും ശത്രുവായ് കൊണ്ട് മറികടക്കും. ദൈവത്തെയും അവന്റെ ഉദ്ദേശത്തേക്കാളുമുപരി നാം നമ്മുടെ ജീവിതത്തെ സ്നേഹിക്കരുത്.

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ ലോകവ്യവസ്ഥിതിയെയും അതിന്റെ അഴിമതിയേയും വെളിപ്പെടുത്തുന്നു. ആദ്ധ്യാത്മികതയും രാഷ്ട്രീയവും തമ്മിലുള്ള സഹകരണത്തെയും ഇത് കാണിക്കുന്നു.

വെളിപ്പാട് 18-ാം അദ്ധ്യായത്തിൽ ദൈവമക്കൾ ലോക വ്യവസ്ഥിതിയിൽ നിന്ന് പുറത്ത് വരണമെന്ന മുന്നറിയിപ്പ് നൽകുന്നു. ലോകം നശിപ്പിക്കപ്പെടാറായെന്നും വിശ്വാസ്യയോഗ്യമല്ലാത്തതാണെന്നതുമാണ് കാരണം, ഈ വ്യവസ്ഥിതിയുടെ തകർച്ച വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു.

വെളിപ്പാട് 19-ാം അദ്ധ്യായത്തിൽ വിജയമുണ്ട്. കർത്താവ് വെള്ളക്കുതിരപ്പുറത്തേറി തന്റെ വാഗ്ദാനങ്ങൾ നിറവേറ്റാനും പ്രതിഫലം വിഭാഗിക്കുന്നതിനുമായി മടങ്ങിവരുന്നു.

“അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു; ഒരു വെള്ളകുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്ന് പേര്. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു. അവന് ദൈവവചനം എന്ന് പേരു പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു. അവൻ ഇരുമ്പ് കോൽ കൊണ്ട് അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. ***രാജാധിരാജാവും കർത്താധികർത്താവും*** എന്ന നാമം അവന്റെ ഉടുപ്പിന് മേലും തുടമേലും എഴുതിയിരിക്കുന്നു”(വെളി 19:11-16).

വെളിപ്പാട് 20-ാം അദ്ധ്യായത്തിൽ സാത്താൻ ബന്ധിക്കപ്പെട്ടു. ന്യായവിധി ആരംഭിക്കുന്നു.

വെളിപ്പാട് 21-ാം അദ്ധ്യായത്തിൽ പുതിയ യെരുശലേം എന്ന ദൈവ

രാജ്യം യഥാർത്ഥ്യമായതിനെ കാണിക്കുന്നു. ഈ ഘട്ടങ്ങളിലൂടെ എല്ലാം കടന്നു പോയതിന്റെ ഫലമായി യേശുവുമായി ഒരു ആഴമായ ബന്ധത്തിലേക്ക് എത്തിച്ചേരുകയാണിവിടെ.

വെളിപ്പാട് 22-ാം അദ്ധ്യായത്തിൽ അവസാനം വരെ സഹിച്ചുനിന്ന വർക്ക് ലഭിക്കുന്ന ശുശ്രൂഷകളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

യെഹസ്ക്കേൽ 47-ാം അദ്ധ്യായത്തിൽ ഒഴുകുന്ന നദിയുടെ ഒരു ചിത്രം ലഭിക്കുന്നു. ആ നദിയുടെ ഇരുകരകളിലുമുള്ള വൃക്ഷഫല ങ്ങൾ ദൈവത്തെ അറിയാത്ത ജാതികളുടെയും രാഷ്ട്രങ്ങളുടെയും സൗഖ്യത്തിന് ഉതകും. എന്റെ അനുഭവത്തിൽ കഷ്ടതകളെ അതിജീ വിച്ച് മാത്രമേ യഥാർത്ഥ ശുശ്രൂഷ പുറത്തുവരികയുള്ളു. നാം ആത്മീയ യുദ്ധത്തിലൂടെ പിശാചിന്റെ മേൽ ആധിപത്യം സ്ഥാപിക്കണം.

22-ാം അദ്ധ്യായത്തിലേക്ക് വന്നാൽ ഇതൊരു ധൈര്യപ്പെടുത്തലിന്റേ താണന്ന് കാണാം. ഇതാ ഞാൻ വേഗം വരുന്നു. കാത്തിരിക്കുക നിങ്ങൾ അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ ജീവിതത്തിലെ എല്ലാ കഷ്ട തകളിൽ നിന്നും വിടുതൽ പ്രാപിച്ച് നിങ്ങൾ അനുഗ്രഹത്തിലേക്ക് നയിക്കപ്പെടും.

ഈ വെളിപ്പാട് അല്ലെങ്കിൽ യേശുവിന്റെ മഹത്വീകരണം എമ്മവു സിലേക്കുള്ള യാത്രയിൽ യേശുക്രിസ്തു രണ്ടു ശിഷ്യന്മാരോട് സംസാ രിച്ചതിന് തുല്യമാണ്. പിന്നീട് പതിനൊന്ന് ശിഷ്യന്മാരോടും മോശ യുടെ പുസ്തകങ്ങളുടെയും, സങ്കീർത്തനത്തിന്റെയും പ്രവാചക പുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ തന്നെക്കുറിച്ച് വെളിപ്പെ ടുത്തി കൊടുത്തു എന്ന് ലൂക്കോസ് 24-ൽ പറയുന്നു. ഇത് കുറേക്കൂടെ പൂർണ്ണമായ ഒരു വെളിപ്പാടായിരുന്നു. യേശു ഇങ്ങനെ തേജസ്കരിക്ക പ്പെട്ടത് നാം കണ്ടു. നാമും ഇതുപോലെ പരിശുദ്ധാത്മ നിറവിനായി കാത്തിരിക്കേണം (യോഹ 7:39).

വെളിപ്പാട് പുസ്തകം പൂർണ്ണമായി എനിക്ക് മനസ്സിലായെന്നോ, ഇത് ഒരു പൂർണ്ണ പഠനമാണെന്നോ ഞാൻ അവകാശപ്പെടുന്നില്ല. ലോക ത്തെക്കറിച്ചുള്ള പ്രവചനങ്ങളിൽ ഭാവിയിൽ സംഭവിക്കാൻ പോകുന്ന വയെകുറിച്ച് നിങ്ങൾ ആകുലപ്പെടേണ്ടതില്ല. എന്നാൽ അതിലൊക്കെ **ഉപരി**യായി എനിക്കു പറയാനുള്ളത്. നമ്മുടെ ഇന്നത്തെ ജീവിതത്തിന് പ്രയോഗികമാക്കേണ്ട പ്രധാനമായ പലതും ഇതിൽ അടങ്ങിയിരിക്കു ന്നു. യേശു **ഇപ്പോൾ** ആരാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. 1979 ആഗസ്റ്റ് 26-ാം തീയതി എനിക്കത് മനസിലായി. അന്ന് വെളിപ്പാടുപു സ്തകം വായിച്ചുകൊണ്ടിരിക്കെ യേശു അത്ഭുതകരമായി എന്നെ രക്ഷിക്കുകയും പരിശുദ്ധാത്മാവിനാൽ എന്നെ നിറക്കുകയും ചെയ്തു. അവൻ തന്നെത്തന്നെ എനിക്ക് വെളിപ്പെടുത്തിയശേഷം ഞാൻ ഒരി ക്കലും പഴയ ജീവിതത്തിലേക്ക് തിരികെ പോയിട്ടില്ല.

**യോഹന്നാന് അപ്പോൾ മനസ്സിലായി**

സ്വർഗ്ഗത്തിൽ പോകുന്നതിനെക്കാളുപരി ഇവിടെ ഒരു നല്ല ജീവിതം നയിക്കുക എന്നതാണ് ഏറ്റവും പ്രധാനമെന്ന് യോഹന്നാൻ മനസ്സിലാക്കി. നാം ഒരു യുദ്ധഭൂമിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ വിജയം ഉറപ്പാക്കുവാനായി യേശു ഇന്നും ശക്തനായി ജീവിക്കുന്നു. കാര്യങ്ങൾ നല്ല രീതിയിൽ മുമ്പോട്ട് നീങ്ങാത്തപ്പോൾ അത് കൂടുതൽ വ്യക്തമായി മനസസ്സിലാക്കാനുള്ള ഒരു ചിത്രമാണിത്. ഈ പ്രക്രിയയിൽ എവിടെയെങ്കിലും ദൈവം നമ്മെ നിയോഗിച്ച് ആക്കിയിരിക്കുകയാണെന്ന് തിരിച്ചറിയുക. അപ്പോൾ നമുക്ക് നിവർന്നു നിൽക്കാൻ സാധിക്കും.

**ഇവിടെ നിങ്ങൾക്ക് ദൈവത്തെക്കുറിച്ചുള്ള പ്രഥമ ചിത്രം ലഭിക്കുന്നു**

ദൈവം സ്വയംഭൂവാണ്. അവൻ എക്കാലവും നിലനിൽക്കുന്നു. അവൻ ഒരു കാലത്തും ഇരിക്കാതിരിക്കാനാവില്ല. അവൻ സർവ്വശക്തനും സർവ്വജ്ഞാനിയുമാണ്. അവൻ കാലങ്ങൾക്ക് അതീതനായി നിത്യതയിൽ വസിക്കുന്നു. അവൻ ഭാവി അറിയുന്നു കാരണം ദൈവമുമ്പാകെ അതെല്ലാം സംഭവിച്ചു കഴിഞ്ഞവയാണ്.

ദൈവം എല്ലാം അറിയുന്നു. ദൈവത്തിന് നമ്മുടെ മനസ്സ് വായിക്കാൻ സാധിക്കും. നാം ചിന്തിക്കുന്നതിനു മുന്നമേ ദൈവം അറിയുന്നു. പരിശുദ്ധാത്മാവിൽ അവൻ എല്ലായിടത്തും സന്നിഹിതനാണ്. പിതാവായ ദൈവവും പുത്രനായ യേശുവും പരിശുദ്ധാത്മാവായ ദൈവവും അവൻ തന്നെയാണ്. ദൈവവചനമെന്നും അവന് പേരുണ്ട്.

*അവൻ എല്ലാത്തിന്റെയും ഭരണകർത്താവാണ്*. ശത്രുക്കളുടെ മേൽ അവൻ ജയാളിയാണ്. എല്ലാം അവന്റെ കൈകളിലാണ്.

*നിനക്കവനെ ആശ്രയിക്കാം. അവൻ വലിയ ദൈവമാണ്*! അവന്റെ വലിപ്പം മനസ്സിലാക്കാൻ നമുക്ക് സാധ്യമല്ല. നമുക്ക് സങ്കൽപ്പിക്കാവുന്നതിനുമപ്പുറത്ത് അവൻ നമ്മെ സ്നേഹിക്കുന്നു.

# അദ്ധ്യായം 5 ഇരിക്കുക



*നാം എങ്ങനെ നമ്മെത്തന്നെ കാണുന്നു.*

നമ്മുടെ വ്യക്തിത്വവും ക്രിസ്തുവിൽ നാം ആരാണെന്നതിന്റെയും അടിസ്ഥാനത്തിലാണ് നമ്മുടെ ഇരിപ്പ് നിർണ്ണയിക്കപ്പെടുന്നു. നമ്മുടെ സ്വഭാവവും ജീവിത രീതികളും ദൈവത്തെ പ്രസാദിപ്പിക്കുന്നതല്ലെങ്കിൽ പശാചിന് നമ്മെ കൊല്ലാനും, മോഷ്ടിക്കാനും, നശിപ്പിക്കുവാനും എളുപ്പമാണ്. നാം നമ്മെക്കുറിച്ചും നമ്മുടെ വ്യക്തിത്വത്തെക്കുറിച്ചും എന്താഗ്രഹിക്കുന്നോ അതു തന്നെയായിരിക്കും നമ്മുടെ സ്വഭാവം. നാം നമ്മുടെ സ്വഭാവം മാറ്റുവാൻ കഠിനമായി ശ്രമിച്ചാലും നമ്മുടെ വ്യക്തിത്വമാണ് അത് നിർണയിക്കേണ്ടത്. നാം നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നോ അതു മാത്രമേ നമുക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ വ്യക്തിത്വത്തിന് കൃത്യമായ ഒരു പൂർണ്ണത ദൈവത്തിന്റെ ദൃഷ്ടിയിൽ ലഭിക്കണമെങ്കിൽ  നാം ദൈവവചനപ്രകാരം നമ്മുടെ മനസ്സിനെ പുതുക്കേണ്ടതുണ്ട്. "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ് പുതുക്കി രൂപാന്തരപ്പെടുവീൻ" (റോമർ 12:2).

ഫലം കായ്ക്കുന്ന സമൃദ്ധമായ ജീവിതം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ പ്രധാനമായും മൂന്ന് കാര്യങ്ങൾ അറിഞ്ഞിരിക്കണം. ദൈവത്തോടുകൂടെ **ഇരിക്കുകയും, നടക്കുകയും, നിൽക്കുകയും** ചെയ്യണമെന്നതാണ് ആ കാര്യങ്ങൾ.

നാം നിർബന്ധമായും ശത്രുവിനെതിരെ **നിൽക്കേണ്ടത്** ആവശ്യ

മാണ് (യുദ്ധാവസ്ഥ. യോഹ 10:10). മർക്കോസ് നാലാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് പോലെ സാത്താൻ നിങ്ങളുടെ വിത്ത് മോഷ്ടിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

എന്നാൽ **നടക്കാൻ** പഠിക്കുന്നത് വരെ നമുക്ക് **നിൽക്കാൻ** സാധിക്കില്ല. (നമ്മുടെ സ്വഭാവവും ജീവിതരീതിയും എഫെ. 4:27) ദൈവത്തിന് ഹിതകരമല്ലാത്ത മാർഗങ്ങളിലൂടെ നടക്കാൻ സാത്താൻ നമ്മെ പ്രേരിപ്പിക്കും. നാം അതിന് വിധേയപ്പെട്ടു പോയാൽ വിശുദ്ധനായ ദൈവത്തിന്റെ ശക്തിയോടെ സാത്താനെതിരായി പോരാടുവാനോ **നിൽക്കുവാനോ** നമുക്ക് സാധിക്കില്ല.

**ഇരിക്കാൻ** പഠിക്കാതെ നമുക്ക് **നടക്കാനും** സാധിക്കയില്ല. (നമ്മുടെ വ്യക്തിത്വം ലൂക്കോ 6:45). നിരവധി ക്രിസ്ത്യാനികൾ സ്വയതീരുമാന പ്രകാരം വിശുദ്ധ ജീവിതം നയിക്കാൻ ശ്രമിക്കുന്നു. എന്നാൽ ക്രമേണ അത് നിയമങ്ങളുടെ ചട്ടക്കൂടായി മാറുന്നു. ദൈവവുമായി ഒരു യഥാർത്ഥ ബന്ധം ഉണ്ടാകുന്നതിൽ നിന്ന് അത് നിങ്ങളെ തടയും.

നാം ഒരു ആത്മീയയുദ്ധ മുന്നണിയിലാണ്. ഇവിടെ ശത്രുവിനെതിരെ ശക്തിയോടെ **നിൽക്കേണ്ടതുണ്ട്.** നമുക്ക് തനിയെ ശത്രുവിനെതിരെ നിൽക്കാനാവില്ല. തെറ്റായ വ്യക്തിത്വമുള്ള ഒരാൾക്ക് ശരിയായ ജീവിതം നയിക്കാനും സാധ്യമല്ല.

നാം ജീവിക്കേണ്ട രീതിയിൽ ജീവിക്കേണ്ടതിനും **(നടക്കുക)** ശത്രുവിനെതിരെ പോരാടുന്നതിനും മുമ്പ് **(നിൽക്കുക)** നാം ആരാണെന്ന് സ്വയം മനസ്സിലാക്കണം. എഫേസ്യ ലേഖനത്തിൽ നിന്നുള്ള മൂന്ന് വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഇത് വ്യക്തമാക്കാം.

### *ഇരിക്കുക (SIT)*

*എഫെസ്യർ 2:5-6* "(അതിക്രമണങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ) ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും (കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു) ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തു യേശുവിൽ അവനോട് കൂടെ ഉയർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു".

ഈ വാക്യം അനുസരിച്ച് നാം ഇപ്പോൾ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിലാണോ ഇരിക്കുന്നത് അതോ മരണാനന്തരം സ്വർഗ്ഗത്തിൽ പോകുമെന്നാണോ അർത്ഥമാക്കുന്നത്?

### *നടക്കുക (WALK)*

*എഫെസ്യർ 4:1* "കർതൃ സേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്; നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കുക".

*നിൽക്കുക (STAND)*

"പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽക്കുവാൻ കഴിയേണ്ട തിന് ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചു കൊള്ളുവീൻ" (എഫെ സ്യർ 6:11).

**നമുക്ക് ഇരിക്കാൻ പഠിക്കാം**

നാം വാസ്തവമായി ആരാണെന്ന് നമ്മുടെ ഹൃദയം പറയുന്നതു പോലെയായിരിക്കും നമ്മുടെ സ്വഭാവരീതി. "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു. ദുഷ്ടൻ ദോഷമായതിൽ നിന്ന് ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയ ത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്" (ലൂക്കോ 6:45).

ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരിക്കുക എന്നത് അവന്റെ ക്രൂശിനെ അടിസ്ഥാനമാക്കിയാണ്. എഫെസ്യർ 2:5-ാം വാക്യം വീണ്ടും നോക്കുക. "നാം നമ്മുടെ അതിക്രമങ്ങളിൽ മരിച്ചവരായിരുന്നു" എന്നാണ് അവിടെ പറയുന്നത്. മരിച്ച് കിടക്കുന്ന ഒരാൾക്ക് എന്തെ ങ്കിലും പ്രവർത്തിക്കാൻ സാധിക്കുമോ? ഒരിക്കലുമില്ല. മൃതശരീരത്തിന് നടക്കുവാനോ നിൽക്കുവാനോ ചീത്തസ്വഭാവങ്ങൾ ഒഴിവാക്കുവാനോ പഠിക്കേണ്ട കാര്യമില്ല. മൃതശരീരത്തിന്റെ പ്രഥമ ആവശ്യം ജീവനാ ണ്. മൃതശരീരത്തിന് സ്വയമായി ജീവൻ പ്രാപിക്കാനോ അതിനായി ശ്രമിക്കാനോ സാധിക്കയില്ല. ദൈവം ക്രിസ്തുവിലൂടെ നമുക്ക് ജീവൻ തരാൻ പദ്ധതിയുണ്ടാക്കി.

***ആത്മീക ലോകത്തിന്റെ അടിസ്ഥാനത്തിൽ ഇരിക്കുക എന്ന പദത്തെ നിർവചിക്കാം***

നാം നിൽക്കുമ്പോൾ നമ്മുടെ ശരീര ഭാരം മുഴുവൻ കാലുകളാണ് വഹിക്കുന്നത്. എന്നാൽ നാം ഇരിക്കുമ്പോൾ ആ ഭാരം മുഴുവൻ കസേ രയിലേക്ക് നാം കൈമാറുന്നു. അതായത് അധ്വാനം ഒഴിവാക്കി വിശ്രമം നാം ഏറ്റെടുക്കുന്നു. ഒന്നുകിൽ നമുക്ക് ഭാരം വഹിച്ച് ക്ഷീണിതരാ കാം. അല്ലെങ്കിൽ വിശ്രമിക്കാം. നമുക്ക് നമ്മുടെ മുഴുവൻ ഭാരവും യേശുവിൽ സമർപ്പിക്കാം. നമ്മെ തന്നെയും നമ്മുടെ മുഴു ഭാവിയും യേശുവിൽ സമർപ്പിക്കാം.

സൃഷ്ടിപ്പിൽ നമ്മെ സൃഷ്ടിക്കുന്നതിന് മുമ്പ് ദൈവം മറ്റുള്ള തെല്ലാം സൃഷ്ടിച്ചു. ആദാം ജീവിതം ആരംഭിച്ചത് ശബത്ത് ദിവ സത്തിലാണ്. ആറു ദിവസത്തെ സൃഷ്ടി കർമ്മത്തിൽ മനുഷ്യന് എന്താണ് ചെയ്യാനുണ്ടായിരുന്നത്? ആകാശവും ഭൂമിയും സൃഷ്ടിക്കു വാൻ ദൈവത്തിന് ആദാമിൽ നിന്ന് എത്രത്തോളം സഹായം ലഭിച്ചു? ആദാമിന്റെ ആദ്യത്തെ ദിവസം എപ്രകാരമായിരുന്നു എന്ന് ചിന്തി ക്കാമോ? തീർച്ചയായും അതൊരു വിശ്രമ ദിവസമായിരുന്നു. ഉല്പത്തി

ഒന്നാം അദ്ധ്യായം വായിക്കുക. അഞ്ച് ദിവസം കൊണ്ട് മറ്റെല്ലാം സൃഷ്ടിച്ച ദൈവം ആറാം ദിവസമാണ് മനുഷ്യന്റെ രൂപം നൽകിയത്. മനുഷ്യൻ സൃഷ്ടികർമ്മത്തിൽ ദൈവത്തെ ഒരു വിധത്തിലും സഹായിച്ചിട്ടില്ല. മനുഷ്യൻ ആദ്യ ദിവസം വിശ്രമത്തിന്റെ ദിനമായ ഏഴാം നാളാണ്. ആദാമിന് ആവശ്യമുള്ളതെല്ലാം നൽകപ്പെട്ട ശേഷമാണ് അവൻ ജീവിതമാരംഭിക്കുന്നത്.

***ദൈവം പ്രവർത്തികൾക്ക് ശേഷം വിശ്രമിച്ചു; മനുഷ്യൻ വിശ്രമത്തിനുശേഷം പ്രവർത്തിച്ചു തുടങ്ങി***

ഇതാണ് സുവിശേഷം. ദൈവം രക്ഷണ്യപ്രവർത്തി മുഴുവൻ പൂർത്തിയാക്കി. അവൻ നമ്മെ ശത്രുവിന്റെ അടിമത്വത്തിൽ നിന്നും പാപത്തിന്റെ ബന്ധനത്തിൽ നിന്നും വിലയ്ക്ക് വാങ്ങി ഒരു പുതിയ ജീവിതവും പുതിയ സ്വഭാവവും നൽകി. എന്നുമാത്രമല്ല ദൈവത്തിന്റെ ജീവനും സ്വഭാവവും നമ്മുടെ ഉള്ളിൽ നൽകി. ഇത്രയും നേടേണ്ട തിന് നാം പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ലായിരുന്നു. ഈ വാഗ്ദാനത്തെക്കുറിച്ചുള്ള അറിവുലഭിച്ചാലുടൻ വിശ്വാസത്താൽ അതിൽ പ്രവേശിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്.

നിങ്ങൾക്ക് ഇതിനെകുറിച്ച് വ്യത്യസ്തമായ അഭിപ്രായം ഉണ്ടായേക്കാം. എന്നാൽ അത്തരം ചിന്തകൾ വിശ്വാസയോഗ്യമല്ല. നിങ്ങളുടെ വികാരങ്ങളെയും ചിന്തകളെയും മാറ്റിവെച്ചിട്ട് ദൈവവചനം വിശ്വസിക്കുവാൻ നിങ്ങൾ പരിശീലിക്കേണ്ടിയിരിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അത്ഭുതകരവും മനോഹരവുമായ ചില കാര്യങ്ങൾ നടക്കാറുണ്ട്. എന്നാൽ നിങ്ങളുടെ പഴയ ചിന്തകളാൽ നിയന്ത്രിക്കപ്പെടുന്ന മനസിനെ ഉപയോഗിച്ച് ശത്രുവായ സാത്താൻ ആ വസ്തുതകൾ നിങ്ങളിൽനിന്ന് മറച്ചുവെയ്ക്കുവാൻ ശ്രമിക്കും. എന്നാൽ അവ വസ്തുതകൾ ആയതിനാൽ നമുക്കവ വിശ്വസിക്കാം. നമ്മൾ ദൈവവചനത്തെ അവസാനവാക്കായി അംഗീകരിച്ച് തുടങ്ങുമ്പോൾ സത്യം നമുക്ക് വെളിപ്പെട്ടു വരും. അവസാന വാക്ക് നിങ്ങളുടെ സാഹചര്യങ്ങളോ വികാരങ്ങളോ അല്ല. ദൈവവചനമാണ്. നിങ്ങൾ ആരാണെന്ന് മനസ്സിലാക്കുന്നതിന് ദൈവവചനത്തിലൂടെ ഒരു യാത്ര നടത്തുക.

***നിങ്ങൾ ആരാണെന്ന് മനസ്സിലാക്കാൻ ഒരു നിയമവശവും ഒരു പരീക്ഷണവശവുമുണ്ട്***

നിങ്ങൾ യേശുവിനെ കർത്താവെന്ന് അംഗീകരിക്കുകയും ദൈവവചനം നിങ്ങളുടെ ഹൃദയത്തിൽ വിതയ്ക്കപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾ യേശുവിന്റെ മരണത്തിലേക്കും പുനരുത്ഥാനത്തിലേക്കും പ്രവേശിക്കുകയാണ്. അപ്പോൾ നിങ്ങൾക്ക് പുതുജനനം അനുഭവവേദ്യമാകും. "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും

ജനിച്ചിരിക്കുന്നു" (1 പത്രോ 1:23).

ഗലാത്യർ 2:20 അനുസരിച്ച് ന്യായപ്രമാണ സംബന്ധമായി നാം ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. റോമർ 6:6 ഉം ഇതു തന്നെ വ്യക്തമാക്കുന്നു. ഗലാത്യർ 2:20 ൽ ഇപ്രകാരം പറയുന്നു "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല. ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ച് കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്".

എന്നിരുന്നാലും, നാം ആ യാഥാർത്ഥ്യം ഇതു വരെ അനുഭവിച്ചിട്ടില്ലായിരിക്കാം. ഇവിടെയാണ് പല പുതിയ വിശ്വാസികളും തെറ്റായ പാതയിലേക്ക് നയിക്കപ്പെടുന്നത്. ദൈവവചന സത്യങ്ങൾ ഗ്രഹിക്കുന്നില്ല എന്നു മാത്രമല്ല വചനവിരുദ്ധമായ പല കാര്യങ്ങൾ പലരും പിന്തുടർന്നു വരുന്നത് അവർ തിരിച്ചറിയുമ്പോൾ തങ്ങളുടെ വിശ്വാസം നഷ്ടപ്പെടുകയോ നിരാശരായി തീരുകയോ ചെയ്യും. ലോകത്തിന്റെ നിയമം കാണുന്നത് വിശ്വസിക്കുക എന്നതാണ്. എന്നാൽ ദൈവീക നിയമം ഒരിക്കലും കാണാത്തതുപോലും വിശ്വസിക്കുക എന്നതാണ്.

നമ്മൾ രണ്ടു വ്യക്തികൾ അല്ല, നമുക്ക് ദ്വന്ദ്വ വ്യക്തിത്വം ഇല്ല എന്ന് നമ്മൾ മനസിലാക്കണം. പാപത്തിന്റെ മേൽ വിജയം വരിക്കാനാവാത്ത ചില വിശ്വാസികൾ ഈ ആശയത്തിന്റെ പ്രചാരകരാകാറുണ്ട്. ചിലർ അതിന് റോമാലേഖനം ഏഴാം അദ്ധ്യായത്തിൽ പൗലോസ് പറഞ്ഞ വാക്കുകൾ ആധാരമായി പറയാറുണ്ട്. "നമ്മിൽ രണ്ട് പ്രകൃതം വസിക്കുന്നു" എന്നതാണത്. എന്നാൽ ആ ഭാഗത്തിന്റെ അർത്ഥം ഇതല്ല. അവിടെ പറയുന്നത് പാപത്തിന്റെ പ്രമാണം നമ്മിൽ വസിക്കുന്നു എന്നാണ്. എന്നാൽ നാം ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെടുകയും വീണ്ടും ജനിക്കുകയും ചെയ്തപ്പോൾ നമ്മുടെ പഴയ പ്രകൃതമായ പഴയമനുഷ്യൻ മരിച്ച് ഒരു പുതിയ മനുഷ്യൻ നമ്മിൽ ജനിച്ചു.

***മനസിനെ പുതുക്കണം***

നാം വീണ്ടും ജനിക്കുമ്പോൾ നമ്മുടെ ആത്മാവ് പുനർജീവിക്കപ്പെടുന്നു. നമ്മൾ സ്വർഗ്ഗത്തിൽ പോകുമ്പോൾ നമ്മുടെ ശരീരവും രൂപാന്തരപ്പെടും. എന്നാൽ നമ്മുടെ മനസ്സ് എല്ലാ ദിവസവും വചന പ്രകാരം പുതുക്കം പ്രാപിക്കേണ്ടതുണ്ട്. ഈ പ്രശ്നത്തിന് എന്റെ പാസ്റ്റർ ഒരിക്കൽ പ്രസംഗത്തിനിടയിൽ പറഞ്ഞ ഉദാഹരണം ഇങ്ങനെയാണ്: "നമ്മൾ ചാഞ്ചല്യമുള്ള രണ്ട് വ്യക്തികളല്ല. എന്നാൽ നമ്മുടെ ജഡത്തിന്റെ ചിന്തകളും മനസും പഴയതുതന്നെയാണ്. നമ്മുടെ പഴയകാല പ്രവർത്തികളുടെ ടേപ്പുകൾ മുഴുവൻ തലച്ചോർ സംഭരിച്ച് വെച്ചിട്ടുണ്ട്. അതെല്ലാം നമ്മുടെ പഴയ പ്രകൃതത്തിലേക്ക് മടങ്ങിപ്പോകുവാൻ നമ്മെ

പ്രേരിപ്പിക്കുന്നു. മുഴുവൻ ഇലകളും വെട്ടികളഞ്ഞിട്ടും മരണം സംഭവിക്കാത്ത ഒരു മരത്തെപ്പോലെയാണിത്. റോമാലേഖനം 12:1–2 വാക്യങ്ങൾ ഇതിനെ പിൻതുണയ്ക്കുന്നു. “സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവീൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ് പുതുക്കി രൂപാന്തരപ്പെടുവീൻ”.

***യേശു നമ്മുടെ പാപം വഹിച്ചപ്പോൾ നാം അവന്റെ നീതിയായി***

“പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപമാക്കി”(2 കൊരി 5:21).

എങ്ങനെയാണ് ഇത് സാധ്യമായത്? നിങ്ങളുടെ ജീവിതത്തിൽ രക്ത ഉടമ്പടി അംഗീകരിക്കപ്പെടുമ്പോൾ യേശുവും നിങ്ങളുമായി ഒരു വലിയ കൈമാറ്റം നടക്കുകയാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ തിന്മകളും പാപങ്ങളും ക്രൂശിൽ യേശു ഏറ്റെടുത്തു. പുനരുത്ഥാനത്തിലൂടെ അവൻ നമുക്ക് സർവ്വശക്തനായ ദൈവത്തിന്റെ സ്വഭാവത്തിലുള്ള സകല നന്മകളും നൽകിത്തന്ന് നമ്മെ പുത്രന്മാരും പുത്രിമാരുമാക്കി. നമ്മുടെ സകല ശത്രുക്കളിൽ നിന്നും വളരെയധികം ഉയരത്തിൽ ദൈവത്തോടൊപ്പം ഇരുത്തി. നിങ്ങളുടെ ശത്രുവായ സാത്താൻ തന്റെ നുണകളിലൂടെ ഇത് നിങ്ങളിൽ നിന്ന് കവർന്നുകളയുവാൻ അവന്റെ സകലശക്തിയുമുപയോഗിച്ച് പരിശ്രമിക്കും. എന്നാൽ നിങ്ങൾ സത്യം അറിയുകയും അതിൽ നിലനിൽക്കുകയും ചെയ്താൽ നിങ്ങളായിരിക്കും അത്യന്തികമായി വിജയിക്കുന്നത്. നാം അനോടൊപ്പം ക്രൂശിക്കപ്പെട്ട് മരണത്തോട് ഏകീഭവിച്ചതിനാൽ അവനോടൊപ്പം ഉയർത്തെഴുന്നേറ്റു കഴിഞ്ഞു.

യേശു താൻ ഇപ്പോഴിരിക്കുന്നിടത്തേക്ക് എത്തിയത് എങ്ങനെയെന്ന് നാം നിർബന്ധമായും അറിയേണ്ടതുണ്ട്. അവന്റെ ഉയർത്തെഴുന്നേൽപ്പിൽ അവൻ പുതുസൃഷ്ടിയുടെ ആദ്യജാതനായി മാറി. ഉയർത്തെഴുന്നേൽപ്പിനെ തുടർന്ന് യേശുവിന്റെ ശിഷ്യന്മാരും മറ്റ് അഞ്ഞൂറോളം ആളുകളും അവനെ പലദിവസങ്ങളിലായി നേരിട്ടു കണ്ടു. പിന്നീടാണ് യേശു പിതാവിന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോയത്. പിതാവിന്റെ അടുത്തെത്തിയ യേശു പിതാവിന്റെ വലത്തുഭാഗത്ത് സ്വർഗ്ഗീയ സിംഹാസനത്തിൽ ആസനസ്ഥനാകുകയും ഈ പ്രപഞ്ചത്തിന്റെ മുഴുവൻ ഭരണ കർത്താവായി നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു.

നാം ഇപ്പോൾ യേശുവിനോടൊപ്പം ഇരിക്കുന്നു എന്നു പറഞ്ഞാൽ നാം അവനോടൊപ്പം മരണം, അടക്കം, പുനരുത്ഥാനം, പുതിയ

സൃഷ്ടി, സ്വർഗ്ഗാരോഹണം എന്നീ സകല പ്രക്രിയകളിലൂടെയും കട ന്നുപോയി എന്നാണ് അർത്ഥമാക്കുന്നത്. ഒരു മാർക്കർ പേന ഒരു പുസ്തകത്തിൽ വെച്ച് വട്ടം കറക്കുന്നത് പോലെയാണത്. മാർക്കർ പുസ്തകത്തിനോടൊപ്പം കറങ്ങും. യേശുവിന്റെ കാലഘട്ടത്തിൽ ജീവി ക്കാതെ ഇതൊക്കെ അനുഭവിക്കാൻ എനിക്കെങ്ങനെ സാധ്യമാകും എന്ന് നിങ്ങളിൽ ചിലർ ചോദിച്ചേക്കാം.

യേശു കാലക്കണക്കുകൾക്ക് അതീതനാണ്. അവൻ നിത്യതയിൽ വസിക്കുന്നു എന്ന വസ്തുതയിൽ ഈ ചോദ്യത്തിന്റെ ഉത്തരം അട ങ്ങിയിരിക്കുന്നു. അതുകൊണ്ട് നാം വീണ്ടും ജനനം പ്രാപിക്കുമ്പോ ൾ കാലക്കണക്കുകൾക്കതീതമായി യേശുവിന്റെ ചരിത്രം മുഴുവൻ നമ്മുടേതുമായി മാറുന്നു. ദൈവവചനത്തിൽ നിന്നുള്ള ചില ഉദാഹര ണങ്ങൾ ഇതാ. “നിത്യാത്മാവിനാൽ ദൈവത്തിന് തന്നത്താൻ നിഷ്ക ളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ നിങ്ങളുടെ മനസാക്ഷിയെ നിർജ്ജീവ പ്രവർത്തി കളെ പോക്കി എത്രയധികം ശുദ്ധീകരിക്കും” (എബ്രായർ 9:14).

“സകലകാലത്തിനും മുമ്പെ ക്രിസ്തു യേശുവിൽ നമുക്ക് നൽകി യിരിക്കുന്ന ഈ കൃപ” (2 തിമൊഥെയോസ് 1:9 b).

**നാം ധ്യാനിക്കേണ്ട ദൈവവചനത്തിൽ നിന്നുള്ള ചില വസ്തുതക ളാണ് താഴെ കൊടുത്തിരിക്കുന്നത്. നിങ്ങളുടെ ജീവിതത്തിൽ നല്ല ഫലം കായ്ക്കുവാൻ സഹായിക്കുന്ന നല്ല വിത്തുകളാണിത്**

ക്രിസ്തുവിൽ നിങ്ങൾ ആരാണെന്നതിനുള്ളതിനെ യാഥാർത്ഥ്യ മാക്കുവാൻ വചനത്തിലൂടെ പരിശുദ്ധാത്മാവിന് സാധിക്കും. അതി നായി വചനത്തെ നമ്മുടെ ന്യായപ്രമാണമായി വിശ്വസിക്കുകയും മുഖ വിലക്കെടുക്കയും ചെയ്യേണ്ടതുണ്ട്.

***നിങ്ങൾ യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാത്തവണ്ണം നഷ്ടപ്പെട്ടവരായിരുന്നു***

മറ്റൊരാൾ നിങ്ങളെ തേടിവരേണ്ടിയിരുന്നു എന്നാണ് ഇതിനർത്ഥം. എഫെസ്യർ 2:12 ൽ “അക്കാലത്ത് നിങ്ങൾ പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു” എന്ന് കാണുന്നു.

***നിങ്ങൾ പാപത്തിൽ മരിച്ചവരായിരുന്നു.***

മരിച്ച ഒരു മനുഷ്യന് ജീവൻ തിരികെ ലഭിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. എഫെസ്യർ 2:1-ാം വാക്യത്തിൽ “അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു” എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

***ക്രൂശിൽ ചൊരിയപ്പെട്ട യേശുവിന്റെ രക്തം നിങ്ങളുടെ പാപങ്ങളെ മോചിച്ചു. അവൻ നിനക്ക് പകരക്കാരനായി***

“അവനിൽ നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്” (കൊലൊ

സ്യർ 1:14). എഫെസ്യർ 1:7-ാം വാക്യത്തിൽ "അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്" എന്നും പറയുന്നു. ഇവിടെ മോചനം എന്ന വാക്ക് കൊണ്ടർത്ഥമാക്കുന്നത് വേർപെടുത്തുക, മുറിച്ച് മാറ്റുക എന്നൊക്കെയാണ്. നമ്മുടെ പാപ ങ്ങൾ നമ്മിൽ നിന്ന് എടുത്തു മാറ്റി നമുക്ക് വേണ്ടി അറുക്കപ്പെടാ നുള്ള കുഞ്ഞാടായ യേശുവിന്റെ മേൽ ചുമത്തി.

***താഴെപറയുന്ന സംഭവങ്ങൾ നടക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിലായി തീരുന്നു***

ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെടുക. "ഞാൻ ക്രിസ്തുവി നോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്ക് വേണ്ടി തന്നത്താൻ ഏല്പിച്ച് കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവി ക്കുന്നത്" (ഗലാത്യർ 2:20).

***യേശുവിനോട് കൂടെ മരിച്ചു.***

"അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരാ യെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമർ 6:5).

***ക്രിസ്തുവിനോട് കൂടെ അടക്കപ്പെട്ടു.***

"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോട് കൂടെ കുഴിച്ചിടപ്പെട്ടു"(റോമർ 6:4). "സ്നാന ത്തിൽ നിങ്ങൾ അവനോട് കൂടെ അടക്കപ്പെട്ടു" (കൊലൊസ്യർ 2:12).

***ക്രിസ്തുവിനോട് കൂടെ ഉയർത്തു.***

"അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോട് കൂടെ ജീവിപ്പിച്ചു" (കൊലൊസ്യർ 2:13). "അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ചു" (എഫെസ്യർ 2:5).

***ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടു. അവനോടൊപ്പം ഇരുത്തി***

അതിക്രമങ്ങളിൽ മരിച്ച നമ്മെ ഓരോരുത്തരെയും ദൈവം തന്റെ കൃപയാൽ രക്ഷിച്ചു. അവനോട് കൂടെ ഉയർപ്പിച്ചു. "ക്രിസ്തുയേശു വിൽ അവനോട് കൂടെ ഉയർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തു കയും ചെയ്തു" (എഫെസ്യർ 2:6,7).

ദൈവത്തോട് നമുക്ക് ഇന്നുള്ള നിയമപരമായ അവകാശത്തിന്റെ അടിസ്ഥാനം ഇതാണ്. ആത്മീയ ലോകത്തിൽ നിങ്ങളുടെ സ്ഥാനം ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലാണ്. നിങ്ങൾ അധികാരത്തിന്റെ സിംഹാസനത്തിലാണിരിക്കുന്നത്. നിങ്ങളുടെ മനസ്സും സാത്താനും

അങ്ങനെയല്ല എന്ന് കള്ളം പറയും. നാം പാപികളായിരുന്നപ്പോൾ തന്നെ നമ്മെ അവനോടൊപ്പം ഇരുത്തിയവനാണ് നമ്മുടെ ദൈവം എന്ന് നാം അറിയേണ്ടതാവശ്യമാണ്.

***നിങ്ങൾ ഒരു പുതിയ സൃഷ്ടിയാണ്***

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി. ഇതാ അത് പുതിയതായി തീർന്നിരിക്കുന്നു" (2 കൊരി 5:17).

***ഇതൊക്കെ എങ്ങനെ സംഭവിക്കുമെന്ന് നിങ്ങൾ ചോദിച്ചേക്കാം.***

നല്ല ചോദ്യമാണിത്. ദൈവം നമ്മെ ക്രിസ്തുവിലാക്കിയിരിക്കുന്നു. "നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിങ്കൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്നു" (1 കൊരി 1:30). ക്രിസ്തുവിൽ ആകുക എന്നാൽ നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ ഉള്ളിൽ ബീജവും അണ്ഡവും ആയിരുന്ന അവസ്ഥയാണ്. നിങ്ങളുടെ ജീനുകളിൽ അവരുടെ പാരമ്പര്യം മുഴുവൻ അടങ്ങിയിരിക്കുന്നു. ഒരു പുസ്തകത്തിൽ വെച്ചിരിക്കുന്ന ഒരു അടയാളത്തെക്കുറിച്ച് സങ്കല്പിക്കുക. പുസ്തകം മറിക്കുന്നതിനനുസരിച്ച് അടയാളത്തിനും മാറ്റം സംഭവിക്കാം. പുസ്തകം അലമാരയിൽ വെയ്ക്കുമ്പോൾ അടയാളവും പുസ്തകത്തോടൊപ്പം അലമാരയിൽ ഇരിക്കും. ഇനി ഏതെങ്കിലും സാഹചര്യത്തിൽ പുസ്തകം കത്തിപ്പോയാൽ അടയാളവും കത്തിപ്പോകും. ഇനി ഏതെങ്കിലും അത്ഭുതം സംഭവിച്ച് പുസ്തകം ഷെൽഫിലേക്ക് മടങ്ങിവന്നാൽ അടയാളവും അതോടൊപ്പം ഇരിക്കും.

യേശുവിന്റെ ക്രൂശ് മരണം, പുനരുത്ഥാനം എന്നിവയാൽ നാമും ദൈവവുമായി ഉണ്ടായ രക്ത ഉടമ്പടിയുടെ ഫലമാണ് നിങ്ങളുടെ ചരിത്രവും, ക്രിസ്തുവിൽ നിങ്ങൾ ആരാണെന്നതും.

***നിങ്ങൾ നീതീകരിക്കപ്പെട്ടു.***

ദൈവത്തോട് ശരിയായ ഒരു ബന്ധമെന്നതാണ് നീതീകരണം എന്നത്കൊണ്ടർത്ഥമാക്കുന്നത്. പിതാവിന്റെ ധർമ്മബോധം ജനനത്തിലൂടെ സ്വാഭാവികമായി മക്കൾക്ക് ലഭിക്കുന്നു. കുടുംബത്തിലെ അംഗമെന്ന നിലയിൽ അയൽക്കാരനില്ലാത്ത ഒരു ബന്ധം പിതാവുമായി അവർക്കുണ്ടാകുന്നു. നമ്മുടെ പ്രവർത്തിയുടെ ഫലമായിട്ടല്ല, വീണ്ടും ജനനം പ്രാപിച്ചത് കൊണ്ടാണ് നാം നീതീകരിക്കപ്പെട്ടത്. "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്ക് വേണ്ടി പാപം ആക്കി"(2 കൊരി 5:21). നമ്മുടെ ജീവിതരീതിയോ പ്രവർത്തിയോ മൂലമല്ല ദൈവം തന്റെ ജീവൻ നമ്മിൽ പകർന്നതിനാലാണ് നാം നീതികരിക്കപ്പെട്ടത്.

*സാത്താന് നിങ്ങളുടെ മേലുണ്ടായിരുന്ന അധികാരം നഷ്ടമായി*

നിങ്ങളുടെ പഴയ സ്വഭാവത്തിന്റെ മേലുള്ള നിയന്ത്രണം സാത്താനായിരുന്നു. എന്നാൽ സാത്താനെ പരാജയപ്പെടുത്തിയ ക്രിസ്തുവിന്റെ ആത്മാവാണ് നിങ്ങളുടെ പുതിയ സ്വഭാവം. റോമർ 6: 8–10 വരെയുള്ള വാക്യങ്ങളിൽ "നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോട് കൂടെ ജീവിയ്ക്കും എന്ന് വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കുകയില്ല. മരണത്തിന് അവന്റെ മേൽ ഇനി കർതൃത്വമില്ല എന്ന് നാം അറിയുന്നുവല്ലോ. അവൻ മരിച്ചത് പാപസംബന്ധമായി ഒരിക്കലായിട്ട് മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിന് ജീവിക്കുന്നു" എന്ന് കാണുന്നു.

**മനസ്സിന്റെ പുതുക്കമാണ് നമുക്കാവശ്യം**

"സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവീൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ് പുതുക്കി രൂപാന്തരപ്പെടുവീൻ" (റോമർ 12:1–2).

*നിങ്ങൾക്കുള്ള ദൈവീക വാഗ്ദാനം*

എബ്രായർ 8:10 ൽ പറയുന്നത് ശ്രദ്ധിക്കുക "ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രയേൽ ഗൃഹത്തോട് ചെയ്യുവാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും".

*1 പത്രോസ് 1:6 – 7 വരെ വായിക്കുക. പരിശോധനകളെയും കഷ്ടതയെയും കുറിച്ച് ഈ വേദഭാഗം എന്തു പറയുന്നു?*

നിങ്ങൾ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്നതിന്റെ തെളിവ്. നിങ്ങൾക്ക് എന്തു തോന്നുന്നു എന്നതല്ല, നിങ്ങളുടെ ഹൃദയം, നിറഞ്ഞു കവിയുമ്പോൾ വായിലൂടെ പുറത്തുവരുന്നതാണ് അതിന്റെ തെളിവ്. "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു. ദുഷ്ടൻ ദോഷമായതിൽ നിന്ന് ദോഷമായത് പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്" (ലൂക്കോസ് 6:45).

പാപം, ഭയം, കുറ്റബോധം, ആസക്തികൾ, അപകർഷതാബോധം, പരാജയബോധം എന്നീ കാര്യങ്ങളെ അതിജീവിക്കാനും, സൗഖ്യം പ്രാപിക്കാനുമുള്ള ഏക വഴി ഈ വസ്തുതകളെ അംഗീകരിക്കുക

എന്നതാണ്. ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും, നാം അവന്റേതാണെന്നും, അടിമത്വത്തിൽ നിന്ന് നാം പുതിയ സൃഷ്ടികളാക്കപ്പെട്ടുവെന്നും, അടിമത്വത്തിൽ നിന്ന് നാം വിലയ്ക്ക് വാങ്ങപ്പെട്ടുവെന്നും, ക്രിസ്തുവിൽ പുതിയ വ്യക്തിത്വം നേടിയ നാം ദൈവത്തിന്റെ ആത്യന്തികമായ കർതൃത്വവും, അധികാരവും, ദൈവീക കരുതലും അനുഭവിക്കാനുള്ള അവസരം ലഭിച്ചവരാണെന്നുമുള്ള യഥാർത്ഥ തിരിച്ചറിവും ഉണ്ടാകുമ്പോൾ നമ്മുടെ ജീവിതത്തിലെ എല്ലാ തിന്മകളെയും അതിജീവിക്കാനുള്ള നടപടികൾ നമ്മിൽ ആരംഭിച്ചു തുടങ്ങും.

അനുസ്മരിക്കുവാൻ ഏറ്റവും എളുപ്പമുള്ള കാര്യം ക്രിസ്തുവിന്റെ ക്രൂശാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ തിന്മകളും യേശു ക്രൂശിൽ വഹിച്ച് നമ്മെ ഒരു അനുഗ്രഹമായി രൂപാന്തപ്പെടുത്തി. ഇപ്പോൾ നാം ആരാണെന്നുള്ള സുന്ദരമായ ഈ ചിന്ത നമ്മെ അഹങ്കാരികളാക്കി മാറ്റരുത്. “ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു” (യോഹ 15:5). നമ്മിൽ വസിക്കുന്ന ദൈവത്തിൽ പൂർണമായി ആശ്രയംവെക്കാതെ നാം പൂർണ്ണരാകുന്നില്ല. സ്വതന്ത്രമായി കുറേ ശക്തികൾ ഉള്ള ഒരാളായിത്തീരുവാനല്ല ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. നമ്മുടെ ഉള്ളിലേക്ക് പകരപ്പെട്ടിരിക്കുന്ന ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കുന്നതിനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. കൊമ്പ് മുന്തിരിവള്ളിയിൽ ചേർന്ന് നിന്നില്ലെങ്കിൽ അതിന് ഒരു ഫലവും പുറപ്പെടുവിക്കാൻ സാധിക്കുന്നില്ലെന്ന് മാത്രമല്ല അത് നശിച്ചു പോകുകയും ചെയ്യും. നാം താഴ്മയുടെ വസ്ത്രം ധരിച്ച്, അവനിലല്ലെങ്കിൽ നാം ഒന്നുമല്ലെന്ന് തിരിച്ചറിയണം. യോഹന്നാൻ 15-ാം അദ്ധ്യായം വായിച്ചാൽ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നത് എപ്പോഴും ദൈവവചനാനുസരണവും ദൈവഹിതവുമാണെന്ന് മനസ്സിലാക്കാം.

**നമ്മൾ വെറും കോഴിക്കുഞ്ഞാകരുത്. നിങ്ങൾ ഒരു പരുന്താണ്**

*ഒരു ദിവസം ഒരു പരുന്തിന്റെ മുട്ട അതിന്റെ കൂട്ടിൽ നിന്ന് താഴെ വീണു. ആ മുട്ട ഉരുണ്ട് കോഴിക്കൂട്ടിൽ എത്തി. കുറച്ചുനാളുകൾക്കകം കോഴിമുട്ടകളോടൊപ്പം പരുന്തിന്റെ മുട്ടയും വിരിഞ്ഞു. ആ പരുന്ത്കുഞ്ഞ് കോഴിക്കുഞ്ഞുങ്ങളെപ്പോലെ വളർന്നു തുടങ്ങി. വളർച്ചയുടെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ പരുന്തിൻ കുഞ്ഞിന് ചില ശാരീരിക മാറ്റങ്ങൾ ഉണ്ടായി. എങ്കിലും താൻ കോഴിക്കുഞ്ഞല്ല പരുന്തിൻ കുഞ്ഞാണെന്ന് പറഞ്ഞുകൊടുക്കുവാൻ ആരും ഇല്ലായിരുന്നു.*

*കൊടുങ്കാറ്റ് വന്നപ്പോൾ കോഴിക്കുഞ്ഞുങ്ങളോടൊപ്പം പരുന്തും മറവിടത്തിലേക്ക് ഓടിയൊളിക്കാൻ ശ്രമിച്ചു. പക്ഷെ ഓട്ടത്തിനിടയിലും പരുന്തിൻ കുഞ്ഞിന്റെ നോട്ടം മുകളിലേക്കായിരുന്നു. കാറ്റിനെ ഭയപ്പെടാത്ത നിരവധി പക്ഷികൾ ആകാശത്ത് പറന്നു നടക്കുന്നത് പരുന്തിൻ കുഞ്ഞ് കണ്ടു. എയ്റോപ്ലെയിനിന്റെ ചിറകുകൾ പോലെ ചിറ*

*കുവിരിച്ച് ആ പക്ഷികൾ കാറ്റിനെ നേരിട്ട് നിർഭയരായി പറക്കുന്നു. കൊടുങ്കാറ്റ് ശക്തിയോടെ വന്നപ്പോൾ പക്ഷികൾ കൂടുതൽ ഉയരങ്ങളിലേക്ക് പറന്ന് അതിനെ നേരിട്ടു. ഈ അത്ഭുത കാഴ്ച കണ്ടപ്പോൾ "എനിക്ക് അവരെ പോലെ ആകാൻ കഴിഞ്ഞിരുന്നെങ്കിൽ" എന്ന് പരുന്തിൻകുഞ്ഞ് തന്നോടുതന്നെ പറഞ്ഞു.*

*ഒരു ദിവസം പരുന്തിൻകുഞ്ഞ് മറ്റൊരു കാഴ്ച കണ്ടു. ഒരു വലിയ പരുന്ത് ആകാശത്തിലേക്ക് കുതിച്ച് കയറി പറക്കുന്ന കാഴ്ച. ആ സമയത്ത് പരുന്തിൻകുഞ്ഞ് സ്വയം മനസ്സിലാക്കി താനൊരു കോഴിയല്ല പരുന്താണ്. ഞാനെന്തിന് ഓടി രക്ഷപെടണം? അവൻ ഒരു കുന്നിലേക്ക് കയറി ചിറകുകൾ വിടർത്തി താഴ്വരയിലേക്ക് പറക്കാൻ ശ്രമിച്ചു. അതാ ആ കുഞ്ഞ് പരുന്ത് സ്വാഭാവികമായി പറക്കുന്നു.*

*പ്രിയ സുഹൃത്തെ, നിങ്ങൾ കേവലമൊരു മനുഷ്യനല്ല, ഒരു കോഴികുഞ്ഞുമല്ല. നിങ്ങൾ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലേക്ക് ഉയർന്നു പറക്കാൻ സൃഷ്ടിക്കപ്പെട്ടവനാണ്. മുകളിലേക്ക് നോക്കുക.*

*മർക്കോസ് നാലാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വിതയ്ക്കുന്നവന്റെ ഉപമ ഓർക്കുക (വായിക്കുക) നിങ്ങളുടെ ഉള്ളിൽ വിതയ്ക്കപ്പെട്ട വചനമാകുന്ന വിത്ത് കവർന്നെടുക്കാൻ സാത്താൻ കടന്നു വരുന്നു. ഇന്ന് നീ ആരാണെന്ന വിത്ത് ഹൃദയത്തിൽ വിതയ്ക്കപ്പെട്ടിരിക്കുകയാണ്. നാളെ ചില പ്രതിസന്ധികൾ നേരിടേണ്ടി വന്നാലും ഉറച്ചുനിൽക്കുക. വചനം സത്യമാണ്; സാഹചര്യങ്ങൾ മാറിയാലും വചനത്തിന് മാറ്റമില്ല.*

*"യഥാർത്ഥ ആത്മീയ ആഹാരം കഴിക്കുന്നതിലൂടെ നാം വിശുദ്ധരായിത്തീരും. ഇരുട്ടിൽ ജീവിച്ചിരുന്ന ഒരു ക്രിമിയെ വെളിച്ചത്തിലും ഈ അന്തരീക്ഷത്തിലും ജീവിക്കത്തക്ക നിലയിൽ പരിശീലിപ്പിക്കാമെന്ന് പരീക്ഷണങ്ങളിലൂടെ തെളിവായിക്കപ്പെട്ടിട്ടുണ്ട്. ഈ ജീവിയെ പരിശീലിപ്പിച്ചപ്പോൾ അത് എപ്പോഴും ഇഴഞ്ഞ് പോകാനുള്ള ത്വര കാണിക്കുമായിരുന്നു. എപ്പോഴൊക്കെ ഇരുട്ടിലേക്ക് ഉൾവലിയുമോ അപ്പോഴൊക്കെ അതിന്റെ ശരീരത്തിൽ ചെറിയ ഇലട്രിക്ക് ഷോക്ക് നൽകിക്കൊണ്ടിരുന്നു. ക്രമേണ ആ കൃമി വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് പോലെ 'പുതിയ സൃഷ്ടിയായി' മാറി. ഈ പ്രാണിവർഗ്ഗത്തിന്റെ സ്വഭാവരീതികൾക്ക് വിരുദ്ധമായി അവർ വെളിച്ചത്തെ ഇഷ്ടപ്പെടുവാൻ തുടങ്ങി. പുതിയ സൃഷ്ടികളായ ഈ ജീവികളെ ചെറിയ കഷ്ണങ്ങളായി മുറിച്ച് മറ്റു കൃമികൾക്ക് നൽകുന്ന ആഹാരത്തിൽ ഉൾപ്പെടുത്തി. അത്ഭുതം എന്ന് പറയട്ടെ. ആ ആഹാരം കഴിച്ച ജീവികൾ ക്രമേണ തങ്ങളുടെ സ്വഭാവത്തിന് മാറ്റം വരുത്തി. പുതിയ സൃഷ്ടിയായി മാറിയ കൃമികളുടെ ശരീരത്തിൽ ഉല്പാദിപ്പിക്കപ്പെട്ട റൈബോന്യൂക്ലിക് ആസിഡ് (depository of memory) ഭക്ഷണത്തിലൂടെ മറ്റു*

*ജീവികളുടെ ശരീരത്തിലെത്തിയ പുതിയ തലമുറ കൃമികൾ ഉണ്ടായപ്പോൾ അവ ഇരുളിനേക്കാളേറെ വെളിച്ചത്തെ ഇഷ്ടപ്പെടുന്നവരായി മാറി. മറ്റൊട്ടനവധി മൃഗങ്ങളുടെ വിവിധ സ്വഭാവ രീതികൾ മാറ്റുന്നതിനുള്ള ഇത്തരം ശാസ്ത്രീയ പരീക്ഷണങ്ങൾ നടന്നു വരുന്നു.*

*നിങ്ങൾ ഒരു പുതിയ മനുഷ്യനെ, നീതിമാനും വിശുദ്ധനുമായി ഒരു പുതുമനുഷ്യനെ ധരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ക്രിസ്തുവിനെ ഭക്ഷിക്കുക. അവൻ നമ്മുടെ പ്രതിദിന ആഹാരമാകുവാൻ ജഡരൂപമെടുത്തു. ക്രൂശിൽ യേശു പറഞ്ഞു. ഞാനോ "മനുഷ്യനല്ല ഒരു ക്രിമിയത്രെ" (സങ്കീ 22:6).*

*സ്കാർലറ്റ് വേം (രക്ത വർണ്ണമുള്ള പുഴുക്കൾ) എന്ന വർഗത്തിലെ സ്ത്രീ ലിംഗ പുഴുക്കൾ പുതുതലമുക്ക് ജന്മം കൊടുക്കാറാകുമ്പോൾ തന്റെ ശരീരം ഒരു മരത്തോട് ചേർത്ത് വെയ്ക്കും. ഒരിക്കലും വിട്ടുപോരാത്തവിധത്തിൽ ഒട്ടിച്ചു ചേർത്ത ആ ശരീരത്തിലെ മുട്ടകൾ ലാർവ്വകളായി പുറത്തുവരാൻ പ്രാപ്തിയാകുന്നതുവരെ അങ്ങനെ സംരക്ഷിക്കപ്പെടും. ഒടുവിൽ ആ മാതൃ പുഴു ആ മരത്തോട് ചേർന്നിരുന്ന് ജീവൻ വെടിയും. ആ സമയത്ത് അതിന്റെ ശരീരത്തിൽ നിന്ന് രക്ത വർണ്ണമുള്ള ദ്രാവകം ആ മരത്തിൽ ഒഴുകി പരക്കും. ആ കറ ശേഖരിച്ചാണ് പുരാതനകാലത്ത് പ്രശസ്തമായ സ്കാർലറ്റ് നിറക്കൂട്ട് ഉണ്ടാക്കിയിരുന്നത്.*

*എന്തൊരു അത്ഭുതകരമായ ചിത്രമാണിത്. അനേക പുത്രന്മാരെ തേജസിലേക്ക് നടത്തേണ്ടതിന് തന്റെ വിലയേറിയ രക്തം മരത്തിൽ ചിന്തിയ ക്രിസ്തുവിന്റെ മരണം ഇതുമായി ചേർത്ത് വായിക്കുക (എബ്രാ. 2:10). നാം അവനു വേണ്ടി ജീവിക്കേണ്ടതിന് അവൻ നമുക്കുവേണ്ടി മരിച്ചു".*

*റിച്ചാർഡ് വുംബ്രാണ്ടിന്റെ ധ്യാന ചിന്തകൾ 'reaching towards the hight'- ൽ നിന്നെടുത്തതാണ് ഈ ഭാഗങ്ങൾ.*

അദ്ധ്യായം

# 6 നടക്കുക




നടക്കാതെ നമുക്ക് നിൽക്കാൻ കഴിയില്ല. നാം നിൽക്കാൻ ശ്രമിക്കുന്നതിന് മുമ്പ് നടന്നില്ലെങ്കിൽ സാത്താൻ നമ്മെ ആഹാരമാക്കും. ഇതിനെ സാധൂകരിക്കുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക. "പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽക്കാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവീൻ. നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനയോടും അത്രേ" (എഫേ 6:11,12).

"സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ" (2 കൊരിന്ത്യർ 2:11).

"പിശാചിന് ഇടം കൊടുക്കരുത്" (എഫെ 4:27).

"നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിക്കുവാൻ പുറമേയുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം" (1 തിമോഥെയോസ് 3:7).

"പിശാചിനാൽ പിടിപെട്ട് കുടുങ്ങിയരാകയാൽ അവർ സുബോധം പ്രാപിച്ച് അവന്റെ കെണിയിൽ നിന്നൊഴിഞ്ഞ് ദൈവേഷ്ടം ചെയ്യുമോ എന്നും വെച്ച് അവരെ സൗമ്യതയോടെ പഠിപ്പിക്കേണ്ടതും ആകുന്നു" (2 തിമോഥെയോസ് 2:26).

"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ. നിങ്ങളുടെ പ്രതിയോഗിയായ

പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു" (1 പത്രോസ് 5:8).

വിശ്വാസികളായിരുന്നാലും സാത്താനും അവന്റെ അനുയായികൾക്കും; നാം പല രീതിയിൽ ഇരയായിത്തീരാൻ സാധ്യതയുണ്ട് എന്ന വസ്തുത ഈ വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാകുന്നു. നമ്മുടെ സ്വഭാവം, ജീവിതരീതി എന്നിവയിലൂടെ നമ്മെ ദ്രോഹിക്കാൻ സാത്താന് അവസരം കൊടുക്കുന്നത് നാം തന്നെയാണെന്നും ഈ വേദഭാഗം പറയുന്നു.

ദൈവത്തോട് കൂടെയുള്ള നടപ്പിന്റെ ഫലമായി മാത്രമേ സാത്താന്റെ മേലും സാഹചര്യങ്ങളുടെ മേലും വിജയികളായി തീരാൻ നമുക്ക് കഴിയുകയുള്ളു. നമ്മുടെ സുരക്ഷിതത്വത്തിന് വേണ്ടി യേശുവിന്റെ സ്വഭാവം നമ്മിൽ വസിക്കേണ്ടതുണ്ട്. നമ്മുടെ പഴയസ്വഭാവം ഉപേക്ഷിക്കാതെ സാത്താന്റെ മേൽ വിജയം നേടാമെന്നാണ് നാം കരുതുന്നതെങ്കിൽ നാം ആത്മീയ യുദ്ധത്തിൽ പരാജയപ്പെട്ടു എന്നതിന് സംശയം വേണ്ട. എന്നാൽ നമ്മുടെ നടപ്പ് ദൈവീക സ്വഭാവത്തിന് അനുരൂപമാണെങ്കിൽ സാത്താന് നമ്മെ കാണാൻ സാധിക്കുകയില്ല; പകരം ദൈവത്തെയായിരിക്കും അവൻ കാണുന്നത്. യേശു സാത്താനെ തോല്പിച്ച് കഴിഞ്ഞിരിക്കയാൽ ശത്രുവിന് യേശുവിന്റെ മേൽ അധികാരമില്ല.

എഫെസ്യർ 4:1 ൽ ഇപ്രകാരം പറയുന്നു "കർതൃ സേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്; നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം നടക്കുക".

നാം 'ഇരിക്കുക' എന്ന പാഠത്തിൽ ഇത് കുറച്ച് കൂടി വ്യക്തമായി പഠിച്ചതാണ്. നമ്മുടെ വ്യക്തിത്വമാണ് നമ്മുടെ സ്വഭാവം നിർണ്ണയിക്കുന്നത്. ക്രിസ്തീയ ജീവിതം നടപ്പിലല്ല ആരംഭിക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നമ്മുടെ പ്രവർത്തികളും നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളും ഉൾപ്പെടുന്നതാണ്. നമ്മിൽ പകരപ്പെട്ടിരിക്കുന്ന കൃപയാണ് നമ്മെ വഴിനടത്തുന്നത്.

**എല്ലാം കാൽവറി ക്രൂശിൽ യേശു നമുക്ക് വേണ്ടി നിവർത്തിച്ച രക്ഷണ്യ പ്രവർത്തിയെ അടിസ്ഥാനമാക്കിയാണ്. ആ ക്രൂശിന്റെ ഫലമാണ് നാമിപ്പോൾ ആരായി തീർന്നു എന്നത്**

കർത്താവ് നമുക്കായി എല്ലാം നന്നായി ചെയ്തു. അവനോടോപ്പം നമ്മെ സ്വർഗ്ഗീയ സിംഹാസനത്തിലിരുത്തി. നാം യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു, ഉയർത്തെഴുന്നേറ്റു, സ്വർഗ്ഗാരോഹണം ചെയ്ത് അവനോടൊപ്പം സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടു. എഫെസ്യർ 2:6 ൽ ഇപ്രകാരം പറയുന്നു "ക്രിസ്തു യേശുവിൽ അവനോടു കൂടെ ഉയർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു".

***എന്നാൽ ക്രിസ്തീയ ജീവിതം അവിടം കൊണ്ട് അവസാനിക്കുന്നില്ല***

ക്രിസ്തീയ ജീവിതം എന്നത് ദൈവവും നീയും എന്ന രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധമാണ്. ഒരു ബന്ധവും പെട്ടന്ന് ഉടലെടുക്കുന്നതല്ല. അതിന് സമയം ആവശ്യമാണ്. ഇവിടെ മിക്ക ക്രിസ്ത്യാനികളുടേയും പ്രശ്നം അവർ സമയം ചിലവിടാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. ദൈവവുമായുള്ള ബന്ധത്തിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനും സജീവമായി നിലനിർത്തേണ്ടതിനും മുൻഗണന കൊടുക്കാൻ അവർ താല്പര്യപ്പെടുന്നില്ല. റോമർ 12: 1–2 വാക്യങ്ങളിൽ ദൈവത്തിന്റെ മഹാകരുണയോടുള്ള പ്രതികരണമായി നമുക്ക് നൽകാവുന്ന ന്യായമായ സേവനം നമ്മെ തന്നെ ജീവനുള്ള യാഗമായി സമർപ്പിക്കുകയാണെന്ന് വ്യക്തമാക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ നാം നമ്മുടെ പഴയ വഴികളെ വിട്ട് തിരിഞ്ഞ് എല്ലായ്പ്പോഴും മനസ്സ് പുതുക്കി ജീവിക്കുവാൻ ആരംഭിക്കുന്നു. അതിന്റെ ഫലവും വാഗ്ദാനവും നമ്മുടെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റപ്പെടുന്നതിലൂടെ തെളിയിക്കപ്പെടും.

കർത്താവിന്റെ വിളിക്ക് യോഗ്യമാം വണ്ണം നടക്കുക എന്ന് പറഞ്ഞാൽ ക്രൂശിനെ ആശ്രയിച്ചിരിക്കുന്നു. ലൂക്കോസ് 9:23 ൽ "പിന്നെ അവൻ എല്ലാവരോടും പറഞ്ഞത് :എന്നെ അനുഗമിക്കുവാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ" എന്ന് കാണുന്നു.

ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധം ഒരു രക്ത ഉടമ്പടിയാണ് എന്നോർക്കുക. രണ്ടു വ്യതികളും രണ്ട് മരണവും നടക്കുമ്പോഴേ അത് വിലയുള്ളതായി തീരുകയുള്ളൂ.




***എല്ലാ ദിവസവും നമ്മുടെ മുന്നിൽ തിരഞ്ഞെടുപ്പിനുള്ള പലതരം അവസരങ്ങളുണ്ട്***

നമ്മുടെ തിരഞ്ഞെടുപ്പിനനുസരിച്ച് ദൈവത്തോട് അടുത്തിരിക്കാനോ അകന്നിരിക്കാനോ നമുക്ക് അവസരമുണ്ട്.

**a.** ***ധാർമ്മിക അവസരങ്ങൾ***: മോഷണം, നുണ, വഞ്ചന, അവിഹിത ബന്ധങ്ങൾ, അപവാദം ഇങ്ങനെ നീണ്ടുപോകുന്നു. ഈ പട്ടികയിലോ കാര്യങ്ങളിൽ നാം നമ്മുടെ ജഡത്തെയാണോ ദൈവവചനത്തെയാണോ അനുസരിക്കുന്നത്?

**b.** ***കഷ്ടതയും, ബുദ്ധിമുട്ടുകളും***: നമ്മുടെ സാഹചര്യങ്ങളേക്കാൾ ഉപരിയായി നാം ദൈവവചനത്തിൽ ആശ്രയിക്കുമോ ഇല്ലയോ? കഷ്ടതയിൽ നാം നമ്മുടെ ജഡത്തിലാണോ വചനത്തിലാണോ ആശ്രയിക്കു

ന്നത്?

**c.** ***അധികാരം:*** യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും കർതൃത്വത്തോട് നാം വിധേയപ്പെടുമോ, ഇല്ലയോ? ദൈവം നമ്മുടെ മേൽ ആക്കിവച്ചിരിക്കുന്ന അധികാരസ്ഥാനങ്ങളെ അഥവാ അദ്ധ്യാപകർ, പാസ്റ്റർമാർ, പോലീസ്, മാതാപിതാക്കൾ എന്നിവരോട് അനുസരണമുള്ളവരായിരിക്കുമോ? നിങ്ങളുടെ മേലധികാരികൾ പാപം ചെയ്യേണ്ടതിന് പ്രേരിപ്പിച്ചാൽ അവരോട് സാധ്യമല്ല എന്ന് തുറന്ന് പറയാം. ദുഷ്ട അധികാരങ്ങളിൽ നിന്ന് ദൈവം നമ്മെ സംരക്ഷിക്കും.

**d.** ***ലോകം:*** നാം ലോകത്തോട് അനുരൂപരായി ജീവിക്കുമോ, ഇല്ലയോ? ദൈവരാജ്യം പോലെ തന്നെ ലോകവും ഒരു ആത്മീയ രാജ്യമാണ്. 1 യോഹ 2:15–16 വാക്യങ്ങളിൽ "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു" എന്ന് നാം വായിക്കുന്നു.

***നാം പൂർണ്ണതയുള്ളവരല്ല, എന്നാൽ നമുക്ക് അനുതാപത്തിന്റെ പാതയിൽ നടക്കുകയും ജീവിക്കുകയും ചെയ്യാം***

നാം സമയാസമയങ്ങളിൽ പാപത്തിന് അടിമപ്പെട്ടാലും ദൈവം നമുക്ക് നാം ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത വിധത്തിൽ പൂർണ്ണമായ മോചനം നല്കുന്നു. 1 യോഹന്നാൻ 1:9 ഇങ്ങനെ പറയുന്നു "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു".

നാം ആഗ്രഹിച്ചിട്ടല്ല നാം പലപ്പോഴും പാപത്തിൽ അകപ്പെടുന്നതെന്നും നാം പാപത്തിന്റെ ഇരയായി പോകുന്നതാണെന്നും ദൈവം അറിയുന്നു. ദൈവം നമുക്ക് നല്കുന്ന പരിഹാരം അടിയല്ല മറിച്ച് അവനിലേക്ക് നാം കൂടുതൽ അടുത്ത് ചെല്ലുമെന്ന പ്രതീക്ഷയോടെ ക്രിസ്തുവിൽ നാം ആരാണെന്ന് നമ്മെ ഓർപ്പിച്ചു കൊണ്ടിരിക്കുകയാണ്.

*'ഏശാവി'* നെ പോലെ ആകരുത്. യാക്കോബിന്റെ ഇരട്ട സഹോദരനായിരുന്നു ഏശാവ്. യാക്കോബിനെ അപേക്ഷിച്ച് മോശമായ ഒരു കാര്യങ്ങളും പുറമേയുള്ള നോട്ടത്തിൽ ഏശാവിൽ കണ്ടെത്താൻ കഴിയുമായിരുന്നില്ല. എന്നാൽ മാതാവിന്റെ ഗർഭത്തിൽ നിന്ന് രണ്ടാമതായി ജനിച്ച യാക്കോബ് വഞ്ചകൻ ആയിരുന്നിട്ടും അവന് ആദ്യജാതന്റെ അവകാശങ്ങൾ നേടിക്കൊടുക്കുന്നതിൽ ദൈത്തിന്റെ അദൃശ്യകരം വെളിപ്പെട്ടു. ഏശാവ് ഒരു പാത്രം പായസത്തിന് വേണ്ടി തന്റെ ജന്മാവകാശങ്ങളെ അലക്ഷ്യമാക്കിക്കളഞ്ഞു. പിന്നീട് അവൻ തെറ്റു തിരു

ത്താൻ ആഗ്രഹിച്ചപ്പോൾ അവനത് കഴിഞ്ഞതുമില്ല. നാം ദൈവത്തിൽ നിന്ന് ജനിച്ചപ്പോൾ നമുക്ക് ചില ജന്മാവകാശങ്ങളുണ്ട്. അതിനെ അലക്ഷ്യമാക്കരുത് എന്നുള്ളതിനുള്ള മുന്നറിയിപ്പാണിത്. ഈ മുന്നറിയിപ്പ് അവഗണിച്ചാൽ നമ്മുടെ ജീവിതവും ഏശാവിനെ പോലെ അവസാനിക്കും (എബ്രാ 12:16).

**ആത്മാവിൽ നടക്കുക**

"ആത്മാവിനെ അനുസരിച്ച് നടക്കുവിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല എന്ന് ഞാൻ പറയുന്നു"(ഗലാത്യർ 5:16).

റോമർ 8:1 ൽ "അതുകൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല" എന്നു കാണുന്നു.

***ആത്മാവിൽ നടക്കുക എന്ന ഏറ്റവും ലളിതവും വ്യത്യസ്ഥവുമായ മാർഗ്ഗത്തിലൂടെ ഒരുവന് പ്രതിദിനം ദൈവത്തോട് ചേർന്ന് നടക്കാൻ കഴിയും. ആ പ്രക്രിയ ഇങ്ങനെയാണ്.***

1. ദൈവവചനമാകുന്ന കണ്ണാടിയിൽ സ്ഥിരമായി നോക്കുകയും എങ്ങനെ ജീവിക്കണമെന്നതിനെക്കുറിച്ച് ദൈവത്തോട് ചോദിക്കുകയും ചെയ്യുക. നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവമാഗ്രഹിക്കുന്ന നിലവാരം എന്തെന്ന് ചോദിച്ച് മനസ്സിലാക്കുക.

ഉദാഹരണത്തിന് നുണ പറയരുത്, കൂട്ടുകാരോട് സ്നേഹപൂർവ്വം പെരുമാറുക, മാതാപിതാക്കൾക്കും അധ്യാപകർക്കും കീഴടങ്ങിയിരിക്ക, സഹോദരി സഹോദരന്മാരോട് ദയയോടെ പെരുമാറുക, മദ്യപിക്കരുത്, സ്വാർത്ഥരാകരുത്, കോപിക്കരുത്, എല്ലായ്പ്പോഴും ക്ഷമിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തികമാക്കുക.

2. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന രീതിയിൽ നടക്കുവാൻ തീരുമാനിക്കുക.

നമ്മിൽ വസിക്കുന്ന ദൈവത്തിന് മാത്രമേ നമ്മുടെ ജീവിതത്തെ മൂല്യമുള്ളതാക്കി തീർക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കി ദൈവഹിതത്തിനനുസരിച്ച് നടക്കുവാൻ തീരുമാനിക്കുക.

3. നിങ്ങൾക്ക് വീഴ്ച സംഭവിച്ചാൽ ദൈവത്തോടും, നിങ്ങളോടും , നിങ്ങൾക്ക് ചുറ്റുമുള്ളവരോടും സത്യസന്ധമായി എത്രയും വേഗത്തിൽ അത് ഏറ്റു പറയുക. നാം ഏറ്റു പറയുമ്പോൾ ദൈവരാജ്യം നമ്മുടെ സമീപെ ആയിരിക്കുന്നു എന്നാണ് നമുക്കുള്ള വാഗ്ദത്തം.

4. നിങ്ങളുടെ പാപം ദൈവത്തോട് ഏറ്റ് പറയുക 1യോഹ 1:9 ൽ "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" എന്ന് പറഞ്ഞിരിക്കുന്നു.

5. നിങ്ങളുടെ സാഹചര്യത്തെക്കുറിച്ച് ദൈവവചനം പറയുന്ന രീതിയിൽ അനുതപിക്കുക. ഉദാഹരണത്തിന് ഗലാത്യർ 2:20 ൽ പറയു

ന്നത് "ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്ക് വേണ്ടി തന്നത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" എന്നാണ്.

6. നിങ്ങൾ ഇപ്രകാരം ജീവിക്കാൻ ആരംഭിക്കുമ്പോൾ നിങ്ങളുടെ പഴയസ്വഭാവങ്ങളും പാപവഴികളും അപ്രത്യക്ഷമായി തുടങ്ങും. നിങ്ങളുടെ പാപത്തിന് പരിഹാരമായി കൃപ വ്യാപരിക്കും. പ്രവൃത്തികളാൽ നിങ്ങൾക്ക് നീതീകരണം ലഭിച്ചില്ലെങ്കിലും നീതി അവിടെത്തന്നെയുണ്ട്. അതിൽ അല്പം അഴുക്ക് പുരണ്ടിട്ടുണ്ട് എന്നേയുള്ളൂ.

ആത്മാവിൽ നടക്കുമ്പോൾ ദൈവം നിങ്ങളോട് കൃപ കാണിക്കുകയും നിങ്ങൾ സ്വാഭാവികമായി അനുഭവിക്കേണ്ട പാപത്തിന്റെ ശിക്ഷ ഏറ്റെടുത്ത് അർഹിക്കാത്ത അനുഗ്രഹങ്ങളെ നിങ്ങൾക്ക് നല്കുകയും ചെയ്യും.

8. പാപത്തിന്റെ മേൽ കൃപ വ്യാപരിക്കയും അർഹിക്കാത്ത നന്മകൾ ലഭിക്കുകയും ചെയ്യുമെന്ന് മാത്രമല്ല, നമ്മെ അലട്ടുന്ന പാപത്തിന് അഥവാ പ്രശ്നങ്ങൾക്ക് മേൽ വിടുതൽ നേടുന്നതിന് നമ്മിൽ പകർന്നിരിക്കുന്ന ശക്തിയാണ് ഈ കൃപ. സെഖര്യാവ് 4:7 ശ്രദ്ധിക്കുക "സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ ***നീ ആർ? നീ സമഭൂമിയായി തീരും.*** അതിന് കൃപ കൃപ എന്ന ആർപ്പോട് കൂടെ അവർ ആണിക്കല്ല് കയറ്റും". നിങ്ങളുടെ സാഹചര്യത്തോട് ദൈവത്തിന് കൃപ തോന്നിയപ്പോൾ പർവ്വതം നീങ്ങിപ്പോയി.

ദാവീദ് ഊരിയാവിനെ കൊന്ന് ബത്ശേബയെ കൈക്കലാക്കി വളരെ വലിയ പാപം ചെയ്തിട്ടും അവൻ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു തന്നെയാണ് അറിയപ്പെട്ടത്. ഈ സ്ഥാനത്ത് ചിലപ്പോൾ നിങ്ങളെ തന്നെ കാണാൻ സാധിച്ചേക്കാം. അങ്ങനെയെങ്കിൽ നിങ്ങൾ ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്. ദാവീദ് തന്റെ പാപം ഏറ്റുപറഞ്ഞ് ദൈവത്തോട് നിരപ്പു പ്രാപിക്കുക മാത്രമല്ല ചെയ്തത് സങ്കീർത്തനം 51-ാം അദ്ധ്യായത്തിൽ നിർമ്മലമായ ഒരു ഹൃദയവും, സ്ഥിരമായൊരു ആത്മാവിനെയും തന്നിൽ പുതുക്കിക്കൊടുക്കണമെന്ന് അവൻ ദൈവത്തോട് അപേക്ഷിക്കുന്നു. ദാവീദിനെ പോലെ നാമും യഥാർത്ഥമായ ഒരു രൂപാന്തരം ആഗ്രഹിക്കുന്നുണ്ടോ എന്ന് ദൈവം അറിയുന്നു.

**വചനം നമ്മെ വിധിക്കും. നാം ആ കണ്ണാടിയിൽ നോക്കണം.**

യാക്കോബ് 1:23-25 വരെയുള്ള വാക്യങ്ങളിൽ "ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്നവനോട് തുല്യൻ. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ട് താൻ ഇന്ന രൂപമായിരുന്നു എന്ന് ഉടനെ

മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റു നോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവർത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും" എന്ന് പറയുന്നു.

ഒരു കണ്ണാടി നമ്മുടെ വിധികർത്താവായിരിക്കുന്നത് പോലെ ദൈവ വചനം നമ്മുടെ വിധികർത്താവായിതീരണം. അത് തെറ്റും ശരിയും വിവേചിച്ചറിയാൻ നമ്മെ സഹായിക്കുന്നു. കണ്ണാടിയിൽ നോക്കി നമ്മുടെ മുഖത്ത് അഴുക്ക് കണ്ടാൽ അതു മറന്ന് കളഞ്ഞ് പോകാനും നമുക്ക് സാധിക്കും. ദൈവവചനമാകുന്ന കണ്ണാടിയിൽ നോക്കിയിട്ട് കാണുന്ന അഴുക്കളെ തുടച്ചു കളയാതെ പോകാനും നമുക്ക് കഴിയു മെന്നാണ് യാക്കോബ് പറയുന്നത്. എന്താണ് ചെയ്യേണ്ടതെന്ന് നമു ക്കറിയാം എന്നാൽ നാമത് ഒരിക്കലും കണ്ടിട്ടില്ലാത്ത രീതിയിൽ നടന്നു പോകാനും നമുക്ക് കഴിയും. അനുസരിക്കുന്ന ഒരു വ്യക്തി അനുഗ്ര ഹിക്കപ്പെടുമ്പോൾ അനുസരിക്കാത്തവർ ശപിക്കപ്പെടും.

**വചനത്തോടുള്ള അനുസരണത്തിന് വളരെ ശക്തിയുണ്ട്**

1. അത് നിങ്ങളുടെ ക്രൂശ് വഹിക്കുകയും രക്ത ഉടമ്പടി പൂർത്തീക രിച്ച് ദൈവീക കരുതലിനും സംരക്ഷണത്തിനും ഉള്ളിൽ നമ്മെ ആക്കു കയും ചെയ്യും.

2. അത് സാത്താനെ പൂർണ്ണമായി നിങ്ങളിൽ നിന്നകറ്റും. അവൻ പിന്നെയും നിങ്ങളെ ഉപദ്രവിക്കാൻ ശ്രമിക്കും. എന്നാൽ യാതൊരു തിന്മയും നിങ്ങൾക്ക് ഭവിക്കയില്ല. മത്തായി 7:24-27 വാക്യങ്ങളിൽ "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി കാറ്റ് അതിന്മേൽ അടിച്ചു ആ വീടിന്മേൽ അലച്ചു. അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും മണലി ന്മേൽ വീട് പണിത മനുഷ്യനോട് തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു. നദികൾ പൊങ്ങി കാറ്റ് അടിച്ച് ആ വീടിന് മേൽ അലച്ചു; അതു വീണു; അതിന്റെ വീഴ്ച വലുതായിരുന്നു" എന്ന് കാണുന്നു.

3. അത് നമ്മെ നിത്യതയ്ക്കായി ഒരുക്കുന്നു. നാം എത്രത്തോളം അനുസരിക്കുന്നുവോ അത്രത്തോളം യേശു നമ്മിലേക്ക് തന്റെ ആ ത്മാവിനെ പകരുകയും നമുക്കായി തന്നെത്താൻ വെളിപ്പെടുത്തുകയും ചെയ്യും. ലോകത്തിൽ നിന്ന് നമ്മെ വേർതിരിക്കുകയും യേശുവിനോട് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്ന എന്തോ ഒന്ന് കുറേ നാളത്തേക്ക് നമ്മുടെ ഉള്ളിൽ സംഭവിക്കും. നാം സ്വർഗ്ഗത്തിൽ എത്തുമ്പോൾ നിത്യ കാലത്തോളം അവനോട് ഏറ്റവുമടുത്ത സ്ഥാനം നമുക്ക് ലഭിക്കും.

4. ദൈവവചനത്തോടുള്ള അനുസരണത്തിന് എല്ലായ്പ്പോഴും പ്രതി ഫലമുണ്ട്. യോഹന്നാൻ 14:23 നമ്മോട് പറയുന്നത് നമ്മുടെ പ്രതി

ഫലം അവന്റെ സാന്നിധ്യത്തിലേക്ക് നയിക്കുകയും, ആ നിത്യത അനുഭവിച്ചറിയുകയും ചെയ്യുമ്പോൾ നാം അവന്റെ ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി തീരുമെന്നാണ്.

5. നാം ആരെ അനുസരിക്കുന്നുവോ അവർക്ക് അടിമകളായി തീരും. അത് യേശുവാണോ അതോ മറ്റു വല്ലവരുമാണോ? റോമർ 6:16 പറയുന്നു "നിങ്ങൾ ദാസന്മാരായി അനുസരിക്കുവാൻ നിങ്ങളെതന്നെ സമർപ്പിക്കുകയും നിങ്ങൾ അനുസരിച്ച് പോരുകയും ചെയ്യുന്നവന് ദാസന്മാർ ആകുന്നു എന്ന് അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ".

അനുസരണക്കേട് കാണിച്ചാൽ ദൈവം നിങ്ങളെ ശിക്ഷിക്കും എന്ന ഭയത്തിൽ നിന്ന് ഉളവാകേണ്ടതല്ല ദൈവത്തോടുള്ള അനുസരണം, മറിച്ച് ദൈവത്തോടുള്ള സ്നേഹവും അവനെ പ്രസാദിപ്പിക്കാനുള്ള ആഗ്രഹത്തേയും അടിസ്ഥാനമാക്കി നമ്മിൽ ഉളവാകേണ്ടതാണ്. "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും" (യോഹന്നാൻ 14:21).

ആരാണ് ദൈവത്തെ സ്നേഹിക്കുന്നതെന്നറിയാൻ ചുറ്റും നോക്കുക. ദൈവത്തെ അനുസരിക്കാൻ വേണ്ടി ബദ്ധപ്പെടുന്നവൻ ആരാണോ അവനാണ് യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നത്.

ഇനി നമുക്ക് കണ്ണാടിയിൽ നോക്കാം. ഒഴുകുന്ന നദിയിലെ 'ആത്മീയ പരിശോധന' എന്ന ഭാഗം പുനഃപരിശോധിക്കുക.

അദ്ധ്യായം

# 7 നിൽക്കുക

**നി**ങ്ങൾ എപ്പോഴെങ്കിലും കടയിൽ നിന്ന് ഒരു സാധനം വാങ്ങിയിട്ട് അത് പ്രവർത്തനരഹിതമാണെങ്കിൽ തിരികെ കൊടുക്കാൻ ശ്രമിച്ചിട്ടില്ലേ? ഇത് തന്നെയാണ് മിക്ക ക്രിസ്ത്യാനികളും ചെയ്യുന്നത്. യേശുവിനെക്കുറിച്ചുള്ള സുവാർത്ത കേൾക്കാൻ തയ്യാറാകും. എന്നാൽ അത് സ്വന്ത ജീവിതത്തിൽ പ്രവർത്തനക്ഷമമാണോ എന്ന് പരീക്ഷിക്കാൻ കാത്തുനിൽക്കാതെ പ്രവർത്തനരഹിതമായ ഒരു വസ്തു എന്നപോലെ മടക്കിക്കൊടുക്കും.

നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് കാണാനും അനുഭവിക്കാനും കഴിയാത്ത സത്യങ്ങളെ വിശ്വസിക്കാൻ നമുക്ക് പലപ്പോഴും പ്രയാസം തോന്നാറുണ്ട്. എന്നാൽ യുദ്ധമില്ലാതെ നമുക്ക് വിജയവുമില്ല.

നാം ശത്രുവിന്റെ പാളയത്തിലാണ് വസിക്കുന്നതെന്ന് തിരിച്ചറിയണം. ജനത്തെ നാശത്തിലേക്കും, നരകത്തിലേക്കും നയിക്കുകയാണ് സാത്താന്റെ ലക്ഷ്യം. ക്രിസ്ത്യാനികളെ പാപത്തോടുള്ള ആവേശം, വിനോദോപാധികൾ, അധികാരം, പ്രശസ്തി എന്നീ ലൗകീക സാമ്രാജ്യത്തിലേക്ക് നടത്തി അവർ ദൈവരാജ്യത്തിൽ ഉന്നതമായ നിലയിൽ ജീവിക്കേണ്ടവരാണെന്ന യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുകയാണ് പിശാചിന്റെ തന്ത്രം. നമ്മെ മാശമായ കാര്യങ്ങൾ കൊണ്ടല്ല പിശാച് പലപ്പോഴും പരീക്ഷിക്കുന്നത്, ദൈവരാജ്യത്തിൽ നിന്ന് നമ്മെ അകറ്റിക്കളയുവാൻ ലോകത്തിൽ നമ്മുടെ കണ്ണിന് ഇമ്പമുള്ള പല കാര്യങ്ങളും ഉപയോഗിച്ചെന്ന് വരാം. നാം ക്രിസ്തുവിനോട് കൂടെയല്ല **ഇരിക്കുന്നത്**, അവൻ **നടക്കുന്നത്** പോലെ നാം നടക്കേണ്ട

ആവശ്യമില്ല. ദൈവീക വാഗ്ദത്തങ്ങളിൽ **നിൽക്കേണ്ട** ആവശ്യമില്ല എന്നൊക്കെ നമ്മെ വിശ്വസിപ്പിക്കേണ്ടതിന് സാത്താൻ പല ആശയങ്ങളും, സാഹചര്യങ്ങളും അനുവദിച്ചേക്കാം. നാം ദൈവരാജ്യത്തിന്റെ അവകാശികളാണെന്നിരിക്കെ അതിനനുസരിച്ച് ജീവിക്കാത്ത മറ്റുള്ളവരെ പോലെ നാം എന്തിന് ആയിത്തീരണം?

**പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽക്കുക**

"പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ" (എഫെ 6:11).

ഇരിക്കുക (നാം ക്രിസ്തുവിൽ ആരാണ്) നടക്കുക (ദൈവവിളിക്ക് യോഗ്യമാംവണ്ണം ജീവിക്കുക) എന്നീ കാര്യങ്ങളിലൂടെയാണ് നിൽക്കുക അഥവാ ആത്മീയ യുദ്ധത്തിലേക്ക് നാം നയിക്കപ്പെടുന്നത്.




ദൈവവചനമാകുന്ന വിത്തിൽ നിന്ന് നല്ല ഫലം കായ്ക്കേണ്ടതിനായി നിങ്ങളുടെ സകല ആവശ്യങ്ങളും നിവർത്തിച്ചു തരിക എന്നത് ദൈവീക പദ്ധതിയാണ്. എന്നാൽ ഫലം കായ്ക്കാതിരിക്കേണ്ടതിന് വിത്ത് മോഷ്ടിക്കുക എന്നതാണ് പിശാചിന്റെ തന്ത്രം. ഇരിക്കുകയും നടക്കുകയും ചെയ്യുന്നവർക്ക് മാത്രമുള്ളതാണ് നില്പ്. ക്ഷമ, വിശ്വസ്തത, സ്ഥിരോത്സാഹം എന്നിവയിൽ നിലനില്ക്കുകയും, മോശമായ സാഹചര്യങ്ങളിലും വിശ്വാസത്തിന്റെ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുമ്പോഴാണ് നിലനില്പ് പൂർണ്ണമാകുന്നത്. നാം പഠിച്ച ഇരിപ്പും നടപ്പും ദിനം തോറും പ്രായോഗികമാക്കുക.

**ഇതെങ്ങനെ പ്രവർത്തിക്കുന്നു**

മർക്കോസ് നാലാം അധ്യായത്തിൽ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുമ്പോൾ ദൈവരാജ്യത്തിന്റെ മാർഗ്ഗത്തെക്കുറിച്ച് വെളിപ്പെടുത്തുന്നു. പല മർമ്മങ്ങളിൽ ഒന്നെന്നല്ല, മർമ്മം എന്നാണ് പറഞ്ഞിരിക്കുന്നത്. 13-ാം വാക്യത്തിൽ യേശു ശിഷ്യന്മാരോട് ചോദിക്കുന്നു "നിങ്ങൾ ഈ ഉപമ ഗ്രഹിക്കുന്നില്ലയോ? പിന്നെ മറ്റു ഉപമകൾ ഒക്കെയും എങ്ങനെ ഗ്രഹിക്കും?" കാണപ്പെടാത്ത ദൈവരാജ്യത്തിന്റെ മർമ്മം നമുക്ക് വെളിപ്പെടുത്തി തരുവാൻ നമുക്ക് ഏറ്റവും പരിചിതമായ വിത്തു വിതയ്ക്കുന്നവന്റെ ഉപമയാണ് ഉപയോഗിച്ചത്. മർക്കോസ് 4:9-11 വാക്യങ്ങളിൽ "കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്നും അവൻ പറഞ്ഞു. അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ അവനോട് കൂടെയു

ള്ളവർ പന്തിരുവരുമായി  ആ ഉപമയെക്കുറിച്ച് ചോദിച്ചു. അവരോട് അവൻ പറഞ്ഞത് ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു. പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു.

***ദൈവരാജ്യം ഈ ഉപമയുടെ മാതൃകയിലാണ് പ്രവർത്തിക്കുന്നത്***

(നമ്മുടെ ഹൃദയത്തിന്റെ അവസ്ഥകളെ കണക്കിടാതെ) ദൈവം നമ്മുടെ ഹൃദയത്തിൽ ദൈവവചനമാകുന്ന വിത്ത് വിതയ്ക്കുന്നു. ഈ വിത്തുകളിൽ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവീക ഉദ്ദേശങ്ങൾ, ആരംഭം, വീണ്ടും ജനനം, പരിശുദ്ധാത്മനിറവ്, ആത്മീയവും ശാരീരികവുമായ സൗഖ്യം, ഭൗതിക ആവശ്യങ്ങൾ, യഥാർത്ഥമായ ബന്ധങ്ങളിലേക്ക് നാം നയിക്കപ്പെടുന്നത് എന്നീ കാര്യങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. നമ്മിൽ വിതയ്ക്കപ്പെട്ട വിത്തിനാലാണ് ഇതെല്ലാം സംഭവിക്കുന്നത്.

***മർക്കോസ് 4:14 – 20 വാക്യങ്ങളിൽ "വിതയ്ക്കുന്നവൻ വചനം വിതയ്ക്കുന്നു" എന്ന് കാണുന്നു***

വചനം വിതച്ചിട്ട് വഴിയരികെ വീണത് കേട്ട ഉടനെ സാത്താൻ വന്ന് ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട വചനം എടുത്തു കളയുന്നതാകുന്നു. അങ്ങനെതന്നെ പാറസ്ഥലത്ത് വിതച്ചത് വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു. വചനം നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപോകുന്നു. മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടതോ വചനം കേട്ടിട്ട് ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയമോഹങ്ങളും അകത്തുകടന്നു, വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീർക്കുന്നതാകുന്നു. "നല്ല മണ്ണിൽ വിതയ്ക്കപ്പെടുന്നതോ വചനം കേൾക്കയും അംഗീകരിക്കുകയും ചെയ്യുന്നവർ തന്നേ; അവർ മുപ്പതും അറുപതും നൂറും മേനി വിളയുന്നു".

***വചനം നമ്മിൽ നിന്ന് മോഷ്ടിക്കാനാണ് സാത്താൻ വരുന്നതെന്ന് മറക്കാതിരിക്കുക***

മനുഷ്യവർഗ്ഗത്തിനെതിരെയുള്ള സാത്താന്റെ ആയുധങ്ങളിലൊന്നാണ് വചനം മോഷ്ടിക്കുക അഥവാ വചനത്തെ നമ്മിൽ നിന്ന് മറച്ച് വയ്ക്കുക എന്നത് (2 കൊരിന്ത്യർ 4:4). ഒരുവൻ ദൈവവചനം സ്വീകരിച്ചാൽ അവൻ രക്ഷിക്കപ്പെടുകയും ദൈവരാജ്യത്തിന് അവകാശിയായി തീരുകയും ചെയ്യും. ദൈവവചനം സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ ജീവിതം  പൂർണ്ണതയുള്ളതായി തീരുകയും അവരുടെ ആവശ്യങ്ങൾ നിറവേറപ്പെടുകയും ചെയ്യും. വചനം വിശ്വസിക്കുന്ന ഒരുവനെ ഉപദ്രവിക്കുവാൻ സാത്താന് കഴിയില്ല. അവന് ചിലപ്പോൾ നിങ്ങളെ പ്രലോഭിപ്പിക്കാനും വചനം സത്യമല്ല എന്ന തോന്നലുണ്ടാക്കാനും ഒക്കെ കഴിഞ്ഞേക്കാമെങ്കിലും നിങ്ങൾ

സാക്ഷാൽ യേശുക്രിസ്തുവാകുന്ന വചനത്തിന്റെ കർതൃത്വത്തിന് സ്വയം സമർപ്പിക്കപ്പെട്ടവരാണെങ്കിൽ സാത്താന് നിങ്ങളെ ഉപദ്രവിക്കാൻ കഴിയില്ല.

നമുക്ക് പലപ്പോഴും പ്രതിസന്ധികളെ നേരിടേണ്ടതായി വരും. എന്നാൽ അതിനെ അതിജീവിക്കാനും വിജയം വരിക്കാനും നമുക്ക് സാധ്യമാണ്. നാം അതിനെ അതിജീവിക്കുന്ന മാർഗ്ഗങ്ങളും, ഫലങ്ങളും ദൈവത്തിന്റെ കാര്യമാണ്. എപ്പോഴും നമ്മുടെ പദ്ധതികളനുസരിച്ച് കാര്യങ്ങൾ നടക്കണമെന്നില്ല. എന്നിരുന്നാലും എല്ലാറ്റിനും നമുക്കവനെ വിശ്വസിക്കാം.

***പഴയസ്വഭാവത്തിലേക്കും (ജഡസ്വഭാവം) ലോകത്തിന്റെ വഴികളിലേക്കും നിങ്ങളെ മടക്കിക്കൊണ്ടുപോകാൻ സാത്താന് സാധിച്ചാൽ ദൈവീക വാഗ്ദാനങ്ങളെ നിങ്ങളിൽ നിന്ന് മോഷ്ടിക്കാൻ സാത്താന് കഴിയും*** "ജഡത്തിന്റെ പ്രവർത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാക്കുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പെ പറഞ്ഞത് പൊലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടി പറയുന്നു"(ഗലാതൃർ 5:19–21). അതുകൊണ്ട് വളരെ ലളിതമായ ശിശുസഹജമായ നിഷ്കളങ്കതയിൽ ആത്മീയ യുദ്ധത്തെ നോക്കുക എന്നാൽ അവന്റെ ആയുധത്തെയും അവന്റെ പ്രവർത്തികളോടുള്ള നമ്മുടെ പ്രതികരണത്തെയും മാത്രം ഉന്നം വയ്ക്കുക. നില്ക്കുക അഥവാ ആത്മീയ യുദ്ധത്തിൽ ഏർപ്പെടുക എന്നത് ഇരുപത് വർഷമായി ദൈവത്തോടൊപ്പം നടക്കുന്ന വി ശുദ്ധന്മാർക്ക് മാത്രമുള്ളതല്ല; ഓരോ ദൈവപൈതലിനുമുള്ളതാണ്. ശക്തിയും വൈഭവവും ഉപയോഗിച്ച് യുദ്ധം ചെയ്യുവാൻ ദൈവമാണ് നമ്മെ പ്രാപ്തരാക്കുന്നത്. അതിന് നാം യുദ്ധനിപുണരായിരിക്കണമെന്നില്ല. ദൈവം താഴ്മയുള്ളവർക്കാണ് കൃപ നല്കുന്നതെന്ന് ഓർക്കുക. യാക്കോബ് 4:6 ൽ "എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ട് ദൈവം നിഗളികളോട് എതിർത്തു നില്ക്കുകയും, താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു". എന്ന് വായിക്കുന്നു".

**ദൈവഹിതം ഭൂമിയിലേക്ക് വന്നതിന് പിന്നിൽ ഒരു ദൈവീക ഉദ്ദേശമുണ്ട്**

നമ്മുടെ പ്രതിസന്ധികളെ അനുഗ്രഹമാക്കി തീർക്കേണ്ടതിന് സമയം ആവശ്യമാണ്. എല്ലാ പ്രതീക്ഷകളും അസ്തമിച്ചതിന് ശേഷവും പിടിച്ചു നില്ക്കുവാനുള്ള ക്ഷമയാണ് അതിന് ആവശ്യം.

ലൂക്കോസ് 19:11–13 വരെയുള്ള വാകൃങ്ങളിൽ ശിഷ്യന്മാർ ദൈവരാജ്യം അപ്പോൾ തന്നെ വെളിപ്പെടുമെന്നും അവരുടെ എല്ലാ പ്രശ്ന

ങ്ങൾക്കും പരിഹാരമാകും എന്നും ചിന്തിച്ചതിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. യേശു എനിക്കും നിനക്കും വേണ്ടി ശിഷ്യന്മാർക്ക് ഒരു പാഠം പഠിപ്പിച്ചു കൊടുത്തു.

“അവർ ഇത് കേട്ടുകൊണ്ടിരിക്കുമ്പോൾ അവൻ യെരുശലേമി നെ സമീപിച്ചിരിക്കയാലും, ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടും എന്ന് അവർക്ക് തോന്നുകയാലും അവൻ ഒരു ഉപമയും കൂടെ പറഞ്ഞതെന്തെന്നാൽ: കുലീനനായൊരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങിവരേണം എന്ന് വിചാരിച്ച് ദൂരദേശത്തേക്ക് യാത്ര പോയി. അവൻ പത്തു ദാസന്മാരെ വിളിച്ച് അവർക്ക് പത്ത് റാത്തൽ വെള്ളി കൊടുത്തു. ഞാൻ വരുവോളം വ്യാപാരം ചെയ്തുകൊൾവിൻ എന്ന് അവരോട് പറഞ്ഞു” (ലൂക്കോസ് 19:11-13).

ഇവിടെ മറ്റൊരു രാജ്യം കീഴടക്കാൻ ദൂരദേശത്തേക്ക് പോയി വേഗം മടക്കി വരുന്ന ഒരു രാജാവിനെക്കുറിച്ചുള്ള ഉപമയാണ് യേശു പറഞ്ഞിരിക്കുന്നത്. രാജാവ് തന്റെ ദാസന്മാർക്ക് പത്ത് റാത്തൽ (അവരുടെ 4 മാസത്തെ ശമ്പളത്തിന് തുല്യമായ ഒരു തുക) നല്കി അവൻ മടങ്ങിവരുന്നത് വരെ വ്യാപാരം ചെയ്യുവാൻ ഏല്പിച്ചു. എന്നാൽ അവരിൽ ചിലർ അവന്റെ അധികാരത്തെ നിരസിച്ചു.

***രാജാവിന്റെ മടങ്ങിവരവിങ്കൽ നാല് തരം ആളുകളെ കണ്ടെത്തുന്നു***

1. അവന്റെ അധികാരത്തെ തള്ളിപ്പറയുകയും ആരും തങ്ങളെ ഭരിക്കേണ്ട എന്ന് തീരുമാനിക്കുകയും ചെയ്ത കൂട്ടരെ അവന്റെ മുന്നിൽ നിന്ന് നീക്കി കൊന്നുകളഞ്ഞു.

2-3. കിട്ടിയ പണം ഉപയോഗിച്ച് വ്യാപാരം ചെയ്തവർ. അവരുടെ വിജയത്തിന് അനുസൃതമായി കൂടുതൽ പണവും, കൂടുതൽ പട്ടണങ്ങളുടെ മേൽ അധികാരവും അവർക്ക് ലഭിച്ചു.

4. ലഭിച്ച പണം കൊണ്ട് ഒന്നും ചെയ്യാത്തവർ. രാജാവ് ഒരു കഠിന മനുഷ്യനാണെന്നും പണം ഉപയോഗിച്ചാൽ ശിക്ഷിക്കപ്പെടുമെന്നും അവർ ഭയന്നു. അവർക്ക് പ്രതിഫലം ഒന്നും ലഭിച്ചില്ലെന്ന് മാത്രമല്ല അവരിൽ നിന്ന് ഉള്ളതും കൂടി എടുത്തു കളഞ്ഞു. ഉപയോഗിക്കുക അല്ലെങ്കിൽ നഷ്ടപ്പെടുത്തുക

സ്വായത്തമാക്കുക എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? വ്യാപാരം ചെയ്യുക ലാഭമുണ്ടാക്കുക എന്നൊക്കെയാണ് ഇതിന്റെ വ്യാഖ്യാനം. മൂല പദാർത്ഥങ്ങളോ സേവനമോ കൂടുതൽ മൂല്യവത്താക്കി കൂടുതൽ ലാഭം ലഭിക്കത്തക്കനിലയിൽ വില്പനയ്ക്കായി തയ്യാറാക്കുക എന്നാണ് ബിസിനസിന്റെ നിർവചനം. കൂടുതൽ ലാഭകരമായ രീതിയിൽ കൈമാറ്റം നടത്തുകയോ, മാറ്റിയെടുക്കുകയോ ചെയ്യാനും കഴിയും. ബൈബിൾ ഈ പദം ഉപയോഗിച്ചിരിക്കുന്നത്

കന്നുകാലി ഫാം പോലെയുള്ള ലാഭകരമായ തൊഴിൽ ചെയ്യുന്ന വരെക്കുറിച്ച് വിശദീകരിക്കാനാണ്.

"ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ. അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്. അത് മുത്തുകളിലും വിലയേറി യത്. നിന്റെ മനോഹരവസ്തുക്കൾ ഒന്നും അതിന് തുല്യമാകുകയില്ല" (സദൃശ്യവാക്യം 3:13-18).

***നമ്മുടെ പ്രശ്നങ്ങളെ ലാഭകരമാക്കി മാറ്റാം***

നമ്മുടെ പ്രശ്നങ്ങളാകുന്ന അസംസ്കൃത വസ്തുക്കളെ വ്യാപാരം ചെയ്ത് അനുഗ്രഹത്തെ സമ്പാദിക്കാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ശത്രുവിനെ മിത്രമാക്കുന്ന ഒരു അനുരഞ്ജനത്തിന് തയ്യാറാകാം.

***ഈ രാജാവ് ദാസന്മാർക്ക് നല്കിയ പണം രാജാവിന്റെ സ്വത്തായിരുന്നു***

നമ്മുടെ രാജാവ് പരിശുദ്ധാത്മാവിലൂടെ അവന്റെ ഉയർത്തെഴുന്നേ ല്പിന്റെ ശക്തിയാണ് നമുക്ക് നല്കിയത് എന്ന് ഞാൻ വിശ്വസിക്കു ന്നു. മോശമായതൊന്നും നമുക്ക് തരാൻ യേശുവിന്റെ പക്കലില്ല. എന്നാൽ ക്രൂശിന്റെ ശക്തി പ്രായോഗികമാക്കേണ്ട അനേക അഴിയ പ്പെടാത്ത കുരുക്കുകൾ നമ്മുടെ ജീവിതത്തിലുണ്ട്. ഈ ശക്തിയാണ് അവൻ നമ്മിൽ പകർന്നിരിക്കുന്നത്. പിശാചിൽ നിന്ന് നമുക്ക് പലരീ തിയിൽ വേദനകൾ കടന്നുവരാറുണ്ട്. എന്നാൽ പരിഹാരമില്ലെന്ന് കരു തുന്ന എല്ലാ പ്രശ്നങ്ങൾക്കും നാം യേശുവിലൂടെ വിടുതൽ നേടു ന്നത് കാണുവാനാണ് യേശു ആഗ്രഹിക്കുന്നത്. അവന്റെ ഉയർപ്പിന്റെ ശക്തി നമ്മിലേക്ക് കടന്നു വരാൻ നാം അനുവദിക്കുമ്പോൾ നമ്മുടെ ശത്രുക്കൾ മിത്രങ്ങളായി മാറ്റപ്പെടും. കൊലൊസ്യർ 1:20 ഇത് ഉറപ്പിച്ച് പറയുന്നു "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാ ന്തിരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി".

**മത്തായി ഇരുപത്തഞ്ചാം അധ്യായത്തിൽ ഈ മർമ്മം വെളിപ്പെ ടുത്തപ്പെട്ടിരിക്കുന്നു**

താലന്തുകളുടെ ഉപമ മത്തായി 25:14 ൽ പറഞ്ഞിരിക്കുന്ന ഉപമയും ലൂക്കോസ് 19-ാം അധ്യായത്തിലെ ഉപമയും ഏകദേശം ഒന്നുതന്നെ യാണ്. യജമാനൻ യാത്ര പോയി. മടക്കികൊടുക്കേണ്ട പണം. മത്തായി 25:1 നമ്മോട് പറയുന്നത് ബുദ്ധിയുള്ള അഞ്ച് കന്യകമാരെക്കുറിച്ചും ബുദ്ധിയില്ലാത്ത അഞ്ച് കന്യകമാരെക്കുറിച്ചുമാണ്. ആവശ്യത്തിന് എണ്ണ കരുതാഞ്ഞതിനാൽ അർദ്ധരാത്രിയിൽ തന്റെ വാഗ്ദാനം പോലെ എത്തിയ മണവാളന്റെ വരവ് വരെ കാത്തിരിക്കാൻ ബുദ്ധിശൂന്യരായ കന്യകമാർക്ക് കഴിഞ്ഞില്ല എന്നതാണ് ഇരുകൂട്ടരും തമ്മിലുള്ള ഏക

വ്യത്യാസം.

ഇവിടെ ദൈവമുമ്പാകെ പാപത്തിൽ നിന്ന് ശുദ്ധീകരണം പ്രാപിച്ചവരെയാണ് 'കന്യക' എന്ന് അർത്ഥമാക്കുന്നത്. എല്ലാവരും വിശ്വാസികളാണ് എന്ന് സാരം. എന്നാൽ ബുദ്ധിയുള്ളവരാണോ അല്ലയോ എന്നതാണ് പ്രശ്നം. ദൈവത്തിന്റെ വാക്കുകൾ കേൾക്കുന്നതാണ് ജ്ഞാനം. ദൈവവചനത്തെയാണ് ഇവിടെ 'വിളക്ക്' എന്ന് പറഞ്ഞിരിക്കുന്നത്. (സങ്കീ 119, സദൃശ്യ 6:23) എണ്ണ പരിശുദ്ധാത്മാവിനെ കാണിക്കുന്നു. ഇതെല്ലാം ചേരുമ്പോൾ അത് സ്ഥിരോത്സാഹം, ക്ഷമ, എന്നീ ആത്മാവിന്റെ ഫലങ്ങളിൽ നിലനില്കുന്നതിന് തുല്യമാകും. എല്ലാ മാനുഷീക പ്രതീക്ഷകളും അസ്തമിച്ചാലും ദൈവം തങ്ങളുടെ രക്ഷക്കായ് എത്തുമെന്ന് അപ്പോൾ അവർ മനസ്സിലാക്കും. നിങ്ങളുടെ സാഹചര്യത്തിലേക്ക് ദൈവം ഇപ്പോൾ ഇറങ്ങി വന്ന് നിങ്ങളുടെ പ്രശ്നങ്ങളെ അനുഗ്രഹമാക്കി മാറ്റും. ബുദ്ധിയുള്ള കന്യകമാർക്ക് അവരുടെ യജമാനന്റെ വ്യക്തിത്വത്തെ പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞു. അവർ പറയുന്നത് എനിക്ക് കേൾക്കാം "എന്റെ മണവാളൻ താമസിച്ചാലും എനിക്കത് പ്രശനമല്ല. അവൻ സത്യസന്ധനും നീതിമാനുമാണ്. അവൻ തന്റെ വാക്ക് പാലിക്കും. അവനെന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയും ഇല്ല". ബുദ്ധിയുള്ള കന്യകമാർ ദൈവത്തോടും, വചനത്തോടും പരിശുദ്ധാത്മാവിനോടും അത്രയധികം ചേർന്ന് നിന്നത് കൊണ്ട് മണവാളനിൽ നിന്ന് അവരെ വേർപിരിക്കാൻ ഒരു ശക്തിക്കും കഴിയുമായിരുന്നില്ല.

**ഈ ജ്ഞാനം എന്താണ്?**

യേശു ക്രൂശിൽ നമ്മുടെ സകല പാപത്തെയും വഹിച്ച് നമ്മെ ഒരു അനുഗ്രഹമാക്കി മാറ്റിയിരിക്കുന്നു എന്ന വസ്തുതയെ അറിയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതാണ് ജ്ഞാനം. ഗുരുത്വാകർഷണ നിയമമനുസരിച്ച് മുകളിലേക്ക് പോകുന്ന വസ്തു താഴേക്ക് മടങ്ങി വരും. യേശു ക്രിസ്തുവിലുള്ള ജീവന്റെ ആത്മാവിന്റെ നിയമമനുസരിച്ച് എല്ലാ തിന്മകളെയും നിഷ്പ്രഭമാക്കി നമ്മെ അനുഗ്രഹമായി മാറ്റിയിരിക്കുന്നു എന്ന് കാണുന്നു. ആത്മാവിനെ അനുസരിച്ച് നടക്കുന്നവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല എന്നും ആ വേദഭാഗം വ്യക്തമാക്കുന്നു (റോമർ 8:1).

ക്രൂശിലൂടെ നമ്മുടെ കാര്യങ്ങൾക്കെല്ലാം ഒരു ഒത്ത്തീർപ്പ് ഉണ്ടായി എന്ന് വിശ്വസിക്കുന്നതാണ് ജ്ഞാനം. വ്യക്തികൾക്ക് മാത്രമല്ല, എല്ലാ വിഷയങ്ങളിലും അത് സംഭവിച്ചു. "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ, സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെകൊണ്ട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി" (കൊലൊസ്യർ 1:20).

അനുരഞ്ജനം അഥവാ നിരപ്പ് ഒരു ശക്തമായ വാക്കാണ്. Strong Concordance(2) ൽ പഴയ യോജിപ്പിലേക്ക് മടക്കിക്കൊണ്ട് വരിക എന്നാണ് പറഞ്ഞിരിക്കുന്നത്. കേടുപാടുകളെ പരിഹരിച്ച് പ്രവർത്ത നക്ഷമമാക്കി തീർക്കുക, എതിർ ഗ്രൂപ്പുകൾ തമ്മിലോ ആശയങ്ങൾ തമ്മിലോ ഉള്ള പൊരുത്തക്കേടുകൾ നീക്കി സമാധാനം ഉണ്ടാക്കുക എന്നും നിർവചിക്കപ്പെട്ടിട്ടുണ്ട്. Vines Bible Dictionary ഈ വാക്കിന് കൊടുത്തിരിക്കുന്ന അർത്ഥം ശത്രുത്വത്തിൽ നിന്ന് സുഹൃദ്ബന്ധത്തി ലേക്ക് പ്രവേശിക്കുക എന്നാണ്. യേശുവിന്റെ ക്രൂശ് നമ്മുടെ ശത്രു ക്കളെ എല്ലാം എടുത്ത് മാറ്റി മിത്രങ്ങളാക്കി തീർത്തു. അത് വ്യക്തിക ളാകട്ടെ, പിശാചാകട്ടെ സാഹചര്യം, രോഗം, പട്ടിണി എല്ലാം യേശു അനുഗ്രഹമാക്കി തീർത്തു. ഇതാണ് ജ്ഞാനം. ക്രൂശിക്കപ്പെട്ട ക്രിസ്തു! 2 കൊരി 5:18 ൽ പറയുന്നത് "അതിനൊക്കെയും ദൈവം തന്നേ കാര ണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോട് നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു". ഇതാണ് നമുക്ക് ഈ ഭൂമിയിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷ നമ്മുടെ ജീവിതത്തിലെ എല്ലാ ശത്രു ക്കളെയും യേശുക്രിസ്തുവിന്റെ രക്തത്തിൽ മുക്കി ക്രൂശിൽ സമർപ്പിച്ച് മിത്രങ്ങളാക്കി മാറ്റുക. എന്റെ അനുഭവത്തിൽ നിന്നും ദൈവവചന ത്തിന്റെ അടിസ്ഥാനത്തിലും ഞാൻ നിങ്ങളോട് പറയട്ടെ; ഇത് സത്യ മാണ്; നിങ്ങൾ നിവർന്ന് നില്കുമെങ്കിൽ ഇത് പ്രവർത്തിക്കുക തന്നെ ചെയ്യും.

യേശുവിന്റെ രക്തം സാത്താനെ പരാജയപ്പെടുത്തി എന്നറിയുന്ന താണ് ജ്ഞാനം. സാത്താന്റെ മേൽ വിജയം നേടുക എന്നാൽ എന്താണ്? യേശുവിന്റെ രക്തത്തിലൂടെ എങ്ങനെയാണ് നമുക്ക് ശക്തി ലഭിക്കുന്നത്?

"മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും അവരെപോലെ ജഡരക്തങ്ങളോട് കൂടിയവനായി മരണത്തിന്റെ അധി കാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മര ണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (എബ്രാ 2: 14,15).

"നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്ന് വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുന്നേ റ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന് അവന്റെ മേൽ ഇനി കർതൃ ത്വമില്ല എന്ന് നാം അറിയുന്നുവല്ലോ" (റോമർ 6: 8,9).

ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ സാത്താൻ നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. എന്താണിത്കൊണ്ട് അർത്ഥമാക്കുന്നത്? മറ്റുള്ളവരെ നശി പ്പിക്കാൻ സാത്താൻ ഓടി നടന്ന് പ്രവർത്തിക്കുന്നതായി ഭാവിക്കും. നശിപ്പിക്കുക എന്ന വാക്കിന് Strong Concordance(2) ൽ കൊടുത്തി

രിക്കുന്ന നിർവചനം ഇങ്ങനെയാണ്.

1. അലസനായിരിക്കുക, ജോലിയില്ലാതെ, ഒന്നും പ്രവർത്തിക്കാതെ മടിപിടിച്ച് ഇരിക്കുക.

1a. ഒരു വ്യക്തിക്കോ വസ്തുവിനോ തുടർന്ന് ഒരു കഴിവും ഇല്ലാതിരിക്കുന്ന അവസ്ഥ.

1b. ശക്തിയും, സ്വാധീനവും അധികാരവും നഷ്ടപ്പെട്ടവൻ.

യേശുവും നീയും ഞാനും മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റപ്പോൾ നാം ഒരു പുതിയ വംശ പാരമ്പര്യത്തിൽ വീണ്ടും ജനിച്ചവരായി തീർന്നു. നാം ഇനിമേൽ സാത്താന്റെ അടിമകളല്ല. അവന് നമ്മുടെ മേൽ അധികാരമില്ല. എന്നാൽ നമുക്കവന്റെ മേൽ അധികാരമുണ്ട്. യേശുക്രിസ്തുവിന് ക്രൂശിൽ ജയം നല്കാതിരിക്കാൻ സാത്താൻ അവന്റെ മുഴു അധികാരവും ഉപയോഗിച്ചു. എന്നാൽ അവന്റെ തന്ത്രങ്ങളെ മറികടന്നാണ് യേശു ഉയർത്തെഴുന്നേറ്റത്. ഇനി പ്രയോഗിക്കാൻ കൈയ്യിൽ ശക്തിയോ ആയുധങ്ങളോ ഇല്ലാത്ത നിരായുധനായ സാത്താനെയാണ് നാമിപ്പോൾ കാണുന്നത്.

സാത്താന് ഒരു വിശ്വാസിയെ നശിപ്പിക്കാൻ കഴിയുന്നത് പോലെ തന്നെ ഒരു വിശ്വാസിയെ വഞ്ചിക്കാനും കഴിയും. എന്നാൽ നമുക്ക് സത്യം അറിയാമെങ്കിൽ നമ്മെ ഉപദ്രവിക്കാൻ അവന് കഴിയില്ല. നമ്മെ സംബന്ധിച്ചിടത്തോളം അവൻ നശിപ്പിക്കപ്പെട്ട് കഴിഞ്ഞു. നാം സത്യത്തിൽ നിലനിന്നാൽ നമ്മോട് നുണ പറയാൻ മാത്രമേ അവന് കഴിയൂ. നീയും ഞാനും അടങ്ങുന്ന പുതിയ സൃഷ്ടികളോട് ഒന്നും ചെയ്യാൻ അവന് കഴിയില്ല.

“അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു. സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു” (2 കൊലൊ 1:18).

***കഷ്ടതയിലാണ് യഥാർത്ഥ ജ്ഞാനം കണ്ടെത്തുക എന്ന് ഇയ്യോബിന്റെ പുസ്തകം 28 –ാം അധ്യായം ചൂണ്ടിക്കാട്ടുന്നു***

ഇയ്യോബ് 28:12 പറയുന്നത് “എന്നാൽ ജ്ഞാനം എവിടെ കണ്ടുകിട്ടും? വിവേകത്തിന്റെ ഉത്ഭവസ്ഥാനം എവിടെ”? ഇതിന്റെ ഉത്തരമായി, ഞാൻ വിശ്വസിക്കുന്നത് നമ്മുടെ ജഡം മരിക്കയും, മരണത്തിന്റെ ഇരുണ്ട പാതകളിൽ കൂടി നാം സഞ്ചരിക്കയും ചെയ്യുമ്പോഴാണ് ശരിയായ ജ്ഞാനത്തെ കേൾക്കാൻ നമുക്ക് സാധിക്കുന്നത് എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇയ്യോബ് 28:22 പറയുന്നത് “ഞങ്ങളുടെ ചെവികൊണ്ട് അതിന്റെ കേഴ്‌വി കേട്ടിട്ടുണ്ട് എന്ന് നരകവും മരണവും പറയുന്നു” സദൃശ്യവാക്യം 11: 2–ാം വാക്യം ഇക്കാര്യത്തെ പിൻതാങ്ങികൊണ്ട് പറയുന്നത് ശ്രദ്ധിക്കുക “അഹങ്കാരം വരുമ്പോൾ ലജ്ജയും

വരുന്നു. താഴ്മയുള്ളവരുടെ പക്കലോ ജ്ഞാനമുണ്ട്".

***ഇതാണ് ജീവിതത്തിന്റെ തിരക്കഥ***

ഇതിൽ നമ്മുടെ സ്ഥാനം എവിടെയാണെന്ന് നാം തിരിച്ചറിയേണ്ട തുണ്ട്. അപ്പോൾ മാത്രമേ കഷ്ടതയോട് പൊരുത്തപ്പെട്ട് പോകാൻ നമുക്ക് കഴിയുകയുള്ളു. യേശു ഒരു ദിവസം ഭൂമിയിലേക്ക് മടങ്ങി വരും. എന്നാൽ നിന്റെ പ്രശ്നങ്ങളെ ഒരു അനുഗ്രഹമായി മാറ്റാൻ അവൻ ഇപ്പോൾ തന്നെ നിന്റെ അടുക്കലേക്ക് മടങ്ങിവരും.

ദാനിയേലിന്റെ പുസ്തകം ആറാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന സിംഹക്കുഴിയിൽ നിന്നുള്ള ദാനിയേലിന്റെ വിടുതൽ ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. ദാനിയേൽ പൂർണ്ണമായി ദൈവത്തെ പിൻപറ്റി യതിനാൽ അവന്റെ ശത്രുക്കളും ദൈവത്തിന്റെ ശത്രുക്കളും ചേർന്ന് അവനെ പീഡിപ്പിച്ചു. എന്നാൽ ദാനിയേൽ സിംഹക്കുഴിയിൽ നിന്ന് വിടുവിക്കപ്പെട്ടു എന്നതിലുപരി സിംഹക്കുഴിയെ അതിജീവിച്ചു എന്ന താണ് ശരി. ഫലത്തിൽ അവന്റെ ശത്രുക്കൾ പൂർണ്ണമായും നശിപ്പിക്ക പ്പെട്ടു.

"പിന്നെ രാജാവിന്റെ കല്പനയാൽ, അവർ ദാനിയേലിനെ കുറ്റം ചുമത്തിയവരെ കൊണ്ടുവന്നു. അവരെയും മക്കളെയും ഭാര്യമാരെയും സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു. അവർ ഗുഹയുടെ അടിയിൽ എത്തും മുമ്പെ സിംഹങ്ങൾ അവരെ പിടിച്ചു; അവരുടെ അസ്ഥിക ളൊക്കെയും തകർത്തു കളഞ്ഞു. അന്ന് ദാര്യാവേശ് രാജാവ് സർവ്വ ഭമിയിലും വസിക്കുന്ന സകല വംശങ്ങൾക്കും ഭാഷകാർക്കും എഴുതി യതെന്തെന്നാൽ: നിങ്ങൾക്ക് ശുഭം വർദ്ധിച്ച് വരട്ടെ. എന്റെ രാജാധിപ ത്യത്തിൽ ഉൾപ്പെട്ട ഏവരും ദാനിയേലിന്റെ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയോടിരിക്കണമെന്ന് ഞാൻ ഒരു തീർപ്പ് കൽപ്പിക്കുന്നു. അവൻ ജീവനുള്ള ദൈവവും, എന്നേക്കും നിലനിൽക്കുന്നവനും, അവന്റെ രാജത്വം നശിച്ചുപോകാത്തതും, അവന്റെ ആധിപത്യം അവസാനം വരാത്തതും ആകുന്നു. അവൻ രക്ഷിക്കുകയും വിടുവിക്കുകയും ചെയ്യു ന്നു. അവൻ ആകാശത്തിലും ഭൂമിയിലും അടയാളങ്ങളും അത്ഭുത ങ്ങളും പ്രവർത്തിക്കുന്നു. അവൻ ദാനിയേലിനെ സിംഹവായിൽ നിന്ന് രക്ഷിച്ചിരിക്കുന്നു. എന്നാൽ ദാനിയേൽ ദാര്യാവേശിന്റെ വാഴ്ചയിലും പാർസിരാജാവായ കോരെശിന്റെ വാഴ്ചയിലും ശുഭപ്പെട്ടിരുന്നു" (ദാനി യേൽ 6: 24–28).

സിംഹത്തിന്റെ ഗുഹയുടെ അനുഭവത്തിൽ കൂടെ കടന്നുപോയി ല്ലായിരുന്നുവെങ്കിൽ ദാനിയേൽ ശുഭമായിരിക്കുകയും, അവന്റെ ശത്രു ക്കൾ നശിപ്പിക്കപ്പെടുകയുമല്ലായിരുന്നുവെന്ന് ഞാൻ സംശയിക്കുന്നു.

**കാത്തിരിപ്പിന്റെ കാലയളവിൽ നമ്മുടെ ഉത്തരവാദിത്വം എന്താണ്?**

നില്ക്കുന്ന കാലയളവിൽ, വെറുതെ കാത്തിരിക്കുകയല്ല ചില പ്രവൃ

ത്തികൾ ചെയ്യേണ്ടതാവശ്യമാണ്. "അങ്ങനെ നിങ്ങൾ മന്ദതയുള്ളവ രാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവ കാശമാക്കുന്നവരുടെ അനുകാരികളായി തീരും" (എബ്രാ 6:12).

നാം നമ്മുടെ 'കന്യകാത്വം' അഥവാ ദൈവമുമ്പാകെയുള്ള നമ്മുടെ വിശുദ്ധി കാത്തു സൂക്ഷിക്കേണ്ടതാവശ്യമാണ്. നമ്മുടെ ജീവിതത്തിൽ പാപം സംഭവിച്ചാൽ എത്രയും വേഗം അതിനെ ഏറ്റുപറഞ്ഞ് ദൈവ ത്തോടും മനുഷ്യനോടും പാപക്ഷമ പ്രാപിക്കണം.

കാത്തിരിപ്പിന്റെ കാലഘട്ടത്തിൽ വചനമെന്ന വാളിനെ നാം ഉപ യോഗിക്കണമെന്നും വേദപുസ്തകം പഠിപ്പിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എഫെസ്യർ 6:17 ൽ പറയുന്നത് "ദൈവവച നമെന്ന ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ" എന്നാണ്.

യേശു നമ്മുടെ അനുതാപത്തെ സ്വീകരിച്ച് നമ്മെ ശക്തീകരിക്കും. എബ്രാ 3:1-ാം വാക്യത്തിൽ നമ്മോട് പറയുന്നത് ശ്രദ്ധിക്കുക "അതു കൊണ്ട് വിശുദ്ധ സഹോദരന്മാരേ, സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരാ യുള്ളോരേ, നാം സ്വീകരിച്ച് പറയുന്ന അപ്പോസ്തലനും മഹാപുരോ ഹിതനുമായ യേശുവിനെ ശ്രദ്ധിച്ച് നോക്കുവീൻ". മഹാപുരോഹിതൻ എന്ന നിലയിൽ യേശു നമ്മുടെ പാപങ്ങളെ പിതാവിന്റെ അടുക്കലേക്ക് കൊണ്ടു വരും. ദൈവവചനപ്രകാരം പിതാവ് നമുക്കായി പാപമോച നം നിർവ്വഹിക്കും. പിശാചും നമ്മുടെ തെറ്റായ കുറ്റസമ്മതത്തെ, നമ്മു ടെ വാക്കുകൾക്ക് അനുസൃതമായി നിവർത്തിക്കാൻ ശ്രമിക്കാറുണ്ട്.

ഓരോ വ്യക്തികൾക്കോ സാഹചര്യത്തിനോ അനുസരിച്ച് ദൈവ വചനം ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അത് ശക്തി യുള്ളതായി തീരും. യേശു തന്റെ വചനത്താലാണ് എല്ലാറ്റിനെയും സൃഷ്ടിച്ചത്. അവൻ തന്നെയാണ് വചനം. യേശു പറയുന്നത് പോലെ തന്നെ ദൈവവചനം ഉപയോഗിക്കാൻ അവൻ നമുക്ക് അധികാരം തന്നി ട്ടുണ്ട്.

യോഹന്നാൻ 1:1-3 വരെയുള്ള വാക്യങ്ങളിൽ "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോട് കൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോട് കൂടെ ആയിരു ന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവ നെകൂടാതെ ഉളവായതല്ല" എന്ന് കാണുന്നു.

പുറപ്പാട് 12 ൽ പെസഹ ഇസ്രയേലിന് നിർദ്ദേശിക്കപ്പെട്ടപ്പോൾ സംഹാരദൂതൻ അവരുടെ വീടുകളിൽ പ്രവേശിക്കാതിരിക്കേണ്ടതിന് അടയാളമായി കുഞ്ഞാടിന്റെ രക്തം കട്ടിളക്കാലിന്മേലും കുറുമ്പടി മേലും പുരട്ടണമെന്ന് യിസ്രയേൽ മക്കൾക്ക് ദൈവം കല്പന കൊടു ത്തു. യേശു ദൈവത്തിന്റെ കുഞ്ഞാട് ആയതിനാൽ അവന്റെ രക്തം

നമ്മുടെ പ്രിയപ്പെട്ടവരുടെയും, നാം പ്രാർത്ഥിക്കുന്നവരുടേയും മേൽ പുരട്ടാൻ സാധിക്കും. എങ്ങനെ?

"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും, തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" (വെളി 12:11).

നമ്മുടെ വായിലെ വാക്കുകൾ കൊണ്ടാണ് രക്തം പുരട്ടാൻ നമുക്ക് സാധിക്കുന്നത്. പുറപ്പാട് 12–ാം അധ്യായം ശ്രദ്ധിക്കുക. കുഞ്ഞാടിന്റെ രക്തം പാത്രത്തിൽ ശേഖരിച്ച് വെച്ചാൽ അതുകൊണ്ട് യാതൊരു പ്രയോജനവും ലഭിക്കയില്ല. എന്നാൽ ഈസോപ്പ് തണ്ട് രക്തത്തിൽ മുക്കി കട്ടിളക്കാലിന്മേലും, കുറുമ്പടിമേലും പുരട്ടിക്കഴിയുമ്പോൾ ദൈവവും സാത്താനും ഒരുപോലെ അത് കാണും. ഈസോപ്പ് എന്ന് പറയുന്നത് സാധാരണ കാണുന്ന ഒരു പാഴ്ചെടിയാണ്. അതുപോലെ നമ്മുടെ വായിൽ നിന്ന് വരുന്ന വാക്കുകൾക്ക് വലിയ മൂല്യമൊന്നും ഇല്ലായിരിക്കാം. എന്നാൽ അതിനെ വചനത്തിൽ (യേശു തന്നെയാണത്) രക്തമെന്ന പോലെ പുരട്ടുമ്പോൾ ദൈവവും പിശാചും ഒരുപോലെ അത് കാണും.

***നാം ദൈവവചനം ഉച്ചരിക്കുമ്പോൾ യേശു അത് പിതാവിന്റെ അടുക്കൽ എത്തിക്കുകയും അതിനെ പ്രായോഗികമാക്കാൻ ദൈവത്തോട് ആവശ്യപ്പെടുകയും ചെയ്യും***

"അന്ന് നിങ്ങൾ എന്നോടൊന്നും ചോദിക്കുകയില്ല. ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്ക് തരും" (യോഹ 16:23).

അതുകൊണ്ട് നമുക്ക് സ്വസ്ഥമായിരുന്ന് വചനം നമുക്ക് വേണ്ടി പ്രവർത്തിക്കാൻ അനുവദിക്കാം.

"അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അത് ലഭിക്കാതെ പോയി എന്ന് വരാതിരിക്കുവാൻ നാം ഭയപ്പെടുക" (എബ്രാ 4:1).

"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർപെടുത്തും വരെ തുളച്ചു കയറുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" (എബ്രാ 4:12).

***ദൈവവചനം കേൾക്കുമ്പോൾ ദൂതന്മാർ പ്രവർത്തിച്ചു തുടങ്ങും***

സങ്കീർത്തനം 103: 20–ാം വാക്യം ഇപ്രകാരം പറയുന്നു. "അവന്റെ വചനത്തിന്റെ ശബ്ദം കേട്ട് അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി, അവന്റെ ദൂതന്മാരായുള്ളോരേ **യഹോവ**യെ വാഴ്ത്തുവിൻ".

*സാത്താന്യ ശക്തികൾ ഓടിപ്പോകും*

സങ്കീർത്തനം 149 : 5-9 വരെയുള്ള വാക്യങ്ങളിൽ പറയുന്നത് "ഭക്തന്മാർ മഹത്വത്തിൽ ആനന്ദിക്കട്ടെ. അവർ തങ്ങളുടെ ശയ്യകളിൽ ഘോഷിച്ചുല്ലസിക്കട്ടെ. അവരുടെ വായിൽ ദൈവത്തിന്റെ പുകഴ്ചകളും അവരുടെ കയ്യിൽ ഇരുവായ്ത്തലയുള്ള വാളും ഉണ്ടായിരിക്കട്ടെ. ജാതികൾക്ക് പ്രതികാരവും വംശങ്ങൾക്ക് ശിക്ഷയും നടത്തേണ്ടതിനും അവരുടെ രാജാക്കന്മാരെ ചങ്ങലകളാലും, അവരുടെ പ്രഭുക്കന്മാരെ ഇരുമ്പ് വിലങ്ങുകളാലും ബന്ധിക്കേണ്ടതിനും എഴുതിയിരിക്കുന്ന വിധി അവരുടെ മേൽ നടത്തേണ്ടതിനും തന്നേ. അത് അവന്റെ സർവ്വ ഭക്തന്മാർക്കും ബഹുമാനം ആകുന്നു. **യഹോവ**യെ സ്തുതിപ്പിൻ.

*സാത്താന് ഇനി അവസരങ്ങളില്ല*

ലൂക്കോസ് 10:19 ൽ പറയുന്നത് "പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തന്നിരിക്കുന്നു" എന്നാണ്.

*യുദ്ധം തുടങ്ങുന്നതിന് മുന്നമേ പരാജയപ്പെട്ടു*

"ആ രാജാക്കന്മാരോടൊക്കെയും യോശുവ ഏറിയകാലം യുദ്ധം ചെയ്തിരുന്നു. ഗിബെയോൻ നിവാസികളായ ഹിവ്യർ ഒഴികെ ഒരു പട്ടണക്കാരും യിസ്രയേൽ മക്കളോട് സഖ്യത ചെയ്തില്ല. ദേശമൊക്കെയും അവർ യുദ്ധത്തിൽ പിടിച്ചടക്കി. **യഹോവ** മോശയോട് കല്പിച്ചത് പോലെ അവരെ നിർമ്മൂലമാക്കുകയും കരുണ കൂടാതെ നശിപ്പിക്കുകയും ചെയ്‌വാൻ തക്കവണ്ണം അവർ നെഞ്ചുറപ്പിച്ച് യിസ്രയേലിനോട് യുദ്ധത്തിന് പുറപ്പെടേണ്ടതിന് **യഹോവ** സംഗതി വരുത്തിയിരുന്നു" (യോശുവ 11:18-20).

നിങ്ങളുടെ ഏറ്റവും വലിയ പ്രശ്നത്തെക്കുറിച്ച് ദൈവം ചിന്തിക്കുകയും പ്രവർത്തിക്കയും ചെയ്യുന്നു. ദൈവവചനത്തിലുള്ള ഒരു വാഗ്ദത്തത്തെക്കുറിച്ച് ചിന്തിക്കുക. ഇനി തീരുമാനിക്കുക. ഏതാണ് മാറുന്നത്? ഏതാണ് മാറ്റമില്ലാത്തത്?

"ദൈവമേ ജാതികൾ നിന്നെ സ്തുതിക്കും. സകലജാതികളും നിന്നെ സ്തുതിക്കും. ഭൂമി അതിന്റെ അനുഗ്രഹം തന്നിരിക്കുന്നു. ദൈവം നമ്മുടെ ദൈവം തന്നേ, നമ്മെ അനുഗ്രഹിക്കും" (സങ്കീ 67:5,6).

**സെമിനാർ-2 രക്തവും അഗ്നിയും**

നിങ്ങൾക്ക് നല്ലൊരു തുടക്കം ലഭിച്ചത് പോലെ ഓട്ടം അവസാനിപ്പിക്കാനുള്ള ശക്തിയും ലഭിക്കേണ്ടതുണ്ട്.

ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തുള്ള ഏഴ് അധ്യായങ്ങളിലായി ലോകവ്യവസ്ഥിതികളിൽ സന്തോഷം കണ്ടെത്താനാകാത്തവർക്ക് പ്രത്യാശയ്ക്കുള്ള വകയുണ്ടെന്ന് നാം കണ്ടെത്തി. ലോകത്തിലാശ്ര

യിക്കുന്നതിൽ നിന്ന് അനുതപിച്ച് മടങ്ങി വന്നാൽ ദൈവരാജ്യം നമ്മുടെ സമീപത്തുണ്ടെന്നും നാം മനസ്സിലാക്കി.

സ്വർഗ്ഗരാജ്യത്തിന്റെ മർമ്മം അടങ്ങിയ വിത്തു വിതയ്ക്കുന്നവന്റെ ഉപമയെക്കുറിച്ച് യേശു പഠിപ്പിച്ചത് (മർക്കൊസ് 4:1) നാം പഠിച്ചു. ദൈവ വചനം വിത്താണെന്നും, നമ്മുടെ ഹൃദയമാണ് വിതയ്ക്കുവാനുള്ള നിലമെന്നും, നാം ഫലം കായ്ക്കണമെന്നും അവൻ നമ്മെ പഠിപ്പിച്ചു.

ഫലം ഉണ്ടാകുമ്പോൾ നമ്മുടെ സ്വഭാവം ദൈവീക സ്വഭാവത്തിന് അനുരൂപമാകും. നമ്മുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റപ്പെടു കയും നശിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ മറ്റുള്ളവർക്ക് വേണ്ടി നിത്യജീവന്റെ ഫലം കായ്ക്കേണ്ടതിന് അത് നമ്മെ സഹായിക്കുകയും ചെയ്യും.

വിത്ത് ഫലമായിത്തീരുന്ന പ്രക്രിയയുടെ പല പടികൾ നാം പഠിച്ചു കഴിഞ്ഞു.

**വളരുക അല്ലെങ്കിൽ മരിക്കുക എന്നതിന്റെ ചില ചിന്താവിഷയ ങ്ങൾ**

1. ഫലം കായ്ക്കുന്നതിന് വേണ്ടി നാം ദൈവരാജ്യത്തിലേക്കും ദൈവവചനത്തിലേക്കും തിരിയണം.

2. ഒഴുകുന്ന നദിയാകുന്ന ദൈവവുമായി ഒരു ആഴമായ ബന്ധം സ്ഥാപിക്കാൻ എന്തു ചെയ്യുമെന്ന് നാം മനസ്സിലാക്കണം.

3. വാഗ്ദത്തനാട്ടിൽ തടവുകാരായി തീരാതെ എങ്ങനെ ജീവിക്ക ണമെന്ന് നാം മനസ്സിലാക്കണം.

4. ദൈവീക സ്വഭാവത്തെക്കുറിച്ചും, ദൈവമാരെന്നും നാം മനസ്സി ലാക്കേണം.

5. യേശുവിലുള്ള നമ്മുടെ ശരിയായ വ്യക്തിത്വമെന്തെന്ന് നാം തിരി ച്ചറിയണം. **(ഇരിക്കുക)**

6. ക്രൂശെടുത്ത് വചനത്തോടുള്ള അനുസരണത്തിൽ നാം **നടക്കേണം**.

7. **നില്ക്കുക** എന്ന പാഠത്തിൽ ഈ മുഴുവൻ പ്രക്രിയയെയും എതിർക്കുന്ന സാത്താനെയും അവന്റെ സംഘത്തെയും കുറിച്ച് നാം പഠിച്ചു. ഫലം പുറപ്പെടുവിക്കാൻ നമുക്ക് കഴിയുന്നത് വരെ ക്ഷമയും ശക്തിയും നമുക്കാവശ്യമാണെന്നും നാം പഠിച്ചു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവത്തിന്റെ വാഗ്ദത്ത നിവർത്തിക്കായി നാം കാത്തിരി ക്കേണ്ടതുണ്ട്. “അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസ ത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായി തീരും”(എബ്രാ 6:12).

ദൈവവചനത്തിലൂടെ നല്കപ്പെട്ടിരിക്കുന്ന ഈ പ്രക്രിയയെ നിങ്ങ

ളും സ്വീകരിച്ചതിനാൽ ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. സ്വീകരിച്ചെങ്കിൽ, ഇത് പൂർത്തിയാക്കേണ്ടതിനും നിങ്ങളുടെ ജീവിതത്തിൽ അത് ഫലം പുറപ്പെടുവിക്കുന്നതായി തീരേണ്ടതിനും ദൈവകൃപ ആവശ്യമാണ്.

ചെടികൾ ഫലം കായ്ക്കുന്നതിന് വെള്ളവും വളവും ആവശ്യമായിരിക്കുന്നത് പോലെ നമുക്ക് ദൈവശക്തി ആവശ്യമാണ്. ഈ ശക്തി എങ്ങനെ സ്വായത്തമാക്കാം എന്ന് ഭാഗം രണ്ടിൽ പഠിപ്പിക്കുന്നു.

**ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം ഒരു അനുഭവമല്ല; ഒരു യാത്രയാണ്**



ഒരു ഓട്ടം ആരംഭിക്കുക എന്നത് നല്ല കാര്യമാണ്; എന്നാൽ അത് പൂർത്തീകരിക്കേണ്ടതെങ്ങനെയെന്ന് കൂടി നാം അറിയേണ്ടതുണ്ട്. പല വ്യക്തികളും ഓട്ടം ആരംഭിക്കും എന്നാൽ ഒരിക്കലും പൂർത്തീകരിക്കില്ല. ഓട്ടം പൂർത്തീകരിക്കാൻ ദൈവകൃപ ലഭിച്ചില്ലെങ്കിൽ നാം പരാജയപ്പെടും. എബ്രായർ 12:1 ൽ പറയുന്നതിപ്രകാരമാണ്. "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്ക് ചുറ്റും നില്ക്കുന്നത് കൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക". നമുക്കാവശ്യമായ ശക്തി താഴെപ്പറയുന്നവയിൽ നിന്ന് ലഭിക്കുമെന്ന് വചനം ഉറപ്പ് തരുന്നു:

1. യേശുവിന്റെ ക്രൂശിൽ അഥവാ യേശുവിന്റെ രക്തത്തിൽ ശക്തിയുണ്ട്. "ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു" (1കൊരി 1:18).

2. ദൈവത്തിന്റെ വിടുവിക്കുന്ന ശക്തി: "അവൻ വരുമ്പോൾ തന്നെ ഭൂതം അവനെ തള്ളിയിട്ട് പിടപ്പിച്ചു. യേശു അശുദ്ധാത്മാവിനെ ശാസി

ച്ചു, ബാലനെ സൗഖ്യമാക്കി അപ്പനെ ഏല്പിച്ചു" (ലൂക്കോസ് 9:42) എല്ലാവരും ദൈവത്തിന്റെ മഹിമയിങ്കൽ വിസ്മയിച്ചു (9:43 a)

3. പരിശുദ്ധാത്മാവിന്റെ പൂർണ്ണത: "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (അപ്പൊപ്രവൃത്തി 1:8).

ദൈവം ഒരിക്കലും നമ്മെ അനാഥരായി വിടുകയില്ല. ഇവിടെ എങ്ങനെയെങ്കിലുമൊക്കെ ജീവിച്ച് മരിച്ച് സ്വർഗ്ഗത്തിൽ ചെല്ലണമെന്നതല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ദൈവം വളരെ പ്രായോഗികമായി ചിന്തിക്കുന്നവനാണ്. ഈ ഭൂമിയിൽ നമുക്കായി കരുതുവാൻ ഒരു രീതി അവനുണ്ട്. എന്നാൽ പലരും അതിനെക്കുറിച്ച് അജ്ഞരാണ്. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും" (യോഹന്നാൻ 14:18). പരിശുദ്ധാത്മാവ് നമ്മുടെ അടുക്കലേക്ക് വരും എന്നാണ് യേശു ഇവിടെ അർത്ഥമാക്കുന്നത്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ നാം അനാഥരായി തീരാതിരിക്കുവാനും, ലോകത്തിൽ പരസഹായം കൂടാതെ ജീവിക്കേണ്ടതിനും പരിശുദ്ധാത്മ സാന്നിധ്യം എത്രത്തോളം അനിവാര്യമാണെന്ന് നാം പഠിക്കും.

യേശുവിന്റെ ക്രൂശാണ് സാത്താനെ തോല്പിച്ച് നമുക്ക് വിജയം നല്കിയത്. അത് ദൈവശക്തിയാണ്. ക്രൂശെന്ന സത്യം നമ്മുടെ മേൽ പ്രവർത്തിച്ച് നമുക്ക് ശക്തി നല്കിത്തരും. എന്നാൽ പരിശുദ്ധാത്മ ശക്തിയുടെ പൂർണ്ണത (പ്രവൃത്തി1:8) അനുഭവമാക്കാതെ ക്രൂശിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയില്ലെന്ന് ഞാൻ ഉറപ്പു തരാം.

ഉദാഹരണത്തിന് ഒരു കെട്ടിടത്തിലെ ലൈറ്റുകളെ പ്രകാശിപ്പിക്കാനുള്ള വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നത് ഒരു ജനറേറ്ററിലാണ് എന്ന് സങ്കല്പിക്കുക. നമുക്ക് ആ വൈദ്യുതി കടന്ന് പോകുന്ന ഭിത്തിയിലുള്ള സ്വിച്ചിനരികെ നിന്ന് അതിനുള്ളിൽ ശക്തിയുണ്ടെന്ന് മനസ്സിലാക്കി അതിനെ അഭിനന്ദിക്കാം. എന്നാൽ പ്ലഗ് ലൈറ്റുമായി ബന്ധിപ്പിച്ച് സ്വിച്ചിടാത്തടത്തോളം കാലം നിങ്ങൾക്ക് ആവശ്യമുള്ള വൈദ്യുതി ലഭിക്കയില്ല. അടുത്ത ചില അധ്യായങ്ങളിലായി മേൽ പറഞ്ഞ മൂന്ന് വൈദ്യുതി സ്രോതസുകളെക്കുറിച്ച് പഠിക്കാം. നാമിപ്പോൾ യേശുവിന്റെ ക്രൂശിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ എങ്ങനെ വ്യക്തിപരമായി പ്രായോഗികമാക്കാം എന്ന് ചിന്തിക്കാൻ പോകുകയാണ്. വിടുതലിന്റെ ശക്തിയെക്കുറിച്ചും നമുക്കെങ്ങനെ സ്വാതന്ത്ര്യം പ്രാപിക്കാം എന്നും പഠിക്കാം. ഒടുവിലായി പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചും ആ ശക്തി നമ്മെ എങ്ങനെ നയിക്കുന്നു എന്നും മനസ്സിലാക്കാം.

# സെമിനാർ 2

അധ്യായം 8 മുതൽ 11 വരെയുള്ള
ഭാഗങ്ങളിൽ പരാമർശിക്കുന്നത്:

8. ഓട്ടം ഓടുക
9. കുരിശ്
10. വിടുതൽ
11. പരിശുദ്ധാത്മ സ്നാനം

അദ്ധ്യായം

# 8 ഓട്ടം ഓടുക

**ക**ഴിഞ്ഞ അദ്ധ്യായത്തിൽ നാം നില്ക്കുന്നതിനെക്കുറിച്ചും, വിശ്വാസത്തിനും ഫലം കായ്ക്കുന്നതിനും സഹിഷ്ണത ഒഴിച്ചു കൂടാൻ പാടില്ലാത്ത കാര്യമാണെന്നും ചിന്തിച്ചു. ഈ അദ്ധ്യായത്തിലും സഹിഷ്ണതയുടെ ആവശ്യകതയെക്കുറിച്ച് വീണ്ടും ഉറപ്പിച്ചു പറയുകയാണ് ചെയ്യുന്നത്.

എബ്രായ ലേഖന എഴുത്തുകാരൻ എല്ലാ വിശ്വാസികൾക്കും ചില മുന്നറിയിപ്പുകൾ നല്കുന്നു.

1. നാം ഒരു ഓട്ടക്കളത്തിലാണ്, വളരെ ദൂരം സഹിച്ച് നില്ക്കേണ്ട ഓട്ടം.

2. ഓട്ടം പൂർത്തീകരിക്കാതെ ഇടയ്ക്ക് വെച്ച് പിന്തിരിഞ്ഞാൽ അപകട സാധ്യത ഉണ്ട്.

3. ഓട്ടം പൂർത്തീകരിച്ചാൽ വലിയ പ്രതിഫലത്തിന് അർഹനാകും.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ “വളരുക അല്ലെങ്കിൽ മരിക്കുക”.ക്രിസ്തുവിനെ സംബന്ധിച്ച ആദ്യപാഠങ്ങളിൽ നിന്നും വിശ്വാസത്താലും സഹനത്തിൽ കൂടെയും ദൈവീകവാഗ്ദത്തങ്ങളെ അവകാശമാക്കുവാനുള്ള വഴിയെക്കുറിച്ച് എബ്രായ ലേഖനം 6-ാം അദ്ധ്യായത്തിൽ പറയുന്നു. നാം സഹിച്ചു നിൽക്കാഞ്ഞാൽ വീണുപോകുന്നതിനും അതു മുഖാന്തിരം ദൈവപുത്രന് അപമാനം വരുത്തുവാനുമുള്ള സാദ്ധ്യതയുണ്ട്. എബ്രായ ലേഖന കർത്താവ് എന്തെങ്കിലും ഉദ്ദേശിച്ചു എന്ന് പറയുവാൻ കഴിയില്ലെങ്കിലും, ഇതു വളരെ ഗൗരവമായ കാര്യമാണ് എന്നും പറയട്ടെ.

**1. എബ്രായർ 12-ാം അദ്ധ്യായത്തിൽ ഈ മുന്നറിയിപ്പ് വളരെ വ്യക്തമാണ്**

“ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്ക്

ചുറ്റും നിൽക്കുന്നത് കൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക. തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്ത് അവർ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു" (എബ്രാ 12:1,2).

വീണ്ടും എബ്രാ 12:15–17 വരെയുള്ള വാക്യങ്ങളിൽ "ആരും ദൈവകൃപ വിട്ട് പിൻമാറുകയും വല്ല കയ്പ്പുള്ള വേരും മുളച്ച് കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ആരും ദുർനടപ്പുകാരനോ, ഒരു ഊണിന് ജേഷ്ഠാവകാശം വിറ്റു കളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന് ഇട കണ്ടില്ല എന്ന് നിങ്ങൾ അറിയുന്നുവല്ലോ" എന്ന് പറഞ്ഞിരിക്കുന്നു.

***ഈ ഭാഗത്ത് ഏശാവിനെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത് നമ്മുടെ ജീവിതത്തിലും അർത്ഥവത്താണെന്ന് ഞാൻ കരുതുന്നു.***

ഏശാവിന് ഒരവകാശം ലഭിക്കാനിരിക്കുകയായിരുന്നു. നമുക്കും ഒരവകാശം ലഭിക്കാൻ പോകുന്നു. ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ ചൂണ്ടിക്കാണിച്ചതുപോലെ ദൈവീക വാഗ്ദാനങ്ങൾ ഒരു വിത്തായി വിതയ്ക്കപ്പെട്ട് നമ്മുടെ ഹൃദയങ്ങളിൽ വളരുമ്പോൾ ദൈവത്തിന്റെ സമൃദ്ധിയായ ജീവൻ നാം അവകാശമാക്കും. എന്നാൽ വിത്തു വിതയ്ക്കുന്നതിന്റേയും ഫലം കായ്ക്കുന്നതിന്റെയും മദ്ധ്യേ പരിശോധനകളുടെയും കഷ്ടതകളുടേയും ഒരു ഇടവേള ഉണ്ട് എന്ന കാര്യം നാം ഓർത്തിരിക്കേണ്ടതാണ്. ആ കാലയളവിനെയാണ് 'ഓട്ടം' എന്ന് പറഞ്ഞിരിക്കുന്നത്. "വാഗ്ദത്തവും അവകാശവും ഒക്കെ എനിക്കെന്തിന്, എന്റെ ജഡത്തിന്റെ ആവശ്യം ഇപ്പോൾ ലഭിക്കണം" എന്നാണ് ഏശാവിന്റെ ജഡമോഹം പറഞ്ഞത്. നാം വളരെ സൂക്ഷിച്ചില്ലെങ്കിൽ "ഈ കഷ്ടതകൾ എനിക്ക് മടുത്തു, കാത്തിരുന്നു ഞാൻ ക്ഷീണിച്ചു. ഈ പിരിമുറുക്കം എനിക്ക് ഇനി ഒട്ടും സഹിക്കാൻ പറ്റില്ല, ഞാൻ പിന്മാറുകയാണ്, ഈ വിശ്വാസ ജീവിതം ഒട്ടും പ്രായോഗികമായ ഒന്നല്ല" എന്നിങ്ങനെ ദൈവത്തോട് പറഞ്ഞ് കുറ്റക്കാരായി തീരാനിടയുണ്ട്. ഇപ്രകാരമുള്ള പിന്മാറ്റം, ഏശാവ് തന്റെ ജഡസ്വഭാവത്തിന്റെ പൂർത്തീകരണത്തിനായി ഒരു നേരത്തെ ഭക്ഷണം സ്വീകരിച്ചതുപോലുള്ള കാര്യമാണ്.

താൻ ആവശ്യപ്പെട്ടതുപോലുള്ള ചുവന്ന പായസം പോലും ഏശാവിന് ലഭിച്ചില്ല എന്നത് ശ്രദ്ധേയമായ കാര്യമാണ്. തിരുവചനത്തിൽ പറയുന്നത് ഏശാവ് ചുവന്ന പായസം ചോദിച്ചു എന്നതാണ്. എന്നാൽ യാക്കോബ് അവനെ കബളിപ്പിച്ച് പയറുകൊണ്ടുള്ള പായസമാണ്

കൊടുത്തത്. ഏശാവിന് തന്റെ അവകാശം നഷ്ടപ്പെട്ടു എന്ന് മാത്ര മല്ല തന്റെ ജഡസ്വഭാവത്തിന് പോലും തൃപ്തി ലഭിച്ചില്ല എന്ന് കാണു വാൻ കഴിയും.

"ഏശാവ് യാക്കോബിനോട്: ആ ചുവന്ന പായസം കുറേ എനിക്ക് തരേണം, ഞാൻ നന്നാ ക്ഷീണിച്ചിരിക്കുന്നു എന്ന് പറഞ്ഞു. അതു കൊണ്ട് അവന് ഏദോം (ചുവന്നവൻ) എന്ന് പേരായി. അതിന് ഏശാവ് ഞാൻ മരിക്കേണ്ടി വരുമല്ലോ, ഈ ജേഷ്ഠാവകാശം എനിക്ക് എന്തിന് എന്ന് പറഞ്ഞു. യാക്കോബ് ഏശാവിന് അപ്പവും പയറുകൊണ്ടുള്ള പായസവും കൊടുത്തു. അവൻ ഭക്ഷിച്ച് പാനം ചെയ്ത് എഴുന്നേറ്റ് പോയി, ഇങ്ങനെ ഏശാവ് ജേഷ്ഠാവകാശത്തെ അലക്ഷ്യ മാക്കിക്കളഞ്ഞു" (ഉല്പ 25: 30,32,34).

യേശുവിന്റെ മുൻകുറി എന്ന നിലയിൽ പഴയ നിയമ വ്യവസ്ഥയിൽ ആദ്യജാതനായ പുരുഷന് മറ്റുള്ളവരുടെ മേൽ കതൃത്വം നടത്തുന്ന തിനും പുരോഹിതനാകുവാനുമുള്ള ജന്മാവകാശം ഉണ്ടായിരുന്നു. രാജാവും പുരോഹിതനും ആകുവാനുള്ള പദവി അതിൽ അടങ്ങിയി രുന്നു. ഏശാവ് അത് അവഗണിച്ചു കളഞ്ഞു. ഓട്ടം തികയ്ക്കുന്ന കാര്യ ത്തിൽ നാം സൂക്ഷമതയുള്ളവരാകുന്നില്ലെങ്കിൽ നമുക്കും നമ്മുടെ രാജ കീയ പുരോഹിത പദവി നഷ്ടപ്പെടാനിടയാകും.

***മുന്നറിയിപ്പ്***

ഈ സംഭവത്തിന് ശേഷം ഏശാവിന് മാനസാന്തരത്തിന് അവസരം ലഭിച്ചില്ല. ഇപ്രകാരമുള്ള സ്വഭാവം കയ്പ്പിലും പകയിലേക്കും നയിക്കു മെന്ന് നമുക്ക് ബുദ്ധി ഉപദേശം നൽകിയിരിക്കുന്നു.

*നാം കയ്പ്പുള്ളവരാകാതിരിപ്പാൻ ദൈവകൃപയിൽ ആശ്രയിക്കേണ്ട താണെന്നും പറഞ്ഞിരിക്കുന്നു.*

*13 "ആകയാൽ തളർന്ന കയ്യും കുഴഞ്ഞ മുഴങ്കാലും നിവർത്തുവീൻ. മുടന്തുള്ളത് ഉളുക്കിപ്പോകാതെ ഭേദമാകേണ്ടതിന് നിങ്ങളുടെ കാലിന് പാത നിരത്തുവിൻ.*

*14 "എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപി പ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല".*

*15 "ആരും ദൈവകൃപ വിട്ട് പിന്മാറുകയും വല്ല കയ്പ്പുള്ള വേരും മുളച്ച് കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും, ആരും ദുർന്നടപ്പുകാരനോ ഒരു ഊണിന് ജേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാ വിനേപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരു തിക്കൊൾവിൻ" (എബ്രാ 12: 12-15).*

ഈ ഓട്ടം ഓടുമ്പോൾ പലപ്പോഴും നമ്മുടെ ആത്മീയ കൈകളും

മുട്ടുകളും തളരുന്നത് പോലെയുള്ള അനുഭവം ഉണ്ടാകും. നാം ചില കാര്യങ്ങൾ ചെയ്യേണ്ടതാവശ്യമാണെന്ന് ഈ വേദഭാഗം നമ്മോട് പറയുന്നു. നമ്മുടെ ആത്മീയ കാലുകൾ ഉളുക്കിപ്പോകാതെ ഭേദമാകത്തക്കവിധം നമ്മുടെ പാതകളെ സുസ്ഥിരവും സുഗമവുമാക്കുകയാണ് നാം ചെയ്യേണ്ടത്. ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുന്നതിനെക്കുറിച്ച് തുടർന്ന് പറയുന്നു.

***നമ്മുടെ ആത്മീക മുഴങ്കാലുകൾ ഉളുക്കിപ്പോകുന്നത് പോലെ അനുഭവപ്പെടുന്നതെന്തുകൊണ്ടാണ്?***

അത് ദൈവം നൽകുന്ന ശിക്ഷണം ആണ്. എബ്രായർ 12: 9-൧൦ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോകുന്നുവല്ലോ; ആത്മാക്കളുടെ പിതാവിന് ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ"?

നമ്മെ അനുഗ്രഹിക്കുന്നതിനുള്ള വഴിയിൽ നമ്മെ എത്തിക്കുവാൻ ശ്രമിക്കുകയാണ് ദൈവം ചെയ്യുന്നത്. നമ്മടെ പാതയിൽ ഉണ്ടാകാവുന്ന മുള്ളുകളും കല്ലുകളും ഒഴിവാക്കി നാം പാത നിരപ്പാക്കേണ്ടതാവശ്യമാണ്. അതിന് നമ്മുടെ സ്വഭാവങ്ങളിൽ മാറ്റം വരുത്തേണ്ടതായി വരും. ക്ഷമിക്കുക, കൊടുക്കുക, ഔദ്യോഗിക തലങ്ങളിൽ വിശ്വസ്തരായിരിക്കുക, കൊടുക്കുവാനുള്ളത് കൊടുത്തു തീർക്കുക, ജീവിതത്തിൽ വിഗ്രഹമായിരിക്കുന്നതിനെ ഉപേക്ഷിക്കുക, നമ്മുടെ സാമൂഹികവും ഔദ്യോഗികവുമായ വഴികളിൽ മാറ്റം വരുത്തുക എന്നിവയിലായിരിക്കും മാറ്റം ആവശ്യമായിരിക്കുന്നത്.

***ആത്മീയ പാത നിരപ്പാക്കി ദൈവകൃപ ഉറപ്പാക്കുവാൻ നമുക്ക് എങ്ങനെ കഴിയും?***

നമ്മുടെ മാനുഷികമായ ശക്തിയിൽ അത് ഒരിക്കലും സാദ്ധ്യമല്ല, അപ്രകാരം ദൈവകൃപ ഉറപ്പാക്കുവാൻ നമുക്ക് കഴിയുകയില്ല. എന്നാൽ അത് എങ്ങനെ സാധ്യമാകും എന്ന് നോക്കാം.

"നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതെയ്ക്ക് പ്രകാശവും ആകുന്നു" (സങ്കീ 119:105).

"**യഹോവെ** നീ എന്റെ സങ്കേതമാകുന്നു. നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു. ഒരനർത്ഥവും നിനക്ക് ഭവിക്കയില്ല, ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കയില്ല. നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് ദൂതന്മാരോട് കല്പിക്കും. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിനും അവർ നിന്നെ കൈകളിൽ വഹിച്ചു കൊള്ളും" (സങ്കീ 91: 9-12).

ദൈവത്തിന്റെ പരിശുദ്ധാതമാവിനാൽ ദൈവവചനത്തോട് ചേർന്നിരിക്കുന്നുകൊണ്ട് നമ്മുടെ പാത നിരപ്പുള്ളതും സുഗമവും ആയിരിക്കും.

സദൃശ്യവാക്യങ്ങൾ 3:5–6 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത് നാം കർത്താവിനെ വ്യക്തിപരമായി അറിയുന്നുവെങ്കിൽ അവൻ നമ്മുടെ പാതകളെ നേരെ ആക്കും എന്നത്രേ.

***ജീവിത ഓട്ടത്തിൽ പിന്മാറിപ്പോയ ചിലരുടെ ഉദാഹരണങ്ങൾ***

***വളരെയധികം പ്രശ്നങ്ങളോ അല്ലെങ്കിൽ കൂടുതൽ ഉല്ലാസമോ ആണ് അതിന്റെ കാരണം എന്നു കാണുവാൻ കഴിയും.***

***ഉദാഹരണം – 1 വളരെയധികം പ്രശ്നങ്ങൾ***

പിന്മാറ്റത്തിലേക്ക് പോയ ഒരു വ്യക്തിയെ എനിക്കറിയാം. അയാൾ ദൈവത്തെ പൂർണ്ണമായി വിട്ടുകളഞ്ഞില്ല എന്നാണ് ചിന്തിച്ചിരുന്നത്. എന്നാൽ വിശ്വാസ ജീവതം പ്രായോഗികമാണെന്ന് യഥാർത്ഥത്തിൽ അയാൾ വിശ്വസിച്ചില്ല. പീഢകളും ഉപദ്രവങ്ങളും ഉണ്ടായി. മർക്കോസ് 4:17 ൽ പറഞ്ഞിരിക്കുന്നത് പോലെ സാത്താൻ വിത്ത് എടുത്തുകളഞ്ഞു. "എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു; വചനം നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു". ആ മനുഷ്യൻ ആത്മീയമായി തണുത്ത് ദൈവത്തിൽ നിന്നും ദൈവീക കാര്യങ്ങളിൽ നിന്നും ആരാധനയിൽ നിന്നു പോലും അകന്നു പോകാനിടയായി. അയാൾ വിവാഹം കഴിച്ച സ്ത്രീ ദൈവത്തോടു ചേർന്നുള്ള അയാളുടെ നടപ്പിന് തടസ്സമായിത്തീർന്നു. വർഷങ്ങൾക്ക് ശേഷം ആ വ്യക്തി അത്ഭുതകരമായ രീതിയിൽ മാനസാന്തരപ്പെട്ടു മടങ്ങി വരുവാനിടയായി. ആ വ്യക്തി സ്വർഗ്ഗരാജ്യത്തിൽ ചെന്നു ചേരും എന്നാൽ അയാളുടെ ഭാര്യ ഈ ലോകത്തോടുള്ള ബന്ധത്തിൽ പരിമിതപ്പെട്ടിരിക്കുന്നു.

***ഉദാഹരണം – 2 ഈ ലോകത്തിന്റെ കാര്യങ്ങളും സുഖലോലുപതയോടുള്ള സ്നേഹവും***

കർത്താവിനോടു കൂടെ ആരംഭിക്കയും അവന്റെ ശുശ്രൂഷക്കായി താല്പര്യപ്പെടുകയും ചെയ്ത ഭർത്താവിന്റേയും ഭാര്യയുടേയും കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഈ ലോകത്തിന്റെ കാര്യങ്ങളും പണത്തോടുള്ള സ്നേഹവുമാണ് അവരെയെന്നും തൃപ്തരാക്കിയത്. അവർ ഒരു പെന്തെക്കോസ്ത് ആരാധനയിൽ പങ്കെടുക്കുന്നവരായിരുന്നു. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ അവർ നിഷേധിച്ചിരുന്നു. അവർ മത്സരികളായി തീരുകയും ചില ദൈവമക്കളെ വഞ്ചിക്കയും വാസ്തവമായി പിന്മാറ്റത്തിലേക്ക് പോകുകയും ചെയ്തു. അവരെപ്പറ്റി ഇപ്പോൾ കൂടുതൽ ഒന്നും എനിക്കറിവില്ല എന്നാൽ അവർ നന്നായിരിക്കുന്നു എന്നു കരുതുന്നില്ല. ലൂക്കോസ് 17 –ാം അദ്ധ്യായത്തിന്റെ 26 മുതലുള്ള വാക്യങ്ങളിൽ വിവാഹം, തിന്നുക, കുടിക്കുക എന്നീ കാര്യങ്ങളെക്കുറിച്ച് യേശു മുന്നറിയിപ്പ് നല്കി

യിരിക്കുന്നതായി കാണാം. ഈ കാര്യങ്ങൾ ഒന്നും അതിൽ തന്നെ തെറ്റല്ലെങ്കിലും അവയിൽ മാത്രം മുഴുകിയിരിക്കുന്നത് അപകടകരമാണ്. "മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടതോ വചനം കേട്ടിട്ട് ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയ മോഹങ്ങളും അകത്ത് കടന്ന് വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീർക്കുന്നതാകുന്നു" (മർക്കോ 4: 18,19).

*ഉദാഹരണം – 3 കൈപ്പിന്റെ ഫലം*

തങ്ങളുടെ ദൈവീകമല്ലാത്ത മനോഭാവവും പ്രവർത്തനങ്ങളും കൊണ്ട് ഒരു സഭയെ നശിപ്പിച്ച 12 നും 15 നും ഇടയ്ക്കുള്ള ഒരു കൂട്ടം ആളുകളെ എനിക്കറിയാം. നിർത്തിക്കളയാം എന്ന് സഭാ നേതൃത്വം തീരുമാനമെടുത്ത ഒരു സഭയിൽ വിലപ്പെട്ട ഒരു കർതൃദാസൻ കടന്ന് വന്ന് ശുശ്രൂഷ ആരംഭിച്ചതിന്റെ ഫലമായി ആ സഭ വളരുവാൻ തുടങ്ങി. എന്നാൽ മുകളിൽ പറഞ്ഞ കൂട്ടർക്ക് അതു രസിച്ചില്ല. അവർ പകയും കൈപ്പും നിറഞ്ഞവരായിരുന്നു. ക്ഷണിക്കപ്പെടാതെ അവർ സ്റ്റേജിൽ കയറി പാടുന്നതിനും ആ സഭയെ നശിപ്പിക്കുന്നതിനും ശ്രമിച്ചു. പാസ്റ്ററെ തടസ്സപ്പെടുത്തി അവർ നടുത്തളത്തിൽ എഴുന്നേറ്റ് നിന്ന് പ്രവചനങ്ങൾ നടത്തുകയാണെന്ന് നടിച്ചു. അവസാനം കോടതി മുഖേന അവരെ സഭയിൽ നിന്നും പുറത്താക്കേണ്ടി വന്നു. ഏശാവ് തന്റെ ഓട്ടം മതിയാക്കി കൈപ്പും പകയും ഉള്ളവനായിത്തീർന്നതു പോലെ അവരും കൈപ്പുള്ളവരായി മാറി.

**ഇനിയും നമുക്ക് പ്രതിഫലത്തെ കുറിച്ച് ചിന്തിക്കാം**

എബ്രായ ലേഖനകർത്താവ് പറഞ്ഞിരിക്കുന്നത് "എന്നാൽ പ്രിയമുള്ളവരേ, ഞങ്ങൾ ഇങ്ങനെ സംസാരിക്കുന്നു എങ്കിലും നിങ്ങളെക്കുറിച്ച് ശുഭമേറിയതും രക്ഷയ്ക്ക് ഉതകുന്നതും വിശ്വസിക്കുന്നു" എന്നാണ് (എബ്രാ 6:9).

*കിരീടത്തിനായി ഓടുന്ന ഓട്ടം*

"അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനും തന്നേ" (1 കൊരി9:25).

"സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തു കൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനും ഭൂതലത്തിൽ എങ്ങും വരുവാനുമുള്ള പരീക്ഷാകാലത്ത് ഞാനും നിന്നെ കാക്കും. ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക" (വെളി3:10,11).

***മുകളിൽ പറഞ്ഞ വേദഭാഗം ഫിലദൽഫിയയിലെ സഭയ്ക്ക് എഴുതിയതാണ്.*** ഫിലദൽഫിയയിലെ സഭയിൽ കർത്താവ് യാതൊരു കുറ്റവും കണ്ടില്ല.

സ്മുർന്നയിലെ സഭയ്ക്ക് എഴുതിയത് പോലെ അവർക്ക് രക്തസാക്ഷികളായി മരിക്കേണ്ടിവരുമെന്ന് അരുളിച്ചെയ്തിട്ടുമില്ല. എന്നാൽ അവരുടെ വിജയ കിരീടം പ്രാപിക്കുന്നതിനെയും ദൈവരാജ്യത്തിൽ പ്രതിഫലം അഥവാ അധികാരം പ്രാപിക്കുന്നതിനെ സംബന്ധിച്ചുമാണ് പറഞ്ഞിരിക്കുന്നത്. അവർക്ക് കിരീടം ഉണ്ടെന്നും എന്നാൽ സഹിച്ചു നിന്നില്ലെങ്കിൽ അതു നഷ്ടമാകുവാനിടയുണ്ടെന്നും യേശു അവർക്ക് മുന്നറിയിപ്പ് നല്കിയിരിക്കുന്നത് ശ്രദ്ധിക്കേണ്ടതത്രേ.

**കിരീടമാണ് പ്രതിഫലം.**

***എന്താണ് ഈ കിരീടം?***

കിരീടം രാജ്യത്ത്വത്തെയും അധികാരത്തെയും സൂചിപ്പിക്കുന്നു. നാം നമ്മുടെ ഓട്ടം തികച്ചു കഴിയുമ്പോൾ നമുക്ക് ആത്മീയ അധികാരം ലഭിക്കും. ഓട്ടം തികയ്ക്കുക എന്നതിന്റെ അർത്ഥം വിജയിക്കുക എന്നാണ്. സഹനത്തിന്റെ ഈ കാലയളവിൽ ദൈവം നമ്മെ സ്വാധീനിച്ചിരുന്ന ശാപത്തിന്റെ കോട്ടകളെ തോല്പിച്ചു. അത് ഒരു പക്ഷേ തലമുറകളായി അനുഭവിച്ചു വന്നിരുന്നതും ഇപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് അനുഭവിക്കേണ്ടതുമായ ശാപമായിരിക്കാം. അല്ലെങ്കിൽ ഒരു കൂട്ടം ആളുകൾക്ക് സുവിശേഷം കേൾക്കാൻ കഴിയാതിരുന്ന ശാപത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് സുവിശേഷം കേൾക്കുവാനുള്ള അവസരമായിരിക്കാം.

**എന്തിന്മേലുള്ള അധികാരം?**

ലൂക്കോസ് 19-ാം അദ്ധ്യായത്തിൽ ദാസന്മാർക്ക് ചുമതലകൾ കൊടുത്തിട്ട് പോയി മടങ്ങി വന്ന് അവരുടെ കാര്യവിചാരകത്വത്തിന്റെ കണക്ക് കേൾക്കുവാനാഗ്രഹിച്ച കുലീനനായ മനുഷ്യനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഈ ഭാഗത്തു നിന്നും കിരീടം പ്രാപിപ്പാനുള്ള ഓട്ടത്തിൽ യേശുവിനുള്ള താല്പര്യം പ്രകടമാക്കുന്നു. "അവൻ ഒരു ഉപമയും കൂടെ പറഞ്ഞതു എന്തെന്നാൽ: കുലീനനായൊരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങി വരേണം എന്ന് വെച്ച് ദൂരദേശത്തേക്ക് യാത്ര പോയി. അവൻ പത്തു ദാസന്മാരെ വിളിച്ച് അവർക്ക് പത്ത് റാത്തൽ വെള്ളി വീതം കൊടുത്തു; ഞാൻ വരുവോളം വ്യാപാരം ചെയ്തു കൊൾവിൻ എന്ന് അവരോടു പറഞ്ഞു" (ലൂക്കോ19:12-13).

"അവൻ അവനോട്: നന്ന് നല്ല ദാസനേ, നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊണ്ട് പത്തുപട്ടണത്തിന് അധികാരമുള്ളവൻ ആയിരിക്ക എന്ന് കല്പിച്ചു" (ലൂക്കോ19:17).

***എന്താണീ പട്ടണം?***

ഗ്രീക്ക് ഭാഷയിൽ 'പട്ടണം' എന്ന വാക്കിന്റെ ഉത്ഭവം നിങ്ങളുടെ ജന്മസ്ഥലത്ത് അധിവസിക്കുന്നവർ, യുദ്ധസ്ഥലം, പ്രശ്നമുള്ള പ്രദേ

ശം, സ്വരച്ചേർച്ചയില്ലാത്ത സ്ഥലം എന്നിങ്ങനെ അർത്ഥമുള്ള വാക്കുകളിൽ നിന്നാണ്. ഒരു വ്യക്തി വീണ്ടും ജനിക്കുന്നതിന് മുമ്പേ പ്രശ്നമായിത്തീർന്നിരുന്ന പട്ടണം. നമ്മുടെ ജന്മസ്ഥലമായ പട്ടണത്തിൽ നിന്നും നമ്മെ ദൈവത്തിന്റെ നഗരത്തിലേക്ക്, പുതിയ യെരുശലേമിലേക്ക്, അതെ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകുവാനാഗ്രഹിക്കുന്നു. നമുക്കുവേണ്ടി വിജയം കൈവരിച്ചവരിൽ കൂടി, നമുക്കുവേണ്ടി ഓട്ടം തികച്ചവരിൽ കൂടി ദൈവം അപ്രകാരം ചെയ്യുന്നു. നമ്മെ സ്വതന്ത്രരാക്കുവാൻ അവർ ആത്മീയ അധികാരം പ്രാപിക്കേണ്ടതിനുതന്നേ.

കൊലോസ്യർ 1:24-ൽ "ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നു.

***നമ്മിലും അതീതം***

നമ്മുടെ ശ്രേഷ്ഠതയ്ക്കും നല്ല ചിന്തകൾക്കും അതീതമായ കാര്യങ്ങൾ ഈ കിരീടത്തിനുണ്ട് എന്ന വസ്തുത നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. നാം എങ്ങനെ വിചാരിച്ചാലും, സാദ്ധ്യതകളോടു കൂടിയ പ്രയോജനങ്ങൾ ദൈവത്തിന്റെ മനസ്സിലും അവന്റെ രാജ്യത്തിലും വളരെ മുൻതൂക്കം ഉള്ള കാര്യമാണ്. അതുകൊണ്ടു തന്നെ ഈ ഓട്ടം പൂർത്തീകരിക്കുവാനുള്ള ഭാരിച്ച ഉത്തവാദിത്വം നമുക്കുണ്ടായിരിക്കണം.

കർത്താവിന്റെ ഒരു ദാസി അടുത്തിടെ ഞങ്ങളോട് ഇപ്രകാരം പറഞ്ഞു:"പിന്മാറിപ്പോകുന്നതിന്റെ പരിണിത ഫലം പോലെ തന്നെ പൂർത്തീകരിക്കുന്നതിന്റെ പ്രയോജനങ്ങളും വളരെ വലുതാണ്".

***പൗലോസിന്റെ പട്ടണങ്ങളിൽ ഒന്നായിരുന്നു ഫിലിപ്പ്യ***

ഫിലിപ്പ്യർ 4:1-ൽ "അതുകൊണ്ട് എന്റെ പ്രിയരും വാഞ്ചിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പിൻ, പ്രിയമുള്ളവരേ".

***ഓട്ടം എന്നത് നിങ്ങൾക്ക് മാത്രമുള്ളതല്ല, എന്നാൽ അത് നിങ്ങൾക്കും കൂടെ ഉള്ളതാണ്.***

നാം സാത്താന്റെ തന്ത്രങ്ങളോട് എതിർത്ത് നിന്ന് സഹിഷ്ണതയോടുകൂടെ ഓട്ടം തികയ്ക്കുമ്പോൾ നമ്മുടെ വിശ്വാസത്തിന്റെ വിത്ത് വളരുവാനിടയാകുന്നു. ആ വിശ്വാസത്തിന്റെ അന്ത്യം കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചതുപോലെ നമ്മുടെ ആത്മാക്കളുടെ രക്ഷ മാത്രമല്ല. നാം ജീവിതത്തിൽ എന്തിനുവേണ്ടി ദൈവത്തിൽ ആശ്രയം വെച്ചുവോ അത് നമ്മിൽ വെളിപ്പെടുകയും ചെയ്യുന്നു. അത് ശാരീരിക സൗഖ്യമോ സാമ്പത്തിക കാര്യമോ, ഒരു മടിയനായ മകനെ സംബന്ധിച്ചതോ, കുടുംബപ്രശ്നം പരിഹരിക്കപ്പെട്ടതോ എന്തുമാകാം.

**പ്രതിഫലം കണ്ടുകഴിഞ്ഞു; ഓട്ടത്തെക്കുറിച്ച് എന്താണ് പറയുന്നത് എന്ന് നോക്കാം.**

ദൈവവചനത്തിൽ കൂടി നമ്മെ ഭരമേല്പിച്ചിരിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുമ്പോൾ നമ്മുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളാണ് ഓട്ടത്തിൽ അടങ്ങിയിരിക്കുന്നത്. അവൻ സംസാരിച്ചപ്പോൾ വിത്ത് വിതയ്ക്കപ്പെട്ടു. വിത്ത് വളരുന്നതിനും ഫലം കായ്ക്കുന്നതിനും ഇടയ്ക്കുള്ള കാലമാണ് 'ഓട്ടം'. ഈ കാലയളവിൽ ദൈവത്തോട് പറ്റിച്ചേർന്നിരിക്കുന്നത് ഒരു ഓട്ടമാണ്. നമ്മുടെ മനസ്സ് നമ്മെ തളർത്തുമ്പോൾ പിന്തിരിയാതെയിരിക്കുന്നതാണ് ഓട്ടം. ഇത് ഒരു ദീർഘദൂര മാരത്തൺ ഓട്ടമാണ്, ഹ്രസ്വദൂര ഓട്ടമല്ല.

എബ്രായർ12:22–24 വരെയുള്ള വാകൃങ്ങളിൽ ദൈവരാജ്യത്തിന്റെ ശക്തിയിലേക്ക് അതായത് യേശുവിങ്കലേക്കും അവന്റെ രക്തത്തിന്റെ അടുക്കലേക്കും നാം വന്നിരിക്കുന്നു എന്ന് ഭൂതകാലത്തിലാണ് പറഞ്ഞിരിക്കുന്നത്. നാം പിന്മാറാതെ യേശുവിനോടുള്ള സജീവമായ ബന്ധത്തിൽ ആയിരുന്നാൽ നമുക്കും വിജയിക്കാം എന്നതിന്റെ ഉറപ്പ് ലഭിക്കുന്നു. യേശു ജയിച്ചവനാണ്. അവന്റെ വിജയം നമ്മിൽ വെളിപ്പെടുന്നത് കാണത്തക്കവിധം അവനോട് പറ്റിച്ചേർന്ന് നില്ക്കുക മാത്രമാണ് നാം ചെയ്യേണ്ടത്.

"പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യ ജാതന്മാരുടെ സഭയ്ക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ കാര്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെകാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്" (എബ്രാ12:22–24).

**ഈ ഭാഗത്ത് പറഞ്ഞിരിക്കുന്നത് ഓട്ടം പൂർത്തീകരിക്കുന്നതിന് ദൈവത്തിൽ നിന്ന് ശക്തി നമുക്ക് ദാനമായി ലഭിക്കും എന്നത്രേ.** പരിശുദ്ധാത്മസ്നാനം, കുരിശ് മധ്യസ്ഥനായ യേശു, ദൂതന്മാർ എന്നിവകൂടാതെ മറ്റു പല ശക്തിസ്രോതസ്സുകളും വിടുതലും നമുക്കുണ്ട്.

***നമുക്ക് യേശുവുണ്ട്. അവനെ നോക്കുക എന്നതാണ് നാം ചെയ്യേണ്ട പ്രവർത്തി.*** "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കുകയും ചെയ്തു" (എബ്രാ12:2).

"മറ്റുള്ളവയിൽ നിന്നും കണ്ണുകൾ മാറ്റി ഏതെങ്കിലും ഒന്നിൽ ദൃഷ്ടികൾ കേന്ദ്രീകരിക്കുക" എന്നാണ് നോക്കുക എന്ന വാക്കിന്റെ അർത്ഥം.

***പരിശുദ്ധാത്മാവിലുള്ള സ്നാനം***

***ആത്മീയ ശത്രുക്കളുടെ മേൽ ജയം നേടുവാൻ നമുക്ക് ദൈവത്തിന്റെ സ്വഭാവവും അവന്റെ ശക്തിയും ആവശ്യമാണ്.***

*പരിശുദ്ധാത്മാവിനെ 'ആശ്വാസപ്രദൻ 'എന്നാണ് വിളിച്ചിരിക്കുന്നത്. ('പാരാക്ലേറ്റോസ്' എന്ന ഗ്രീക്ക് പദത്തിന് ഒരാളുടെ സഹായത്തിനായി സമീപത്തേക്ക് വിളിക്കപ്പെട്ടവൻ, ഒരു ന്യായാധിപന്റെ മുമ്പിൽ മറ്റൊരാൾക്കു വേണ്ടി വാദിക്കുന്നവൻ, ഒരു വക്കീൽ, നിയമോപദേശം നല്കുന്ന ആൾ, മദ്ധ്യസ്ഥത വഹിക്കുന്നവൻ എന്നെല്ലാം അർത്ഥമുണ്ട്)*

പുരാതനകാലത്ത് ഗ്രീസിൽ നടന്നിരുന്ന മാരത്തൺ ഓട്ടത്തിൽ പാരാക്ലേറ്റോസ് ഓട്ടക്കാരന്റെ ഒരു സ്നേഹിതനായിരുന്നു. ഓട്ടത്തിന്റെ അവസാന മൈലുകളിൽ അയാൾ ഓട്ടക്കാരനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടെ ഓടിയിരുന്നു. ഈ സ്നേഹിതൻ വാക്കുകളിൽ കൂടെ പ്രോത്സാപ്പിക്ക മാത്രമല്ല, ഓട്ടക്കാരനോടൊപ്പം മുഴുകിച്ചേർന്ന് അയാൾ അനുഭവിക്കുന്ന വേദന അറിയാതിരിക്കത്തക്കവണ്ണം കൂടെ ഓടുന്നു. നമ്മുടെ ഓട്ടത്തിൽ പരിശുദ്ധാത്മാവ് മദ്ധ്യസ്ഥത വഹിക്കുന്നവനായി, ആശ്വാസപ്രദനായി, പ്രത്സാഹിപ്പിക്കുന്നവനായി മാത്രമല്ല ഒരു വക്കീലിനെപ്പോലെ നമ്മോട് ചേർന്ന് നിൽക്കുന്നു.

***കുരിശ്***

പുതുനിയമത്തിന്റെ രക്തം തളിക്കൽ നമ്മെ ഓർമ്മിപ്പിക്കുന്നത് നാം ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; അവൻ നമ്മിൽ കൂടെ തന്റെ ജീവിതം നയിക്കുന്നു എന്ന വസ്തുതയാണ്. നമ്മുടെ ജീവിതത്തിനു പകരം യേശു തന്റെ ജീവിതം നമ്മിൽ നയിക്കുന്നു എന്നർത്ഥം.

ക്രൂശിലും പരിശുദ്ധാത്മാവിലും കൂടി നമുക്ക് നമ്മുടെ ഭാരങ്ങളെ വിട്ടൊഴിയുന്നതിനും, പാപങ്ങളിൽ നിന്നും മാനസാന്തരപ്പെടുന്നതിനും, ജഡീകസ്വഭാവത്തെ ഉരിഞ്ഞു കളഞ്ഞ് ഓട്ടം പൂർത്തീകരിക്കുവാനും കഴിയും. എന്നാൽ ഇതിന് ദൈവവുമായുള്ള നിരന്തരവും സജീവവുമായ ബന്ധം ആവശ്യമാണ്. നമ്മുടെ നാവിന്മേൽ ദൈവവചനം ഏന്തി സാത്താനോട് എതിർത്തു നില്ക്കേണ്ടതാവശ്യമാണ്.

സാഹചര്യങ്ങളും സാത്താന്യലോകവും എപ്പോഴും നമ്മെ നിരാശപ്പെടുന്നതിനും, പിന്മാറ്റത്തിലേക്ക് നയിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കും. ദൈവത്തോടു കൂടെ ഓടി പിന്മാറിപ്പോകാതെയിരുന്നാൽ നീ വിജയിക്കും എന്ന കാര്യം ഓർക്കുക.

***വിടുതൽ***

"ഇനി ഒരിക്കൽ എന്നതു ഇളക്കമില്ലാത്തതു നിലനില്ക്കേണ്ടതിന് നിർമ്മിതമായ ഇളക്കമുള്ളതിന് മാറ്റം വരും എന്ന് സൂചിപ്പിക്കുന്നു" (എബ്രാ12:27).

എബ്രായർ 13-ാം അദ്ധ്യായത്തിൽ നാം ഈ ഓട്ടത്തിൽ സൂക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

**പൗലോസ് ഓട്ടം തികച്ചു.**

"ഞാൻ നല്ലപോർ പൊരുതു ഓട്ടം തികച്ചു, വിശ്വാസം കാത്തു" (2 തിമോ4:7).

ഗോഡ് കോളിംഗ് എന്ന പുസ്തകത്തിൽ നിന്നുള്ള ഭാഗം

Near the Goal-February 13

*ഒരു ഓട്ടത്തിൽ അതിന്റെ ആരംഭമോ, നീണ്ടകാൽ വയ്പോ അല്ല മുറിവുണ്ടാക്കുന്നത്. ലക്ഷ്യം മുന്നിൽ കാണുമ്പോൾ ഹൃദയവും, ഞരമ്പുകളും, ധൈര്യവും, പേശികളും വരിഞ്ഞ് മുറുകുകയും മനുഷ്യന് സഹിക്കാൻ കഴിയാതെവണ്ണം തകർന്ന് പോകത്തക്ക അനുഭമുണ്ടാകുകയും ചെയ്യും. ആയതിനാൽ ഇപ്പോൾ നിനക്ക് ലക്ഷ്യം മുമ്പിൽ കാണാൻ കഴിയുന്നത് കൊണ്ട് നീ എന്നോട് നിലവിളിക്കേണ്ടതാണ്. കഴിഞ്ഞ കുറേ ദിവസങ്ങളിൽ നീ ഓടിത്തീർത്ത ഓട്ടത്തിൽ നീ അനുഭവിച്ച ബദ്ധപ്പാടുകളും വേദനയും നിനക്ക് കാണാൻ കഴിയുന്നില്ലേ. ശക്തിധരിക്കുക; എന്റെ പ്രോത്സാഹനവാക്കുകൾ ശ്രദ്ധിക്കുക. വിജയത്തിലേക്ക് നിന്നെ എത്തിക്കുവാൻ ഞാൻ നിന്റെ സമീപത്ത് ഉണ്ട് എന്ന കാര്യം ഓർക്കുക.*

*നിങ്ങൾ രണ്ട് പേർ എന്നെ കണ്ടുമുട്ടുന്നതു പോലെ അവർ നിശബ്ദതയിൽ എന്റെ വാക്കുകൾക്ക് ചെവി തന്നിരുന്നെങ്കിൽ അവർ അറിയുമായിരുന്നു. കേൾക്കുവാനുള്ള ചെവിയും ശാന്തമായ, നേരിയ ശബ്ദവും ആവശ്യമാണ്.*

**ഫ്ളോറൻസ് ചിഡ്വിക്ക്**

വിശ്വവിഖ്യാതമായ ഫോളറൻസ് ചിഡ്വിക്ക് കാലിഫോർണിയായുടെ തെക്കു ഭാഗത്തുള്ള കാറ്റലീന ചാനൽ കുറുകെ നീന്തി റിക്കാർഡ് തിരുത്തുവാൻ 1952-ൽ ശ്രമിക്കുന്നത് ടെലിവിഷനിലൂടെ കണ്ടത് ഞാൻ ഓർക്കുന്നു. From Wikipedia, the free encyclopedia

*1952-ൽ കാറ്റലീന ദ്വീപിനും കാലിഫോർണിയയുടെ തീരത്തിനുമിടയിൽ 26 മൈൽ നീന്തുവാൻ ശ്രമിച്ച ആദ്യ വനിതയാണ് ഫ്ളോറൻസ്. ചരിത്രപരമായ ഈ യാത്ര ആരംഭിച്ചപ്പോൾ ചെറു ബോട്ടുകൾ അവളെ അനുഗമിച്ചിരുന്നു. അവൾ ക്ഷീണിച്ച് അവശയാകുകയോ വലിയ കടൽ ജീവികളുടെ ആക്രമണം ഉണ്ടാവുകയോ ചെയ്താൽ അവളെ സഹായിക്കുന്നതിനാണ് ചെറുബോട്ടുകൾ അവളോടൊപ്പം പോയത്. മണിക്കൂറുകൾ അവൾ നീന്തി. എന്നാൽ ഏകദേശം 15 മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ഭാരമേറിയ വലിയ മൂടൽ മഞ്ഞ് രൂപപ്പെട്ടു. ഫ്ളോറൻസിന് തന്റെ കഴിവിനെക്കുറിച്ച് സംശയം തോന്നി. അവൾ*

ആ ബോട്ടുകളിൽ ഒന്നിൽ ഉണ്ടായിരുന്ന തന്റെ അമ്മയോട് തനിക്ക് ഈ നീന്തൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല എന്ന് പറഞ്ഞു. അവൾ ഒരു മണിക്കൂർ കൂടി നീന്തിയ ശേഷം തന്നെ വിളിച്ചുകയറ്റുവാൻ പറഞ്ഞു. അവൾ ബോട്ടിൽ കയറി ഇരുന്നപ്പോൾ തന്റെ ലക്ഷ്യസ്ഥാനമായ കാലിഫോർണിയയുടെ തീരത്ത് എത്തുവാൻ ഇനി ഒരു മൈൽ കൂടി മാത്രം നീന്തിയാൽ മതിയായിരുന്നു എന്ന കാര്യം മനസ്സിലാക്കി. മൂടൽമഞ്ഞ് മൂലം കാലിഫോർണിയയുടെ തീരം കാണാൻ കഴിയാഞ്ഞതുകൊണ്ടാണ് താൻ നീന്തൽ നിർത്തി പിന്മാറിയതെന്ന് ഫ്ളോറൻസ് വിശദീകരിച്ചു. അവൾക്ക് തന്റെ ലക്ഷ്യം കാണാൻ കഴിഞ്ഞില്ല.

രണ്ടു മാസങ്ങൾക്ക് ശേഷം തന്റെ ഈ ദൗത്യം പൂർത്തീകരിക്കാനുള്ള താല്പര്യത്തോടെ ഫ്ളോറൻസ് ഒരിക്കൽ കൂടി വെള്ളത്തിൽ ഇറങ്ങി. ആ സമയം വ്യത്യസ്ഥമായിരുന്നു. കാറ്റലിന ദ്വീപിൽ നിന്ന് 26 മൈൽ ദൂരെ കാലിഫോർണിയായുടെ തീരത്തേക്ക് നേരെ അവൾ നീന്തി. മുമ്പിലത്തെപോലെ മൂടൽമഞ്ഞ് രൂപപ്പെട്ടിരുന്നു. എങ്കിലും അവൾക്ക് തന്റെ യാത്ര പൂർത്തീകരിക്കുവാൻ കഴിഞ്ഞു. കാരണം അവൾ തന്റെ മനസ്സിൽ കരയെക്കുറിച്ചുള്ള ഒരു രൂപം കാത്തുസൂക്ഷിച്ചിരുന്നു എന്ന് അവൾ പിന്നീട് പറഞ്ഞു. തന്റെ മനസ്സിൽ കരയുടെ രൂപം കാത്തുസൂക്ഷിച്ചതിനാൽ അവൾക്ക് തീരത്തിന്റെ കാഴ്ച നഷ്ടപ്പെട്ടില്ല. അങ്ങനെ അവൾ ലക്ഷ്യത്തിലെത്തിച്ചേർന്നു.

അദ്ധ്യായം

# 9 കുരിശ്

**ഒന്നാമതായി നമുക്ക് ക്രൂശിനെക്കുറിച്ചും യേശുവിന്റെ രക്തത്തെക്കുറിച്ചും ശ്രദ്ധിക്കാം**

നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ക്രൂശിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നിട്ടും വളരെ കുറച്ച് പേർക്ക് മാത്രമേ അതിന്റെ പൂർണ്ണ അർത്ഥവും തങ്ങളുടെ ജീവിതത്തിൽ അത് എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കുവാൻ കഴിയുന്നുള്ളൂ. അനേകം ആളുകൾ യേശുവിന്റെ രക്തത്തെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ അതിന്റെ വിലയോ അർത്ഥമോ പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ല എന്നതാണ് വാസ്തവം.

യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായത്തിൽ യേശു പാവപ്പെട്ട പുരുഷാരത്തെ കണ്ട് മനസ്സലിഞ്ഞ് അപ്പവും മീനും കൊണ്ട് അത്ഭുതം പ്രവർത്തിച്ച് അവരെ തൃപ്തരാക്കിയതായി പറഞ്ഞിരിക്കുന്നു. അത് ആ ആളുകൾക്ക് വലിയ കാര്യമായിരുന്നു. അതിനാൽ തടാകത്തിന്റെ അക്കരെവരെ യേശുവിനെ അനുഗമിക്കുവാൻ അവർ തീരുമാനിച്ചു. ഇനിയും മറ്റൊരു അത്ഭുതത്തിൽ കൂടി ആഹാരം കിട്ടുമെന്നതായിരുന്നു അവരുടെ ആഗ്രഹം. എന്നാൽ അടുത്ത ദിവസം അതുപോലെ അത്ഭുതം പ്രവർത്തിക്കുവാൻ യേശു തയ്യാറായില്ല. അവരുടെ ക്ഷാമാവസ്ഥയ്ക്ക് സ്ഥിരമായ പരിഹാരം തന്റെ പക്കൽ ഉണ്ട് എന്ന് യേശു അവരോട് പറഞ്ഞു. ഒരു രക്ത നിയമത്തിൽ കൂടി അവർ തങ്ങളുടെ ക്ഷാമത്തിൽ നിന്നും വിടുതൽ പ്രാപിക്കണമെന്ന് യേശു സൂചിപ്പിച്ചു. അവർ അവന്റെ ശരീരം ഭക്ഷിക്കയും രക്തം കുടിക്കുകയും ചെയ്യണം. പലരും ഇത് കേട്ട് എതിർപ്പ് പ്രകടിപ്പിച്ചു. നരഭോജികളെപ്പോലെ അവന്റെ ശരീരം ഭക്ഷിക്കണമെന്നാണ് യേശു തങ്ങളോടു പറയുന്നത് എന്നാണ് അവർ കരുതിയത്. അവർ തന്നെ അന്വേഷിക്കുകയും കണ്ടെത്താൻ കഴിയാതെ വരുകയും ചെയ്യുമ്പോൾ കൂടുതൽ ഇടർച്ചക്ക് ഹേതുവായിത്തീരും എന്നും യേശു അവനോട് പറഞ്ഞു.

അനന്തരം യേശു ആത്മീയ കാര്യങ്ങളിലേക്ക് തിരിഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു. "ജീവിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല, ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ 6:63). അവർക്ക് ദൈവത്തിന്റെ രക്തത്തിലും ജീവനിലും പങ്കാളിയാകണമെങ്കിൽ അത് അവർ തന്റെ വചനത്തിൽ കൂടി ചെയ്യണമെന്നാണ് യേശു അവരോട് പറഞ്ഞത്. യോഹന്നാൻ 6–ാം അദ്ധ്യായം വായിക്കുക.

ദൈവമായുള്ള രക്തനിയമത്തിൽ കൂടെ നമ്മുടെ ജീവിതത്തിലെ എല്ലാ വിധ ക്ഷാമത്തിൽ നിന്നും വിടുതൽ ലഭ്യമാണ്.

**ക്രൂശിന്റെ യഥാർത്ഥ ശക്തി കാണാതിരിക്കത്തക്കവണ്ണം സാത്താൻ നമ്മുടെ കണ്ണുകളെ കുരുടാക്കുന്നു**

ക്രൂശിന്റെ യഥാർത്ഥ ദൂത് നമ്മിൽ നിന്നും മറച്ച് വെയ്ക്കുവാൻ സാത്താൻ കിണഞ്ഞു പരിശ്രമിക്കുന്നു. ഗലാ 3:1–3 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. "ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിൻ മുമ്പിൽ വരച്ചു കാട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയത് ആർ"?

ഗലാത്യർ 3:10–ൽ ഇപ്രകാരം പറയുന്നു: "എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൽ കിടക്കുന്നു. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ".

ക്രൂശിനെ അവഗണിക്കുന്നതിനും രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും സാത്താൻ ഗലാത്യയിലെ വിശ്വാസികളെ ക്ഷുദ്രം ചെയ്ത് മയക്കിയിരിക്കയാണെന്ന് പൗലോസ് അവരോട് പറയുന്നു.

1. ന്യായപ്രമാണ വാദം.

യേശുവുമായുള്ള ബന്ധത്തിലല്ല, ന്യായപ്രമാണനിയമങ്ങൾ അനുസരിച്ചു ജീവിക്കുക.

2. ജഡത്തിന്റെ ശക്തി അഥവാ പഴയ സ്വഭാവം.

അവരുടെ സ്വന്തശക്തിയിൽ ആശ്രയിച്ച് ജീവിക്കുക.

തെറ്റായ അധികാരത്തിൻ കീഴിൽ കൊണ്ടുവന്ന് നിങ്ങളെ നിയന്ത്രിക്കുന്നതിന് ശ്രമിക്കുന്ന ശക്തിയാണ് ക്ഷുദ്രപ്രയോഗം. അത് എല്ലായ്പ്പോഴും നിയന്ത്രിക്കയും ദുരുപയോഗം ചെയ്യുകയും നടത്തുകയും ചെയ്യും. ഗലാത്യ വിശ്വാസികളെ അവളുടെ സ്വന്ത ജഡത്തിന്റെ ശക്തിയിലും ന്യായപ്രമാണ വ്യവസ്ഥയിലും കൂടെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയും എന്ന് പറയുന്ന അശുദ്ധാത്മാവിന്റെ അധികാരത്തിൻ കീഴാക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇത് യഥർത്ഥ സുവിശേഷ

ത്തിന് എതിരായുള്ളതും ക്രൂശിന്റെ ശക്തിക്ക് നിരക്കാത്തതും ആയിരുന്നു.

നീ സാത്താനാണെങ്കിൽ, യേശു ക്രൂശിൽ നിന്നെ പൂർണ്ണമായി പരാജയപ്പെടുത്തിയെങ്കിൽ, നിന്റെ തോൽവിയും, അവരുടെ വിജയവും അറിയാത്ത ദൈവജനത്തെ കബളിപ്പിക്കുവാൻ നീ എന്തായിരിക്കും ചെയ്യുക? "ദൈവത്തോട് നിരപ്പ് പ്രാപിക്കുവാൻ നീ ഈ നിയമങ്ങൾ എല്ലാം പാലിക്കണമെന്നും, ദൈവം ആവശ്യപ്പെടുന്നതെല്ലാം പ്രവർത്തിക്കുവാനുള്ള കഴിവ് നിന്നിൽ തന്നെ ഉണ്ട്. നീ ക്രൂശിന്റെ ശക്തിയെക്കുറിച്ചും, യേശുവിന്റെ രക്തത്തെക്കുറിച്ചും അറിയേണ്ട കാര്യമില്ല. അവയൊക്കെ മതപരമായ ആചാരങ്ങൾ മാത്രമാണ്". എന്ന രീതിയിൽ ഒരു കള്ളം നീ പ്രചരിപ്പിക്കുമോ? ധനവാനായ ന്യായശാസ്തിയെ മയക്കിയ ക്ഷുദ്ര പ്രയോഗം അപ്രകാരമൊരു കള്ളമായിരുന്നു. മത്തായി 19-ാം അദ്ധ്യായത്തിൽ നിന്നും ആ ഭാഗം വായിക്കുക.


പൗലോസ് ഈ വക പഠിപ്പിക്കലിനെക്കുറിച്ച് വളരെ അധികം നിരാശനായിരുന്നു. അതിനാൽ ഗലാ1:8-ൽ ശക്തമായി ഇപ്രകാരം പറഞ്ഞു. "എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ".

പൗലോസ് അപ്പോസ്തലൻ ക്രൂശിനെ മാത്രമാണ് പ്രസംഗിച്ചത്. ഗലാത്യർ 6:14-15 വാക്യങ്ങളിൽ പൗലോസ് പറയുന്നത് ന്യായപ്രമാണ പാലനം എന്നത് പ്രസംഗിക്കേണ്ട വിഷയമല്ല എന്നാണ്. മറിച്ച്, പൗലോസ് പുതുജനനത്തിലേക്ക് ഫലം ഉളവാക്കുന്ന ക്രൂശിനെ പ്രസംഗിച്ചു. മനുഷ്യനും ദൈവവും തമ്മിൽ ഒരു രക്ത ഉടമ്പടിയെ പ്രതിനിധാനം ചെയ്യുന്നത് കൊണ്ട് ക്രൂശിന്റെ സത്യത്തിൽ നിന്നും നമ്മെ അകറ്റുവാൻ സാത്താൻ തന്റെ ശക്തി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

**സാത്താനെ തോല്പിച്ചത് ക്രൂശാണ്**

രക്തനിയമത്തിന്റെ രണ്ട് വശങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം

1. പകരം ആകുന്നതിന്റെ നിയമം
2. ആഴമായ ബന്ധം



1. ഒന്നാമതായി പകരത്തിന്റെ നിയമത്തെക്കുറിച്ച് ചിന്തിക്കാം. അതിന് രണ്ട് ഭാഗങ്ങളുണ്ട്, അനന്തരാവകാശത്തിന്റെ നിയമവും, പകരക്കാരനാകുന്നതിന്റെ നിയമവും.

ലോകസ്ഥാപനത്തിന് മുമ്പേ ദൈവം ചില നിയമങ്ങൾ വെച്ചു ആ നിയമങ്ങളാണ് പകരം കൊടുക്കലിന്റെ നിയമം. അവ രണ്ടും രക്തം മുഖാന്തിരമാണ് പ്രവർത്തിക്കുന്നത്. അവരണ്ടും കൂടി പകരം ആകുന്നതിന്റെ നിയമം ആകുന്നു.

**1. രക്തഉടമ്പടിയിൽ കൂടി പകരത്തിന്റെ നിയമം. അതിന്റെ രണ്ടു ഭാഗങ്ങളെ നമുക്ക് നോക്കാം.**

**ഒന്നാമത് ഭാഗം 1 A– അനന്തരാവകാശത്തിന്റെ നിയമം**

ജീവൻ രക്തത്തിലടങ്ങിയിരിക്കുന്നു എന്ന രീതിയിലാണ് ദൈവം മനുഷ്യജാതിയെ സൃഷ്ടിച്ചാക്കിയത്.

ലേവ്യാപുസ്തകം 17:11–ൽ ഇപ്രകാരം പറയുന്നു: "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ ഇരിക്കുന്നത്; യാഗപീഠത്തിന്മേൽ നിങ്ങൾക്ക് വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അത് നിങ്ങൾക്ക് തന്നിരിക്കുന്നു. രക്തമല്ലോ ജീവൻ മൂലമായി പ്രയശ്ചിത്തം ആകുന്നത്". യോഹന്നാൻ 6:56 ൽ "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നു.

***നാം അനുഗ്രഹങ്ങളും ശാപങ്ങളും നമ്മുടെ പൂർവ്വപിതാക്കന്മാരിൽ നിന്നും അവകാശമായി പ്രാപിക്കുന്നു.***

പുറപ്പാട് 34:6–8 വരെ പറയുന്നത് "യഹോവ അവന്റെ (മോശ) മുമ്പാകെ കടന്നു ഘോഷിച്ചത് എന്തെന്നാൽ: യഹോവ,യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ ആയിരം ആയിരത്തിന് ദയ പാലിക്കുന്നവൻ, അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ, കുറ്റമുള്ളവനെ വെറുതേ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെ മേലും മക്കളുടെ മേലും മൂന്നാമത്തേയും നാലാമത്തേയും തലമുറയോളം സന്ദർശിക്കുന്നവൻ. എന്നാറെ മോശ ബദ്ധപ്പെട്ടു സാഷ്ടാംഗം വീണു നമസ്കരിച്ചു". ഈ പ്രസ്താവന പരസ്പരവിരുദ്ധമായ ഒന്നായി തോന്നാം. ദൈവത്തിന് ക്ഷമിക്കുന്നതിനും അതേ സമയം തന്നെ ശിക്ഷിക്കാതെ വിടാതിരിക്കുന്നതിനും എങ്ങനെ സാധിക്കും?

നാം നമ്മുടെ പാപങ്ങളാലാണ് അനുഗ്രഹങ്ങളോ ശാപങ്ങളോ വരുത്തി വയ്ക്കുന്നത്. റോമർ 6::23–ൽ പറയുന്നു: "പാപത്തിന്റെ ശമ്പളം മരണമത്രേ ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യ ജീവൻ തന്നേ". ഗലാത്യർ 6:7ൽ പറയുന്നു. "വഞ്ച

നപ്പെടാതിരിപ്പീൻ; ദൈവത്തെ പരിഹസിച്ചു കൂടാ. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും".

***എവിടെയാണ് ഈ പരമ്പരാവകാശത്തിന്റെ നിയമം ജീവിക്കുന്നത്? – ശരീരത്തിലോ ആത്മാവിലോ?***

രണ്ടിലും എന്നാണ് ഉത്തരം. അതുകൊണ്ടാണ് കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കന്മാരോട് സാദൃശ്യമുള്ളവരായിരിക്കുന്നത്. ആത്മാവിൽ അവകാശമാക്കുന്ന അദൃശ്യമായ ഭാഗം അനേകം ആളുകളെ വിഢികളാക്കുന്നു. ജീവനും കുടുംബപാരമ്പര്യത്തിനും സഹായകമാകുന്ന രണ്ടു ഘടകങ്ങൾ ഒരു വ്യക്തിയിലുണ്ട്.

യോഹന്നാൻ 3:5–6 വാക്യങ്ങളിൽ പറയുന്നു: "അതിന് യേശു ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു : വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചത് ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു".

ശാരീരിക ജീവൻ ശരീരത്തിന് ആകൃതിയും രൂപവും കൊടുക്കുന്നു. ജീവിതത്തിൽ അനുഗ്രഹങ്ങളും ശാപങ്ങളും ഉൾപ്പെടുന്നതാണ് ആത്മീയജീവൻ. അത് നല്ല കാര്യമായി തോന്നുകയില്ല, എന്നാൽ അതിന് ഒരു പരിഹാരമുണ്ട്. അതാണ് നല്ല വാർത്ത!

**ഭാഗം 1–B . പകരക്കാരനാകുന്നതിന്റെ നിയമം**

ഉദാഹരണം: ഗുരുത്വാകർഷണനിയമം ഒരു വിമാനത്തെ നിലത്ത് നിർത്തുന്നു. എന്നാൽ ഒരു വിമാനം വേഗത്തിൽ റൺവേയിൽ കൂടി ഓടുമ്പോൾ മറ്റൊരു നിയമം പ്രയോഗിക്കുകയും, ഗുരുത്വാകർഷണ നിയമം ബാധകമല്ലാതാകയും ചെയ്യുന്നു. അതാണ് ഉയരുന്നതിനുള്ള നിയമം. അതുപോലെ, പകരക്കാരനാകുന്ന നിയമം. അതുപോലെ, പാരമ്പര്യ നിയമത്തെ അപ്രസക്തമാകുന്നു.

ചില കുടുംബങ്ങളിൽ ജനിക്കുവാനിടയാകുന്നവർ ആ കുടുംബ പാരമ്പര്യത്തിൽ നിന്ന് അനുഗ്രഹങ്ങളും ശാപങ്ങളും അവകാശമായി പ്രാപിക്കുന്നു എന്നാണ് ഈ നിയമത്തിന്റെ അർത്ഥം. എന്നാൽ ശാപങ്ങളെ മാറ്റുവാൻ കഴിയും . ആഫ്രിക്കൻ ഗോത്രക്കാർ, അമ്മേരിക്കൻ ഇന്ത്യക്കാർ മറ്റു ചില ഏഷ്യാക്കാരുടെ സമൂഹങ്ങൾ എന്നിവർ അനുഗ്രഹങ്ങളും ശാപങ്ങളും മറ്റുള്ളവർക്ക് കൊടുക്കുവാൻ അവസരങ്ങൾ കാത്തിരിക്കുന്നു. അവർ ആയുധങ്ങൾ, കോട്ടുകൾ, മറ്റു പ്രധാനപ്പെട്ട വസ്തുക്കൾ തമ്മിൽ തമ്മിൽ സംരക്ഷിക്കുവാൻ ബാദ്ധ്യസ്ഥരാണെന്ന നിലയിൽ വ്യാപാരം ചെയ്ത് മരണത്തിലേക്ക് വഴി നടത്തും. ചില ആഫ്രിക്കൻ രാജ്യങ്ങളിൽ ഒരു കുട്ടിയെ ഒരു കുടുംബം ദത്തെടുത്താൽ പിതാവ് രക്തം ചൊരിഞ്ഞ് കുട്ടികളുടെ കൈകളിൽ ഒഴിച്ചാണ് ആ

കുട്ടിയെ തന്റെ സ്വന്തമാക്കുന്നത്.

പ്രാചീനകാലം മുതൽ മനുഷ്യർ തങ്ങളുടെ ദൈവത്തിന് അർപ്പിച്ച രക്തം കുടിച്ചിരുന്നു. ദൈവത്തെപ്പോലെ ആയിത്തീരുന്നതിനാണ് അപ്രകാരം ചെയ്തിരുന്നത്.


ലോകസ്ഥാപനത്തിന് മുമ്പേ, നിത്യആത്മാവിനാൽ യേശു മരിക്കേണ്ടതാകുന്നു എന്നത് ദൈവത്തിന്റെ പദ്ധതിയിൽപ്പെട്ട കാര്യമായിരുന്നു. അതായത് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മമ്പുതന്നെ പകരക്കാരനാകുന്ന തത്വം പ്രയോഗത്തിലുണ്ടായിരുന്നു എന്നർത്ഥം. വെളിപ്പാട് 13:8-ൽ 'ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ' എന്ന് പറഞ്ഞിരിക്കുന്നു. പെസഹായുടെ ആചരണം ഈ പകരക്കാരനാകുന്നതിന്റെ നല്ല ഒരു ഉദാഹരണമാണ്. പുറപ്പാട് 12:13-14 വാക്യങ്ങളിൽ "നിങ്ങൾ പാർക്കുന്ന വീടുകളിന്മേൽ രക്തം അടയാളമായിരിക്കും. ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞ് കടന്ന് പോകും. ഞാൻ മിസ്രയീം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങൾക്ക് നാശഹേതുവായിത്തീരുകയില്ല. ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കേണം. നിങ്ങൾ അത് യഹോവയ്ക്ക് ഉത്സവമായി ആചരിക്കേണം. തലമുറതലമുറയായും നിത്യ നിയമമായും നിങ്ങൾ അത് ആചരിക്കേണം".

ആടിന്റെ രക്തം അതിന്റെ ജീവനെ പ്രതിനിധാനം ചെയ്യുന്നു. അതു വീട്ടിലെ ആദ്യജാതനു പകരമായിരുന്നു. ആദ്യജാതൻ മരിക്കേണ്ടതിന് പകരം ആട് കൊല്ലപ്പെടുന്നു. പെസഹാ കുഞ്ഞാട് ഊനമില്ലാത്തതും പൂർണ്ണതയുള്ളതും ആയിരിക്കണമായിരുന്നു. അതുകൊണ്ടാണ് യേശു ആദാമ്യ വർഗ്ഗത്തിന്റെ കളങ്കമേല്ക്കേണ്ടതായി വന്നത്. ഊനമില്ലാത്ത പൂർണ്ണനായ വ്യക്തി എന്ന നിലയിലേ യേശുവിന് പെസഹാ കുഞ്ഞാടാകുവാൻ കഴിയുമായിരുന്നുള്ളൂ. അവന്റെ പിതാവ് ദൈവവും അമ്മ മറിയയും ആയിരുന്നു അങ്ങനെ അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി മാറി. അവൻ പാപമില്ലാത്തവനും, നമ്മുടെ പാപങ്ങളെ ഏറ്റെടുക്കുവാൻ കഴിവുള്ളവനുമായ രണ്ടാം ആദാമാണ്.

പുറപ്പാട് 34:6-8 വരെയുള്ള വാക്യങ്ങളിലെ മുമ്പ് പറഞ്ഞ സംശയത്തിന്റെ വിശദീകരണം ഇതാണ്. മനുഷ്യരോട് കരുണകാണിക്കുകയും അതേ സമയം തന്നെ അവരുടെ പാപങ്ങൾക്ക് ശിക്ഷ കൊടുക്കുകയും ചെയ്യുവാൻ ദൈവം കണ്ട ഏക മാർഗ്ഗം അവർക്ക് പകരമായി ദൈവത്തിന്റെ കളങ്കമില്ലാത്ത കുഞ്ഞാടായ യേശുവിനെ ശിക്ഷിക്കുക എന്നതായിരുന്നു. പുതിയ നിയമ വ്യവസ്ഥയിൽ ഈ പകരത്തിന്റെ പ്രമാണം സംഭവിക്കും എന്ന ദൈവം മുൻകൂട്ടി അരുളിച്ചെയ്തിരുന്നു. യിരമ്യാ 31:29-34 വരെയുള്ള ഭാഗത്ത് ഇപ്രകാരം പറയുന്നു: " അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്ന് അവർ അന്നാളിൽ

ഇനി പറകയില്ല. ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തമത്രേ മരിക്കുന്നത്. പച്ച മുന്തിരിങ്ങാ തിന്നുന്നവന്റെ പല്ലേ പുളിക്കയുള്ളൂ. ഞാൻ യിസ്രയേൽ ഗൃഹത്തോടും യഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്ന് **യഹോവ**യുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈയ്ക്ക് പിടിച്ച് മിസ്രയീം ദേശത്ത് നിന്ന് കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെയല്ല; ഞാൻ അവർക്ക് ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്ന് **യഹോവ**യുടെ അരുളപ്പാട്. എന്നാൽ ഈ കാലം കഴിഞ്ഞ ശേഷം ഞാൻ യിസ്രയേൽ ഗൃഹത്തോട് ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയായിരുന്നു: ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്ന് **യഹോവ**യുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും **യഹോവ**യെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്ന് **യഹോവ**യുടെ അരുളപ്പാട്".

പകരത്തിന്റെ നിയമത്തിന് ആത്മീയ ജീവിതത്തിൽ മാറ്റം വരുത്തുവാൻ കഴിയും. ഒരു രക്തനിയമം നിങ്ങളുടെ കുടുംബ പാരമ്പര്യത്തിൽ മാറ്റം വരുത്തും.



ഗലാത്യർ 2:20 ൽ പറയുന്നു: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്ക് വേണ്ടി തന്നെത്താൻ ഏല്പിച്ച് കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്".

യെശയ്യാവ് 53:4–6 വക്യങ്ങളിൽ പറയുന്നു: "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി".

***അനേകകാലങ്ങളായി മനുഷ്യർ തങ്ങളുടെ ആത്മീയ ജീവിതത്തിൽ മാറ്റം വരുത്തുവാൻ ശാരീരിക രക്തത്തിൽ മാറ്റം വരുത്തിക്കൊണ്ട് ശ്രമിച്ചുകൊണ്ടിരുന്നു.***

പല സമൂഹങ്ങളിലും ഇപ്പോഴും രക്തഉടമ്പടികൾ നടപ്പിലാക്കപ്പെടുന്നുണ്ട്. എന്നാൽ അവർ ഭൗതീക ജീവിതത്തെ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. അവർ പരസ്പരം നിയമങ്ങൾ അനുസരിച്ചു എന്ന് വരാം. എന്നാൽ അവരുടെ ഉള്ളിൽ യാതൊരു മാറ്റവും സംഭവിക്കയില്ല. അവരുടെ ആത്മാവ് പഴയത് പോലെ തന്നെ തുടരുന്നു. എബ്രായർ 9:13,14 വാകൃങ്ങളിൽ പറയുന്നു: "ആട്ടുകൊറ്റന്മാരുടേയും കാളകളുടേയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡീക ശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവർത്തികളെ പോക്കി എത്രയധികം ശുദ്ധീകരിക്കും?". പ്രാചീന സംസ്കാരങ്ങളിൽ ഇതിന്റെ തെറ്റായ ഉപയോഗം പലവിധത്തിൽ കാണുവാൻ കഴിയും.

ക്രൂശ് അഥവാ രക്തനിയമം നമുക്ക് എന്താണ് പകരം നല്കുന്നത്. അത് നമുക്ക് എന്തു നല്കി? അത് യേശുവിന് എന്തു നൽകി?


***രക്ത ഉടമ്പടിയിലൂടെ നാം നമ്മെ തന്നെ യേശുവിന് സമർപ്പിച്ചപ്പോൾ അവൻ ഒരു കുറ്റവാളിയുടെ മരണം സഹിച്ചു കാരണം നാം കുറ്റക്കാരായിരുന്നു.***

ദൈവം നമ്മെ വീണ്ടെടുക്കുന്നതിന് മുമ്പ് നാം എല്ലാവരും മറുതലിക്കുന്നവരും കുറ്റക്കാരുമായിരുന്നു. ആദാമിന്റേയും ഹവ്വയുടേയും പാപം ശത്രുതാ മനോഭാവമായിരുന്നു. അതായത് ദൈവത്തിന്റെ വാക്കു

കളോ ശബ്ദമോ അനുസരിക്കാത്ത കുറ്റം. നാം പാപികളായി, തെറ്റു ചെയ്യുന്നവരായിട്ടാണ് ജനിച്ചിരിക്കുന്നത്. എഫേസ്യർ 2:1-6 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തും കൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയിൽ കോപത്തിന്റെ മക്കൾ ആയിരുന്നു. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും- കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു- ക്രിസ്തു യേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു".

### *ബറബ്ബാസിന്റെ കഥ*

ബറബ്ബാസ് ഒരു പേരു കേട്ട തടവുകാരനായിരുന്നു എന്ന് മത്തായി 27:16 ൽ പറയുന്നു. ഗോൽഗോഥായിൽ മൂന്ന് കുരിശുകൾ ഉണ്ടായിരുന്നു. രണ്ട് വശങ്ങളിലുമുള്ള രണ്ട് കുരിശുകൾ കുറ്റക്കാർക്ക് വേണ്ടി ഉണ്ടാക്കിയവയാണ്. ആർക്കുവേണ്ടിയായിരുന്നു മദ്ധ്യത്തിലുള്ള കുരിശ് യേശുവിന് വേണ്ടിയോ? അല്ല. അത് ബറബ്ബാസിന് വേണ്ടി ഉണ്ടാക്കപ്പെട്ടതായിരുന്നു. യേശു അവന്റെ സ്ഥാനം ഏറ്റെടുത്തു. യെശയ്യാവ് 53-ൽ പറയുന്നു യേശു നമ്മുടെ സ്ഥാനം ഏറ്റെടുത്തു എന്ന്.



യെശയ്യാവ് 53:4–6 വരെയുള്ള വാക്യങ്ങൾ നോക്കാം “സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചു മിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമ ങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി”.

***രണ്ടാമതായി ഈ ഉടമ്പടി മൂലം ദൈവം നമുക്ക് തന്നെതന്നെയും അവനുള്ള സകലവും നല്കി.***

നമുക്കനുഭവിപ്പാനായി യേശുക്രിസ്തുവിൽ കൂടി നമുക്ക് ലഭിച്ച ചില പ്രധാനപ്പെട്ട കാര്യങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത് (അതിന്റെ എതിരായിട്ടുള്ളവ ശ്രദ്ധിച്ചു നോക്കുക) ഇവയിൽ ചിലത് ഭാരങ്ങളും മറ്റുള്ളവ പാപങ്ങളുമാണ്. ഒരു ഭാരം എന്നു പറയുന്നത് നിങ്ങളെ തളർത്തുന്നതും, മറ്റുള്ളവർ നിങ്ങളുടെ മേൽ വെച്ചുകെട്ടുന്നതുമായിരിക്കും. (എബ്രാ 12:1) (ഈ ഉദാഹരണങ്ങളിൽ പലതും Derek Prince ന്റെ പഠനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളവയാണ്)

1. നാം ക്ഷമിക്കപ്പെടുന്നതിനായി യേശു ശിക്ഷിക്കപ്പെട്ടു

(യെശ 53:4–5, എഫേ 4:32, കൊലോ 2:13).

2. നമുക്ക് സൗഖ്യം ലഭിക്കുവാൻ യേശു മുറിവേറ്റു

(യെശ 53:4–5, മത്താ 8:16–17, 1 പത്രോ 2:24).

3. അവന്റെ നീതീകരണത്താൽ നാം നീതീകരിക്കപ്പെടുന്നതിന് യേശു നമ്മുടെ പാപങ്ങളോടു കൂടെ പാപം ആയിത്തീർന്നു (യെശ 53:10, 2കോരി 5:21). നീതീകരണം എന്നതിന്റെ അർത്ഥം ദൈവവുമായി നിരപ്പ് പ്രാപിക്കപ്പെട്ട അവസ്ഥ എന്നാണ്. (റോമ 3:22, 4:6, 10:10).

4. നാം അവന്റെ ജീവനിൽ പങ്കാളികളാകേണ്ടതിന് യേശു നമ്മുടെ മരണം ഏറ്റെടുത്തു മരിച്ചു. പാപത്തിന്റെ ശമ്പളം മരണമത്രേ (റോമ 6:23, എബ്രാ 2:9, യോഹ 8:52).

5. നാം അനുഗ്രഹങ്ങൾ പ്രാപിക്കേണ്ടതിന് യേശു ശാപമായിത്തീർന്നു (ഗലാ 3:13–14, ആവർ 21:22–23, ആവർ 28:1–13).

**ചില ശാപങ്ങൾ**

മാനസ്സികവും വൈകാരികവുമായ പ്രശ്നങ്ങൾ.

തുടർച്ചയായും ആവർത്തിച്ചും ഉണ്ടാകുന്ന രോഗങ്ങൾ, പ്രത്യേ

കിച്ചും പാരമ്പര്യ രോഗങ്ങൾ

തുടർച്ചയായുണ്ടാകുന്ന സ്ത്രീജന്യ രോഗങ്ങൾ, ഗർഭം അലസി പ്പോകുക മുതലായവ.

കുടുംബത്തിന്റെയും വിവാഹത്തിന്റെയും തകർച്ചകൾ-തെറ്റായ പങ്കാളിയുമായുള്ള വിവാഹം.

തുടർച്ചയായുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ, പ്രത്യേകിച്ച് വരുമാനം മോശമല്ലാത്ത അവസരങ്ങളിൽ ഉണ്ടാകുന്ന സാമ്പത്തിക പ്രയാസങ്ങൾ,

അപകടങ്ങൾ കൂടെക്കൂടെ ഉണ്ടാവുക

അസ്വാഭാവിക മരണങ്ങൾ, ആത്മഹത്യകൾ

മദ്യത്തിനും മയക്കു മരുന്നുകൾക്കും അടിമപ്പെടുക.

അധികാരികളോട് ശത്രുത്വം.

അസ്വാഭാവിക ലൈംഗീകാസക്തി.

*ക്രൂശിന്റെ ശക്തി ജീവിതത്തിൽ അനുഭവമാക്കിയാൽ ഈ പറയ പ്പെട്ടതും അല്ലാത്തതുമായ ശാപങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കാം. അതിന് തയ്യാറാകുക.*

6. നാം അവന്റെ സമൃദ്ധിയിൽ പങ്കുകാരാകേണ്ടതിന് യേശു (നമ്മു ടെ ദാരിദ്ര്യം ഏറ്റെടുത്തു) ദരിദ്രനായിത്തീർന്നു (2 കൊരി 8:9, 9:8).

ആവശ്യത്തിനുള്ളത് മതി എന്ന അർത്ഥമല്ല സമൃദ്ധിയിൽ അടങ്ങി യിരിക്കുന്നത്. മറ്റുള്ളവർക്ക് അനുഗ്രഹകാരണമായി തീരത്തക്കവണ്ണം ധാരാളമായി ഉള്ള അവസ്ഥയാണ് സമൃദ്ധി എന്നതിൽ അർത്ഥമാക്കി യിരിക്കുന്നത്. യേശു ക്രൂശിൽ വിശപ്പും, ദാഹവും, നഗ്നതയും എല്ലാം അനുഭവിച്ചു.

7. അവന്റെ മഹത്വത്തിൽ നാം പങ്കാളിയായിത്തീരേണ്ടതിന് യേശു നമ്മുടെ നിന്ദ അവന്റെ മേൽ വഹിച്ചു (മത്താ 27:35-36).

എബ്രായർ 2:10-ൽ യേശു അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുന്ന (നിന്ദയിലേക്കല്ല) എന്ന് പറഞ്ഞിരിക്കുന്നു.

നമുക്ക് പരിശുദ്ധാത്മാവിനെ പൂർണ്ണമായി പ്രാപിക്കുവാൻ കഴിയും. പരിശുദ്ധാത്മാവ് നിന്ദയ്ക്ക് എതിരായി പ്രവർത്തിക്കുന്നു.

തെറ്റായ രീതിയിലുള്ള ലൈംഗീകത അപമാനത്തിന് ഇടയാക്കു ന്നു. നിന്ദയിൽ കൂടി നമുക്ക് അപകർഷതാബോധം ഉണ്ടാകുന്നു. അതു മാത്രമല്ല സ്വയത്തെ ഉയർത്തുവാനുള്ള പ്രശ്നങ്ങളും അപമാനത്തിൽ കൂടി ഉണ്ടാകുന്നു.

8. നമുക്ക് പിതാവായ ദൈവത്തിന്റെ സ്വീകാരം ലഭിക്കേണ്ടതിന്

യേശു നമുക്ക് വേണ്ടി ത്യജിക്കപ്പെട്ടു. (കൈവിടപ്പെട്ടു) (മത്താ 27:45–51). പിതാവായ ദൈവം യേശുവിങ്കൽ നിന്നും തന്റെ മുഖം മറയ്ക്കുകയും നമുക്കു വേണ്ടി അവനെ ത്യജിക്കുകയും ചെയ്തു. നാം പിതാവിനാൽ അംഗീകരിക്കപ്പെട്ടു എന്ന് എഫേ 1:6–ൽ പറയുന്നു.

മനുഷ്യർ മറ്റുള്ളവരാൽ അംഗീകരിക്കപ്പെടണമെന്ന്, പരിഗണിക്കപ്പെടണമെന്നും താല്പര്യമുള്ളവരാണ്. യേശുവിന് മാത്രമേ ഈ അംഗീകാരം നല്കുവാൻ കഴിയുകയുള്ളൂ. അവന്റെ സഭയാണ് പരിഗണിക്കപ്പെടുവാനുള്ള സ്ഥലം. കുട്ടികൾ പിതാവിന്റെ അംഗീകാരം ആഗ്രഹിക്കുന്നു. സ്നേഹം പരസ്യമായി പ്രക്ടിപ്പിക്കപ്പെടണം. വിവാഹമോചനം അവഗണിക്കപ്പെട്ട അവസ്ഥയുണ്ടാക്കുന്നു (യെശ 4:6).

യേശു ഹൃദയം തകർന്ന് മരിച്ചു. “അതുകൊണ്ട് ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈകൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈകൊൾവിൻ” (റോമ15:7). നമ്മുടെ പാപാവസ്ഥയിൽ ദൈവം നമ്മെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു (എഫെ1:3–6).

9. നാം നിത്യകാലം ദൈവീക സാന്നിധ്യം അനുഭവിക്കേണ്ടതിന് യേശു മരണം മൂലം പിതാവിങ്കൽ നിന്നും അകന്ന് പോയി (മത്താ27:6, യെശ53:8, എബ്രാ10:21–22, കൊലൊ1:27, എഫേ3:16–20). നമ്മുടെ വൈകാരികമായ സുരക്ഷിതത്വത്തിന് തൃപ്തി വന്നു. ദൈവസാന്നിധ്യം നമുക്ക് നല്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പൂർണ്ണത നമുക്ക് ലഭ്യമായി (അപ്പോ.പ്ര1:8).

10. അവനിൽ നമ്മുടെ പഴയ മനുഷ്യൻ (പാപപ്രകൃതം) മരിച്ചു, നമ്മിൽ പുതിയ മനുഷ്യൻ (ക്രിസ്തുവിന്റെ സ്വഭാവം) ലഭിക്കുന്നതിനിടയായി (റോമ6:6, ഗലാ2:20). പാപം ക്ഷമിക്കപ്പെടുന്നത് വലിയ കാര്യമാണ്. എന്നാൽ പാപപ്രകൃതമുള്ള മനുഷ്യനെ ഒഴിവാക്കി കിട്ടുന്നത് അതിനേക്കാൾ എത്രയോ വലിയ കാര്യമാണ്.

11. നാം സന്തോഷവും, ആനന്ദവും ഉള്ളവരായി തീരേണ്ടതിന് യേശു നമ്മുടെ ദുഃഖങ്ങളും വേദനകളും സഹിച്ചു (യെശ53, 35:10, 51:11) .ഏറ്റവും അടുത്ത സ്നേഹമുള്ള ഒരാളുടെ മരണവും നഷ്ടവും അപകടങ്ങളും തീരാത്തദുഃഖവും ആകുലചിന്തകൾ എല്ലാം മനുഷ്യനെ നിരാശയിലേക്ക് നടത്തും, ഒരു പക്ഷേ ആത്മഹത്യയ്ക്ക് പോലും പ്രേരിപ്പിക്കും. പരിശുദ്ധാത്മാവ് നമുക്ക് സന്തോഷം പ്രദാനം ചെയ്യുന്നു.

12. നാം കൃപയാൽ ജീവിക്കേണ്ടതിന് യേശു നമുക്ക് വേണ്ടി ന്യായപ്രമാണം നിവർത്തിച്ചു (റോമ7:6, എഫേ2:8–9, ഗലാ3:1–3). ന്യായപ്രമാണ വ്യവസ്ഥ അനുസരിച്ച് ജീവിക്കുക എന്നാൽ ജഡത്തിന്റെ ശക്തിയെയാണ് പ്രോത്സാഹിപ്പിക്കുന്നത് (1കോരി15:56). അത് നിരാശയിലേക്കും പരാജയത്തിലേക്കും, പിന്മാറ്റത്തിലേക്കും വഴി നടത്തും.

13. നാം സമാധാനം അനുഭവിക്കേണ്ടതിന് കഷ്ടം അനുഭവിച്ചു. (യെശ53:5, ഫിലി4:7).

14. നമ്മെ വിലയുള്ളവരാക്കിത്തീർക്കുന്നതിന് യേശു വില കുറഞ്ഞവനായിത്തീർന്നു. അവൻ ഒരു അടിമയുടെ വിലയ്ക്ക് വില്ക്കപ്പെട്ടു(മത്താ26:15, 1പത്രോ1:18-19). ദൈവം നമുക്ക് വേണ്ടി ചിലവഴിച്ച വിലയാണ് നമ്മെ വിലയുള്ളവരാക്കിത്തീർത്തത്.

15. നമ്മെ ലോകത്തിൽ നിന്ന് അതായത്, ഈ ദുഷ്ടലോകത്തിൽ നിന്ന് വിടുവിക്കുന്നതിനായി യേശുവിനെ ലോകം പിടിച്ചു (ഗലാ1:4, 6:14). ലോകം നമുക്കും, നാം ലോകത്തിനും ക്രൂശിക്കപ്പെട്ടു.

16. ദുഷ്ടതയെ അതിജീവിച്ചു. നമുക്ക് ദുഷ്ടന്റെ മേൽ വിജയം ലഭിക്കേണ്ടതിന് യേശു ദുഷ്ടതയാൽ തോറ്റു(എന്നുതോന്നാം)

## ക്രൂശ് അനിവാര്യമായിരുന്നു

ക്രൂശ് സാത്താനെ നിരായുധനാക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു; എന്ന് മാത്രമല്ല നിന്റെ നേർക്ക് വരുന്നു എന്ന് തോന്നിയ എല്ലാ ദുഷ്ടതയെയും തോല്പിച്ചു. നീ തൊടുന്നതെല്ലാം അനുഗ്രഹകരമായി തീരുവാനിടയാക്കി. കൊലൊസ്യർ 2:14-15 വാക്യങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച് ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറെച്ചു നടുവിൽ നിന്ന് നീക്കിക്കളഞ്ഞു, വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി"*(മർക്കോ16:15-19 വരെയും റോമ6:9 ഉം വായിക്കുക).*

## ക്രൂശിൽകൂടി സകലതും നിരപ്പിക്കപ്പെട്ടു

ആളുകൾ മാത്രമല്ല, സകലകാര്യങ്ങളും നിരപ്പിലായി. "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ, സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി"(കൊലൊ1:20). 'നിരപ്പ്' എന്നത് ശക്തിമത്തായ വാക്കാണ്. സ്ട്രോംഗ്സിന്റെ കൺകോർഡൻസ് (2) പുസ്തകത്തിൽ "മുമ്പുണ്ടായിരുന്ന സൗഹാർദ്ദാന്തരീക്ഷത്തിലേക്ക് മടക്കിക്കൊണ്ടുവരിക" എന്നാണ് ഇതിന് പറഞ്ഞിരിക്കുന്ന നിർവ്വചനം. "കേടുപാടു പരിഹരിക്കുക, പ്രവർത്തിക്കതക്കവിധം നന്നാക്കിയെടുക്കുക, എതിർക്കുന്ന രണ്ട് ആശയങ്ങൾ തമ്മിലോ, കൂട്ടങ്ങൾ തമ്മിലോ രമ്യത ഉണ്ടാക്കുക" എന്നെല്ലാം ഇതിന് അർത്ഥം ഉണ്ട്.

ശത്രുതയിൽ നിന്ന് സ്നേഹത്തിലേക്ക് മാറുന്ന അവസ്ഥ എന്നാണ് വൈൻസ് ബൈബിൾ നിഘണ്ടു (3) നിരപ്പിന് നല്കുന്ന നിർവ്വചനം.

ആളുകളായിരുന്നാലും, ദുഷ്ടാത്മാക്കളായിരുന്നാലും, സാഹചര്യങ്ങ ളായിരുന്നാലും, രോഗങ്ങളോ, ക്ഷാമമോ എന്തു തന്നെ ആയിരുന്നാലും യേശു ക്രിസ്തുവിന്റെ ക്രൂശ് നമ്മുടെ എല്ലാ ശത്രുക്കളെയും, തിന്മക ളെയും മിത്രമാക്കി മാറ്റുന്നു

2കൊരിന്ത്യാർ 5:18 ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അതിനൊ ക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു; നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു." ഇതാണ് ഈ ഭൂമിയിൽ നമുക്ക് ചെയ്യുവാനുള്ള ശുശ്രൂഷ. നമ്മുടെ ജീവിതത്തിലെ എല്ലാ ശത്രുക്കളെയും യേശു കർത്താവിന്റെ ക്രൂശിലെ രക്തത്തിൽ കഴുകി അവരെ മിത്രങ്ങളാക്കി മാറ്റുക. ഇത് സത്യമാണെന്ന് ദൈവവചനത്തിൽ കൂടെയും എന്റെ അനുഭവത്തിൽ നിന്നും പറയു വാൻ കഴിയും. നിങ്ങൾ അതിനായി പരിശ്രമിക്കുമെങ്കിൽ അത് സാദ്ധ്യ മായിത്തീരും.

ക്രൂശിന്റെ പ്രയോജനങ്ങൾ നിങ്ങളുടെ ജീവിതത്തിൽ എങ്ങനെ യാഥാർത്ഥ്യമാക്കിത്തീർക്കാം? ദൈവവുമായി എങ്ങനെ നിങ്ങൾക്ക് അടുത്ത ബന്ധം പുലർത്താം?. ഒരേ ഒരു മാർഗ്ഗമേയുള്ളൂ. നീ നിന്റെ ക്രൂശ് എടുക്കുവൻ തയ്യാറാകണം.

***നമ്മുടെ ക്രൂശുമായി യേശുക്രിസ്തുവിന്റെ ക്രൂശിനെ ബന്ധിപ്പിക്കാതിരുന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശ് ബലഹീനമായിരിക്കും. പരസ്പരം ബന്ധിക്കപ്പെടുമ്പോൾ മാത്രമേ രക്ത ഉടമ്പടി നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകൂ.***

**തിരഞ്ഞെടുക്കുവാനുള്ള നമ്മുടെ ശക്തിയെ പലരും വില കുറച്ച് കാണാറുണ്ട്**

ദൈവശക്തി കഴിഞ്ഞാൽ ലോകത്തിലേക്കും വലിയ രണ്ടാമത്തെ ശക്തി ഇതാണ്. "പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് നാൾ തോറും തന്റ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വ ലോകവും നേടീട്ട് തന്നെത്താൻ നഷ്ടമാക്കി കളഞ്ഞാൽ അവന് എന്തു പ്രയോജനം?" (ലൂക്കോ9:23-25).

നിങ്ങളുടെ കുരിശ് എടുക്കുവാൻ നിങ്ങൾ തയ്യാറാണോ എന്നതിന്റെ ഒരു പരിശോധന നടത്താം. താഴെപ്പറയുന്ന ഓരോ ചോദ്യത്തിനും 'അതെ' അല്ലെങ്കിൽ 'അല്ല' എന്ന് രേഖപ്പെടുത്തുക. നന്നായി ആലോ ചിച്ച് സമർപ്പണത്തോടെ വേണം ഉത്തരം എഴുതേണ്ടത്. ജീവനേയും മരണത്തെയും സംബന്ധിക്കുന്ന ഗൗരവമായ കാര്യങ്ങളാണിവ. ദൈവ ത്തോട് ഭോഷ്ക് പറയരുത്; നിങ്ങളെത്തന്നെ സ്വയം വഞ്ചിക്കരുത്.

നിങ്ങൾക്ക് ഉത്തമ മനസ്സാക്ഷിയോടെ ഉത്തരം എഴുതാൻ കഴിയുന്നില്ലെങ്കിൽ, എഴുതാതെ വിടുന്നതാണ് നല്ലത്.

........... എന്റെ ഭാരം പാപം മുതലായ അവസ്ഥയെക്കുറിച്ച് ഞാൻ പൂർണ്ണമായും സത്യസന്ധതയുള്ളവനായിരിക്കുവാൻ ഞാൻ തയ്യാറാണ്.

................ എന്റെ പാപങ്ങൾ മൂലം ഞാൻ പരിക്ഷീണിതനാണ്, എനിക്ക് അവയിൽ നിന്ന് മോചനം വേണം.

.................. എന്റെ സ്വന്ത പരിശ്രമം കൊണ്ട് ജീവിതം നന്നാക്കാൻ ശ്രമിച്ച് ഞാൻ പരാജിതനാണ്. ദൈവത്തിങ്കലേക്ക് തിരിഞ്ഞ് അവന്റെ ഇഷ്ടപ്രകാരം ഫലപ്രദമായ ഒരു ജീവിതം നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

............... ഞാൻ അനുതപിച്ച് ഇപ്പോഴത്തെ വഴിയിൽ നിന്ന് തിരിയുവാൻ ആഗ്രഹിക്കുന്നു. അതിന് ദൈവത്തിന്റെ സഹായത്തിനായി ഞാൻ അപേക്ഷിക്കുന്നു.

.............. ലോകമയമായ കാര്യങ്ങളിൽ നിന്നും പിൻതരിയുവാൻ ഞാൻ താല്പര്യപ്പെടുന്നു.

........... എന്റെ ഭാരവും പാപവും യേശു ഏറ്റെടുക്കുന്നതിനെക്കുറിച്ച് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത് ഞാൻ വിശ്വസിക്കുന്നു.

................ യേശുവിനെ ഞാൻ എന്റെ കർത്താവും യജമാനനുമായി അംഗീകരിക്കുന്നു. അവന്റെ വചനവും, ദൈവാത്മാവിന്റെ നടത്തിപ്പും അനുസരിച്ച് അവനെ അനുഗമിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

............. എന്റെ ഇഷ്ടത്തിന് പകരം ദൈവ ഇഷ്ടം അനുസരിച്ച് ഞാൻ പ്രവർത്തിക്കും. എന്നെ ഉപദ്രവിക്കുന്നവരോട് ഞാൻ ക്ഷമിക്കും.

................ എന്റെ മനസ്സിന് പകരം ദൈവത്തിന്റെ മനസ്സിനെ ഞാൻ അംഗീകരിക്കുന്നു.

.................. എന്റെ വൈകാരിക താല്പര്യങ്ങൾക്ക് പകരം ദൈവീക താല്പര്യങ്ങൾ ഞാൻ സ്വീകരിക്കും.

.............. കഷ്ടതകൾ സഹിക്കുവാൻ ഞാൻ തയ്യാറാണ്, യേശുവിനെക്കുറിച്ച് ഞാൻ ലജ്ജിക്കയില്ല.

................... സമൂഹത്തിൽ നിന്നും വ്യത്യസ്തമായ ജീവിതം നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ എന്നെക്കുറിച്ച് എന്തു വിചാരിക്കും എന്നത് എനിക്ക് പ്രശ്നമല്ല.

................ ദൈവം എനിക്ക് ഇപ്പോൾ തന്നിട്ടുള്ള കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

................ ഓരോ ദിവസവും ദൈവവചനം അനുസരിച്ച് ഞാൻ

ജീവിക്കും; ദൈവവചനത്തിന് എന്റെ ജീവിതത്തിൽ ഞാൻ കൂടുതൽ സമയം നല്കും.

........... യേശുവിലും അവന്റെ വചനത്തിലും നിലനിന്ന്, അവനെ എന്റെ കർത്താവായി തുടർന്നും വിശ്വസിക്കും. ദൈവമായുള്ള സജീവമായ ബന്ധം കാത്തുസൂക്ഷിക്കുന്നതിന് ഞാൻ മുൻഗണന നല്കും.

................. എത്ര സമയം വേണ്ടി വന്നാലും ഞാൻ സാത്താന്റെ കള്ളത്തരങ്ങളോട് എതിർത്ത് നില്ക്കും.

................ ആൾക്കൂട്ടത്തിൽ നിന്നും ഒഴിഞ്ഞ് മാറി ദൈവത്തിൽ മറഞ്ഞിരിക്കുവാൻ ഞാൻ താല്പര്യപ്പെടുന്നു.

............ മറ്റുള്ളവർ എന്നെക്കുറിച്ച് എന്ത് വിചാരിക്കും എന്ന അഹന്ത വിട്ട്, ദൈവത്തിനുള്ളത് എല്ലാം എനിക്ക് നല്കേണമേ എന്ന് ഞാൻ പ്രർത്ഥിക്കും.

................ ഓരോ ദിവസവും യേശുവുമായി നല്ല ബന്ധത്തിൽ ഞാൻ സമയം ചിലവഴിക്കും. സത്യസന്ധതയോടെ ഞാൻ എന്റെ ഹൃദയം അവന്റെ മുമ്പിൽ പകരും.

**ഇപ്പോൾതന്നെ സ്വീകരിക്കുക**

നമുക്ക് ഇപ്പോൾ ചില കാര്യങ്ങൾ കൈമാറ്റം ചെയ്യാം



നിർദ്ദേശങ്ങൾ:

മുകളിൽ നല്കിയ ചോദ്യങ്ങൾക്കെല്ലാം 'അതെ' എന്ന ഉത്തരമാണ് നിങ്ങൾ രേഖപ്പെടുത്തിയതെങ്കിൽ നിങ്ങൾക്ക് തുടരാം. 'അതെ' എന്ന് നിങ്ങൾ എഴുതിയിട്ടില്ലെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ ഒരു മാറ്റം ഉണ്ടാകുന്നതിന് ദൈവത്തോട് അപേക്ഷിക്കുക. ദൈവത്തിന് അപ്രകാരം ചെയ്യുവാൻ കഴിയും.

1. നിങ്ങളുടെ ജീവിതത്തോടു ബന്ധപ്പെട്ട പ്രസ്താവനകൾ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

2. ദൈവചനം ശ്രദ്ധിച്ച് വായിച്ച് നിങ്ങളുടെ കുറവുകളെ നിങ്ങളുടെ അധരം കൊണ്ട് ഏറ്റുപറയുക.

3. അവ ഒരു പേപ്പറിൽ എഴുതി ഓരോ ദിവസവും ഉച്ചത്തിൽ വായിക്കുക.

പാർട്ട്-2

**രക്ത ഉടമ്പടിയിലടങ്ങിയിരിക്കുന്ന രണ്ട് വ്യക്തികൾ തമ്മിലുള്ള അടുപ്പത്തെക്കുറിച്ച് തുടർന്ന് നമുക്ക് ചിന്തിക്കാം**

അടുപ്പം എന്നതിനെക്കുറിച്ച് അധികം ആളുകളും ശരിയായി മനസ്സിലാക്കിയിട്ടില്ല എന്നാണ് ഞാൻ കരുതുന്നത്. കൂട്ടായ്മക്കായി(അടുപ്പത്തിനായി)ഉള്ള താല്പര്യത്തോടു കൂടെയാണ് ദൈവം ഓരോ വ്യക്തിയെയും സൃഷ്ടിച്ചത്. നമ്മൾ എല്ലാവരും ഇത് ആഗ്രഹിക്കുന്നവരാണ്, എന്നാൽ ഇത് എങ്ങനെ സ്വായത്തമാക്കാമെന്നും, പ്രകടിപ്പിക്കാം എന്നും ശരിയായ അറിവ് ഇല്ല. അടുപ്പത്തെ മനുഷ്യൻ പല വിധത്തിൽ ദുരുപയോഗം ചെയ്തിട്ടുണ്ട്.

പല ആളുകളും അടുപ്പത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ലൈംഗീകതയെക്കുറിച്ചാണ് ചിന്തിക്കുന്നത്. ലൈംഗീകത എന്നുള്ളത് ആ വിധത്തിലുള്ള അടുപ്പത്തിന്റെ ഒരു ചെറിയ അംശം മാത്രമാണ്, അതല്ല പ്രധാനപ്പെട്ട ഘടകം.

***ഒരു ശിശു എന്നനിലയിലുള്ള അടുപ്പം***

ശിശുക്കൾക്ക് അടുപ്പമില്ലങ്കിൽ അവർ മരിക്കുവാനിടയാകും എന്ന് ഡോക്ടർമാർ കണ്ടുപിടിച്ചിട്ടുണ്ട്. മക്കളെന്ന നിലയിൽ മാതാപിതാക്കന്മാരോട് അടുത്ത സ്നേഹമുള്ളവരായിട്ടാണ് നമ്മെ രൂപപ്പെടുത്തിയിരിക്കുന്നത്. അനേക മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് യഥാർത്ഥ അടുത്ത സ്നേഹം കൊടുക്കാതെ അവരെ മുറിവേല്പിച്ച് കൊണ്ടാണിരിക്കുന്നത്. സ്നേഹത്തോടെ തലോടുന്നതും കരയുന്നതും ഒക്കെ ശരിയായ കാര്യമല്ലെന്ന് അവർ മക്കളെ പഠിപ്പിക്കുന്നു. അവരുടെ ആവശ്യങ്ങൾ തെറ്റായ രീതിയിൽ പ്രത്യക്ഷപ്പെടും എന്നറിയാതെ അവർ മക്കളോട് അവരുടെ ആവശ്യങ്ങളെ മൂടിവെയ്ക്കുവാൻ ആവശ്യപ്പെടുന്നു. നമുക്കെല്ലാവർക്കും നല്ല പിതാക്കന്മാർ ആകണമെന്നാഗ്രഹമുണ്ട്. പിതാവിനോടുള്ള ബന്ധം തകർന്നതിന്റെ ഫലമായിട്ടാണ് പല ദുഷ്പരിചയങ്ങളുടെയും ആരംഭം എന്ന് കണ്ടെത്തുവാൻ കഴിയും.

***പങ്കാളികളുമായുള്ള അടുപ്പം***

വിവാഹത്തിനു മുമ്പേ പലരും ഭാവിയിൽ പങ്കാളിയാകുവാൻ പോകുന്ന ആളിനെ അടുത്ത് സ്നേഹിക്കും എന്നാൽ വിവാഹത്തിന് ശേഷം പലരും അവരെ അടിമകളെപ്പോലെയാണ് കാണുന്നത്.. വാസ്തവത്തിൽ നാം അടുത്ത സ്നേഹം തുടരണമെന്ന് മാത്രമല്ല മുമ്പിലത്തെക്കാൾ അധികം സ്നേഹവും അടുപ്പവും കാണിക്കേണ്ടതാണ്.

***ദൈവവുമായുള്ള അടുപ്പം***

ദൈവം നമ്മോട് അടുത്ത ബന്ധം പുലർത്തുവാൻ ആഗ്രഹിക്കു

ന്നു. അവൻ നമുക്ക് ഉത്തമഗീതങ്ങൾ(ശലോമോന്റെ ഗാനങ്ങൾ) അതിനുദാഹരണമായി നല്കിയിരിക്കുന്നു. ഉത്തമഗീതം 2:14, 7:13, 8:6-7 എന്നീ വാക്യങ്ങൾ വായിച്ച് നോക്കുക. ലൂക്കോസ് 10:39-ൽ യേശുവിന്റെ കാല്ക്കലിരുന്ന് അവന്റെ വചനം ശ്രദ്ധിക്കുന്ന മറിയയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അത് ഏറ്റവും വിലപ്പെട്ട കാര്യമാണെന്ന് യേശു കരുതി.

***വാക്കുകളിൽ കൂടിയും, നോട്ടത്തിൽ കൂടിയും, പരസ്പരം സമയം ചിലവഴിക്കുന്നതിൽ കൂടിയും ആണ് ഈ അടുപ്പം ആരംഭിക്കുന്നത്.***

അടുത്ത സ്നേഹത്തിൽ രണ്ട് വ്യക്തികൾ മാത്രമേ ഉൾപ്പെടുകയുള്ളൂ. മറ്റാരും ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം രണ്ടു കൂട്ടരും അറിഞ്ഞിരിക്കേണ്ടതാണ്. തന്റെ പങ്കാളി തന്നോടു മാത്രം കടപ്പെട്ടിരിക്കുന്നു എന്ന് അവർ അറിയേണ്ടതാണ്. ഇത് ഏകപക്ഷീയമായ കാഴചപ്പാടല്ലെന്ന് ചിലർ പറഞ്ഞേക്കാം. നമുക്ക് നമ്മുടെ കർത്താവിനോടുള്ള ബന്ധത്തോട് ഉപമിച്ച് വിവാഹബന്ധത്തെ ചിത്രീകരിച്ചിട്ടുണ്ട്.

***അടുപ്പത്തിന് സംസാരിക്കുന്നതിനും കേൾക്കുന്നതിനും സമയം എടുക്കേണ്ടതാവശ്യമാണ്***

മറ്റൊരാളുമായി സമയം ചിലവഴിക്കുന്നതിനുള്ള താല്പര്യം ഉണ്ടായിരിക്കും. സ്വച്ഛജഡമാംസിതൈലവുമായി യേശുവിന്റെ അടുക്കൽ വന്ന സ്ത്രീയെ അതിന് ഉദാഹരണമായി കാണാവുന്നതാണ് (മർക്കോ14:3). ഈ വിധത്തിലുള്ള ചിലവ് ഒരു വെറും ചിലവല്ല എന്ന് യേശു മനസ്സിലാക്കി. അത് സുവിശേഷത്തിന്റെ ഭാഗമാണെന്നും, സുവിശേഷം ഇതുപോലുള്ള പ്രവർത്തനത്തിലേക്ക് വഴി നടത്തേണ്ടതാണെന്നും യേശു പറഞ്ഞു.

***ആൾക്കൂട്ടത്തിൽ നിന്നും ഒഴിഞ്ഞ് മാറി മാത്രമേ ഒരു വ്യക്തിയുമായി ഇഴയടുപ്പമുള്ള ബന്ധം സാദ്ധ്യമായിത്തീരുകയുള്ളൂ***

വേറൊരാളിൽ സ്വയം നഷ്ടപ്പെടുന്ന അവസ്ഥയാണിത്. മത്തായി 19-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ധനവാനായ ന്യായശാസ്ത്രിയ്ക്ക് വാസ്തവത്തിൽ ദൈവവുമായി അടുത്ത ബന്ധം ആവശ്യമായിരുന്നില്ല, അവന് മതപരമായ കാര്യങ്ങളിൽ മാത്രമായിരുന്നു താല്പര്യം. ദൈവത്തോടുള്ള അടുത്ത ബന്ധത്തെക്കാൾ അധികം തന്റെ വസ്തു വകകളോടായിരുന്നു അവന് താല്പര്യം. എന്നാൽ മർക്കോസ് 10:46-ൽ കാണുന്ന ബർത്തിമായി എന്ന കുരുടനെ നോക്കുക. അവനും ആശ്രയിക്കുവാൻ ചില കാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവൻ ആശ്രയിച്ചിരുന്ന ഭിക്ഷക്കാരന്റെ പുതപ്പ് വലിച്ചെറിഞ്ഞ് യേശുവിങ്കൽ പൂർണ്ണമായി തന്നെ ഏല്പിച്ച് കൊടുത്തു.

***മോശ ദൈവവുമായി അടുത്ത ബന്ധം ആഗ്രഹിച്ചിരുന്നു*** കത്തുന്ന മുൾപ്പടർപ്പിനരികെ നിന്ന മോശയ്ക്ക് ദൈവസാന്നിധ്യത്തിന്റെ സ്വാദ് മനസ്സിലായി. പിന്നീട് പുറപ്പാട് 33-ാം അദ്ധ്യായത്തിൽ ദൈവമഹത്വം കാണുവാൻ അവൻ ദൈവത്തോട് യാചിക്കുന്നു. എങ്ങനെയായാലും മോശെയ്ക്ക് ദൈവമഹത്വം കാണണം. നാം ക്രിസ്തുവിൽ മരിച്ച്, മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു പറയുമെന്ന് ചിന്തിക്കാതെ ദൈവത്തിൽ മറഞ്ഞിരിക്കേണ്ടതാവശ്യമാണ്.

***91-ാം സങ്കീർത്തനം അത്യുന്നതന്റെ രഹസ്യസങ്കേതത്തെക്കുറിച്ച് വിവരിക്കുന്നു***

ഉത്തമഗീതം 2:14-ാം വാക്യത്തിൽ, ആ രഹസ്യസങ്കേതം അടുത്ത ബന്ധത്തിന്റെ സ്ഥലമാണെന്നും അവിടെ രണ്ട് വ്യക്തികൾ തമ്മിൽ മുഖാമുഖം കാണുകയും പരസ്പരം കേൾക്കുകയും ചെയ്യുന്നു എന്നും പറഞ്ഞിരിക്കുന്നു.

അപ്പോസ്തലപ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ 120 പേർ വേറിട്ട് വന്ന് ദൈവസാന്നിദ്ധ്യത്തിലും അതിനുവേണ്ടിയും സമയം ചിലവഴിച്ചു.

***ആഴമായ ബന്ധത്തിന് ഉപയോഗിച്ചിട്ടുള്ള 'യാദാ' എന്ന വാക്ക് ശക്തമായ ഒന്നാണ്***

ഉല്പത്തി4:1-ൽ ആദാം ഹവ്വയെ 'അറിഞ്ഞു' (പരിഗ്രഹിച്ചു) അവൾ ഗർഭം ധരിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. 'യാദാ' എന്ന എബ്രായ വാക്കിന്റെ അർത്ഥം അടുത്ത് അറിയുക എന്നാണ്. ആ വാക്ക് വീണ്ടും സദൃശ്യവാക്യങ്ങൾ 3:4-5 വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക, അവൻ നിന്റെ പാതകളെ നേരെയാക്കും എന്ന് അവിടെ പറഞ്ഞിരിക്കുന്നു. നിനക്കുക എന്നത് 'യാദാ' എന്ന വാക്കിൽ നിന്നാണ്. യോഹന്നാൻ 17:3-ൽ തന്നെയും പിതാവായ ദൈവത്തെയും അറിയുന്നതാണ് (യാദാ) നിത്യജീവൻ എന്ന് യേശു പറഞ്ഞു.

ദൈവത്തോടും നിന്റെ പങ്കാളിയോടുമുള്ള അടുത്ത ബന്ധം ഒന്നാകുന്ന അനുഭവത്തിലേക്ക് നടത്തേണ്ടതാണ്. രണ്ടു വ്യക്തികൾ ഒന്നായിത്തീരുന്നു. യേശുവിന് മാറ്റം ഉണ്ടായി അവൻ നമുക്ക് വേണ്ടി പാപമായിത്തീർന്നു. നമ്മിൽ മാറ്റം ഉണ്ടായി നമുക്ക് അവനുമായി ഒന്നായിത്തീരുവാൻ കഴിയും.

***ലോകത്തിൽ നിന്നും ഒഴിഞ്ഞ് നിൽക്കേണ്ടതാവശ്യമാണ്***

സഭാവ്യത്യസങ്ങൾ, സ്നേഹിതൻ, കുടുംബം, പാരമ്പര്യം, അഹങ്കാരം എന്നിവയാകുന്ന ക്രൂശിനെ എടുക്കുവാൻ തയ്യാറാകുക. താഴ്ചയിലും, ഭയഭക്തിയോടും കൂടെ ദൈവത്തെ ആരാധിക്കുക, അവന്റെ മുമ്പിൽ വണങ്ങുക.

ഒഴുകുന്ന നദി പാഠത്തിൽ ധാർമ്മികമായ പാപങ്ങൾ, നമ്മുടെ ഇച്ഛാശക്തി, നമ്മുടെ ബുദ്ധി എന്നിവയുടെ ക്രൂശ് എടുക്കുന്നതിനെക്കുറിച്ച്

നാം പഠിച്ചു. ഈ മൂന്ന് രംഗങ്ങളിലും കൂടുതൽ ആഴത്തിൽ ചിന്തിക്കേണ്ടകാര്യങ്ങളാണ്. ദൈവത്തിൽ മറഞ്ഞ് ഒന്നുമല്ലാതായിത്തീരുന്ന ക്രൂശിന്റെ നിന്ദ വഹിക്കുന്ന അനുഭവമാണിത്.

ദൈവവുമായി നാം ആഴമായ ബന്ധം സ്ഥാപിക്കുന്നതിന്റെ പ്രതികരണമായി നമ്മിൽ നിന്ന് ആരാധന ഉയരണം. പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ (വെളി 4:8-11).

1 ശമുവേൽ 1,2 അദ്ധ്യായങ്ങളിൽ ഹന്നാ ദൈവത്തിന് വേണ്ടി ദാഹിച്ചതിന്റെ ഫലമായി അവൾക്ക് നിന്ദയും അപമാനവും സഹിക്കേണ്ടി വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അവൾ വളരെ ആവശ്യത്തിന്റെ അവസ്ഥയിലായിരുന്നു. യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട സ്ത്രീ അവഗണിക്കപ്പെട്ടവളായിരുന്നു. എങ്കിലും അവൾ ആവശ്യഭാരത്തിലായിരുന്നു. (മത്താ 9:20)

***രക്ത ഉടമ്പടിക്ക് പകരമായി ദൈവം ആവിഷ്കരിച്ചിരിക്കുന്നതാണ് ആഴമായ ബന്ധം.***

രണ്ട് കൂട്ടർ തമ്മിൽ വാക്കുകൾ കൈമാറുന്നത് ആഴമായ ബന്ധത്തിൽ അടങ്ങിയിരിക്കുന്നു. പരസ്പരം കേൾക്കുവാനുള്ള താല്പര്യം ഇതിലുണ്ട്. യോഹന്നാൻ 6:63-ൽ യേശു പുരുഷാരത്തോട് പറഞ്ഞ കാര്യം ഓർക്കുക. "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു".

ദൈവത്തോട് സംസാരിച്ചും അവന്റെ വചനങ്ങൾ സ്വീകരിച്ചും നമുക്ക് ദൈവവുമായി ആഴമായ ബന്ധം പുലർത്തുവാൻ കഴിയും. അപ്രകാരം ചെയ്യുമ്പോൾ രക്ത ഉടമ്പടി സ്വയമായി നമ്മിലേക്ക് പകരപ്പെടുന്നു.

***ദൈവവുമായി രക്ത ഉടമ്പടിയിൽ ഏർപ്പെടുന്നതിന് നമ്മുടെ കൈയ്യിൽ മുറിവുണ്ടാക്കി നരഭോജികളെപ്പോലെ രക്തം ചിന്തേണ്ട ആവശ്യമില്ല.***

സ്വാഭാവിക ലോകവും ആത്മീയ ലോകവും തമ്മിലുള്ള ആശയവിനിമയം നടത്തുന്നതിനുള്ള മാദ്ധ്യമം വാക്കുകളാണ്. വാക്കുകളിൽ ആത്മീയ രക്തം അടങ്ങിയിരിക്കുന്നു. ആത്മീയ ലോകത്തിൽപ്പെട്ട ഒരാളും ഭൗതീക ലോകത്തിൽപ്പെട്ട ഒരാളും തമ്മിൽ രക്ത ഉടമ്പടിയിൽ ഏർപ്പെടുവാനുള്ള ഏകമാർഗ്ഗം വചനങ്ങൾ (വാക്കുകൾ) മാത്രമാണ്.

ലൂക്കോ 4:4-ൽ ഇപ്രകാരം പറയുന്നു. "യേശു അവനോട്: മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു".

എബ്രാ 4:12-ൽ "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമു

ള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും വേറുവിടിവിക്കും വരെ തുളച്ച് ചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" എന്നു പറഞ്ഞു.

***യേശു വചനം ആകുന്നു***

യേശുവാണ് മദ്ധ്യസ്ഥൻ യോഹ1:1-3 വരെ ഇപ്രകാരം പറയുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി; ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല".

യോഹ 15:7-ൽ പറയുന്നു "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്ക് കിട്ടും".

യോഹ 8:51-ൽ "ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു : എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാൺകയില്ല എന്ന് ഉത്തരം പറഞ്ഞു".

***ദൈവം നമുക്ക് സമീപസ്ഥനാണ്***

റോമർ 10:8-11 വരെ ശ്രദ്ധിക്കാം. "എന്നാൽ അത് എന്ത് പറയുന്നു? വചനം നിനക്ക് സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു. അത് ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നെ. യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായ് ഏറ്റു പറയുകയും ചെയ്യുന്നു. അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ച് പോകയില്ല എന്ന് തിരുവെഴുത്തിൽ അരുളിച്ചെയ്യുന്നുവല്ലോ".

"നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്താ12:37). ദൈവവുമായി സമയം ചിലവഴിക്കുന്നതിനും അവന്റെ വചനത്തിന് മുൻഗണന കൊടുക്കുന്നതിനും തയ്യാറാകുക. അങ്ങനെ ചെയ്താൽ ദൈവവുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നതിനും ദൈവം പകരം നല്കുന്നവ സ്വീകരിക്കുന്നതിനും സാധിക്കും.

**കാര്യങ്ങൾ തിടുക്കത്തിൽ നടക്കണമെന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ നാം ക്ഷമയുള്ളവരായിരിക്കണമെന്നാണ് ദൈവം പറയുന്നത്**

യേശു കാൽവറി ക്രൂശിൽ സകല തിന്മകളിന്മേലും വിജയം വരി

ച്ചു. എന്നാൽ കള്ളം ഇന്നും പ്രബലമാണ്. നിങ്ങളിലുള്ളതിനെ കവർന്ന് കളയുവാൻ സാത്താൻ തന്റെ സർവ്വ അടവും പ്രയോഗിക്കും. ക്ഷമ യോടെ ദൈവത്തിൽ ആശ്രയിച്ചു നിന്നാൽ നിനക്ക് വിജയിക്കുവാൻ കഴിയും.

**പോരാട്ടം ആവശ്യമായിരിക്കുന്നു; അത് നിസ്സാരമായ കാര്യമല്ല**

*നാം പ്രാർത്ഥിക്കുകയും, ആരാധിക്കുകയും, ദൈവത്തിന്റെ വാഗ്ദത്ത ങ്ങളിൽ അടിയുറച്ച് നില്ക്കയും ചെയ്യുന്നു. ഹാലേലൂയ്യാ, യേശുവേ*



*ഞങ്ങൾക്ക് വിടുതൽ തന്നതിനാൽ നിനക്ക് നന്ദി*

***അതിന് സമയവും വിശ്വസ്തതയും ആവശ്യമാണ്.***

പലപ്പോഴും ക്രൂശിന്റെ പ്രയോജനങ്ങൾ അനുഭവമാക്കുന്നതിൽ സമയം, ക്ഷമ, ദൈവം ചെയ്ത് തരികയില്ല എന്ന ചിന്തയിൽ നിന്നുള വാകുന്ന മാനസിക അസ്വസ്ഥത എന്നിവ ഉൾപ്പെട്ടിരിക്കാം.

യാക്കോബ് 1:2-4 വരെ, "എന്റെ സഹോദരന്മാരേ നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരി ശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവീൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവി ല്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്ക് തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ".

"മറ്റു ചിലത് നല്ല നിലത്തു വീണ് മുളെച്ച് നൂറുമേനി ഫലം കൊടു ത്തു. ഇതു പറഞ്ഞിട്ട്: കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്ന് വിളിച്ചു പറഞ്ഞു. നല്ല മണ്ണിലുള്ളതോ വചനം കേട്ട് ഗുണമുള്ളത് നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു. ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നേ"(ലൂക്കോ8:8,15).

വെളിപ്പാട് 12:11-ൽ പറയുന്നു: "അവർ അവനെ കുഞ്ഞാടിന്റെ രക്തം

ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല".

***കാത്തിരിപ്പ് നമ്മെ ശുദ്ധീകരിക്കുന്നു***

1 പത്രോസ് 1:6–7 വാക്യങ്ങൾ: "അതിൽ നിങ്ങൾ അല്പനേരത്തേക്ക് നാനാ പരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടി വന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞ് പോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയായും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും".

**ക്രൂശ് പര്യാപ്തമാണ്, എങ്കിലും കളവും ശക്തമാണ്.**

നമുക്ക് പരിജ്ഞാനം ആവശ്യമാണ്. യേശുക്രിസ്തുവിന്റെ ക്രൂശ് എല്ലാ തിന്മയെയും തന്നിൽ ഏറ്റെടുക്കയും ഏതൊരു സാഹചര്യത്തെയും അനുഗ്രഹമായി മാറ്റുവാൻ അവന് കഴിയും എന്ന് വിശ്വസിച്ച് അവനിൽ ആശ്രയിക്കുന്ന അറിവാണ് ഈ പരിജ്ഞാനം. മുകളിലേക്ക് പോകുന്ന ഏതൊരു വസ്തുവും താഴേക്ക് വരേണ്ടതാകുന്നു എന്ന് ഭൂഗുരുത്വബലത്തിന്റെ നിയമം പറയുന്നു. കൈമാറ്റത്തിന്റെ നിയമവും, യേശുക്രിസ്തുവിലുള്ള ആത്മീയജീവിതത്തിന്റേയും നിയമം പറയുന്നത് നീ വിശ്വസിച്ചാൽ സകല തിന്മയും നിരായുധീകരിക്കപ്പെട്ടു, ഇപ്പോൾ സകലവും നന്മക്കായി തീരും എന്നത്രേ.

***യേശുവിന്റെ രക്തം സാത്താനെ തോല്പിച്ചു എന്ന അറിവാണ് പരിജ്ഞാനം.***

"മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു''. (എബ്രാ2:14,15)

***നമ്മുടെ പ്രശ്നങ്ങളെ ലാഭകരമായി നാം മാറ്റിയെടുക്കണം.*** നാം പ്രശ്നങ്ങൾ ആകുന്ന അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ട് വ്യാപാരം ചെയ്ത് അനുഗ്രഹങ്ങൾ ഉളവാക്കേണ്ടതാണ്. നിരപ്പ് പ്രാപിക്കുക എന്നതാണ് മറ്റൊരു വാക്ക്. ശത്രുവിനെ മിത്രമാക്കി മാറ്റുക എന്നാണ് അതിന്റെ അർത്ഥം.

***ദൈവത്തിനായി കാത്തിരിക്കുക എന്നത് ജീവിതത്തിന്റെ അനുഭവകഥയായിരിക്കണം.***

ഈ കഥയിൽ നാം എവിടെയായിരിക്കുന്നു എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. കഷ്ടത സഹിക്കുന്നതിന് അത് കൂടുതൽ സഹായകരമായിത്തീരും. അതേ, യേശു ഒരു ദിവസം ഭൂമിയിലേക്ക് മടങ്ങിവരുവാൻ പോകുന്നു. എന്നാൽ ഇന്ന് നിന്റെ പ്രശ്നങ്ങളെ അനുഗ്രഹങ്ങളാക്കി മാറ്റിത്തരുവാൻ അവൻ ആഗ്രഹിക്കുന്നു. യെശയ്യാവ് 64:4–ൽ ഇപ്രകാരം പറയുന്നു. "നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കു

ന്നവന് വേണ്ടി പ്രവർത്തിക്കുന്നത് പണ്ടു മുതൽ ആരും കേട്ടിട്ടില്ല. ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ട് കണ്ടിട്ടുമില്ല".

***ഇത് നടക്കുന്ന കാര്യമാണെന്നതിന് എന്താണ് ഉറപ്പ്?***

ഉയിർത്തെഴുന്നേല്പ്പ് ആണ് അതിനുള്ള ഉറപ്പ്. യേശു ഉയിർത്തെ ഴുന്നേറ്റിട്ടില്ലായിരുന്നു എങ്കിൽ, നിങ്ങൾക്ക് ഒരു പ്രത്യാശയ്ക്കും വക യില്ലായിരുന്നു. മാറ്റത്തിന്റെ ചാലകമായി ദൈവത്തിന് വേണ്ടി നിൽക്കാൻ നീ തയ്യാറാകുന്നു എങ്കിൽ നിന്റെ പ്രശ്നങ്ങൾ നിന്നെ മുറിപ്പെടുത്തുകയില്ല എന്ന് യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന വസ്തുതയാൽ ഉറപ്പാക്കപ്പെടുന്നു.

***യേശു ആണ് നമ്മുടെ ഉറപ്പ്***

നിറവേറ്റപ്പെടാൻ സാദ്ധ്യതയില്ല എന്ന് തോന്നുന്ന വാഗ്ദത്തങ്ങൾ അവകാശമാക്കുവാൻ നമുക്ക് പ്രാഗത്ഭ്യം ലിഭിക്കുന്നതെവിടെ നിന്നാണ്? അവൻ തന്നത്താൻ സത്യം ചെയ്തു! എബ്രായർ 6:15-20 വരെയുള്ള വാകൃങ്ങളിൽ പറയുന്നത്; ദൈവം ഒരു സത്യം ചെയ്തു അവന് ആ സത്യത്തിൽ നിന്നും മാറുവാൻ കഴികയില്ല എന്നത്രേ. ദൈവം നമുക്ക് വാഗ്ദത്തം തരിക മാത്രമല്ല. അവൻ ഒരു ആണയോ ടുകൂടെ ഉറപ്പും നല്കിയിരിക്കുന്നു. അതിന്റെ അർത്ഥം "ഞാൻ എന്റെ ജീവനെക്കൊണ്ടു തന്നെ സത്യം ചെയ്യുന്നു, ഞാൻ അത് നിവർത്തിക്കും" എന്നാണ്. പ്രത്യാശയ്ക്കായ് നീ എന്റെ വചനത്ത ലേക്ക് ഓടിയെത്തുമ്പോൾ ഇതിൽ നിനക്ക് ആശ്രയിക്കുവാൻ കഴി യും. മുറുകിപ്പിടിക്കുവാനുള്ള നിന്റെ നങ്കൂരമാണ് ഈ പ്രത്യാശ; അത് എന്റെ സാന്നിധ്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

ഇതാണ് നമ്മുടെ പ്രാഗത്ഭ്യം. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറ വേറ്റപ്പെടുമെന്ന് എന്ന നാം അറിയുന്നത് ഇപ്രകാരമാണ്. ദൈവം തന്നെ ക്കാൾ വലിയവൻ ഇല്ലാത്തതുകൊണ്ട് തന്നെ കൊണ്ടുതന്നെ സത്യം ചെയ്തു. ഈ വാഗ്ദത്തങ്ങൾ യാഥാർത്ഥ്യമായിത്തീരുന്നില്ലെങ്കിൽ താൻ മരിക്കുമെന്ന് അവൻ പറഞ്ഞു. ക്രൂശിൽ യേശു മരിച്ചത് മുഖാ ന്തിരം അവൻ മരിച്ചു. ദൈവത്തിനുള്ളത് മുഴുവനും നമുക്ക് അവകാ ശമാക്കി തരുവാൻ യേശു നമ്മുടെ ശാപം തന്റെ മേൽ ഏറ്റെടുത്തു. ഇതിനോടുബന്ധപ്പെടുത്തി എല്ലാവരും എബ്രായർ 6-ാം അദ്ധ്യായം വായിച്ചു പഠിക്കണമെന്ന് ഞാൻ ഉത്സാഹിപ്പിക്കട്ടെ.



***യേശുവിന്റെ പുനരുത്ഥാനമാണ് നമ്മുടെ ഉറപ്പ്. ഒരു ചെറിയ ഉദാ ഹരണത്തിൽ കൂടി ഈ ആശയം നമുക്ക് ഓർക്കുവാൻ കഴിയും.***

പുറപ്പാട് പുസ്തകം 4-ാം അദ്ധ്യായത്തിൽ ദൈവം തന്നെ ഏല്പിച്ച കാര്യം മോശയ്ക്ക് ഉറപ്പായിരുന്നില്ല. മോശയുടെ കൈയ്യിലിരുന്ന വടി നിലത്തിടുവാൻ ദൈവം അവനോട് പറഞ്ഞു. അവൻ അപ്രകാരം ചെയ്തപ്പോൾ

ആ വടി ഒരു സർപ്പമായിത്തീർന്നു. അതുവീണ്ടും കയ്യിലെടുക്കുവാൻ ദൈവം അവനോട് പറഞ്ഞു. അപ്പോൾ അത് വീണ്ടും ഒരു വടിയായി ത്തീർന്നു. ഇതിൽ ദൂത് പൂർണ്ണമായി അടങ്ങിയിരിക്കുന്നു.

ദൈവവചനമാണ് വടി. ക്രൂശിൽ നമുക്ക് വേണ്ടി പാപമായിത്തീർന്ന യേശുവാണ് വചനം. മോശ സർപ്പത്തെ കൈയ്യിലെടുത്തപ്പോൾ, അത് ഒരനുഗ്രഹമായി, ദൈവവചനമായി മാറി. യേശു സാത്താന്റെ തിന്മയെ സ്വീകരിച്ച് അതിനെ അനുഗ്രഹമാക്കി മാറ്റി.

യേശുവിന്റെ ക്രൂശ് മൂലം നാം സ്പർശിക്കുന്ന ഏത് തിന്മയും അനുഗ്രഹകരമായി മാറും എന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കുവാൻ കഴിയും. “നിങ്ങൾ സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കടിച്ചാലും അവർക്ക് ഹാനി വരികയില്ല” എന്ന് മർക്കോ 16:18-ൽ പറഞ്ഞിരിക്കുന്നു.



അദ്ധ്യായം

# 10

# വിടുതൽ

നമ്മുടെ ജീവിതങ്ങളിൽ വിടുതലിനായുള്ള ശക്തി ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. “അവൻ വരുമ്പോൾ തന്നേ ഭൂതം അവനെ തള്ളി യിട്ടു പിടപ്പിച്ചു. യേശു അശുദ്ധാത്മാവിനെ ശാസിച്ചു ബാലനെ സൗഖ്യ മാക്കി, അപ്പനെ ഏല്പിച്ചു. എല്ലാവരും ദൈവത്തിന്റെ മഹിമയിൽ വിസ്മയിച്ചു” (ലൂക്കോ 9:42,43).

പുതിയനിയമത്തിൽ പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ വിരലാ യിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. “എന്നാൽ ദൈവത്തിന്റെ ശക്തി കൊ ണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളു ടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം” (ലൂക്കോ11:20). താൻ പരിശു ദ്ധാത്മാവിനാലാണ് ഭൂതങ്ങളെ പുറത്താക്കിയതെന്ന് യേശു വ്യക്ത മായി പറഞ്ഞു. വിശ്വാസികളെ ദൈവത്തോട് കൂടെയുള്ള അവരുടെ ഓട്ടത്തിൽ നിന്ന് തടയുന്നതിന് തടസ്സമായി അവയൊന്നും ക്രിസ്ത്യാ നികളെ ബാധിക്കയില്ല എന്ന് നമ്മുടെ ആത്മീയ ശത്രുക്കൾ കള്ളം പ്ര ചരിപ്പിക്കുന്നു. അങ്ങനെ അശുദ്ധാത്മാക്കളും പിശാചും വിശ്വാസിക ളുടെ മേൽ ഭാരങ്ങളും പാപവും വെച്ച് കൊടുത്ത് ഓട്ടത്തെ തടസ്സപ്പെ ടുത്തുന്നു. ഒരു വിശ്വാസി അശുദ്ധാത്മാവ് ബാധിതനായിത്തീരുകയില്ല; എന്നാൽ അശുദ്ധാത്മാവിന്റെ സ്വാധീനവും എതിർപ്പുകളും അവർക്ക് ഉണ്ടാകാം. വിശ്വാസിയുടെ ജീവിതത്തിൽ അശുദ്ധാത്മാവ് എവിടെയാണ് വസിക്കുന്നത് എന്ന കാര്യം പ്രസക്തമല്ല, എന്നാൽ നാം അവയെ മനസ്സിലാക്കി അവ എവിടെയായിരുന്നാലും ജീവിതത്തിൽ നിന്നും പുറ ത്താക്കിക്കളയണം എന്നതാണ് പ്രധാനപ്പെട്ട വിഷയം.

**1. പിശാചുക്കളും, അശുദ്ധാത്മാക്കളും എന്തൊക്കെയാണ്, ആരാണ് പിശാച്?**

a. സാത്താൻ പ്രധാന ദൂതനായ ലൂസിഫർ ആയിരുന്നു. ദൈവാരാ ധനയുടെ ചുമതല അവനായിരുന്നു. യെഹസ്ക്കേൽ 28-ാം അദ്ധ്യാ

യവും മറ്റു തിരുവചനങ്ങളും അനുസരിച്ച്, അവൻ ഏറ്റവും വലിയ അഭിഷിക്തനായിരുന്നു. അവന്റെ ശരീരത്തിൽ സംഗീത ഉപകരണങ്ങൾ തന്നെ ഉണ്ടായിരുന്നിരിക്കണം. ആദാമിനോടും ഹവ്വയോടും കൂടെ അവൻ ഏദൻ തോട്ടത്തിൽ ഉണ്ടായിരുന്നു. അവൻ ഏറ്റവും മനോഹരരൂപിയായിരുന്നു. വ്യാപാരത്തിലും വിപണനത്തിലും അവന് പ്രത്യേക താലന്ത് ഉണ്ടായിരുന്നു. അടിമത്വത്തിൽ കൂടി ധനവാനാകാമെന്ന ആശയം അവനായിരിക്കും ഉണ്ടാക്കി എടുത്തത്. അവൻ അഹങ്കാരിയും തന്റെ സൗന്ദര്യത്തെക്കുറിച്ച് ബോധമുള്ളവനുമായിരുന്നു. അവൻ വളരെ ബുദ്ധികൂർമ്മതയുള്ളവനും സൂത്രശാലിയും ആയിരുന്നു. അവൻ നേതൃത്വ പാടവം ഉള്ളവനായിരുന്നു.

b. ദൂതന്മാരിൽ മൂന്നിലൊന്ന് പേരെ തന്റെ വശത്താക്കി ലൂസിഫർ ദൈവത്തോട് എതിരിട്ടു. അവൻ അവരെ പട്ടാളച്ചിട്ടയിൽ അണിനിരത്തി ദൈവരാജ്യത്തിന് എതിരായി നിന്നു (എഫെ 6).

c. സാത്താൻ ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭു ആണ് (യോഹ 12:31).

d. അശുദ്ധാത്മാക്കൾ വീഴ്ച വന്ന ദൂതന്മാരാണെന്ന് ചിലർ ചിന്തിക്കുന്നു. ആദാമ്യവർഗ്ഗത്തിന് മുമ്പ് അഥവാ നമ്മുടെ പൂർവ്വ പിതാക്കന്മാർ മുതൽ ഉള്ള ശരീരമില്ലാത്ത ആത്മാക്കളാണ് അവ എന്നാണ് മറ്റു ചിലർ പറയുന്നത്. ഈ വിഷയത്തെക്കുറിച്ച് തിരുവചനം വ്യക്തമായി പറയുന്നില്ല. ഏതായിരുന്നാലും മനുഷ്യരിൽ അധിവസിക്കുന്ന രീതിയിലല്ല ദൂതന്മാർ എന്നത് വ്യക്തമാണ്. ഈ രണ്ട് കൂട്ടരും ആകുവാനുള്ള സാദ്ധ്യത ഉണ്ട് എന്നാണ് ഞാൻ കരുതുന്നത്. ഒരിക്കൽ ദൂതന്മാരായിരുന്നവർ ഇപ്പോൾ പിശാചിനോട് കൂടെ ഭരണം നടത്തുന്നവരും. ശരീരം വിട്ട് പോയ മനുഷ്യരിൽ അധിവസിക്കുന്ന ആളുകളോ ആകാം. ഇക്കാര്യത്തിൽ നിശ്ചയം എനിക്കില്ല. എന്റെ അനുമാനം മാത്രമാണിത്. എന്നാൽ ആ നിർവ്വചനമല്ല പ്രധാനപ്പെട്ട കാര്യം. അശുദ്ധാത്മാവ് എന്നതിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന 'ഡെയ്മോൻ' എന്ന വാക്കിന് 'അറിയുക' അല്ലെങ്കിൽ 'അറിയുന്നവൻ' എന്ന അർത്ഥമാണുന്നത്.

e. അവയുടെ സ്വഭാവം വളരെ അധികം ദുഷിച്ചതാണ്. വൈൻസ് നിഘണ്ടുവിൽ പറയുന്നത്. "എല്ലാ വിഗ്രഹാരാധനയിലും ആത്മീയ ഏജന്റായി പ്രവർത്തിക്കുന്നത് അശുദ്ധാത്മാക്കളാണ്. വിഗ്രഹം അതിൽ തന്നെ ഒന്നുമല്ല എന്നാൽ ഓരോ വിഗ്രഹത്തോടും ബന്ധപ്പെട്ട് ഓരോ അശുദ്ധാത്മാവ് ഉണ്ട്. അതാണ് വിഗ്രഹാരാധനയെ പ്രേരിപ്പിക്കുകയും, അതിന്റെ ആരാധനയും യാഗങ്ങളും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നത് (1 കൊരി 10:20–21, വെളി 9:20). അവ മനുഷ്യരുടെ ഇടയിൽ തെറ്റായ കാര്യങ്ങൾ പറഞ്ഞു പരത്തും, വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുവാൻ

ശ്രമിക്കും (1 തിമോ 4:1). ഭോഷ്ക് പറയുന്ന ആത്മാക്കൾ എന്ന നിലയിൽ അവ മനുഷ്യരെ വഞ്ചിക്കും. മാധ്യമങ്ങളിൽ കൂടി അവർ മരിച്ച് പോയവരുമായി സംസാരിക്കും എന്ന തെറ്റിദ്ധാരണ അവർ പറഞ്ഞു കൊടുക്കും. സാത്താന്റെ കീഴിൽ പ്രവർത്തിക്കുന്ന അശുദ്ധാത്മാക്കൾ മനുഷ്യ ശരീരങ്ങളിൽ ബാധ ഉണ്ടാക്കും (ലൂക്കോ 13:16). അശുദ്ധാത്മാക്കളായതിനാൽ മനുഷ്യരിൽ അശുദ്ധ ചിന്തകളുടെ പരീക്ഷ ഉണ്ടാകും (മത്താ 10:1). അവ തിന്മയുടെ കാര്യത്തിൽ വിവിധ നിലകളിലുള്ളവയാണ് (മത്താ 12:45). അവ ഈ യുഗത്തിന്റെ അവസാനം ഭരണാധികാരികളെ ദൈവത്തിനും അവന്റെ ക്രിസ്തുവിനും എതിരായി യുദ്ധം ചെയ്യുവാൻ ഉത്തേജിപ്പിക്കും (വെളി 16:14)".

**2. എന്താണ് അവർ ചെയ്യുന്നത്?**

യോഹന്നാൻ 10:10 അനുസരിച്ച് അവ കൊല്ലുകയും, മോഷ്ടിക്കയും, നശിപ്പിക്കയും ചെയ്യും എന്ന് കാണുന്നു. അവ ചെയ്യുന്നതെല്ലാം ഈ മൂന്ന് ഗ്രൂപ്പിൽ ഉൾപ്പെടും.

*a. കൊല്ലും.* പിശാചിനാൽ സംഭവിക്കുന്ന നിത്യ നാശത്തെ അനുബന്ധിക്കുന്നതാണ്. അതുപോലെ തന്നെ ഈ ജീവിതത്തിലെ മരണവും അതിൽ ഉൾപ്പെടുന്നു.

*b. മോഷ്ടിക്കും.* അവർ കള്ളന്മാരാണ്. നിന്നെക്കുറിച്ചുള്ള ദൈവ ഇഷ്ടവും ഹൃദയത്തിൽ നിന്ന് ദൈവവചനവും അവർ മോഷ്ടിച്ചെടുക്കും. അവ കന്യകാത്വം, സമാധാനം, വസ്തുവകകൾ എന്നിവ മോഷ്ടിക്കും.

*c. നശിപ്പിക്കും.* അവ ജീവിതങ്ങളെ നശിപ്പിക്കും. മയക്ക് മരുന്നുകളും, രോഗങ്ങളും മൂലം അവ നിങ്ങളെ നശിപ്പിക്കും. അവ കുടുംബങ്ങളെ നശിപ്പിക്കും. അവ ഭീകരപ്രവർത്തനങ്ങളിൽ കൂടിയും, ലൈംഗീക അരാജകത്വത്തിൽ കൂടിയും എയ്ഡ്സ് പോലുള്ള മാരക രോഗങ്ങളിൽ കൂടെയും നാശം വരുത്തും.

**3. അവർ തങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നതെങ്ങനെ?**

a. അവർ നിങ്ങളെ പരീക്ഷിക്കും (മത്താ 4:1). ദൈവത്തിങ്കൽ നിന്ന് നിങ്ങളെ അകറ്റി, സ്വതന്ത്രമായി പ്രവർത്തിക്കുക എന്നതാണ് അവരുടെ ലക്ഷ്യം.

b. അവർ നിങ്ങളുടെ മനസ്സിനോട് സംസാരിക്കും (2 കൊരി10:4).

c. അവർ സാഹചര്യങ്ങളെ അനുകൂലമാക്കിത്തരും (2 തെസ്സ2:9).

d. വിശ്വാസികളെ ഫലമില്ലാത്തവരാക്കി തീർക്കുവാൻ ദൈവവചനം മോഷ്ടിക്കും (മർക്കോ4).

e. അശുദ്ധാത്മാക്കളും, പിശാചുക്കളും ഒന്നും ഇല്ല എന്ന് ആളുകളെ പറഞ്ഞ് ബോധ്യപ്പെടുത്തും.

f. യേശുവിന് നിങ്ങളിലുള്ള നിയന്ത്രണത്തെക്കാൾ അധികം അവയ്ക്കുണ്ടാകേണ്ടതിന് പാപം ചെയ്യുന്നതിനായി നിങ്ങളെ പ്രേരിപ്പിക്കും. പാപത്തിന്റെ ശമ്പളം മരണമാണ് (റോമ6:23).

g. അവ അസത്യം പറയുകയും നിരപരാധികൾക്കെതിരെ അപവാദം പറയുകയും ചെയ്യും (യോഹ 8:44, 2തെസ്സ 2:9–10). യേശുവിന് അശുദ്ധാത്മാവ് ഉണ്ടെന്ന് പറഞ്ഞ് യേശുവിനെതിരായും അവർ അവപാദം പറഞ്ഞുണ്ടാക്കി. "യോഹന്നാൻ തിന്നുകയും കുടിക്കുകയും ചെയ്യാത്തവനായി വന്നു; അവന് ഭൂതം ഉണ്ടെന്ന് അവർ പറയുന്നു" (മത്താ11:18). "യെരുശലേമിൽ നിന്ന് വന്ന ശാസ്ത്രിമാരും അവന് ബെയത്തെസെബൂൽ ഉണ്ട്, ഭൂതങ്ങളുടെ തലവനെക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് പറഞ്ഞു" (മർക്കോ3:22).

h. ഭൂതബാധിതരുടെ ധാർമ്മിക അധികാരങ്ങൾ അവർ ഏറ്റെടുക്കുന്നു.

i. തങ്ങളുടെ ശക്തി ഉപയോഗിക്കുവാനായി അവർ മനുഷ്യരെ ശക്തീകരിക്കും (റോക്ക് മ്യൂസിക്ക്, ഭാവിപ്രവചനങ്ങൾ, ഹസ്തരേഖ മുതലായവ).

j. അവ മനുഷ്യരെ ശാരീരികവും, മാനസികവും, വൈകാരികവുമായി പീഡിപ്പിക്കും.

k. ഒരു വ്യക്തിയുടെ ഇച്ഛാശക്തിയുടെ നിയന്ത്രണം ഏറ്റെടുത്ത് അതിനെ ദുരുപയോഗം ചെയ്യും. മനസ്സ്, വൈകാരികമായ കാര്യങ്ങളുടെ നിയന്ത്രണം എന്നിവ ഏറ്റെടുത്ത് ആ വ്യക്തിയെ തങ്ങളുടെ പ്രവർത്തനത്തിനായി ഉപയോഗിക്കും. തങ്ങൾ പറയുന്ന ഭോഷ്കിൽ വിശ്വസിക്കുന്നതിനിടയാക്കുകയും കള്ളം പറയുന്നതിന് പ്രേരിപ്പിക്കയും ചെയ്യുന്നു.

l. ശരിയായ അധികാരത്തെ നിഷേധിച്ച് തെറ്റായ അധികാരം അവർ അംഗീകരിപ്പിക്കുന്നു

m. ദൈവീകപ്രവർത്തനങ്ങളെ തെറ്റായി ചിത്രീകരിക്കുന്ന രീതികളും സാത്താനുണ്ട്. അവൻ ഒന്നും തന്നെ സ്വയമായി സൃഷ്ടിക്കുന്നില്ല. ദൈവത്തിന്റെ പ്രവർത്തികളെ അനുകരിച്ച് തെറ്റായ രീതിയിൽ പ്രകടിപ്പിക്കയാണ് സാത്താൻ ചെയ്യുന്നത്.

n. സാത്താനെ ബെയത്തെസെബൂൽ എന്ന് വിളിക്കുന്നു; അതിന്റെ അർത്ഥം ഈച്ചകളുടെ കർത്താവ് എന്നാണ്. ഈച്ചകൾ മുറിവുകൾക്ക് ചുറ്റും പറന്ന് നടക്കും, അതുതന്നെയാണ് സാത്താൻ ചെയ്യുന്നത്. മുറിവേറ്റ ആളുകളെ അവൻ അന്വേഷിച്ച് നടക്കും; ഉദാഹരണമായി നിരാശയിലായിരിക്കുന്ന ആളുകളെ അന്വേഷിച്ച് അവർക്ക് ചുറ്റും നടക്കും. ഇതിനുള്ള പരിഹാരം നിങ്ങളെത്തന്നെ ദൈവം ഒരുക്കിയിരിക്കുന്ന

അന്തരിക സൗഖ്യത്തിന്  ഏല്പ്പിച്ചുകൊടുക്കുകയാണ്.

***സാത്താൻ ഉപയോഗിക്കുന്ന ചില തന്ത്രങ്ങൾ***

അമാനുഷികമായ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ സാത്താന് കഴിവുണ്ട്. അവന്റെ അത്ഭുതകരമായ പ്രവർത്തനങ്ങളിൽ ചില ക്രിസ്ത്യാനികൾ ആകൃഷ്ടരാക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ ഈ അതിശയങ്ങളിൽ പേടി ഉള്ളവരാകുകയും, അങ്ങനെ അവർക്ക് പരിശുദ്ധാത്മാവിന്റെ പൂർണ്ണമായ പ്രവർത്തനം നഷ്ടമാവുകയും ചെയ്യുന്നു.

ഭൂതങ്ങളുടേയും അശുദ്ധാത്മക്കളുടേയും പ്രവർത്തനവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും തമ്മിൽ തിരിച്ചറിയുന്നതിന് പല പരിശോധനകൾ ഉണ്ട്. 1കൊരി14:33-ൽ കലക്കത്തിന്റെ ആത്മാവിനെക്കുറിച്ച് പരഞ്ഞിട്ടുണ്ട്. പരിശുദ്ധാത്മാവ് ഒരു സർക്കസ് കാണിക്കയില്ല. യേശുവിനെ നമുക്ക് യാഥാർത്ഥ്യമാക്കി തരുന്നതിനാണ് പരിശുദ്ധാത്മാവ് ഇവിടെ ആയിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്പോഴും ദൈവവചനവുമായി പൊരുത്തപ്പെടുന്നവയായിരിക്കും.

പരിശുദ്ധാത്മാവ് എപ്പോഴും യഥാർത്ഥ യേശുവിനെ ഉയർത്തും. വേറൊരു യേശുവിനെയല്ല (2കൊരി11:4). യേശു കന്യകയിൽ നിന്ന് ജനിച്ചു എന്നോ, അവൻ മനുഷ്യാവതാരം എടുത്ത ദൈവമാണെന്നോ, മരിച്ചവരിൽ നിന്ന് അവൻ ഉയിർത്തെഴുന്നേറ്റു എന്നോ വിശ്വസിക്കാത്ത കൂട്ടങ്ങളും, ഗ്രൂപ്പുകളും ഉണ്ട്. പരിശോധിച്ചറിയുന്നതിന് സഹായകമായ തമ്മിൽ വേർപിരിക്കുന്ന നേർരേഖ ഇതാണ് (1യോഹ4:2-3).

**4. വിടുതലിന്റെ ചില ഉദാഹരണങ്ങളും ഭൂതങ്ങളുടെ പ്രവർത്തന രീതികളും**

a. യേശു ഒരമ്മയുടെ വിശ്വാസം മൂലം ഭൂതത്തെ പുറത്താക്കി (മർക്കോ7:29).

b.ഗദരദേശത്തെ ഭൂതഗ്രസ്തൻ വിടുതൽ പ്രാപിച്ചു, ഭൂതങ്ങൾ പന്നിക്കൂട്ടത്തിലേക്ക് പോയി. (മർക്കോ5:1-20)

c. മത്തായി 9:32-33 വാക്യങ്ങളിൽ ഭൂതത്തെ പുറത്താക്കിയപ്പോൾ ഊമൻ സംസാരിച്ചു എന്ന് കാണുന്നു.

d. മത്തായി 10:7-ൽ ഭൂതങ്ങളെ പുറത്താക്കുവാനുള്ള അധികാരം യേശു തന്റെ ശിഷ്യന്മാർക്ക് നല്കിയതായി പറഞ്ഞിരിക്കുന്നു.

e. മർക്കോ 9:17-29 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ബാലനിൽ ചെറുപ്പം മുതൽ അശുദ്ധാത്മാവ് ഉണ്ടായിരുന്നു എന്ന് കാണുന്നു

f. അശുദ്ധാത്മാക്കൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ മുൻകുറിയും നിഴലുകളും നമുക്ക് പഴയനിയമത്തിൽ കാണാൻ കഴിയും. സങ്കീർത്തനങ്ങൾ 10, 56, 59, 64 എന്നീ അദ്ധ്യായങ്ങൾ ശ്രദ്ധിക്കു

ക. പഴയനിയമത്തിലെ യുദ്ധങ്ങൾ, ഗോത്രങ്ങളും ആളുകളും, ഇസബേൽ, ബിലെയാമും എന്നിവരെല്ലാം നല്ല ഉദാഹരണങ്ങളാണ്. ഈ ഭാഗങ്ങളിലെ സംഭവങ്ങൾ വായിച്ച് യിസ്രയേലിന്റെ ശത്രുക്കളുടെ സ്ഥാനങ്ങളിൽ അശുദ്ധാത്മാക്കളെ കാണുക.

**5. സാത്താൻ നിങ്ങളുടെ ജീവിതത്തിൽ എങ്ങനെയാണ് പിടിമുറുക്കുന്നത്?**

a. നിങ്ങളുടെ പാപം.

എല്ലാ പാപങ്ങളും സാത്താന് ഇടം ഉണ്ടാക്കിക്കൊടുക്കുന്നു. എന്നാൽ ഏറ്റവും മോശമായ ഒന്നാണ് ലൈംഗികപാപം. ലൈംഗികപ്രവർത്തികൾ രണ്ട് വ്യക്തികളെ ബന്ധനത്തിലാക്കുന്നു.

b. തലമുറകളുടെ പാപം.

ഭൂതങ്ങൾ തലമുറകളായി ചില കുടുംബങ്ങളെ വിട്ടുമാറാതെ പിൻതുടരുന്നു. അങ്ങനെ ഓരോ രോഗങ്ങൾക്കും, ശാപത്തിനും അവരെ അധീനരാക്കുന്നു. (പരമ്പര്യനിയമം) ശാപങ്ങൾ തുടർമാനമായി തലുറകളിൽ കാണുന്നതിനും കുടുംബങ്ങളെ നിയന്ത്രണത്തിൽ വരുത്തുന്നതിനും പൂർവ്വാത്മാക്കളുടെ ആരാധനയെ അടിസ്ഥാനമാക്കിയുള്ളതാണ് ഭൂതാരാധന. സംരക്ഷണത്തിന് ഒരു മന്ത്രവാദിക്ക് പണം കൊടുക്കേണം എന്ന് പിശാച് ആളുകളെ, വിശ്വാസികളെപ്പോലും ബോധ്യപ്പെടുത്തും. സംരക്ഷണവും അനുഗ്രഹങ്ങളും പ്രാപിക്കുന്നതിന് ചിലർ ചില സാധനങ്ങളും പാനീയവും വിലയ്ക്ക് വാങ്ങും. പൂർവ്വപിതാക്കന്മാരുടെ ആത്മാക്കളുമായി സമ്പർക്കത്തിലായിരുന്നാൽ അവർ അനുഗ്രഹിക്കപ്പെടുമെന്നും ഭൂതത്തിൽ നിന്ന് സംരക്ഷണം ലഭിക്കുമെന്നും ഈ ആളുകൾ വിശ്വസിക്കുന്നു. വാസ്തവത്തിൽ നേരെ മറിച്ചാണ് സംഭവിക്കുക. അവരുടെ ആത്മാവിന്റെ ശത്രുവായ സാത്താന് അവർ അടിമകളായിത്തീരുന്നു.

ചില പ്രത്യേക സ്ഥലത്ത് ശാപം വിതയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ആഘോഷങ്ങൾ ഉണ്ട്. ചിലപ്പോൾ കുടുംബസംഗമങ്ങൾ പോലും കുടുംബത്തിന്റെ ശാപത്തിനായി സാത്താന് ഉപയോഗിക്കാം. 'വൂഡൂ' മുതലായ സാത്താന്റെ ആരാധനയും സമ്മേളനങ്ങളും ഉണ്ട്. ഭൂതങ്ങൾ വരുത്തിവയ്ക്കുന്ന ഏറ്റവും മുഖ്യവും ശക്തവുമായ ദോഷം പാരമ്പര്യശാപങ്ങളാണ്. ചിലപ്പോൾ കുടുംബത്തിലെ കൗമാരപ്രായക്കാരായവരെ പാരമ്പര്യ ആത്മാക്കൾ പിടിച്ചടക്കാൻ ശ്രമിക്കും. അതാണ് പോരാട്ടം ഏറ്റവും അധികം വ്യക്തമാകുന്ന സമയം. അപ്പോൾ അവ വിജയിച്ചില്ലെങ്കിൽ പിന്നീട് എപ്പോഴെങ്കിലും ശ്രമിക്കും.

പൂർണ്ണമായി സ്വാതന്ത്ര്യം പ്രാപിക്കാൻ താല്പര്യമുള്ളവർക്കാണ് ഈ ഉപദേശം. നിങ്ങളെയോ നിങ്ങളുടെ കുട്ടികളെയോ നിയന്ത്രിക്കു

ന്നതിനോ സ്വാധീനിക്കുന്നതിനോ ശ്രമിക്കുന്ന കുടുംബാംഗങ്ങളെ സൂക്ഷിക്കുക. ഇതിന് വ്യക്തിപരമായ സാക്ഷ്യം എനിക്കുണ്ട്. നിങ്ങളുടേയും നിങ്ങളുടെ മക്കളുടേയും ജീവിതങ്ങളെ നിയന്ത്രിക്കുന്നതിന് നിങ്ങളിലെ പരിശുദ്ധാത്മാവിന് വിധേയപ്പെടുത്തി കൊടുക്കുവാൻ ശ്രമിക്കുക.

c. ലോകത്തിലെ പാപം. അശുദ്ധാത്മാക്കളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള അനേക പാപങ്ങൾ ലോകത്തിലുണ്ട്.

d. ഭാരങ്ങൾ അഥവാ മറ്റുള്ളവരിൽ നിന്ന് നിങ്ങൾക്ക് കിട്ടിയ പ്രഹരങ്ങൾ. അശുദ്ധാത്മാവ് യുവജനങ്ങളിൽ ആധിപത്യം സ്ഥാപിക്കുന്നതിന് സാധാരണയായി ഉപയോഗിക്കുന്ന തന്ത്രം അവനെ/അവളെ ലൈംഗിക തെറ്റിൽ വീഴിച്ചിട്ട് പിന്നീട് ജീവിതകാലം മുഴുവൻ ആ വ്യക്തിയിൽ സ്വധീനം ചെലുത്തുക എന്നതാണ്. നിങ്ങൾ ചെയ്ത ഒരു പാപമല്ല ഭാരം എന്ന് പറയുന്നത്; മറ്റാരെങ്കിലും ചെയ്ത പാപത്തിന് നിന്നിൽ ഉണ്ടാക്കിയ ആഘാതമാണ് ഭാരം.

e. നിന്നിലുള്ള ഏതെങ്കിലും ഒരു വിഗ്രഹം.

ദൈവത്തെക്കാൾ അധികം നിന്റെ ജീവിതത്തിൽ പ്രാധാന്യം കൊടുക്കുന്ന എന്തും ആകാം ആ വിഗ്രഹം. അത് ഒരു വ്യക്തിയോ, ഒരു പരിചയമോ, ഒരു ആചാരമോ, ഒരു പക്ഷേ ഒരു മതസംഘടനപോലുമാകാം. മയക്കുമരുന്നും, ലഹരിപദാർത്ഥങ്ങളും എല്ലാം അതിൽ ഉൾപ്പെടും.

f. അധികാരികളോട് ശത്രുതാമനോഭാവം

ഒരു വ്യക്തി യേശുവിനെ കർത്താവായി അംഗീകരിച്ച് ഏല്പിച്ച് കൊടുക്കുന്നില്ലെങ്കിൽ അവൻ സ്വാഭാവികമായും മറ്റ് ആർക്കെങ്കിലും അധീനപ്പെട്ടിരിക്കും. പിശാച് ഹവ്വയെ വഞ്ചിച്ചു; അവൾ ആദാമിനെ വഞ്ചിച്ചു. ആദാം പിശാചിന്റെ മേൽ ആധിപത്യം എടുക്കേണ്ടതായിരുന്നു എന്നാൽ അവനത് കഴിഞ്ഞില്ല. ആദാമിന് ഉണ്ടായിരുന്ന അധികാരം അവൻ പ്രയോഗത്തിൽ വരുത്തിയില്ല. ഹവ്വാ തനിക്ക് ഇല്ലാത്ത അധികാരം ഉപയോഗിക്കുകയും ചെയ്തു. വാസ്തവത്തിൽ അവർ രണ്ട് പേരും ദൈവവചനത്തിന്റെ അധികാരത്തിന് തങ്ങളെ തന്നെ താഴ്ത്തി ഏല്പ്പിച്ചു കൊടുക്കേണ്ടതായിരുന്നു.

g. വിശ്വാസികൾ കൂടുതൽ മോശമായ അവസ്ഥയിലായിത്തീരും. യേശുവിങ്കലേക്ക് കടന്ന്‌വരുന്നതിന് മുമ്പ് നമ്മിൽ അശുദ്ധാത്മാക്കൾ ഉണ്ടായിരുന്നെങ്കിൽ, പൂർണ്ണവിടുതൽ പ്രാപിക്കുന്നതിന് കുറച്ച് സമയം എടുത്തു എന്ന് വരാം. എന്നാൽ പൂർണ്ണമായി ഏല്പ്പിച്ച് കൊടുപ്പാൻ താലപ്പര്യപ്പെടാത്തതുകൊണ്ട് ചിലർക്ക് ഒരിക്കലും വിടുതൽ ലഭിക്ക

യില്ല. വാസ്തവത്തിൽ ഒരു വിശ്വാസി അശുദ്ധാത്മാവിനാൽ ബാധിക്കപ്പെടുവാൻ കഴിയുകയില്ല. എന്നാൽ വിശ്വാസിയിൽ അശുദ്ധാത്മാക്കളുടെ സ്വാധീനം ഉണ്ടാകാനിടയുണ്ട്. നാം ബാധിക്കപ്പെടുക എന്നോ, ഏത് വാക്ക് ഉപയോഗിക്കുന്നു എന്നതോ അല്ലപ്രധാന കാര്യം. എന്നാൽ അവയുടെ പ്രവർത്തനത്തിൽ നിന്നും നമ്മുടെ ജീവിതങ്ങളെ എങ്ങനെ സ്വതന്ത്രമാക്കാം എന്നതാണ് പ്രധാനപ്പെട്ട സംഗതി.

നാം വിശ്വസിച്ച ശേഷവും മോശപ്പെട്ട അവസ്ഥയിലാണെന്ന് ഈ വചനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. "എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു" (1തിമോ4:1). "നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരിഞ്ഞ് ചുറ്റി നടക്കുന്നു" (1പത്രോ5:8). "എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചത് പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കയോ നിങ്ങൾക്ക് ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈകൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം" (2കൊരി11:3,4).

യേശുവിന്റെ രക്തം വിശ്വാസികളെ സംരക്ഷിക്കും എന്ന് ചിലർ പറയും. അതെ എന്നും അല്ല എന്നും പറയാം. നാം അനുസരണമുള്ള വിശ്വാസികളായിരിക്കുമ്പോൾ മാത്രമേ രക്തം നമുക്ക് സംരക്ഷണം നല്കുകയുള്ളൂ. ".... പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വൃതന്മാരായവർക്ക് എഴുതുന്നത്: നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ" (1പത്രോ1:2). വിശ്വാസികൾക്ക് വിടുതൽ ആവശ്യമാണ്.

**6. നിങ്ങൾക്ക് എന്ത് ചെയ്യുവാൻ കഴിയും**

പിശാച് ആദാമിനേയും ഹവ്വയെയും പാപം ചെയ്യുവാനായി പ്രേരിപ്പിച്ചപ്പോൾ അവൻ അവരുടെ മേലും, മനുഷ്യജാതി മുഴുവന്റെ മേലും ആധിപത്യം സ്ഥാപിക്കയാണ് ചെയ്തത്. പാപത്തിന് പരിഹാരം കണ്ടെത്താത്തിടത്തോളം നാം സാത്താന്റെ ഭരണത്തിൻ കീഴിലാണ്. യേശു ക്രൂശിൽ നമ്മുടെ പാപം വഹിച്ച് അവസാനത്തെ ശിക്ഷയും സഹിച്ചു. ആ സത്യം നാം മനസ്സിലാക്കി അതിനനുസരിച്ച് പ്രവർത്തിച്ചാൽ നമുക്ക് സാത്താനിൽ നിന്നും അശുദ്ധാത്മാക്കളിൽ നിന്നും സ്വാതന്ത്ര്യം നേടുവാൻ കഴിയും.

വിടുതൽ എല്ലായ്പ്പോഴും ആരെങ്കിലും തലയിൽ കൈവെച്ച് പ്രത്യേക രീതിയിൽ സാത്താനെപുറത്താക്കുന്നത് ആയിരിക്കണമെന്നില്ല; അപ്രകാരം പലപ്പോഴും നടന്നേക്കാം. മറ്റ് രീതികളും ഉണ്ട്. നമുക്ക് തന്നെ വിടുതൽ പ്രാപിക്കുവാൻ കഴിയും.

a. സത്യസന്ധതയുള്ളവരാകുക. നിങ്ങളുടെ പാപത്തെ സമ്മതിച്ച് ഏറ്റുപറയുക. എന്തു വന്നാലും സത്യസന്ധതയോടെ മാത്രമേ പെരുമാറുകയുള്ളൂ എന്ന് തീരുമാനിക്കുക. നീ കള്ളം പറയുമ്പോൾ സാത്താനെ നിന്റെ അപ്പനായി അംഗീകരിക്കുകയാണ് ചെയ്യുന്നത്.

b. പൈശാചികമായ എന്തിനോടെങ്കിലും നിനക്കുള്ള ബന്ധത്തെ നീ ഉപേക്ഷിക്കുക; സംഗീതം, ടി.വി, സിനിമ, ലഹരിമരുന്ന്, മദ്യം, ഭൂതാരാധന, കൈനോട്ടം, ഭാവിപ്രവചനം, ചീട്ടുകളി മുതലായവ.

c. ശാപങ്ങൾ തുടർമാനമായി അനുഭവിച്ച് വരുന്ന കുടുംബങ്ങളുമായി ബന്ധപ്പെടാതിരിക്കുവാൻ സൂക്ഷിക്കുക.

d. പ്രാർത്ഥന, തിരുവചനം, നല്ലകൂട്ടുകാർ, സഭാകൂട്ടായ്മകൾ എന്നിവയിൽ കൂടി യേശുവുമായി അടുത്ത് ജീവിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങളുടെ മനസ്സ് ദൈവീക കാര്യത്തിൽ മുഴുകി ഇരിക്കട്ടെ. മനസ്സാണ് പോരാട്ടത്തിന്റെ സ്ഥലം.

e. ദൈവം വിടുതൽ നല്കുന്നതിന് മനസ്സൊരുക്കത്തോടെ ജീവിക്കുക. സ്വതന്ത്രനാകുവാനുള്ള ആഗ്രഹം ഉള്ളവനായിരിക്കുക. ദൈവത്തിന് പരിധിവെയ്ക്കരുത്. നിന്നെ സ്വതന്ത്രനാക്കുന്നതിന് ദൈവത്തിന് പല മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയും. നിന്നെ സ്വതന്ത്രനാക്കുക എന്നതാണ് ദൈവത്തിന്റെ പദ്ധതി (ലൂക്കോ 4).

f. ചില സന്ദർഭങ്ങളിൽ ആളുകൾ അശുദ്ധാത്മാക്കളിൽ നിന്ന് വിടുതൽ പ്രാപിക്കും. എന്നാൽ അവർ ദൈവവചനത്താലും, വിശുദ്ധജീവിതത്താലും തങ്ങളെ നിറയ്ക്കാതിരിക്കും. അങ്ങനെയുള്ളപ്പോൾ പലപ്പോഴും അശുദ്ധാത്മാക്കൾ ഏഴുമടങ്ങായി മടങ്ങി വരാറുണ്ട്. "അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ട് പോയിട്ട് നീരില്ലാത്ത പ്രദേശങ്ങളിൽ തണുപ്പ് തിരഞ്ഞ് നടക്കുന്നു. കാണാഞ്ഞിട്ട് ഞാൻ വിട്ട് പോന്ന വീട്ടിലേക്ക് മടങ്ങിച്ചെല്ലും എന്ന് പറഞ്ഞു ചെന്നു, അത് അടിച്ച് വാരിയും അലങ്കരിച്ചും കാണുന്നു. അപ്പോൾ അവൻ പോയി തന്നിലും ദുഷ്ടതയേറിയ ഏഴ് അശുദ്ധാത്മാക്കളെക്കൂട്ടി കൊണ്ടുവരുന്നു; അവയും അതിൽ കടന്ന് പാർത്തിട്ട് ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിനേക്കാൾ വല്ലാതെയായി ഭവിക്കും" (ലൂക്കോ11:24-26). എന്നിരുന്നാലും വിടുതൽ പ്രാപിക്കുന്നതിന് സുരക്ഷിതവും പ്രായോഗികവുമായ ഒരു മാർഗ്ഗമുണ്ട്. യേശുവിന്റെ വാക്ക് ഒരു വ്യക്തിയിൽ നിന്ന് അശുദ്ധാത്മാവിനെ പുറത്താക്കി എന്ന് മത്തായി 8:16-ൽ വായിക്കു

ന്നു. അത് നിന്റെയും ജീവിതത്തിൽ സംഭവിക്കാവുന്നതാണ്. ഈ മാർഗ്ഗത്തെക്കുറിച്ച് എനിക്ക് വ്യക്തിപരമായി സാക്ഷ്യം പറയുവാൻ സാധിക്കും. ഒരു പാത്രം നിങ്ങൾ ശൂന്യമാക്കുന്നതിന് മുമ്പേ നിങ്ങൾ അതിനെ നിറയ്ക്കുന്നു എങ്കിൽ, വേറൊരു പദാർത്ഥം കൊണ്ട് നിറയ്ക്കാവുന്ന ഒരു ശൂന്യത ഉണ്ടെങ്കിൽ അതിന് കുഴപ്പമില്ല. അതുപോലെ നീ ദൈവവചനത്താൽ നിന്നെ നിറയ്ക്കുന്നു എങ്കിൽ ഭൂതങ്ങൾ പുറത്താക്കപ്പെടും എന്ന് മാത്രമല്ല അവയ്ക്ക് തിരിച്ച് വരുവാനുള്ള ശൂന്യത ഉണ്ടായിരിക്കയുമില്ല.

"വൈകുന്നേരമായപ്പോൾ പല ഭൂതഗ്രസ്ഥരേയും അവന്റെ അടുക്കൽ കൊണ്ട് വന്നു; അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി" (മത്താ8:16). ദൈവവചനത്തിൽ നിന്നെ നനച്ചാൽ നിന്നിൽ നിന്നും ദുരാത്മാക്കൾ ഓടിപ്പോകും. ഈ പറഞ്ഞ മാർഗ്ഗം സ്വീകരിക്കുവാൻ ഞാൻ എല്ലാ മാന്യവായനക്കാരെയും ആഹ്വാനം ചെയ്യുന്നു. നിനക്ക് എന്തെങ്കിലും പ്രശ്നമുണ്ടെന്ന് നീ വിശ്വസിക്കുന്നില്ലെങ്കിലും, നിനക്ക് ഒരിക്കലും നിശ്ചയമായി അറിയുവാൻ കഴികയില്ല. അതു മാത്രം ചെയ്യുക. നിറഞ്ഞ് കവിയുന്ന രീതിയിൽ ദൈവവചനംകൊണ്ട് നിന്നെ നിറയ്ക്കുവാൻ തീരുമാനമെടുക്കുക. ഏതെല്ലാം വിധത്തിൽ വചനം പകരുവാൻ കഴിയുമോ ആ വിധത്തിലെല്ലാം ചെയ്യുക. ദൈവവചനം വായിക്കുക. വചനത്തിൽ നിന്നുള്ള പ്രസംഗ ടേപ്പുകൾ ശ്രദ്ധിക്കുക, വചനം മനപ്പാഠമാക്കുക, അത് നിന്റെ നാവിന്മേൽ സൂക്ഷിക്കുക, രാവും പകലും അദ്ധ്യാനിക്കുക. ദൈവവചനം അനുസരിക്കുക. അത് എന്ത് പറയുന്നോ അപ്രകാരം ചെയ്യുക. നിന്റെ ജീവിതത്തിൽ അശുദ്ധമായുള്ള എല്ലാ ആത്മാവിനേയും വചനം പുറത്താക്കും.

g. വിജയത്തിന് ആവശ്യമായ ശക്തി ലഭിക്കുന്നതിന് പരിശുദ്ധാത്മാവിനാൽ നിറയുക (അപ്പോ.പ്രവൃ1:8).

h. യേശു നമുക്ക് അശുദ്ധാത്മാക്കളെ പുറത്താക്കുവാനുള്ള ശക്തിയും അധികാരവും തന്നിട്ടുണ്ട് (മർക്കോ16:17).

i. നാം യേശുവിനോട് അടുത്ത് ജീവിച്ചാൽ നമ്മുടെ ജീവിതത്തിലെ അശുദ്ധാത്മാക്കളെ തിരിച്ചറിയുവാൻ സാധിക്കും. എല്ലാ ദുഷ്ടതയും, രോഗങ്ങളും അശുദ്ധാത്മാക്കൾ മൂലമല്ല ഉണ്ടാകുന്നത്. ശാരീരിക പ്രശ്നങ്ങളും, ജീവിതരീതികളും മൂലം രോഗങ്ങൾ ഉണ്ടാകാം. ദുഷ്ട സ്വഭാവമായിരിക്കാം നമ്മുടെ 'ജഡം'. എന്നാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താതിരുന്നാൽ അത് അശുദ്ധാത്മാക്കളുടെ പ്രവേശനത്തിന് കാരണമാകും. നിർബന്ധമായിത്തീർന്നിട്ടുള്ള സ്വഭാവം, അതിജീവിക്കാൻ കഴിയാത്ത പരിചയങ്ങൾ, മോഹങ്ങൾ, ഭയം, എന്തിനേയും എതിർക്കുവാനുള്ള മനോഭാവം എന്നിവയെ നാം

സൂക്ഷിക്കേണ്ടതാവശ്യമാണ്. ആരുടെയെങ്കിലും സഹായം ലഭിക്കാതെ മുമ്പോട്ട് പോകുവാൻ അനുവദിക്കരുത്. ആത്മഹത്യ പ്രവണത, നാശം വരുത്തുക, കുലപാതകം എന്നിവയ്ക്കുള്ള ചിന്തകളെ അനുവദിക്കരുത്. ഒരേ ലിംഗത്തിൽപ്പെട്ട ആളുകളുമായുള്ള ലൈംഗികബന്ധം, അസാധാരണ ലൈംഗീകത, സ്വയംഭോഗം എന്നിവയ്ക്കുള്ള താല്പര്യം മറച്ച് വയ്ക്കരുത്. ആരുടെയെങ്കിലും സഹായം തേടണം.

**7. ദൈവം സാത്താനെ നശിപ്പിച്ചു**

ദൈവം സാത്തനെ നശിപ്പിച്ചു എന്ന് പറഞ്ഞതിന്റെ അർത്ഥം എന്താണ്? യേശുവിന്റെ രക്തം ഏത് വിധത്തിലാണ് നമുക്ക് ശക്തി തരുന്നത്?

“മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു” (എബ്രാ2:14,15).

“നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്ന് വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല, മരണത്തിന് അവന്റെ മേൽ ഇനി കർതൃത്വമില്ല എന്ന് നാം അറിയുന്നുവല്ലോ. അവൻ മരിച്ചത് പാപസംബന്ധമായി ഒരിക്കലായിട്ട് മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിന് ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും യേശുക്രിസ്തുവിൽ ദൈവത്തിന് ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവീൻ” (റോമ6:8–11). *ഈ വാക്യങ്ങളിൽ പിശാച് നശിപ്പിക്കപ്പെട്ടു എന്നാണ് പറയുന്നത്*. എന്താണതിന്റെ അർത്ഥം? അവൻ ഇന്നും ഓടി നടന്ന് മറ്റുള്ളവരെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതായി തോന്നുന്നു. *നശിപ്പിക്കുക എന്നതിന്റെ അർത്ഥം അവന്റെ ശക്തി പ്രയോജനരഹിതമാക്കി എന്നാണ്*. എങ്ങനെയാണ് യേശു അത് ചെയ്തത്? സാത്താൻ ഇന്നും ചുറ്റി നടന്ന് മറ്റുള്ളവരെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ അവൻ ഒരു പുതിയ വർഗ്ഗത്തിന്റെ ആദ്യജാതനായിരുന്നു. നിങ്ങൾ വീണ്ടും ജനിച്ചപ്പോൾ യേശു നിങ്ങളിൽ ഒരു പുതിയ സ്വഭാവം നല്കി. ഈ പുതിയ സ്വഭാവം സാത്താനെക്കാളും ഭൂതങ്ങളെക്കാളും ഉയർന്നതാണ്. യേശുവിനെ ക്രൂശിൽ തറച്ചതിൽ കൂടി അവർ ആദാമ്യവർഗ്ഗത്തെ കൊന്നുകളഞ്ഞു. എന്നാൽ പിശാചിനും ഭൂതങ്ങൾക്കും ഈ പുതിയ വർഗ്ഗത്തിന്മേൽ യാതൊരു അവകാശവുമില്ല. അവർക്ക് ചെയ്യാൻ സാധിക്കുന്നത് നമ്മോട് ഭോഷ്ക് പറയുക എന്നത് മാത്രമാണ്. യേശു ഉയിർത്തെഴുന്നേറ്റതുകൊണ്ട് ഭൂതങ്ങൾക്ക് അവന്റെ മേൽ യാതൊരു ശക്തിയും ഇല്ല. ആ ജീവൻ യേശു നിങ്ങളിൽ തന്നിരിക്കുന്നു.

*നശിപ്പിക്കുക എന്ന വാക്കിന് സ്ട്രോംഗിന്റെ കൺകോഡൻസിൽ പറഞ്ഞിരിക്കുന്ന നിർവ്വചനങ്ങൾ:*

1. വെറുതെ ഇരിക്കുന്ന അവസ്ഥ, ജോലിചെയ്യാതിരിക്കുക, നിഷ്ക്രിയൻ, പ്രവർത്തനരഹിതൻ.

1 a) കൂടുതൽ കഴിവ് തെളിയിക്കാൻ കഴിയാത്ത അവസ്ഥയിൽ ഒരു വ്യക്തിയെ അല്ലെങ്കിൽ വസ്തുവിനെ ആക്കിത്തീർക്കുക.

1 b) ബലം, സ്വാധീനം, ശക്തി എന്നിവയ്ക്ക് വീഴ്ച വരുത്തുക

*'നശിപ്പിച്ചു' എന്നതിനെ മനസ്സിലാക്കുന്നതിനുള്ള ഒരു പ്രത്യേക ഉദാഹരണം ചുവടെ ചേർക്കുന്നു.*

നീ ഒരു പൂച്ചയാണെന്ന് നടിക്കുക. പിശാചിനെ സൂചിപ്പിക്കുന്ന ഒരു വലിയ നായ് നിന്നെ ശല്യം ചെയ്യുന്നതിന് നിന്നെ ഓടിക്കയും നിനക്ക് ഒളിച്ചിരിക്കേണ്ടതായും വരുന്നു. നിന്റെ ഭക്ഷണം അവൻ കവർന്നെടുക്കയും നീ ഒളിച്ചിരിക്കുമ്പോൾ പോലും മുറുമുറുക്കുകയും ചെയ്യുന്നു. അവസാനം ഈ നായ് നിന്നെ കൊല്ലുന്നു. പെട്ടെന്ന്, എന്തോ അമാനുഷികമായ അത്ഭുതത്താൽ നീ അതേ പൂച്ച ചത്ത അവസ്ഥയിൽ നിന്ന് ഉയിർത്ത് ജീവൻ പ്രാപിക്കുന്നു. ഇപ്പോൾ നീ ഇനിയും ഒരു പൂച്ച അല്ല, ഒരു സിംഹമാണ്! വീണ്ടും ഈ നായ് നിന്റെ അടുക്കൽ വന്ന് നോക്കിയിട്ട് ഓടിപ്പോകുന്നു. കാരണം നിനക്ക് അവനെ കൊല്ലുവാൻ കഴിയുമെന്ന് അവൻ മനസ്സിലാക്കുന്നു. നായ് നശിപ്പിക്കപ്പെട്ടു. (കൂടുതൽ ഒന്നും ചെയ്യുവാൻ കഴിയാത്ത സ്വാധീനശക്തി ഇല്ലാത്ത ശക്തിഹീനനായിത്തീർന്നു)

ഈ നായ് ഒരു പദ്ധതിയുമായി വരുന്നു എന്ന ചിന്തിക്കുക. നിന്റെ അടുക്കൽ വന്ന് നീ ഒരു പൂച്ച തന്നെയാണ് ഒരു സിംഹമല്ല എന്ന് നിന്നെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നു. നിന്നെ ഒരു പൂച്ചയായി അഭിനയിപ്പിക്കുവാൻ അവന് (നായ്ക്ക്) കഴിഞ്ഞാലത്തെ അവസ്ഥ എന്തായിരിക്കും? പിശാച് ഇപ്രകാരമാണ് പല വിശ്വാസികളോടും ചെയ്യുന്നത്.

ഈ മരിച്ച പൂച്ച യേശു ആണെന്ന് ഊഹിച്ച് നോക്കുക. അവൻ മരിക്കുന്നതിന് മുമ്പ് ഗത്സമനയിൽ എന്നെയും നിന്നെയും കുറിച്ച് ചിന്താധീനനായിരുന്നു. അവൻ മരിച്ച് ഉയിർത്തെഴുന്നേറ്റപ്പോൾ അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ആദ്യജാതനായിരുന്നു. നാം വീണ്ടും ജനനം പ്രാപിക്കുമ്പോൾ, നാമും സിംഹങ്ങളായിത്തീരുന്നു.

"അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യമായി എഴുന്നേറ്റവനും ആകുന്നു". (കൊലൊ1:18)

ഈ സത്യങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ കാത്തുസൂക്ഷിക്കണമെങ്കിൽ നാം ദൈവവചനത്തിലും യേശുവിലും ശ്രദ്ധിച്ച് നോക്കേണ്ടതാ

വശ്യമാണ്. ആ നോട്ടത്തിൽ നിന്ന് ശ്രദ്ധ തിരിഞ്ഞുപോയാൽ നാം ലോകത്തിന്റെ ചതിയിൽപ്പെട്ട് ഒഴുകിപ്പോകുന്നതിനും, നമ്മുടെ അവസ്ഥ ഏറ്റവും മോശമായിത്തീരുന്നതിനും കാരണമാകും.

**8. യേശുവിനെ അറിയുന്നതാണ് പ്രധാനം**

"എന്നോടു കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു: കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും അന്നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോടും: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ട് പോകുവിൻ എന്ന് തീർത്ത് പറയും" (മത്താ7:21–23).

ഡെറക് പ്രിൻസ് എഴുതിയ "അവർ അത്ഭുതങ്ങളെ പുറത്താക്കും" എന്ന പുസ്തകത്തിൽ നിന്ന് എടുത്ത ഭാഗമാണ് ചുവടെ ചേർക്കുന്നത്

**വിടുതലിനായിയുള്ള പ്രാർത്ഥന**

1. നിനക്ക് യേശുവിലുള്ള വിശ്വാസം വ്യക്തിപരമായി ഉറപ്പാക്കുക. "യേശു കർത്താവേ നീ എന്റെ കർത്താവാകുന്നു. യേശു കർത്താവേ നീ ദൈവപുത്രനാണെന്നും, ദൈവത്തിങ്കലുള്ള ഏകവഴി നീ മാത്രമാണെന്നും, നീ എന്റെ പാപങ്ങൾക്ക് വേണ്ടി കാൽവറിക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റത് എന്റെ പാപം ക്ഷമിച്ച് കിട്ടുന്നതിനും, നിത്യജീവൻ നല്കുന്നതിനുമാണെന്നും ഞാൻ വിശ്വസിക്കുന്നു".

2. നിന്നെത്തന്നെ വിനയപ്പെടുത്തുക. "എന്റെ ജീവിതത്തിലെ എല്ലാ അഹങ്കാരവും മതപരമായ സ്വയനീതിയും, നിന്നിൽ നിന്നല്ലാത്ത എല്ലാ മാന്യതയും ഞാൻ ഉപേക്ഷിക്കുന്നു. നീ എനിക്ക് വേണ്ടി എന്റെ സ്ഥാനത്ത് മരിച്ചു എന്നതല്ലാതെ നിന്റെ കരുണ അവകാശപ്പെടുവാൻ എന്നിൽ ഒന്നുമില്ല".

3. അറിയാവുന്ന എല്ലാ പാപങ്ങളും ഏറ്റ് പറയുക. "നിന്റെ മുമ്പാകെ എന്റെ എല്ലാ പാപങ്ങളും ഞാൻ ഏറ്റുപറയുന്നു; ഒന്നും ഞാൻ മറച്ച് വയ്ക്കുന്നില്ല" (ഓരോന്നായി ഏറ്റുപറയുക).

4. എല്ലാ പാപങ്ങളെയും കുറിച്ച് മാനസാന്തരപ്പെടുക.

"ഞാൻ എന്റെ എല്ലാ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നു. ഞാൻ അവയിൽ നിന്നെല്ലാം തിരിഞ്ഞ് കരുണയ്ക്കും ക്ഷമയയ്ക്കുമായി നിങ്കലേക്ക് നോക്കുന്നു".

5. മറ്റുള്ളവരോട് എല്ലാം ക്ഷമിക്കുക. "എനിക്ക് ദോഷം ചെയ്തിട്ടു

ള്ളവരോടും, തെറ്റ് ചെയ്തിട്ടുള്ളവരോടും എല്ലാം ക്ഷമിക്കുന്നതിന് ഞാൻ തീരുമാനിക്കുന്നു. എല്ലാ കയ്പ്പും, നീരസവും, പകയും ഞാൻ ഉപേക്ഷിക്കുന്നു" (അവയെ ഓരോന്നായി ഏറ്റു പറഞ്ഞ് സമ്മതിക്കുക).

6. തെറ്റായ ആരാധനാ രീതികളിൽ നിന്നും വേർപെടുക. "ഭൂതാരാധയെപ്പോലെയും, തെറ്റായ മതപരമായ ആചാരനുഷ്ഠാനങ്ങളിൽ നിന്നും ഞാൻ വേർപെടുന്നു. എന്റെ ജീവിതത്തിൽ അശുദ്ധാത്മാവിന്റേയും പിശാചിന്റേയും മറ്റു ദുഷ്ടാത്മാക്കളുടേയും പ്രവർത്തനങ്ങളെ ഞാൻ തള്ളിക്കളയുന്നു. എല്ലാ തെറ്റായ ആരാധനയെയും അവ വിശുദ്ധനും നീതിമാനുമായ ദൈവമുമ്പാകെ അശുദ്ധമാകയാൽ ഞാൻ അവയെ ത്യജിക്കുന്നു. എന്റെ പിതാക്കന്മാരിൽ നിന്ന് ലഭിച്ചിട്ടുള്ള ഏത് അശുദ്ധ സ്വാധീനത്തെയും ഞാൻ ഉപേക്ഷിക്കുന്നു". (ഓരോന്നായി സമ്മതിച്ച് ഏറ്റുപറയുക).

7. നിന്റെ ജീവിതത്തിലുള്ള ഏത് ശാപത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ തയ്യാറാകുക. "യേശു കർത്താവേ നീ ക്രൂശിൽ ഒരു ശാപമായി തീർന്നത്കൊണ്ട് ഞാൻ നിനക്ക് നന്ദികരേറ്റുന്നു. എന്നെ എന്റെ ശാപത്തിൽ നിന്നും വിടുവിച്ച് ദൈവാനുഗ്രഹങ്ങൾ എനിക്ക് നേടി തരുവാൻ നീ ശാപമായിത്തീർന്നല്ലോ. എന്റെ ജീവിതത്തിലുള്ള എല്ലാ ശാപങ്ങളെയും ഞാൻ ഉപേക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ എന്നെ വിടുവിച്ച് സ്വതന്ത്രമാക്കുവാനും, എനിക്കാവശ്യമായ വിടുതൽ ലഭിക്കുന്നതിനും ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു".

8. ദൈവത്തോട് കൂടെ നില്ക്കുവാൻ തീരുമാനിക്കുക. "കർത്താവേ നിന്നോട് ചേർന്ന് നില്ക്കുവാൻ ഞാൻ തീരുമാനിക്കുന്നു. പിശാചിനോടും അശുദ്ധാത്മാക്കളോടും എതിർത്ത് നിൽക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എന്നെ നിന്റെ കൈയ്യിൽ ഏല്പിക്കുന്നു കർത്താവേ" ആമേൻ!

9. പുറത്താക്കുക. "എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന ഏതൊരു അശുദ്ധാത്മാവിനോടും എനിക്ക് ഇപ്പോൾ സംസാരിക്കുവാൻ കഴിയും. (അവയോട് നേരിട്ട് സംസാരിക്കുക) എന്നിൽ നിന്നും ഇപ്പോൾ വിട്ടു പോകേണമെന്ന് ഞാൻ കല്പിക്കുന്നു. യേശുവിന്റെ നാമത്തിൽ ഞാൻ നിന്നെ പുറത്താക്കുന്നു! എന്നെ സ്വാധീനിക്കുകയോ എന്നിൽ ബാധിക്കയോ ചെയ്തിട്ടുള്ള ഏതെങ്കിലും ദുരാത്മശക്തി പൂർണ്ണമായി നശിക്കയും എന്നിൽ നിന്നും മാറിപ്പോകയും ചെയ്യട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ശരീരാത്മദേഹികളെ, എന്റെ ആളത്വത്തെ, എന്റെ വികാരങ്ങളെ എന്നെ സമ്പൂർണ്ണമായി എന്റെ കർത്താവും രക്ഷിതാവുമായ യേശുവിന് സമർപ്പിക്കുന്നു. എനിക്ക് വിടുതൽ ലഭിച്ചു എന്ന വിശ്വാസത്തിൽ സർവ്വശക്തനായ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു".

അദ്ധ്യായം

# 11 പരിശുദ്ധാത്മാവിലുള്ള സ്നാനം

ലൂക്കോസ്3:16-ൽ യോഹന്നാൻ സ്നാപകൻ ഇപ്രകാരം പറയുന്നു. “ഞാൻ നിങ്ങളെ വെള്ളം കൊണ്ട് സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും”.

യോഹന്നാന്റെ സുവിശേഷം 14,15,16 അദ്ധ്യായങ്ങളിൽ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പല വിശ്വാസികളും മനസ്സിലാക്കുന്നില്ല. താൻ കൊല്ലപ്പെടും എന്നും, ഉയിർത്തെഴുന്നേറ്റ് മടങ്ങി വരുമെന്നും യേശു അറിഞ്ഞിരുന്നു. താൻ രണ്ടാമതും അവരെ വിട്ട് പോകുമെന്നും, തന്റെ സ്ഥാനമേറ്റെടുക്കുവാൻ പരിശുദ്ധാത്മാവിനെ അയക്കുമെന്നും അവന് അറിയാമായിരുന്നു. അവന്റെ സാന്നിധ്യം അനുഭവിക്കാൻ കഴിയാതെ വന്നാൽ നാം അപ്പനില്ലാത്തവരെപ്പോലെ ആയിത്തീരും എന്നറിഞ്ഞുകൊണ്ട് യേശു പറഞ്ഞു: “ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും” (യോഹ14:18).

യേശു തന്റെ ശിഷ്യന്മാരോട് സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുമ്പ് അവർ പരിശുദ്ധാത്മസ്നാനം പ്രാപിക്കും എന്ന് പറഞ്ഞു. “യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവ്കൊണ്ട് സ്നാനം ലഭിക്കും എന്ന് കല്പിച്ചു” (അപ്പോ.പ്രവൃ1:5). “എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു” (അപ്പോ.പ്രവൃ1:8).

താൻ പോയിക്കഴിഞ്ഞ ശേഷം അവർ നിരാശപ്പെടേണ്ട ആവശ്യമില്ലെന്ന് യേശു അവരോട് പറഞ്ഞു. തന്റെ സ്ഥാനത്ത് പരിശുദ്ധാത്മാവ് വരുമെന്നും. തന്നെ അവർക്ക് യാഥാർത്ഥ്യമാക്കിക്കൊടുക്കും എന്നും

അവൻ അവരോട് വിശദമായി പറഞ്ഞു. യോഹന്നാൻ14:16-26 വരെയുള്ള വാക്യങ്ങളിൽ യേശു അവരോട് പറഞ്ഞത് വായിച്ച് നോക്കുക.

**പരിശുദ്ധാത്മാവ് തന്നെ അവർക്ക് യാഥർത്ഥ്യമാക്കിക്കൊടുക്കും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു. പരിശുദ്ധാത്മാവിലുള്ള സ്നാനത്തിന്റെ ഉദ്ദേശം ഇതാണെന്ന് ഞാൻ വിശ്വസിക്കുന്നു**

"ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നും പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും". (യോഹ15:26)

"എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും". (യോഹ16:7)

***താൻ വേഗം മടങ്ങി വരും എന്ന യേശു തന്റെ ആളുകളോട് പറഞ്ഞു***

അതേ അവൻ അപ്രകാരം ചെയ്തു. പരിശുദ്ധാത്മാവിന്റെ രൂപത്തിൽ അവൻ മടങ്ങി വന്നു. പരിശുദ്ധാത്മാവും, യേശുവും വ്യത്യസ്ഥ രൂപങ്ങളിൽ എന്നു മാത്രം. പരിശുദ്ധാത്മാവ് വ്യക്തികളിൽ അധിവസിക്കുവാൻ കഴിയും എന്നാൽ യേശു ഒരു മനുഷ്യശരീരത്തിൽ പരിമിതപ്പെട്ടിരുന്നു.

***ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിന്റെ രണ്ട് അനുഭവങ്ങൾ ഉണ്ടായി***

ആദ്യ ശിഷ്യന്മാർക്ക് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനെ യോഹ20:22-ൽ ലഭിച്ചു. എന്നിരുന്നാലും ഈ ആളുകൾക്ക് അപ്പോ.പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പെന്തെക്കോസ്ത് നാളിൽ സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുവോളം അവരുടെ സ്വഭാവത്തിൽ കാര്യമായ മാറ്റമൊന്നും പ്രകടമായിരുന്നില്ല.

A. ഉയിർപ്പിന്റെ ഞായർ (യോഹ 20:22)
ഉയിർത്തെഴുന്നേറ്റ ക്രിസ്തു
ദൈവത്തിന്റെ പരിശുദ്ധാത്മാവ്
അതിന്റെ ഫലം ജീവൻ
B. പെന്തെക്കോസ്ത് ഞായർ (അപ്പോ.പ്രവൃ 2:4)
സ്വർഗ്ഗാരോഹണം ചെയ്ത മഹത്വീകരിക്കപ്പെട്ട ക്രിസ്തു
പരിശുദ്ധാത്മാവിന്റെ നിറവ്
അതിന്റെ ഫലം ശക്തി

അപ്പോ.പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ തന്നെത്താൻ മറന്ന ദൈവസാന്നിധ്യത്തിലായിരുന്ന 120 പേരെക്കുറിച്ച് വായിക്കുന്നു. അവർ യേശുവിനോട് അനുസരണമുള്ളവരായിരുന്നു. ദൈവത്തോടുള്ള അടുത്ത ബന്ധത്തിൽ അവർ സമയം ചിലവഴിക്കുകയും വാക്കുകൾ ഉച്ചരിക്ക

യും ചെയ്തു. അവരെ രൂപാന്തരപ്പെടുത്തിയ ശക്തി അവർക്ക് ലഭിച്ചു; സാക്ഷ്യം വഹിക്കുന്നതിനും തങ്ങളുടെ എല്ലാ ആവശ്യങ്ങളും നിവർത്തിക്കപ്പെടാനുമുള്ള ശക്തി. തങ്ങളുടെ സ്വാധീനം മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാനുള്ള ശക്തി, ഓരോ ദിവസവും മഹത്വീകരിക്കപ്പെട്ട ക്രിസ്തുവുമായുള്ള കൂട്ടായ്മയും അടുത്ത ബന്ധവും അനുഭവമാക്കുന്നതിനുള്ള ശക്തിയാണ് അവർക്ക് ലഭിച്ചത്.

യേശു ഇപ്പോൾ ഗലീലാ തടാകത്തിന്റെ കരയിൽ നടന്ന മനുഷ്യനല്ല, അവൻ ക്രൂശിൽ കഷ്ടം അനുഭവിക്കുന്നവനുമല്ല, വെറുതെ ഉയിർത്തെഴുന്നേറ്റ വ്യക്തിയുമല്ല. ഇപ്പോൾ യേശു തികച്ചും വ്യത്യസ്ഥനാണ്. ഈ അവസ്ഥയിൽ പത്മോസ് ദ്വീപിൽ വെച്ച് യേശുവിനെ യോഹന്നാൻ അപ്പോസ്തലനല്ലാതെ മറ്റ് ആരും കണ്ടിട്ടില്ല. (വെളി 1-ാം അദ്ധ്യായം)

നാം എല്ലാവരും അനുഭവമാക്കേണ്ടതായ കാര്യം പെന്തെക്കോസ്തുനാളിൽ ശിഷ്യന്മാർക്ക് അനുഭവമായി. അപ്പോസ്തലപ്രവൃത്തികൾ 1-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം യേശു രണ്ടാം തവണ സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോയപ്പോൾ, അവൻ സ്വർഗ്ഗാരോഹണം ചെയ്തവനായ കർത്താവ് എന്ന പുതിയ പദവിക്ക് അർഹനായി. വെറും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവല്ല. ഉയിർത്തെഴുന്നേറ്റ വ്യക്തിയുടെ രൂപത്തിൽ അവൻ ഭൂമിയിൽ നിന്ന് പോയി, എന്നാൽ പരിശുദ്ധാത്മാവിൽ, ഉന്നതമായ ആളത്വമായി, ദൈവത്തിന്റെ വലത്ത് ഭാഗത്ത് കയറിച്ചെന്ന വ്യക്തിയായി, മഹത്വീകരിക്കപ്പെട്ട വ്യക്തിയായി മടങ്ങി വന്നു.

യേശു ക്രൂശിക്കപ്പെട്ടപ്പോൾ ശിഷ്യന്മാർ വിങ്ങിപ്പൊട്ടി കരഞ്ഞതുപോലെ (യോഹന്നാന്റെ സുവിശേഷം) അപ്പോസ്തലപ്രവൃത്തികൾ 1-3 വരെയുള്ള അദ്ധ്യായത്തിൽ അവർ കരഞ്ഞില്ല എന്ന കാര്യം ശ്രദ്ധിക്കുക. താൻ മറ്റൊരു രൂപത്തിൽ അവരുടെ അടുക്കലേക്ക് മടങ്ങിവരുമെന്നുള്ള അവന്റെ വാഗ്ദത്ത വാക്കുകളെ ഇപ്രകാരം അവൻ പോയപ്പോൾ അവർ വിശ്വസിച്ചു. അവൻ പോയി അധികനാളുകൾ കഴിയും മുമ്പേ പരിശുദ്ധാത്മാവുമായി അവൻ മടങ്ങിവരികയും അവർ നിറയപ്പെടുകയും ചെയ്തു. അതേത്തുടർന്ന് അവൻ യേശു തങ്ങളോടുകൂടെ ഉള്ളതുപോലെ തന്നെ അവരുടെ ജീവിതം യേശുവുമായുള്ള കൂട്ടായ്മയിൽ നയിച്ച് മുന്നോട്ടുപോയി.

**സ്നാനപ്പെടുക എന്നാൽ മുഴുകുക എന്നർത്ഥം**

ഒന്നാമത് നാം വെള്ളത്താൽ സ്നാനപ്പെട്ടു; ഇപ്പോൾ തീ കൊണ്ടും സ്നാനപ്പെട്ടു. തീ അവന്റെ സാന്നിദ്ധ്യമാണ്. നാം ജലത്തിൽ സ്നാനപ്പെടുമ്പോൾ നാം (പ്രതീകാത്മകമായി) മരിച്ചു, നാം താഴ്ത്തപ്പെട്ടു; എന്നാൽ വെള്ളം നമ്മുടെ ഉള്ളിലേക്ക് ചെന്ന് നമ്മെ പൂർണ്ണമായി കൊല്ലുന്നില്ല. അത് പുറമെ നടക്കുന്ന ഒരു കാര്യമാണ്. എന്നാൽ പരിശുദ്ധാത്മാവിലുള്ള സ്നാനം ദൈവത്തിന്റെ അഗ്നിയാണ്, അത് നമ്മുടെ


ഉള്ളിലേക്ക് കടക്കുന്നതാണ്. തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നമ്മുടെ പക്കലുണ്ട്. നമ്മുടെ ഉന്നതഭാവം മൂലം ദൈവത്തിന് നമ്മെ തന്നെ സമർപ്പിച്ച് കൊടുക്കാതിരിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. തീയാൽ നമ്മുടെ പഴയ സ്വഭാവത്തെ ഇല്ലായ്മചെയ്യുവാൻ അവൻ ആഗ്രഹിക്കുന്നു. ദൈവം നോഹയോട് പറഞ്ഞത് ഇനി വെള്ളം കൊണ്ടല്ല തീ കൊണ്ടാണ് ഭൂമിയെ നശിപ്പിക്കുവാൻ പോകുന്നത് എന്നത്രേ. അശുദ്ധാത്മാക്കൾ വെള്ളം കൊണ്ടല്ല, തീകൊണ്ടാണ് നശിപ്പിക്കപ്പെടുന്നത്.

***നാം ഒന്നിലധികം പ്രാവശ്യം നിറയപ്പെടേണ്ടതുണ്ടോ?***

ചില സഭാവിഭാഗങ്ങൾ ഇതിനെക്കുറിച്ച് വിവാദം ഉണ്ടാക്കുകയും പ്രധാനപ്പെട്ട കാര്യം നഷ്ടപ്പെടുത്തുകയും ചെയ്യാറുണ്ട്. തൊട്ടിയിൽ നിന്ന് ഒരു ഗ്ലാസ്സിലേക്ക് വെള്ളം പകരുന്നതുപോലെ ബാഹ്യമായ ഉറവിടത്തിൽ നിന്ന് നിറയപ്പെടത്തക്കവണ്ണം നാം സ്വതന്ത്രമായുള്ള പാത്രങ്ങളല്ല. ഇത് സത്യമാണെങ്കിൽ നാം വീണ്ടും നിറയപ്പെടേണ്ട ആവശ്യമുണ്ട് കാരണം നമ്മിൽ നിന്ന് ദൈവശക്തി ചോർന്ന് പോകുവാനുള്ള സാദ്ധ്യത ഉണ്ട്.

നാം യേശുവിനെ കർത്താവായി സ്വീകരിക്കുമ്പോൾ അവനുമായി ബന്ധപ്പെടുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്യുന്നു

നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ, തടസ്സം നീങ്ങുകയും യേശുവിന്റെ ജീവിതം പൂർണ്ണരൂപത്തിൽ നമ്മിലേക്ക് ഒഴുകുകയും ചെയ്യുന്നു.




യേശുവാണ് മുന്തിരിവള്ളി

കൊമ്പ് മുന്തിരിവള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്നത് പോലെ നാം നമ്മുടെ ശ്രോതസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് യോഹന്നാൻ 15 –ാം അദ്ധ്യായത്തിൽ പറയുന്നു. ഇത് വീണ്ടും വീണ്ടും നിറയപ്പെടുന്ന കാര്യമല്ല, മറിച്ച് മുന്തിരിവള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്ന അവസ്ഥ യാണ്. മുന്തിരിയിലെ രസം പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. യേശു മുന്തിരിവള്ളിയും നാം കൊമ്പുകളും ആകുന്നു. നാം മുന്തിരി വള്ളിയിൽ ജീവിക്കേണ്ടതാവശ്യമാണ്. അവന്റെ വചനത്തോട് അനു സരണമുള്ളവരായിരിക്കുന്നതാണ് അവനിൽ വസിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. മുന്തിരിവള്ളിയും കൊമ്പുകളും പോലെ നാം അവ നോട് ബന്ധപ്പെട്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവിലുള്ള സ്നാനം എന്നത് ദൈവത്തിൽ നിറഞ്ഞ് കവിയുന്ന അനുഭവമായത്തീരും. ദൈവ മാകുന്ന മുന്തിരിവള്ളിയുടെ രസം നമ്മിലേക്ക് ഒഴുകുകയും നാം അവ നിൽ വസിക്കുന്നിടത്തോളം അവനുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യും.

**എത്രമാത്രം നിറവാണ് ആവശ്യം?**

ലൂക്കോസ് 6:45 ൽ പറയുന്നു: "ഹൃദയം നിറഞ്ഞ് കവിയുന്നതല്ലോ വായ് സംസാരിക്കുന്നത്". പരിശുദ്ധാത്മാവ് എന്നിൽ നിറഞ്ഞൊഴുകി, 'നീ നിറയപ്പെട്ടിരിക്കുന്നു' എന്ന് എന്നോടുപറയുന്ന ആശയത്തിലാണ് എനിക്ക് താല്പര്യം.

പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് വളരെയധികം ആശയ കുഴപ്പവും വിപരീതോപദേശങ്ങളും ഉണ്ടായിട്ടുണ്ട്. ചിലർ ആത്മാവിന്റെ ഫലങ്ങ ളാണ് പ്രധാനം എന്നും മറ്റുചിലർ അന്യഭാഷയാണ് പ്രധാനം എന്നും പറയും. സ്നാനം ശുശ്രൂഷയ്ക്ക് വേണ്ടിയുള്ളതാണ്. നാം യഥാർത്ഥ മായി യേശുവിന്റെ ശുശ്രൂഷ ചെയ്യുന്നതിനും ശക്തിയോടെ സാക്ഷ്യം വഹിക്കുന്നതിനും താല്പര്യപ്പെടുന്നു എങ്കിൽ, നാം പരിശുദ്ധാത്മാ വിനാൽ നിറയപ്പെടണം എന്ന് ചിലർ പറയും. ഈ ആശയങ്ങളൊന്നും തെറ്റല്ല. ഓരോന്നിനും അതിന്റേതായ ഗുണങ്ങളുണ്ട്. എന്നാൽ പരി ശുദ്ധാത്മ നിറവിന്റെ പ്രഥമമായ ഉദ്ദേശം എന്തെന്ന് അവർ ശരിയായി തിരിച്ചറിഞ്ഞിട്ടില്ല എന്ന് ഞാൻ കരുതുന്നു.

**എന്താണ് ആത്മാവിന്റെ വരങ്ങൾ?**

വരങ്ങൾ നല്കുന്നതിനെക്കുറിച്ചുള്ള കാര്യങ്ങൾ തരുന്ന ആളിന് വിട്ടുകൊടുക്കുന്നതാണ് നല്ലത് എന്ന് ഞാൻ കരുതുന്നു. വ്യക്തിപര മായി പറഞ്ഞാൽ പല വരങ്ങൾ കാലാകാലങ്ങളിലായി എന്നിൽ കൂടി പ്രവർത്തിക്കുന്നതിന് ഇടയായിട്ടുണ്ട്. എന്നാൽ എല്ലാവരങ്ങളും എനിക്ക് ലഭിച്ചിട്ടില്ല.

***അന്യഭാഷാവരം വിലയേറിയതും ശക്തവുമായ ഒരു വരമാണെന്നാണ് ഞാൻ വിശ്വ സിക്കുന്നത്.*** ഈ വരം പരസ്യശുശ്രൂഷയിൽ മാത്രം ഉപയോഗിക്കുവാൻ

അല്ല, ദൈവം അതിൽകൂടി നമ്മുടെ മനസ്സിന്റെ നിയന്ത്രണം തന്റെ പ്രയോജനത്തിനായി ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. യാക്കോബ് 3:4–5 വരെയുള്ള വാകൃങ്ങളിൽ കപ്പലിനെ മുഴുവൻ നയിക്കുന്ന ചുക്കാൻ പോലെയാണ് നാവ് എന്ന് പറഞ്ഞിരിക്കുന്നു. നിന്റെ ജീവിതത്തിന്റെ ചുക്കാൻ യേശുവിന് നല്കാൻ നീ ആഗ്രഹിക്കുന്നു എങ്കിൽ നീ നിന്റെ നാവ് അവന് കൊടുക്കേണം. അത് നിന്റെ മനസ്സിനെ പുതുക്കുകയും, ദൈവഹിതത്തിന്റെ പൂർണ്ണതയ്ക്കായി പ്രാർത്ഥിക്കയും, പിശാചിനോട് എതിർക്കുകയും ചെയ്യും. വ്യക്തിപരമായി കൂടുതൽ അവസരങ്ങളിൽ അന്യഭാഷയിൽ സംസാരിക്കുന്നത് ശക്തിയ്ക്ക് കാരണമാണ്. അത് എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ ഉളവാക്കിയിട്ടുണ്ട്. 'പരിശുദ്ധാത്മാവും അന്യഭാഷയും' എന്ന പാഠ്യപദ്ധതിയിൽ ഇതിനെ സംബന്ധിച്ച പൂർണ്ണ പഠിപ്പിക്കലുകൾ ഉണ്ട്.

ആത്മാവിന്റെ വരങ്ങൾ പ്രാപിച്ചവർ, അത് ലഭിച്ചിട്ടില്ലാത്തവർക്ക് എന്തോ കുഴപ്പം ഉണ്ട് എന്ന് ചിന്തിക്കുന്നത് ശരിയല്ല എന്നാണ് ഞാൻ കരുതുന്നത്. അതുപോലെ തന്നെ വരങ്ങൾ ലഭിച്ചിട്ടില്ലാത്തവർ, ലഭിച്ചിട്ടുള്ളവരെ ന്യായം വിധിക്കുന്നതും ശരിയായ കാര്യമല്ല. മത്തായി 12:31–ൽ യേശു പറഞ്ഞു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് വിരോധമായി പറയുന്നത്, ആ ഗുണങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും പ്രാപിക്കാതിരിക്കുന്നതിന് കാരണമാകും എന്നാണ്. പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ അത് അപ്രകാരമല്ല എന്ന് പറയുന്നതാണ് പരിശുദ്ധാത്മാവിന് എതിരായ കുറ്റം. നിങ്ങൾക്ക് നിശ്ചയം ഇല്ല എന്നിരിക്കാം; അതിൽ തെറ്റില്ല. എന്നാൽ ഒരു കാര്യം സാത്താന്റെ പ്രവർത്തനമാണെന്ന് നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ അതിനെതിരായി ഒരിക്കലും പറയരുത്. തെറ്റുചെയ്തിട്ട് മാപ്പപേക്ഷിക്കുന്നതിനേക്കാൾ, അപ്രകാരം ചെയ്യാതിരിക്കുവാൻ സൂക്ഷിക്കുന്നതാണല്ലോ നല്ലത്.

യേശു നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായിരിക്കുന്നില്ലെങ്കിൽ അവന് നമ്മോട് വാഗ്ദത്തം ചെയ്തിരിക്കുന്ന കാര്യങ്ങൾ എങ്ങനെ നിറവേറ്റുവാൻ കഴിയും? യെശയ്യാവ് 61–ൽ വാഗ്ദത്തം ചെയ്തിരിക്കുന്ന കാര്യങ്ങൾ നിർവ്വഹിക്കുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് യേശുവിനെ നമുക്ക് യാഥാർത്ഥ്യമാക്കിത്തരുന്നു.

വിവിധ രീതിയിലുള്ള അടിമത്വത്തിൽ നിന്നും നമ്മെ വിടുവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ സ്വാതന്ത്ര്യം എന്നുള്ളതല്ല അന്തിമമായ ഉദ്ദേശം. നാം അവനുമായുള്ള കൂട്ടായ്മയിലും സാന്നിദ്ധ്യത്തിലും ആയിത്തീരണമെന്നും അതിന്റെ ഫലമായി നമ്മുടെ ജീവതത്തിലും ദൈവരാജ്യത്തിനും വേണ്ടി ഫലം പുറപ്പെടുവിക്കുന്നവരും ആയിത്തീരുവാനുള്ള സ്വാതന്ത്ര്യമാണ് പ്രധാന ഉദ്ദേശം.

1. നാം അടിമത്വതത്തിൽ നിന്നും സ്വതന്ത്രരായി അതിന്റെ ഉദ്ദേശം.

2. നാം അവനുമായുള്ള സാന്നിദ്ധ്യം അനുഭവിച്ച് ഫലം കായ്ക്കണം.

മിസ്രയീമിൽ നിന്നും ഫറവോന്റെ അടിമത്വത്തിൽ നിന്നും തന്റെ ജനത്തെ വിടുവിക്കുവാൻ ദൈവം മോശയെ ഉപയോഗിക്കുന്നതായി പുറപ്പാടു പുസ്തകത്തിൽ കാണുന്നു."മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന് എന്റെ ജനത്തെ വിട്ടയയ്ക്കേണം" (പുറ 5:1). മിസ്രയീമിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല പ്രധാന വിഷയം. ദൈവത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട വിഷയം "മരുഭൂമിയിലെ ഉത്സവമാണ്". മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവന്റെ സാന്നിദ്ധ്യത്തിൽ അവനുമായുള്ള കൂട്ടായ്മയാണ് പ്രധാനം.

**1. അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം**

തന്റെ ശുശ്രൂഷയുടെ ഉദ്ദേശം യേശു വെളിപ്പെടുത്തിയ സമയം യേശു യെശയ്യാവ് 61–ൽ രേഖപ്പെടുത്തിയിരിക്കുന്നു. എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു എന്ന് യേശു പറയുന്നതായിട്ടാണ് യെശയ്യാവ് 61 ആരംഭിക്കുന്നത്. ബദ്ധന്മാർക്ക് വിടുതലും, ബന്ധനത്തിലായിരിക്കുന്നവർക്ക് കാരാഗ്രഹത്തിൽ നിന്നുള്ള മോചനവും ഹൃദയം നുറുങ്ങിയവർക്ക് ആശ്വാസവും കർത്താവിന്റെ പ്രസാദവർഷവും യേശു പ്രഖ്യാപിക്കുന്നു. അടിമകൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന യോവേൽ വർഷമാണ് കർത്താവിന്റെ പ്രസാദവർഷം എന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. താൻ ശുശ്രൂഷയിൽ നിവർത്തിക്കുവാൻ ആഗ്രഹിക്കുന്ന പലകാര്യങ്ങളുടെ ലിസ്റ്റ് യേശു തുടർന്ന് പറയുന്നു.

ഈ തടവുകാർക്കും ദരിദ്രന്മാർക്കും മാറ്റം ഉണ്ടാകുകയും അവർ നീതിഫലം കായ്ക്കുന്ന വൃക്ഷങ്ങളായി തീരുകയും ചെയ്യുമെന്ന് യേശു പറയുന്നു. അവർ ശക്തന്മാരും ദൈവവുമായി നല്ല ബന്ധത്തിൽ നില്ക്കുന്നവരുമാകും. അവർ ഇനി ഒരിക്കലും ദുഃഖിച്ച് മനം തകർന്നവരും, കരയുന്നവരുമായിരിക്കുകയില്ല, പകരം അവർ സന്തോഷം നിറഞ്ഞവരായിത്തീരും.

അവർ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്തെ വീണ്ടും പണിയും എന്ന് അവൻ തുടർന്ന് പറയുന്നു. അതായത് അവരുടെ നഷ്ടപ്പെട്ട ജീവിതങ്ങൾ പുതുക്കിപ്പണിയപ്പെടും. യെരുശലേമിന്റെ ഇടിഞ്ഞ് കിടക്കുന്ന മതിലിനെ നെഹമ്യാവ് പണിതത് പോലെ അവർ പണിയപ്പെടും. (നെഹമ്യാവ് എന്ന പേരിന്റെ അർത്ഥം ആശ്വാസം അഥവാ പരിശുദ്ധാത്മാവ് എന്നാണ്) അവരുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റപ്പെടും എന്നും അവർ തന്റെ പ്രതിനിധികളായ ദൈവത്തിന്റെ പുരോഹിതന്മാരായിത്തീരും എന്നും അവൻ പറഞ്ഞു. അങ്ങനെ വിടുവിയ്ക്കപ്പെട്ടവരായ അവർ മറ്റുള്ളവരെ സ്വതന്ത്രരാക്കുകയും ചെയ്യും.

ചുരുക്കിപ്പറഞ്ഞാൽ യെശയ്യാ 61-ൽ പറയുന്നത് യേശു ജനത്തെ ബന്ധനത്തിൽ നിന്ന് വിടുവിച്ച് പരിശുദ്ധാത്മാവിനാൽ അവരെ പുരോഹിതന്മാരാക്കി മാറ്റും എന്നാണ്. ഈ പുസ്തകത്തിന്റെ 1-ാം അദ്ധ്യായത്തിൽ അതാണ് നാം കണ്ടത്. നാം നമ്മുടെ ജീവിതത്തിൽ; നമ്മുടെ സ്വഭാവം, ആവശ്യങ്ങൾ മറ്റുള്ളവരോടുള്ള ശുശ്രൂഷയിൽ എല്ലാം ഫലം കായ്ക്കുന്നവരായിത്തീരും. തടവുകാരിൽ നിന്ന് പുരോഹിതനായുള്ള രൂപാന്തരം. യെശയ്യാവ് 61:1–7 വരെയുള്ള വാകൃങ്ങളിൽ പറഞ്ഞിരിക്കുന്നത് എന്തെന്ന് നോക്കാം:

1. "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും"...

2. യഹോവയുടെ പ്രസാദവർഷം നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും; ദുഃഖിതരെ ഒക്കെയും ആശ്വസിപ്പാനും....

3. സീയോനിലെ ദുഃഖിതന്മാർക്ക് വെണ്ണീറിന് പകരം അലങ്കാരമാലയും ദുഃഖത്തിന് പകരം ആനന്ദതൈലവും വിഷണ്ണ മനസ്സിന് പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. അവൻ മഹത്വീകരിക്കപ്പെടേണ്ടതിന് അവർക്ക് നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും.

4. അവർ പുരാതന ശൂന്യങ്ങളെ പണിയുകയും പൂർവ്വന്മാരുടെ നിർജ്ജനസ്ഥലങ്ങളെ പണിയുകയും തലമുറതലമുറയായി നിർജ്ജനമായിരുന്ന ശൂന്യനഗരങ്ങളെ കേടുപോക്കുകയും ചെയ്യും.

5. അന്യജാതിക്കാർ നിങ്ങളുടെ ആട്ടിൻകൂട്ടങ്ങളെ മേയ്ക്കും. പരദേശക്കാർ നിങ്ങൾക്ക് ഉഴവുകാരും മുന്തിരിത്തോട്ടക്കാരും ആയിരിക്കും.

6. നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്ന് വിളിക്കപ്പെടും. നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നും നിങ്ങൾക്കു പേരാകും. നിങ്ങൾ ജാതികളുടെ സമ്പത്ത് അനുഭവിച്ച് അവരുടെ മഹത്വത്തിന് അവകാശികൾ ആയിത്തീരും.

7. നാണത്തിന് പകരം നിങ്ങൾക്ക് ഇരട്ടിയായി പ്രതിഫലം കിട്ടും. ലജ്ജയ്ക്ക് പകരം അവർ തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും. അങ്ങനെ അവർ തങ്ങളുടെ ദേശത്ത് ഇരട്ടി അനുഗ്രഹം പ്രാപിക്കും. നിത്യാനന്ദം അവർക്ക് ഉണ്ടാകും.

നമുക്കെല്ലാവർക്കും യേശു ഇപ്രകാരം ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തു. എന്നാൽ അവൻ ഇപ്പോൾ ഭൂമിയിൽ നമ്മോട് കൂടെ ഇല്ല. അവന്റെ

സ്ഥാനം ഏറ്റെടുക്കുവാൻ മറ്റൊരു ആശ്വാസപ്രദനെ, പരിശുദ്ധാത്മാവിനെ അയച്ചു തന്നു. ഈ വാഗ്ദത്തം നമ്മിൽ നിറവേറ്റുവാൻ ഇപ്പോൾ നേതൃത്വം നല്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിൽ കൂടി യേശുവുമായി ബന്ധം പുലർത്തുന്നില്ലെങ്കിൽ ഈ പ്രയോജനങ്ങളിലൊന്നും പങ്കാളിയാകുവാൻ നമുക്ക്  കഴിയില്ല.

***യേശു നമുക്ക് യാഥാർത്ഥ്യമായിത്തീരണം.***

യെശയ്യാവ് 61-ാം അദ്ധ്യായത്തിൽ വാഗ്ദത്തം ചെയ്തിരിക്കുന്നതെല്ലാം അനുഭവമാക്കണമെങ്കിൽ നാം യേശുവുമായി അടുത്ത ബന്ധം പുലർത്തേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ തിന്മയായുള്ള കാര്യങ്ങൾ സംഭവിക്കുമ്പോൾ, യേശുവിന്റെ ശബ്ദം നമുക്ക് കേൾക്കാൻ കഴിഞ്ഞാൽ എല്ലാം നന്മയായി ഭവിക്കും.

നാം തടവുകാരോ, എളിയവരോ, ഹൃദയം നുറുങ്ങിയവരോ, അടിച്ചമർത്തപ്പെട്ടവരോ ആയിരുന്നാൽ സഹായത്തിനായി നാം സ്വർഗ്ഗത്തിൽ പോകുന്നവരേക്കും കാത്തിരിക്കേണ്ടതില്ല; നമുക്ക് ദൈവത്തിന്റെ സഹായം ഇപ്പോഴാണ് ആവശ്യം. ഈ ജീവിതത്തിൽ ആ സഹായം നമുക്ക് ലഭ്യമാണ്, അതിന് നാം ദൈവവുമായി നല്ല ബന്ധത്തിലായിരിക്കേണ്ടതുണ്ട്. ദൈവം നമ്മുടെ ജീവിതത്തിൽ  യാഥാർത്ഥ്യമായിത്തീരണം.  ഒരു മതത്തേക്കാൾ, നമ്മുടെ സഭയുടെ വിശ്വാസപ്രമാണങ്ങളേക്കാൾ, ദൈവവചനത്തേക്കാൾ (അവ പ്രധാനപ്പെട്ടതായിരിക്കുമ്പോൾ തന്നെ)ദൈവത്തെ ഉന്നതമായി കാണേണ്ടതാണ്. യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോഴും, ഭൂമിയിൽ നിന്ന് പോയപ്പോഴും (അപ്പോ.പ്രവൃ) അവന്റെ ശിഷ്യന്മാർ അവനുമായി ബന്ധം പുലർത്തിയിരുന്നതുപോലെ നാമും ജീവിക്കുന്ന യേശുവുമായി സജീവമായ ബന്ധത്തിലായിരിക്കേണ്ടത് ആവശ്യമാണ്.

എഫെസ്യർ 3:18–19 വാക്യങ്ങളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “വീതിയും നീളവും ഉയരവും ആഴവും എന്തു എന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു”

ഉല്പത്തി 28-ാം അദ്ധ്യായത്തിൽ ദൈവം യാക്കോബിന് യാഥാർത്ഥ്യമായി തീരുന്നതായി പറയുന്നു.

യാക്കോബ് ദൈവസാന്നിദ്ധ്യത്തിന്റെ രുചിയറിഞ്ഞു. അതിന് ശേഷം അതില്ലാതെ മുമ്പോട്ട് പോകുവാൻ അവന് കഴിയുമായിരുന്നില്ല. ഭൂമിയെയും സ്വർഗ്ഗത്തെയും ബന്ധിപ്പിക്കുന്ന കോവേണിയുടെ സ്വപ്നം കണ്ട യാക്കോബിന് ഉണ്ടായ അനുഭവത്തെക്കുറിച്ച് ഉല്പത്തി 28:10–17 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. യാക്കോബ് അടുത്ത ദിവസം

അതികാലത്തെ എഴുന്നേറ്റ് അവിടെ ഒരു യാഗപീഠം പണിത് അതിന് ദൈവത്തിന്റെ ഭവനം എന്നർത്ഥമുള്ള ബഥേൽ എന്ന് പേര് വിളിച്ചു. ദൈവവുമായുള്ള അടുത്തബന്ധത്താൽ അവൻ ആകൃഷ്ടനായി. ദൈവം അവന് യാഥാർത്ഥ്യമായി അനുഭവമായിരുന്നു. യാക്കോബ് എന്നെയും നിങ്ങളേയും പോലെയുള്ള ഒരു വ്യക്തിയായിരുന്നു. അവനിൽ ഒത്തിരി മാറ്റം അനിവാര്യമായിരുന്നു. അവന്റെ ജഡ സ്വഭാവത്തിന് രൂപാന്തരം ആവശ്യമായിരുന്നു. അതുകൊണ്ടു തന്നെ ദൈവം താനുമായി സ്നേഹബന്ധത്തിൽ കൊണ്ട് വന്ന് അവനെ രൂപപ്പെടുത്തുകയായിരുന്നു യാക്കോബിൽ മാറ്റം വരുത്തുന്നതിന് ദൈവം കണ്ട ഏക മാർഗ്ഗം. ദൈവം തന്നെത്തന്നെ യാക്കോബിന് വെളിപ്പെടുത്തിക്കൊടുത്തു. ദൈവത്തോടുള്ള അപാരമായ സ്നേഹത്തിൽ യാക്കോബ് അവന്റെ മുമ്പിൽ നെടുമ്പാട് വീണു എന്ന് മാത്രമല്ല ശേഷിച്ച കാലം മുഴുവൻ യാക്കോബ് ദൈവത്തെ പിൻപറ്റുകയും ചെയ്തു. പിന്നീട് ദൈവവുമായി യാത്രയിൽ യാക്കോബ് യിസ്രയേൽ ആയി മാറ്റപ്പെടുകയും ചെയ്തു.

യേശു എന്റെ ജീവിതത്തിൽ കടന്ന് വന്നപ്പോൾ വാസ്തവത്തിൽ ഞാനൊരു ആത്മീയ ബന്ധനത്തിലായിരുന്നു. എന്റെ ജീവിതത്തെ നിയന്ത്രിച്ച് കൊണ്ടിരുന്ന അശുദ്ധാത്മാക്കൾ ഉണ്ടായിരുന്നു. യേശുവിനെ സ്വർഗ്ഗാരോഹണം ചെയ്ത വിജയാളിയും, വീണ്ടെടുപ്പുകാരനുമായി വെളിപ്പാട് പുസ്തകത്തിൽ എനിക്ക് കാണാൻ കഴിഞ്ഞപ്പോൾ ഞാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനായിത്തീർന്നു. 1979 ആഗസ്റ്റ് മാസം 26–ാം തീയതിയാണ് ഇപ്രകാരം സംഭവിച്ചത്. അടുത്ത വീട്ടിൽ താമസിക്കുന്ന ഒരാളെപ്പോലെ യേശു എനിക്ക് യാഥാർത്ഥ്യമായിത്തീർന്നു. അവൻ എന്നോട് സംസാരിക്കുകയും എന്നെ കേൾക്കുകയും ചെയ്തു. എന്റെ വേദനയിലും പ്രശ്നങ്ങളിലും അവൻ എന്നോട് കൂടെയുണ്ടായിരുന്നു. ആളുകൾ എന്നെ പരിഹസിച്ചപ്പോൾ അവൻ എന്നെ ആശ്വസിപ്പിച്ചു. മനുഷ്യർ എന്നെ തടവുകാരനാക്കുവാൻ ശ്രമിച്ചപ്പോൾ, സ്വാതന്ത്ര്യത്തിന്റെ സത്യങ്ങൾ അവൻ എന്നെ പഠിപ്പിച്ചു. അധികം താമസിയാതെ യെശയ്യാ 10:27–ൽ പറയുന്നതുപോലെ അടിമത്വത്തിന്റെ നുകം എനിക്ക് ചേരാത്തവിധം അഭിഷേകം എന്റെ കഴുത്തിനെ പുഷ്ടിയുള്ളതാക്കിത്തീർത്തു.

ക്രമേണ, എന്റെ ജീവിതത്തെ സ്വാധീനിക്കയും, എന്നിൽ വസിക്കയും ചെയ്തിരുന്ന അശുദ്ധാത്മാക്കളിൽ നിന്ന് യേശു എന്റെ മനസ്സിനെയും ശരീരത്തെയും സ്വതന്ത്രനാക്കി. അക്കാലങ്ങളിൽ ദൈവവചനത്തിലും പ്രാർത്ഥനയിലും കൂടി യേശുവുമായി ബന്ധം പുലർത്തി വന്നപ്പോൾ ഞാൻ ഉറക്കെ കരയുകയും എന്റെ ശരീരത്തിൽ നിന്നും വെള്ളവും ചലവും പുറപ്പെടുകയും ചെയ്തിരുന്നു. ലൂക്കോസ് 11:24–ൽ നീരില്ലാത്ത പ്രദേശങ്ങളിൽ തണുപ്പ് തിരിഞ്ഞു നടക്കുന്നതായി പറ

ഞ്ഞിരിക്കുന്നു. തണുപ്പുള്ള പ്രദേശം എന്ന് പറഞ്ഞിരിക്കുന്നത് ഭൂരി ഭാഗവും വെള്ളത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനെക്കുറിച്ചാണ്. അവനാണ് അശുദ്ധാത്മാവിന്റെ വാസസ്ഥലം. ആഴ്ചകൾ മാസങ്ങൾ, വർഷങ്ങളോളം തന്നെ എന്റെ ശരീരത്തിന്റേയും മനസ്സിന്റേയും വിടുതൽ തുടർന്നുകൊണ്ടേയിരുന്നു. ഒവിൽ എന്നെ ബന്ധനത്തിൽ വെച്ചിരുന്ന അശുദ്ധാത്മാവിൽ നിന്ന് ഞാൻ പൂർണ്ണ സ്വതന്ത്രനായിത്തീർന്നു. എന്റെ സ്വഭാവം യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപമായിത്തീരുവാൻ തുടങ്ങി. എന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ തുടങ്ങി. ദൈവം എനിക്കായ് ഒരു ഭാര്യയെയും കുടുംബത്തെയും തിരഞ്ഞെടുത്തു തന്നു. അനേക വർഷങ്ങളിലെ ശിക്ഷണത്തിന് ശേഷം, യെശയ്യാവ് 61-ൽ വാഗ്ദത്തം ചെയ്തിരിക്കുന്നതുപോലെ എന്നെ ഒരു ദൈവശുശ്രൂഷക്കാരനാക്കി. എന്നാൽ ഇപ്രകാരം എനിക്ക് രൂപാന്തരമുണ്ടാകുവാൻ കാരണം യേശുവിനെ എനിക്ക് യാഥാർത്ഥ്യമാക്കിത്തന്ന പരിശുദ്ധാത്മാവാണ്. യേശു ആ പ്രവൃത്തി ചെയ്തു. ദൈവത്തിൽ നിന്നല്ലാത്തതെല്ലാം എന്നിൽ നിന്നും അകറ്റിക്കളവാൻ എന്നെ സഹായിച്ചത് പരിശുദ്ധാത്മാവാണ്.

**2. അവന്റെ സാന്നിദ്ധ്യം അനുഭവിക്കുകയും ഫലം കായ്ക്കുകയും ചെയ്യുക**

അടിമത്വത്തിൽ നിന്ന് വിടുതൽ പ്രാപിച്ച ശേഷം നാം ദൈവരാജ്യത്തന്റെയും അവന്റെ സാന്നിദ്ധ്യവും അനുഭവിക്കേണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ ജീവിതത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് നമുക്ക് ദൈവരാജ്യം യാഥാർത്ഥ്യമാക്കിത്തരുന്നത്. എബ്രായ ലേഖനം 12-ാം അദ്ധ്യായത്തിലെ മുഖ്യവിഷയം ഓട്ടം ഓടുന്നതിനെക്കുറിച്ചാണെങ്കിലും, അവിടെ സകലഭാരവും മുറുകെപ്പറ്റുന്ന പാപം വിട്ടുകളയുന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകലഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രാ12:1).

ഈ അദ്ധ്യായത്തിൽ സീയോൻ പർവ്വതം എന്ന് വിളിക്കപ്പെടുന്ന ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനെക്കുറിച്ച് (ദൈവരാജ്യം) പറയുന്നു. ദൈവരാജ്യം നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരുന്നതിന് എബ്രായർ12-ൽ പറഞ്ഞിരിക്കുന്ന പാപത്തിൽ നിന്നും ഭാരങ്ങളിൽ നിന്നുമുള്ള വിടുതലും തുടർന്ന് പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കും വലിയ പങ്കുണ്ട്.

ഓട്ടം ഓടുന്നതിനെക്കുറിച്ചും, പാപങ്ങളിൽ നിന്നും ഭാരങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുന്നതിനെക്കുറിച്ചും, ദൈവരാജ്യം നമ്മിൽ

യാഥാർത്ഥ്യമായിത്തീരുന്നതിനെക്കുറിച്ചും എബ്രായലേഖന എഴുത്തുകാരൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

1. എബ്രാ12:2-4 വരെയുള്ള വാക്യങ്ങളിൽ നാം സഹനശക്തിയുള്ളവരായിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. വിമർശനങ്ങളും, നമ്മെ ആളുകൾ ശരിയായി മനസ്സിലാക്കാതെ പോകുന്നതും, കഷ്ടതകളും സഹിക്കുവാൻ നാം തയ്യാറാകണം. കൂടാതെ യേശു നമ്മിൽ വിതച്ച വിത്ത് ഫലം ഉളവാക്കേണ്ടതിനായി നാം സഹിഷ്ണതയോടെ നില്ക്കേണ്ടതാവശ്യമാണ്.

2. എബ്രാ12:5-11 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത് പുത്രന്മാരും പുത്രിമാരും എന്ന നിലയിൽ സ്നേഹത്തോടെ നമ്മെ നമ്മുടെ പ്രയോജനത്തിനായി ശിക്ഷിച്ച് തെറ്റുകൾ തിരുത്തും എന്നാണ്. ദൈവത്തിന്റെ ശിക്ഷണം നമുക്ക് ആവശ്യമാണ്. നമുക്ക് കാണ്മാൻ കഴിയാത്ത കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ട്.

യാക്കോബ് ഒരു സ്വയം സ്നേഹിയും വഞ്ചകനുമായിരുന്നു. 'യാക്കോബ്' എന്ന അവന്റെ പേരിന് 'യിസ്രയേൽ' എന്ന് മാറ്റം സംഭവിക്കുന്നത് വരെ; വഞ്ചകൻ എന്ന അവസ്ഥയിൽ നിന്ന് ദൈവത്തോടുകൂടെ അധിവസിക്കുന്നവൻ ആയിത്തീരുന്നതു വരെ ദൈവം വിവിധ സാഹചര്യങ്ങളിൽ കൂടി അവന് ശിക്ഷണം നല്കിക്കൊണ്ടിരുന്നു.

നമ്മുടെ സാഹചര്യങ്ങൾ ദൈവത്തിന്റെ ഉദ്ദേശത്തിനനുസരിച്ച് ദൈവം നല്കുന്നതാണെന്ന് നാം മനസ്സിലാക്കണം. നമ്മുടെ സ്വഭാവത്തെ ദൈവസ്വഭാവത്തോട് അനുരൂപമാക്കി തീർക്കുന്നതിനാണ് അപ്രകാരമുള്ള സാഹചര്യങ്ങൾ ദൈവം ഒരുക്കിയതെന്ന് നാം മനസ്സിലാക്കേണം. ദൈവം നമ്മുടെ ജീവിതത്തിൽ മോശമായ സാഹചര്യം ഉണ്ടാക്കും എന്നല്ലതിന്റെ ഇതിന്റെ അർത്ഥം. ദൈവം അപ്രകാരം ചെയ്കയില്ല; പിശാചാണ് അങ്ങനെ ചെയ്യുന്നത്. എന്നാൽ നമ്മിൽ യേശുവിന്റെ രൂപം വളരുവാൻ ദൈവത്തിന് ആ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തുവാൻ കഴിയും എന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. തന്റെ വചനം ഉപയോഗിച്ച് ദൈവം നമ്മെ ശിക്ഷണത്തിൽ നടത്തും. എന്നാൽ പരിശോധനയിൽ കൂടി കടന്ന് പോകുമ്പോൾ കരിഞ്ഞ് ഇല്ലാതാകേണ്ടതായ നമ്മുടെ പഴയ ജഡസ്വഭാവത്തിന്റെ ഭാഗങ്ങൾ നമ്മിൽ മാറ്റപ്പെടും.

3. സാഹചര്യങ്ങൾ അനുകൂലമല്ലാത്ത അവസ്ഥയിലും നാം മുന്നേറണമെന്ന് എബ്രായർ 12:112,13 വാക്യങ്ങളിൽ നമ്മെ ഓർപ്പിക്കുന്നു.

4. എബ്രായർ 12:14-ാം വാക്യത്തിൽ ജീവിതത്തിൽ സമാധാനവും വിശുദ്ധിയും ഉള്ളവരായിരിപ്പാൻ ഉത്സാഹിക്കണം എന്ന് ആഹ്വാനം ചെയ്യുന്നു. അവ കൂടാതെ കർത്താവിനെ ആർക്കും കാണുവാൻ കഴികയില്ല, അഥവാ കർത്താവ് നമുക്ക് യാഥാർത്ഥ്യമായിത്തീരുകയില്ല.

5. എബ്രായർ 12:15–ൽ ദൈവകൃപയിൽ മുന്നേറണമെന്നും എല്ലാ കയ്പ്പും ഒഴിവാക്കണമെന്നും പറഞ്ഞിരിക്കുന്നു. ജന്മാവകാശം നഷ്ട പ്പെട്ട, അനുതപിക്കുവാൻ അവസരം ലഭിക്കാതെയിരുന്ന ഏശാവിനെ പ്പോലെ ആയിത്തീരരുതെന്നും ഇവിടെ പറഞ്ഞിരിക്കുന്നു.

6. അതെ, ഇവിടെയാണ് പ്രതിഫലം. എബ്രായർ 12:18–29 വരെയുള്ള വാക്യങ്ങൾ വായിക്കുക. നിങ്ങൾ ആത്മീയ രാജ്യമായ (ദൈവരാജ്യം) സീയോൻ പർവ്വതത്തിന്റെ അടുക്കലേക്കാണ് വന്നിരിക്കുന്നത് (ഭൂത കാലം) എന്നു പറഞ്ഞിരിക്കുന്നു. അത് ഇപ്പോൾ ഉള്ള അനുഭവമാണ് ഭാവിയിൽ നടക്കാനിരിക്കുന്നതു മാത്രമല്ല. നാം ഈ ഭൂമിയിൽ ആയി രിക്കുമ്പോഴും സ്വർഗ്ഗീയതലത്തിൽ ജീവിക്കണമെന്ന് ദൈവം നമ്മെ ക്കുറിച്ചാഗ്രഹിക്കുന്നു. 'രാജ്യത്തിന്റെ യുഗത്തിൽ' നമുക്ക് വാസ്തവ മായി ജീവിക്കുവാൻ കഴിയും. (എബ്രാ6:5) എന്നാൽ അത് അനുഭവ മാക്കുന്നതിന് പരിശുദ്ധാത്മാവിനാൽ നാം നിറയപ്പെടേണ്ടതാവശ്യമാ ണ്. സീയോൻ പർവ്വതത്തിന് അഥവാ ദൈവരാജ്യത്തിന് പല സവിശേ ഷതകൾ ഉണ്ടെന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

a. ജീവിക്കുന്നവനായ ദൈവവുമായി കൂട്ടായ്മ ഉണ്ടാകുന്നതിന് പരി ശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു.

b. അടുത്തത് സ്വർഗ്ഗീയ യെരുശലേമാണ്. ഇപ്പോൾ തന്നെ ദൈവ രാജ്യത്തിന്റെ അനുഭവത്തിൽ ജീവിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു.

c. തുടർന്ന് ദൂതന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. നാം ദൂതന്മാരെ അധികം ശ്രദ്ധിക്കേണ്ട ആവശ്യമില്ല, എന്നാൽ നമുക്ക് വേണ്ടി ഇവിടെ പോരാട്ടം നടത്തുകയും ദൈവത്തിന്റെ വചനം അനുസരിച്ച് നീങ്ങു ന്നവരുമാണ് ദൂതന്മാർ എന്ന കാര്യം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

d. സ്വർഗ്ഗത്തിലെ പൗരന്മാരായ നാം ആദ്യജാതനായ യേശുവിന്റെ സഭയിൽ വന്നിരിക്കുന്നു. ഇതിനർത്ഥം നാം വേദപുസ്തകം വിശ്വസി ക്കുന്ന ആത്മനിറവുള്ള സഭയുമായി നാം ബന്ധപ്പെട്ടിരിക്കേണം എന്നാണ്.

e. 23–ാം വാക്യത്തിൽ ന്യായാധിപനായ ദൈവത്തെക്കുറിച്ച് സൂചി പ്പിച്ചിരിക്കുന്നു. അവൻ നമ്മെ ശിക്ഷ വിധിക്കുവാനല്ല; നമ്മുടെ കുറ വുകളെ ബോധ്യപ്പെടുത്തി മാനസാന്തരത്തിലേക്ക് നടത്തി വീണ്ടെടു ക്കാനാണ് ആഗ്രഹിക്കുന്നത്. ദൈവം നമ്മുടെ ശത്രുവായ പിശാചി നെയും ന്യായം വിധിക്കുന്നവനാണ്. പിശാചിനെ പരാജയപ്പെട്ടവനാ യിട്ടാണ് ദൈവം വിധിച്ചിരിക്കുന്നത്. ദൈവം ഓരോ പരിശോധനയിലും

നിന്നെ നീതിമാനായും പിശാചിനെ പരാജയപ്പെട്ടവനായും ന്യായം വിധിക്കും.

f. എബ്രായർ12:23-ാം വാക്യത്തിൽ സ്വർഗ്ഗത്തിലേക്ക് പോയ വീണ്ടെടുക്കപ്പെട്ടവരുടെ ആത്മാക്കളെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു. നമുക്ക് മുമ്പേ കടന്നുപോയവരുടെ ആത്മാക്കളുമായി ബന്ധം പുലർത്താൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ അവർക്ക് നമ്മെ കാണുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. നമ്മെ നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സാക്ഷികളുടെ വലിയ സമൂഹമുണ്ട്. അവരുടെ വിശ്വാസത്തിന്റെ സാക്ഷ്യങ്ങളാണ് നാം കാണുന്നത്.

g. എബ്രായർ12:24-ാം വാക്യത്തിൽ രക്ത ഉടമ്പടിയുടെ മദ്ധ്യസ്ഥനായി നമുക്ക് യേശു ഉണ്ട് എന്ന് പറയുന്നു. അതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. യേശുവും നാമുമായി രക്ത ഉടമ്പടിയിൽ ഏർപ്പെടുന്നു എന്ന് മാത്രമല്ല, ഈ ഉടമ്പടിയുടെ ഉറപ്പും മദ്ധ്യസ്ഥനുമായിത്തീരുവാൻ അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. നാം തെറ്റുകൾ ചെയ്യുമ്പോൾ നമ്മെ മാനസാന്തരത്തിലേക്ക് നയിച്ച് പാപം ഏറ്റുപറയുന്നതു വരെ യേശു കാര്യങ്ങൾ ഏറ്റെടുക്കുന്നു. അവൻ നമ്മുടെ മദ്ധ്യസ്ഥനാണ്; നമ്മുടെ കാര്യസ്ഥനാണ്. നാം വിജയിക്കും എന്ന വസ്തുത അവൻ ഉറപ്പാക്കിത്തരുന്നു.

h. എബ്രായർ12:25-ാം വാക്യത്തിൽ ഈ കാര്യങ്ങൾ നാം വളരെ ഗൗരവത്തോടെ ഏറ്റെടുക്കേണം എന്ന് മുന്നറിയിപ്പ് നല്കിയിരിക്കുന്നു. കാരണം ഈ വാഗ്ദാനം നാം അവഗണിക്കയോ തള്ളിക്കളയുകയോ ചെയ്താൽ നമ്മുടെ അവസ്ഥ വളരെ പരിതാപകരമായിരിക്കും.

i. എബ്രായർ12:26-28 വരെയുള്ള വാക്യങ്ങളിൽ ദൈവം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തെയും ഇളക്കും എന്ന് പറയുന്നു. മാറ്റപ്പെടേണ്ടവ മാറുന്നതിനും, ദൈവരാജ്യത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരതയോടെ ഉറച്ച് നില്ക്കേണ്ടവ പരിശോധനകളെ അതിജീവിച്ച് നിലനില്ക്കേണ്ടതിനുമാണ് ദൈവം അപ്രകാരം ചെയ്യുന്നത്.

j. അവസാനമായി എബ്രായർ12:29-ാം വാക്യത്തിൽ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്ന് പറഞ്ഞിരിക്കുന്നു. ദഹിപ്പിക്കുന്ന അഗ്നി പരിശുദ്ധാത്മാവാണ്. ഇളക്കം വരാവുന്നതിൽ നിന്നും, പഴയസൃഷ്ടിയുടെ അവശേഷിപ്പുകളിൽ നിന്നെല്ലാം, നമ്മുടെ ജഡത്തിന്റെ പാപസ്വഭാവത്തിൽ നിന്നും നമ്മെ വിടുവിക്കുവാനാണ് അവൻ വരുന്നത്.

**ദൈവവുമായി സഹകരിക്കുന്നതിന് നമുക്ക് എന്തെല്ലാം ചെയ്യുവാൻ കഴിയും?**

***1. ദൈവം നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരുന്നതിനുള്ള ഒരു വിശപ്പ് നമുക്കുണ്ടായിരിക്കേണം***

ഉയിർത്തെഴുന്നേറ്റ ശേഷം യേശു തന്നെത്തന്നെ വെളിപ്പെടുത്തിയ ഒരു ചെറിയകൂട്ടം ആളുകളാണ് മാളികമുറിയിൽ കൂടിയിരുന്ന 120 പേർ. അവിടെ കുറഞ്ഞത് അഞ്ഞൂറോളം പേർ ഉണ്ടായിരുന്നു. മറ്റുള്ളവർക്ക് എന്താണ് സംഭവിച്ചത്? ഒരു പക്ഷേ അവർക്ക് ആവശ്യത്തിന് വിശപ്പ് ഉണ്ടായിരുന്നിരിക്കയില്ല. അല്ലെങ്കിൽ അവർ അഹങ്കാരികളായിരുന്നിരിക്കാം. അഥവാ അവർ തങ്ങളുടെ കുടുംബകാര്യങ്ങളിൽ മുഴുകിയിരുന്നിരിക്കാം. അല്ലെങ്കിൽ തങ്ങളെക്കുറിച്ച് മറ്റുള്ളവർ എന്തു ചിന്തിക്കും എന്ന് അവർ ആകുലചിന്തയുള്ളവരായിരുന്നിരിക്കണം. 120 പേർ വിമർശിക്കപ്പെടുകയും കളിയാക്കപ്പെടുകയും ചെയ്തു എന്ന കാര്യം ഓർക്കുക. എന്നാൽ ആ 120 പേർ ഏകമനസ്സും ഐക്യതയുമുള്ളവരായിരുന്നു.

***2. വിജയികളായിത്തീരുന്നതിന് വാക്കുകളിൽ നാം തിടുക്കം ഉള്ളവരായിരിക്കണം***

രക്തഉടമ്പടി തകർക്കപ്പെടുന്നത് രക്തം മൂലമല്ല, വാക്കുകളാലാണ്. എത്രമാത്രം വചനം നിങ്ങളിൽ വസിക്കുന്നുവോ അത്രമാത്രം യേശുവിന്റെ രക്തവും സ്വഭാവവും നിങ്ങളിൽ വസിക്കും. യേശുവിന്റെ സ്വഭാവത്തോട് അനുരൂപരായി തീരുന്തോറും പാപങ്ങൾ നമ്മിൽ നിന്ന് നീങ്ങിപ്പോകുകയും, അശുദ്ധാത്മാക്കളുടെ സ്വാധീനം കുറയും, പരിശുദ്ധാത്മാവിനെ അധികമായി നിങ്ങൾക്ക് അനുഭവമാക്കുകയും ചെയ്യാൻ കഴിയും. "ദൈവം അയക്കുന്നവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു. അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നതു" (യോഹ3:34).

***3. നമ്മുടെ കുടുംബത്തിൽ നിന്നോ, സഭയിൽ നിന്നോ തള്ളപ്പെട്ടുവാൻ നാം തയ്യാറായിരിക്കണം.***

ലൂക്കോസ് 12:49–52 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. "ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു; അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്തു ഇച്ഛിക്കേണ്ടു? എങ്കിലും എനിക്ക് ഒരു സ്നാനം ഏല്പ്പാൻ ഉണ്ട്. അത് കഴിവോളം ഞാൻ എത്ര ഞെരുങ്ങുന്നു. ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാനത്രേ എന്ന് ഞാൻ നിങ്ങളോടു പറയുന്നു. ഇനിമേൽ ഒരു വീട്ടിൽ ഇരുവരോടു മൂവരും മൂവരോട് ഇരുവരും ഇങ്ങനെ അഞ്ചു പേർ തമ്മിൽ ഛിദ്രിച്ചിരിക്കും"

*4. നാം യേശുവിനെ തുറന്ന മനസ്സോടെ സമീപിക്കയും അവനിൽ ആശ്രയിക്കയും ചെയ്യേണ്ടതാണ്*

ലൂക്കോസ് 11:11–13 വരെയുള്ള വാകൃങ്ങളിൽ പറയുന്നു. "എന്നാൽ നിങ്ങളിൽ ഒരു അപ്പനോട് മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുമോ? അല്ല മീൻ ചോദിച്ചാൽ മീനിനു പകരം പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും".

*5. പരിശുദ്ധാത്മാവ് എപ്പോഴും മാനസാന്തരത്തെ മാനിക്കുന്നു*

നാം നമ്മുടെ പാപങ്ങളിൽ നിന്നും, ലോകത്തിന്റെ വഴികളിൽ നിന്നും, നമ്മുടെ അഹങ്കാരത്തിൽ നിന്നും നമ്മുടെ അലസതയിൽ നിന്നും എല്ലാം തിരിയുമ്പോൾ അവൻ പ്രത്യക്ഷപ്പെടുന്നതായിക്കാണാം. അപ്പോ.പ്രവൃ 26:18–ാം വാകൃത്തിൽ ഇപ്രകാരം പറയുന്നു. "അവർക്ക് പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനും അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്ന് കല്പിച്ചു".

*6. വിശ്വാസത്താൽ നാം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. എന്തിലുള്ള വിശ്വാസം?*

യോഹന്നാൻ 7:38–39 വാകൃങ്ങളിൽ യേശു പരിശുദ്ധാത്മ നിറവിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നത് പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ച് പറഞ്ഞു. അവൻ അതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ച് ആകുന്നു പറഞ്ഞത്. യേശു അന്ന് തേജസ്കരിപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു".

പരിശുദ്ധാത്മാവിനെ ജീവന്റെ ഉറവയായി സ്വീകരിക്കുവാൻ വിശ്വസിക്കുന്നതിന് മുമ്പ് യേശു തേജസ്കരിക്കപ്പെടേണ്ടതാവശ്യമായിരുന്നു. തേജസ്കരിക്കപ്പെടുക എന്നതിന്റെ അർത്ഥം എന്താണ്? യഥാർത്ഥ വസ്തു അനാവരണം ചെയ്യപ്പെടുക, വെളിപ്പെടുത്തുക എന്നാണ് മഹത്വീകരിക്കപ്പെടുക എന്നതിന്റെ അർത്ഥം. ഒരു പ്രതിമയുടെ ആവരണം നീക്കി ആദ്യമായി അത് വെളിപ്പെടുത്തുന്നതുപോലെയാണത്. യോഹന്നാൻ 17:4–5 വാകൃങ്ങളിൽ യേശു പിതാവിനോടുള്ള പ്രാർത്ഥനയിൽ പറഞ്ഞു: "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി. നീ എനിക്ക് ചെയ്‌വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു. ഇപ്പോൾ പിതാവേ,

ലോകം ഉണ്ടാകും മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ".

തന്നോട് ബന്ധപ്പെട്ടിരുന്നവർക്ക് യേശു പിതാവിനെ വെളിപ്പെടുത്തിക്കൊടുത്തു. ഇപ്പോൾ യേശു ആരാണെന്ന് വെളിപ്പെടുത്തുവാനുള്ള അവസരം പിതാവിന് ലഭിച്ചിരിക്കുന്നു.

***യേശു എങ്ങനെയാണ് മഹത്വീകരിക്കപ്പെട്ടത്?***

ഒരു ആളിന്റെയോ വസ്തുവിന്റേയോ യഥാർത്ഥ രൂപം കാണിക്കുക എന്നതാണ് മഹത്വീകരണം എന്ന വാക്കിന്റെ അർത്ഥം എന്ന കാര്യം ഓർക്കുക. ലൂക്കോസ് 24:13–27 വരെയുള്ള വാക്യങ്ങളിൽ എമ്മവുസിലേക്കുള്ള വഴിയാത്രയിൽ യേശു രണ്ടു പേരോടു സംസാരിക്കുന്നു. അവൻ പറഞ്ഞു: "ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്ന് പറഞ്ഞു. മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നേക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു"(ലൂക്കോസ് 24:26,27) അപ്പോൾ ആ രണ്ടുപേർ വളരെ ഉത്സാഹമുള്ളവരായിത്തീർന്നു. "അവർ ശിഷ്യന്മാരുടെ അടുക്കൽ പോയി യേശു തങ്ങൾക്ക് വെളിപ്പെടുത്തി കൊടുത്തതിനെക്കുറിച്ച് പറയുവാൻ തുടങ്ങി പെട്ടന്ന് ഉയിർത്തെഴുന്നേറ്റ യേശു ആ കൂട്ടത്തിൽ കടന്നുവന്നു" പിന്നെ അവൻ അവരോട്: ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യാപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവൃത്തിയാക്കേണം എന്നുള്ളതു തന്നേ എന്ന് പറഞ്ഞു. തിരിവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കയും ..... (ലൂക്കോസ് 24:44–46)

അവൻ അവർക്ക് വെളിപ്പാടു നല്കി, അഥവാ മോശയുടെ ന്യായപ്രമാണത്തിലും, സങ്കീർത്തനങ്ങളിലും പ്രവാചകന്മാരിലും അവൻ തന്നെത്തന്നെ മഹത്വപ്പെടുത്തി. 45-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് അവൻ തിരുവെഴുത്തുകളിലേക്ക് അവരുടെ മനസ്സുകളെ പൂർണ്ണമായി തുറന്നു എന്നാണ്. മോശെയുടെ അഞ്ച് പുസ്തകങ്ങളെയും, പ്രവചനപുസ്തകങ്ങളെയും സങ്കീർത്തനങ്ങളെയും കുറിച്ചാണ് യേശു പറഞ്ഞത്. അല്പകാലത്തിന് ശേഷം പെന്തെക്കോസ്തുനാളിൽ അവർ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്ക്കുകയും ചെയ്തു.

***അവൻ മോശയിൽ തന്നെത്തന്നെ മഹത്വപ്പെടുത്തി***

ഉല്പത്തി പുസ്തകത്തിൽ സൃഷ്ടാവായ സ്ത്രീയുടെ സന്തതിയായും വീഴ്ച പറ്റിയ ആദാമ്യ വർഗ്ഗത്തിന് പകരം ഒരു പുതിയ ജനതയുടെ പ്രഖ്യാപനം നടത്തുന്നവനായും അവൻ തന്നെത്തന്നെ വെളി

പ്പെടുത്തി.

പുറപ്പാട് പുസ്തകത്തിൽ നിയമങ്ങൾ നല്കുന്നവനായും നിയമ ലംഘനത്തിന് പരിഹാരമായ പെസഹാ കുഞ്ഞാടായും അവൻ തന്നെ ത്തന്നെ വെളിപ്പെടുത്തി. നമ്മുടെ ജീവിതത്തിലെ ചെങ്കടലുകളെ വിഭാ ഗിച്ച് ലോകമാകുന്ന അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യം നല്കുന്നതും ദൈവമാണ്.

ലേവ്യാപുസ്തകത്തിൽ അവൻ രക്തഉടമ്പടിയുടെ നിർമ്മാതാവും നമ്മുടെ ക്രൂശിനെ വഹിച്ച് കൊണ്ട് നാം വിശുദ്ധിയിൽ ജീവിക്കേണ്ട താണെന്ന് നമ്മോടാവശ്യപ്പെടുന്നവനുമായി തന്നെത്തന്നെ വെളിപ്പെ ടുത്തി.

സംഖ്യാപുസ്തകത്തിൽ നമ്മുടെ ജീവിതമാകുന്ന മരുഭൂമി യാത്ര യിൽ അവൻ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നവനും, സ്വർഗ്ഗത്തിൽ നിന്നുള്ള മന്നായും പാറയിൽ നിന്നുള്ളവനുമാണ്. ആവർത്തനപുസ്ത കത്തിൽ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിടുവിക്കു ന്നവനായി നാം അവനെ കാണുന്നു.

***അവൻ സങ്കീർത്തനങ്ങളിൽ തന്നെത്തന്നെ മഹത്വീകരിച്ചു***

സങ്കീർത്തനങ്ങളിൽ അവൻ നമ്മുടെ ഇടയനാണ്. ശിക്ഷ വിധാ ക്കാതെ ആത്മാർത്ഥമായി നമ്മുടെ ഹൃദയത്തിലെ പ്രശ്നങ്ങൾ ദാവീ ദിനെപ്പോലെ അവന്റെ മുമ്പിൽ പകരാവുന്ന വ്യക്തിയായും ചൂണ്ടി ക്കാണിക്കപ്പെടുന്നു.

***അവൻ പ്രവാചക പുസ്തകങ്ങളിൽ തന്നെത്തന്നെ മഹത്വീകരിച്ചു***

യെശയ്യാ പ്രവചനത്തിൽ അവൻ കഷ്ടം അനുഭവിക്കുന്ന രക്ഷ കനായ നമ്മുടെ പാപവും രോഗവും തന്റെ മേൽ ഏറ്റെടുക്കുന്നവ നായും കാണുന്നു.

യോവേൽ പ്രവചനത്തിൽ പരിശുദ്ധാത്മാവിലുള്ള സ്നാനത്തെ അവൻ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ യോവേൽ 2-ാം അദ്ധ്യായത്തിലെ വാഗ്ദത്തത്തിന് മുമ്പ് ആവശ്യമായ സമർപ്പണത്തെ കാണിച്ചു തരികയും ചെയ്യുന്നു.

ഞാൻ രക്ഷയുടെ അനുഭവത്തിലേക്ക് വന്നപ്പോൾ, കണ്ടതും യെഹ സ്കേൽ, ദാനിയേൽ പ്രവചനങ്ങളിൽ മുൻകൂട്ടി പറഞ്ഞിരിക്കുന്നതും പിന്നീട് വെളിപ്പാടു പുസ്തകത്തിലും നാം കാണുന്ന ന്ന പരിശുദ്ധാത്മ നിറവിനെക്കുറിച്ചും അവൻ അവർക്ക് വെളിപ്പെടുത്തി കൊടുത്തു.

യെഹെസ്കേൽ 37-ാം അദ്ധ്യായത്തിൽ അവൻ പരിശുദ്ധാത്മാവി നാൽ നമ്മുടെ ഉണങ്ങിയ അസ്ഥികൾക്ക് പുതുജീവൻ നൽകുന്ന വ്യക്തിയാണ്. 38,39 അദ്ധ്യായങ്ങളിൽ അവൻ നമ്മുടെ ശത്രുക്കളെ പരാജയപ്പെടുത്തുന്നു. 40-42 വരെയുള്ള അദ്ധ്യായങ്ങളിൽ താനുമായി

ആഴമായ ബന്ധത്തിലേക്ക് കടന്ന് വരുവാൻ നമ്മെ ക്ഷണിക്കുന്ന വ്യക്തിയായി അവനെ കാണേണ്ടതിന് വേണ്ടിയും ദൈവാലയത്തെ അവൻ നമുക്ക് കാണിച്ചു തരുന്നു.

യെഹസ്കേൽ 48-ാം അദ്ധ്യായത്തിൽ ദൈവസിംഹാസനത്തിന്റെ മഹത്വവും വെളിപ്പാട് 21-ലെപ്പോലെ ദൈവം മനുഷ്യനെ കണ്ടുമുട്ടുന്ന സമാഗമനകൂടാരവും അവൻ അവർക്ക് കാണിച്ചു കൊടുത്തു.

44-46 വരെയുള്ള അദ്ധ്യായങ്ങളിൽ പരിശുദ്ധാത്മാവിൽ സ്നാനം ഏല്ക്കേണ്ടതിന് നാം നമ്മെത്തന്നെ സമർപ്പിക്കേണ്ടതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

യെഹസ്കേൽ 47-ാം അദ്ധ്യായത്തിൽ വെളിപ്പാടു പുസ്തകം 22 ലെപ്പോലെ അവൻ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുന്ന വ്യക്തിയാണ്. ജനത്തെ ദൈവവുമായുള്ള ബന്ധത്തിൽ ജീവനുള്ളവരാക്കിത്തീർക്കുവാൻ കഴിയത്തക്കവിധം നദി നമ്മുടെ ഉള്ളിൽ നിന്നൊഴുകി മനുഷ്യവർഗ്ഗമാകുന്ന ചാവുകടലിൽ പതിക്കുന്നതിനെക്കുറിച്ചും പറയുന്നു.

യെഹസ്കേൽ 47:35-ൽ അവന്റെ പേര് "യഹോവ അവിടെ", അതായത് തന്റെ ജനത്തോട് കൂടെ സ്വർഗ്ഗീയ യെരുശലേമിൽ വസിക്കുന്നവൻ എന്നാണ്. ദാനിയേൽ പ്രവചനം 1 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങളിൽ നാം ലോകത്തിലാണെങ്കിലും ലോകക്കാരെപ്പോലെ ആകരുത് എന്ന പറയുന്ന ആളായി അവൻ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. നമ്മുടെ ജീവിതങ്ങളിലെ തീച്ചൂളയുടെ അനുഭവങ്ങളിലും, സിംഹക്കുഴിയുടെ അനുഭവങ്ങളിലും അവൻ നമ്മോട് കൂടെയുണ്ട്.

ദാനിയേൽ 7-ാം അദ്ധ്യായത്തിൽ വിശുദ്ധന്മാർക്ക് വിജയം നേടിക്കൊടുത്ത പുരാതനനായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. 8-9 അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന പോരാട്ടങ്ങൾ വെളിപ്പാടു പുസ്തകത്തിലെ പോരാട്ടങ്ങൾക്ക് സമാനമാണ്.

ദാനിയേൽ 10:5-ൽ വെളിപ്പാടു പുസ്തകത്തിലെപ്പോലെ ഉന്നതനും വിജയാളിയുമായ ക്രിസ്തുവായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. 10,11 അദ്ധ്യായങ്ങളിൽ കൂടുതൽ പോരാട്ടങ്ങളെക്കുറിച്ച് പറയുന്നു.

ദാനിയേൽ12-ാം അദ്ധ്യായത്തിൽ ശത്രു ചിലരെ ക്ഷീണിപ്പിച്ച് മടുപ്പിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് പിടിച്ച് നില്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നു. ഇനിയും ദാനിയേൽ 12:12 നോക്കുക. അവസാനത്തോളം സഹിച്ച് നിൽക്കുന്നവൻ വിജയിക്കും. 1979-ൽ ഞാൻ രക്ഷിക്കപ്പെടുകയും അപ്പോൾ തന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും ചെയ്തപ്പോൾ ഞാൻ കണ്ടതിതാണ്.

പഴയനിയമത്തിൽ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന

ദൈവത്തിന്റെ കുഞ്ഞാടായി യേശു തന്നെത്തന്നെ വെളിപ്പടുത്തി. പഴയനിയമത്തിലെ അവ്യക്തതകളെ അവൻ പരിഹരിച്ചു ദൈവം കരുണയുള്ളവനും പാപങ്ങളെ ക്ഷമിക്കുന്നവനുമാണ്. എന്നാൽ നാലാം തലമുറവരെ മക്കളുടെമേൽ അകൃത്യങ്ങളെ കണക്കിടുന്നവൻ എന്ന് പറഞ്ഞിരിക്കുന്നുവല്ലോ. (പ്രവൃ 34:6–7) അവൻ ദൈവപുത്രനായും , വഴിയും സത്യവും ജീവനുമായി തന്നെത്തന്നെ വെളിപ്പെടുത്തി.

സിംഹാസനത്തിൽ ഇരിക്കുന്ന വലിയ രാജാവായി രണ്ടാമത് മടങ്ങി വരുന്ന മശിഹാ ആയി അവൻ തന്നെത്തന്നെ വെളിപ്പെടുത്തി.

യോഹന്നാൻ 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ തന്റെ ശിഷ്യന്മാരിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവായി അവൻ തന്നെത്തന്നെ വെളിപ്പെടുത്തി.

ലൂക്കോസ് 24 ലും അപ്പോസ്തലപ്രവൃത്തി 1 ലും യേശു തന്റെ ശിഷ്യന്മാരോട് അവരുടെ ജീവിതങ്ങളെ സമർപ്പിച്ച് വാഗ്ദത്തം വരുവോളം കാത്തിരിക്കാനായി പറഞ്ഞു. ഇതാണ് നാം ചെയ്യേണ്ടത്: അനുസരണം, സമർപ്പണം, ഒഴിവാക്കുക.

**പ്രാർത്ഥന**

കർത്താവായ യേശുവേ, ഞാനും നീയും തമ്മിൽ ആഴമായ ബന്ധം പുലർത്തേണ്ടതിന് നിന്റെ ആത്മാവിനാൽ എന്നെ നിറയ്ക്കുവാൻ നീ ആഗ്രഹിക്കുന്നു എന്ന് നിന്റെ വചനത്തിൽ പറയുന്നുവല്ലോ. എന്റെ ജീവിതത്തിൽ നിനക്ക് വേണ്ടിയും നിന്റെ സാന്നിദ്ധ്യത്തിനും വേണ്ടിയും എനിക്ക് വിശപ്പുണ്ട്. യേശുവേ, ഞാൻ നിന്റെ വചനത്തെ വിശ്വസിക്കുന്നു. നീ എനിക്കായ് കരുതിയിരുന്നതൊക്കെയും എനിക്കാവശ്യമാണെന്ന് ഞാൻ സമ്മതിക്കുന്നു. യേശുവേ എന്നിൽ വന്ന് പരിശുദ്ധാത്മാവിലും തീയിലും എന്നെ സ്നാനം കഴിപ്പിക്കേണമേ. എനിക്കെതിരായി തെറ്റുചെയ്ത ഏവരോടും ഞാൻ ക്ഷമിക്കുന്നു. ഞാൻ എന്നെത്തന്നെ ജീവനുള്ള യാഗമായി നിനക്ക് സമർപ്പിക്കുന്നു. നീ എന്റെ ജീവിതത്തിന്റെ ആധിപത്യം ഏറ്റെടുക്കേണമേ. കർത്താവേ നിന്റെ ഹിതം നിറവേറ്റുക. ഞാൻ എന്റെ എല്ലാ അവയവങ്ങളേയും, എന്റെ വായെയും, നാവിനെയും, കൈകളെയും, കാലുകളെയും, ചെവികളെയും, കണ്ണുകളെയും നിനക്കായ് സമർപ്പിക്കുന്നു.

# വിദ്യാർത്ഥികൾക്കുള്ള പ്രതികരണ ഫോം

പേര്.......................................... തീയതി..........................................

പുസ്തകം
(S) # ...................................... ......................................അദ്ധ്യായം

1) ഈ അദ്ധ്യായത്തിൽ നിങ്ങൾക്ക് ഏറ്റവും പ്രാധാന്യമുള്ളതായി തോന്നിയത് എഴുതുക.

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

2) ഈ അദ്ധ്യായത്തിൽ നിങ്ങൾ അനുസരിക്കണമെന്ന് ദൈവം നിങ്ങളോട് ആവശ്യപ്പെടുന്നതായി തോന്നിയ കാര്യങ്ങൾ എഴുതുക. അഥവാ ഈ അദ്ധ്യായം വായിച്ചപ്പോൾ നിങ്ങൾ എന്തു ചെയ്യണമെന്നാണ് മനസ്സിലായതെന്ന് എഴുതുക

..........................................................................................................

..........................................................................................................

..........................................................................................................

3) ഈ അദ്ധ്യായത്തിൽ നിങ്ങൾക്ക് കൂടുതലായി മനസ്സിലാക്കേണ്ട ഏതെങ്കിലം വിഷയങ്ങൾ ഉണ്ടോ? ഉത്തരം കിട്ടേണ്ട ഏതെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ എഴുതുക.

..........................................................................................................

..........................................................................................................

..........................................................................................................

4) ദൈവവുമായിട്ടുള്ള നിങ്ങളുടെ ഉടമ്പടിയുടെ അടയാളമായി ചൊല്ലാനാഗ്രഹിക്കുന്ന പ്രാർത്ഥന എഴുതുക.

..........................................................................................................

..........................................................................................................

..........................................................................................................

# അനുബന്ധം - എ

## ഐ.എസ്.ഒ.ബി. പാഠങ്ങളുടെ പട്ടിക

സി.ഡിയിലും വെബ്സൈറ്റിലുമായി ലഭിക്കുന്ന പാഠങ്ങളുടെ പട്ടിക
http: www.isob-bible.org

01. വളരുക അല്ലെങ്കിൽ മരിക്കുക. ഫലം കായ്ക്കുക
02. വാഗ്ദത്ത നാട്ടിലെ തടവുകാർ
03. ഒഴുകുന്ന നദി (തുടർച്ച)
04. ദൈവം ആരാണ്?
05. ഇരിക്കുക
06. നടക്കുക
07. നില്ക്കുക
വളരുക അല്ലെങ്കിൽ മരിക്കുക പുസ്തകം രണ്ടാം വിഭാഗം
(രക്തവും അഗ്നിയും)
8. ഓട്ടം ഓടുവാനുള്ള ശക്തി
09. ക്രൂശ്
10. വിടുതൽ-പിശാച്
11. പരിശുദ്ധാത്മ സ്നാനം

---------------------------

ദൈവം ആരാണ്?

01. വലിയവനായ ദൈവം
02. ത്രിത്വം
03. ദൈവം എന്ന പിതാവ്
04. ദൈവം എന്ന പിതാവ്-2
05. ദൈവം ഉടമ്പടിയുടെ വ്യക്തിയാണ്
06. കന്യകാ ജനനം
07. കന്യകാ ജനനം-2
08. യേശു ഇപ്പോൾ ആരാണ്?
09. ദൈവത്തിന്റെ അവതാരങ്ങൾ
10. ദൈവമാകുന്ന വചനം
11. ദൈവവചനത്തിന്റെ ആധികാരികത
12. ദൈവ വചനത്തിന്റെ സത്യസന്ധത
13. ദൈവവചനത്തിന്റെ ശുദ്ധീകരണ ശക്തി
14. ക്രിസ്തു എന്ന പാറ
15. വേദപുസ്തക പ്രവചനങ്ങൾ -പഴയനിയമത്തിൽ പറയപ്പെട്ടിരിക്കുന്ന യേശുവിന്റെ നാമം.
16. പരിശുദ്ധാത്മാവാകുന്ന ദൈവം
17. പരിശുദ്ധാത്മാവും അന്യഭാഷയും
18. പരിശുദ്ധാത്മ സ്നാനം

---------------------------

ഇരിക്കുക
വ്യക്തിഗത പാഠങ്ങൾ

01. ഇരിക്കുക-ക്രിസ്തുവിനോട് കൂടെ ഇരിക്കുക
02. കൃപ
03. വ്യക്തിത്വം
04. ആഴമായ സ്നേഹം
05. അടിമത്വത്തിൽ നിന്ന് വിലയ്ക്ക് വാങ്ങപ്പെട്ടു.
06. വിടുതൽ
07. നിങ്ങളോട് ആര് പറഞ്ഞു?
08. ശരീരത്തിന്റെ സൗഖ്യം
09. വേരുകൾ
10. പാപത്തിന്മേൽ ജയം
11. ഭയം
12. കുറ്റബോധം
13. ഓട്ടം തികയ്ക്കാനുള്ള ശക്തി-ക്രൂശ്
14. വിശ്രമത്തിൽ പ്രവേശിക്കുക

---------------------------

നടക്കുക
01. നടക്കുക
02. പിന്മാറ്റം
03. സമ്പന്ന യുവജന
04. ദൈവത്തിനു വേണ്ടി കഠിനപ്രയത്നം ചെയ്യുക
05. വിശ്വാസം
06. ക്ഷമ
07. ലോകം
08. സത്യം
09. സത്യം മരണശിക്ഷ
10. സത്യം
11. അധികാരം
12. അനുതാപം
13. വചന വായന
14. സ്വർഗ്ഗത്തിന് വേണ്ടിയുള്ള സ്വഭാവങ്ങൾ
15. മറഞ്ഞിരിക്കുന്നതിന് കാണുക
16. ദാസ്യ മനോഭാവം
17. മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുക
18. നിങ്ങളുടെ ശരീരത്തെ ബഹുമാനിക്കുക
19. ദൈവത്തോട് പ്രതികരിക്കുക
20. ഹൃദയത്തെ സംരക്ഷിക്കുക
21. ദശാംശത്തിന്റെ കണക്കുകൾ
22. പ്രാർത്ഥന
23. പാരമ്പര്യം ചിലവിടുക
24. ആത്മാവിൽ നടക്കുക
25. അനുരഞ്ജനം
26. നിങ്ങളുടെ വാക്കുകൾ
27. വിശ്വാസത്തിന്റെ പ്രാർത്ഥന
28. പിന്മാറ്റം
29. കരുണ
30. യാഥാർത്ഥ്യമാക്കുക
31. കുറ്റാരോപണം
32. സ്നേഹം
33. ആരാധന
34. ഡേറ്റിംഗ്
35. സ്തുതി – പുതിയ പാട്ട്
36. നിങ്ങളുടെ സുഹൃത്തുക്കൾ
37. വിശ്വാസികളുമായുള്ള കൂട്ടായ്മ
38. സ്നാനം
39. വിധി
40. കൃപ കാലാവധി
41. ഉപവാസം

---------------------------

നില്ക്കുക
01. ദൈവീക കോടതി
02. യുദ്ധമുന്നണിയിലെ രക്തം
03. കോടതി മുറി
04. സമാധാനം
05. വെളിപ്പാട്
06. കറക്കം-ചുരുൾ/രേഖ
07. പ്രശ്നങ്ങൾ
08. മുദ്ര
09. സാത്താൻ എവിടെ ഇരിക്കുന്നു
10. എന്റെ ഇഷ്ടമല്ല
11. സാത്താൻ, പിശാചുക്കൾ, വിടുതൽ

---------------------------

രക്ത ഉടമ്പടി
1. മതമോ രക്തമോ?
2. കൃപയാലുള്ള അവകാശങ്ങൾ
3. രക്ത ഉടമ്പടിയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ

4. കായേനും ഹാബേലും
5. നോഹയ്ക്ക് കൃപ ലഭിക്കുന്നു
6. അബ്രഹാമിന് കൃപ ലഭിക്കുന്നു (ഉല്പ: 12) കൃപയെക്കുറിച്ചുള്ള സ്വയപഠനം

കൃപയും രക്ത ഉടമ്പടിയും രണ്ടാം ഭാഗം ഉല്പ്പത്തി 12–14

7. അബ്രാം– ഉല്പ്പത്തി 15 രക്ത ഉടമ്പടി
8. ഉല്പത്തി 17–ാം അദ്ധ്യായം– ഉടമ്പടിയോടുള്ള നമ്മുടെ പ്രതികരണം
9. അബ്രഹാം–ഉല്പ്പത്തി 22 – രക്ത ഉടമ്പടി ശാപത്തെ തകർത്തു കളയുന്നു.
10. നിങ്ങൾ ഒരു അടിമയാണോ? നിങ്ങളത് മനസ്സിലാക്കുന്നില്ലേ? പുറപ്പാട് 1 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങൾ
11. ബന്ധത്തിന്റെ ആഴത്തെ ലഘൂകരിച്ച് കാണാതിരിക്കുക.
12. ജീവിതത്തിലെ കൊടുങ്കാറ്റുകൾ? പെസഹക്കുഞ്ഞാടിന്റെ രക്തം തളിക്കുക
13. നിങ്ങളിലെ പരിഛേദനയേല്ക്കാത്ത ഫെലിസ്ത്യൻ ആരാണ്? ജീവിതത്തെക്കുറിച്ച് ചിന്തിക്കുക.
14. നിങ്ങളുടെ ചിന്താമണ്ഡലത്തിനെതിരെയുള്ള യുദ്ധം
15. ലോ ദബാറിൽ നിന്ന് യെരുശലേമിലേക്ക്
16. യെശയ്യാ 53 – യേശുവിന്റെ ക്രൂശീകരണം

--------------------------

ആന്തരീക സൗഖ്യം

ഈ പരമ്പരയെ ഐ.എസ്.ഒ.ബി ശാപം മുറിയ്ക്കൽ സിഡികൾ എന്നും അറിയപ്പെടുന്നു. പതിനഞ്ച് വിഡിയോ കസറ്റുകളായും ഡി.വി.ഡി.ആയും ലഭ്യമാണ്.

1. ആന്തരീക സൗഖ്യം പ്രാപിക്കുവാനുള്ള ദർശനം
2. ഉപേക്ഷിക്കപ്പെടൽ– എന്നാൽ സ്വർഗ്ഗീയ പിതാവ് നിങ്ങളെ ഹൃദയംഗമായി സ്നേഹിക്കുന്നു.
3. ദൈവം എന്തിന് നിങ്ങളെ അടിമത്വത്തിൽ നിന്ന് വിടുവിച്ചു.
4. ദുഃഖം–സത്യസന്ധതയിലേക്കും യാഥാർത്ഥ്യത്തിലേക്കും നയിക്കപ്പെടുന്നതിന്റെ ആഴമായ പാഠം
5. ദൈവവചനത്താലല്ലാതെ നിങ്ങൾ സ്വതന്ത്രനാക്കപ്പെടുകയില്ല.
6. നിങ്ങൾ ആരെന്ന് അറിയാതെ നിങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുകയില്ല.
7. നിങ്ങൾ യഥാർത്ഥത്തിൽ ആരാണോ അപ്രകാരം ഒരു ജീവിതം നയിക്കാതെ നിങ്ങൾ സ്വതന്ത്രനാക്കപ്പെടുകയില്ല.
8. സാത്താന്റെ തന്ത്രങ്ങളെ അറിയാതെ നിങ്ങൾ സ്വതന്ത്രനാക്കപ്പെടുകയില്ല.
9. ക്ഷമ ആന്തരിക സൗഖ്യത്തിനുള്ള ലേപനമാണ്.

10. വിശ്വാസത്താൽ ജീവിക്കാതെ നിങ്ങൾ സ്വതന്ത്രനാക്കപ്പെടുകയില്ല.
11. വിധികൾ
12. ആത്മബന്ധങ്ങൾ
13. വിജയം
14. ആത്മവിശ്വാസമില്ലായ്മയും ലക്ഷ്യബോധമില്ലായ്മയും
15. ജീവിതത്തിന്റെ ഉദ്ദേശം

---

തകർത്തു കളയുക

01. ബന്ധനങ്ങളെ തകർക്കുക
02. മല്ലന്മാർ
03. സത്യം
04. ദുഃഖം
05. ദുർമന്ത്രവാദം
06. ലജ്ജയില്ലാത്ത അവസ്ഥ
07. ജഡമോഹത്തിൽ നിന്ന് പിന്തിരിയുക
08. തെറ്റുകളിൽ നിന്ന് യഥാസ്ഥാനം-1
09. തെറ്റുകളിൽ നിന്ന് യഥാസ്ഥാനം-2
10. തെറ്റുകളിൽ നിന്ന് യഥാസ്ഥാനം-3
11. അധികാരം
12. പരീക്ഷ
13. ദർശനം
14. ദൗത്യം
15. പീഢനം
16. യോഹന്നാന്റെ സുവിശേഷവും സദൃശ്യവാക്യങ്ങളും.

International School of The Bible-Marietta,
GA, U.S.A.
(770) 565-8736 growordie@isob-bible.org

[1] Nee, Watchman, Sit, Walk, Stand. Wheaton, IL: Tyndale House, 1977

[2] The New Strong's Exhaustive Concordance of the Bible. Nashville, TN: Thomas Nelson Publisher, 1995

[3] Vine, W.E. Vine's Complete Expository Dictionary, Atlanta, GA: Thomas Nelson Publishers, 1996.

[4] Prince, Derek. They shall Expel Demons. Grand Rapids, MI: Chosen Books, 1998

[5] Wurbrand, Richard, Reaching Toward The Heights, Bartlesville, OK: Living Sacrifice Book Company, 1979

[6] Nee, Watchman, God's Plan and The Overcomers. Wheaton, IL: Tyndale House, 1979.

[6] Nee, Watchman, A table in the Wilderness. Wheaton, IL: Tyndale House, 1965